# ഫിലേമോൻ

## — ലേഖന പഠനം —

(THE EPISTLE TO PHILEMON )

-- A STUDY --

SAMSON HENRY, KOLLAM

# ഫിലേമോൻ

## (EPISTLE OF APOSTLE PAUL TO PHILEMON)

Ist Edition : November 2025

Author : Samson Henry
Zion
Aradhana Nagar -22
Behind Sanker's Hospital
Kollam - 691 001

Mb: 94474 10769
E-mail : biblegoodnews@gmail.com
Web : www.biblegoodnews.com

Published by : Biblegoodnews Publications
Kollam - 691 001

Copyright : Author

DTP & Settings: Samson Henry, Kollam

BIBLE GOODNEWS PUBLICATIONS
ZION, ARADHANA NAGAR #22, KOLLAM - 691 001

ഫിലേമോൻ


| | ഉള്ളടക്കം | | പേജ് |
|---|---|---|---|
| 1 | ആമുഖം — ലേഖനപശ്ചാത്തലം | | 9 |
| 2 | ഫിലേമോൻ ലേഖനം — രൂപരേഖ | | 14 |
| 3 | ക്രിസ്തുവിന്റെ ബദ്ധനായ പൗലൊസ് | (ഫിലേ1) | 19 |
| 4 | ഫിലേമോന്റെ വീട്ടിലെ സഭ | (ഫിലേ.2) | 30 |
| 5 | കൃപയും സമാധാനവും | (ഫിലേ.3) | 33 |
| 6 | സ്നേഹം, വിശ്വാസം, കൂട്ടായ്മ | (ഫിലേ.4,5) | 36 |
| 7 | പ്രാർത്ഥനയിൽ മറ്റുള്ളവരെ ഓർക്കുക | (ഫിലേ.6) | 44 |
| 8 | വിശുദ്ധന്മാരുടെ ഹൃദയം തണുപ്പിക്കുക | (ഫിലേ.7) | 47 |
| 9 | സ്നേഹത്താലുള്ള അപേക്ഷ | (ഫിലേ.8,9) | 57 |
| 10 | ഒനേസിമൊസിനു വേണ്ടിയുള്ള അപേക്ഷ | (ഫിലേ.10) | 62 |
| 11 | ഒനേസിമൊസ് പ്രയോജനമുള്ളവൻ | (ഫിലേ.11) | 65 |
| 12 | ഒനേസിമൊസ് പ്രാണപ്രിയൻ | (ഫിലേ.12) | 75 |
| 13 | സുവിശേഷം നിമിത്തമുള്ള തടവ് | (ഫിലേ.13) | 79 |
| 14 | നന്മ നിർബന്ധത്താലല്ല, മനസ്സോടെ | (ഫിലേ.14) | 82 |
| 15 | സദാകാലത്തേക്കും സന്തോഷം | (ഫിലേ.15) | 85 |
| 16 | ഇനി ദാസനല്ല, പ്രിയസഹോദരൻ | (ഫിലേ.16) | 89 |
| 17 | കൂട്ടാളിയായി സ്വീകരിക്കുക | (ഫിലേ.17) | 91 |
| 18 | എന്റെ പേരിൽ കണക്കിട്ടുകൊൾക | (ഫിലേ.18) | 95 |
| 19 | ഞാൻ തന്നു തീർക്കാം | (ഫിലേ.19) | 101 |
| 20 | ക്രിസ്തുവിൽ എന്റെ ഹൃദയം തണുപ്പിക്ക | (ഫിലേ.20) | 106 |
| 21 | ക്രിസ്തുവിലുള്ള അനുസരണം | (ഫിലേ.21) | 109 |
| 22 | പ്രാർത്ഥനയിൽ പ്രത്യാശ | (ഫിലേ.22) | 112 |
| 23 | ക്രിസ്തുയേശുവിൽ വന്ദനം | (ഫിലേ.23,24) | 118 |
| 24 | ദൈവകൃപയിൽ അനുഗ്രഹം | (ഫിലേ.25) | 127 |
| 25 | ഫിലോമോൻ — ആത്മീയപാഠങ്ങൾ | | 131 |

| BIBLIOGRAPHY | |
|---|---|
| സത്യവേദപുസ്തകം | Bible Society of India |
| The Bible Exposition Commentary | W.W. Wiersbe |
| The Bible Commentary | J.F. Walvood & R.B. Zuck |
| New Testament Commentary | John Mac Arthur |
| Life Application Study Bible | Tyndale Publications |
| പ്രീമിയർ സ്റ്റഡി ബൈബിൾ | Premier Bible Publications |
| ദാനിയേൽ റഫറൻസ് ബൈബിൾ | Dr. A.P. Daniel |
| ബൈബിൾ കൺകോർഡൻസ് | G. Suseelan |
| യോനാ — പ്രവചനപഠനം | Samson Henry, Kollam |
| ബൈബിൾ സംഗ്രഹം | Samson Henry, Kollam |
| യൂദാ — ലേഖനപഠനം | Samson Henry, Kollam |

# അവതാരിക

(K.J. GEORGE, EVANGELIST, VALAKOM)

ഫിലേമോൻ ലേഖനപഠനം എന്ന ഒരു പുസ്തകം കൂടി രചിക്കുവാൻ പ്രിയ കർത്തൃദാസൻ SAMSON HENRY— ക്ക് ദൈവം കൃപ നല്കിയതിനാൽ സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ഈ പുസ്തകത്തിനു അവതാരിക എഴുതുവാൻ അവസരം ലഭിച്ചത് ഒരു ബഹുമാനമായി ഞാൻ കരുതുന്നു. പ്രിയ കർത്തൃദാസൻ ഇതിനകം നിരവധി ഈടുറ്റ ഗ്രന്ഥങ്ങൾ ക്രൈസ്തവ കൈരളിക്ക് സമ്മാനിച്ചിട്ടുണ്ട്. ഫിലേമോൻ ലേഖനപഠനം എന്ന ഈ പുസ്തകത്തിൽ നിരവധി പുതിയ ചിന്തകളും ആശയങ്ങളും കാണുവാൻ സാധിക്കുന്നു. 25 വാകൃങ്ങളിലൂടെ കടന്നുപോയി ആഴമായ ആത്മീയസതൃങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പുസ്തകം വായനക്കാർക്കു വളരെയധികം പ്രയോജനപ്പെടുമെന്ന കാര്യത്തിൽ ലേശവും സംശയിക്കേണ്ടതില്ല.

അപ്പൊസ്തലനായ പൗലൊസ് റോമിൽ ഒന്നാം പ്രാവശ്യം രണ്ടു വർഷത്തെ കാരാഗൃഹവാസ കാലത്ത് എഴുതിയ നാലു ലേഖനങ്ങളിൽ ഒന്നാണിത്. പൗലൊസ് കാരഗൃഹത്തിലായിരിക്കുമ്പോൾ കൊലൊസ്യ പട്ടണത്തിൽ നിന്നു ഒളിച്ചോടിപ്പോയ ഒരു അടിമയായ ഒനേസിമൊസിനോടു ക്ഷമിക്കണമെന്നു ഫിലേമോനോടു അഭ്യർത്ഥിച്ചുകൊണ്ട് എഴുതിയ ഒരു സ്വകാര്യലേഖനമാണിത്. ഈ ലേഖനം തിഹിക്കൊസ് എന്നു പേരായ ഒരു സഹോദരന്റെ കൈവശം കൊടുത്തയക്കുണുണ്ടായത്. കൊലൊസ്യയിലെ സമ്പന്നനായ ഫിലേമോന്റെ അടിമയായിരുന്ന ഒനേസിമൊസ് തന്റെ യജമാനന്റെ പക്കൽ നിന്നു വിലയേറിയ എന്തോ അപഹരിച്ചുകൊണ്ടു റോമിലേക്കു ഓടിപ്പോയിരുന്നു. അവിടെവെച്ചു ഒനേസിമൊസ് പൗലൊസുമായി ബന്ധപ്പെട്ടതിന്റെ ഫലമായി രക്ഷാനിർണ്ണയം ഉള്ളവനായിത്തീർന്നു. ഫിലേമോനെ സംബന്ധിച്ചിടത്തോളം ഒനേസിമൊസ് പ്രയോജനമില്ലാത്തവനായിരുന്നു. എന്നാൽ ഒനേസിമൊസ് രക്ഷിക്കപ്പെട്ടതിനാൽ ഇപ്പോൾ അവൻ പൗലൊസിനും ഫിലേമോനും ഒരുപോലെ പ്രയോജനമുള്ളവനായിത്തീർന്നിരിക്കുന്നു.

രക്ഷിക്കപ്പെട്ടപ്പോൾ ഒനേസിമൊസിനെ സ്വന്തം സഹോദരനായി അംഗീകരിക്കണമെന്നാണ് പൗലൊസ് ഈ ലേഖനത്തിൽ ഓർമ്മിപ്പിക്കുന്നത്. ഈ ലേഖനത്തിലെ 16-ാം വാക്യമാണ് അമേരിക്കൻ പ്രസിഡന്റ് ആയിരുന്ന ഏബ്രഹാം ലിങ്കൺ അടിമക്കച്ചവടം നിർത്തൽ ചെയ്യുവാൻ പ്രലോഭനമായിത്തീർന്നത്.

ഈ ലേഖനം പ്രായോഗിക ക്രിസ്തീയ ജീവിതത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ മൂല്യങ്ങളായ ക്ഷമ, കൃപ, സമാധാനം, സ്നേഹം, വിശ്വാസം, പ്രാർത്ഥന, ഹൃദയം തണുപ്പിക്കൽ, സന്തോഷം, പ്രത്യാശ, പുനഃസ്ഥാപനം, ആത്മീയ വളർച്ച, ക്രിസ്തുവിൽ സാമുദായിക സാമ്പത്തിക സാമൂഹ്യ വ്യത്യാസങ്ങൾ എല്ലാം പുതുക്കപ്പെടുകയും സ്നേഹത്തിലൂടെ പുതുമയാർന്ന ബന്ധങ്ങളിൽ കലർന്നു പോകണമെന്നും പ്രഖ്യാപിക്കുന്നു. ഈ ലേഖനത്തിലെ പ്രധാന വിഷയം സ്നേഹത്തിന്റെ മാതൃകാപരമായ വിശദീകരണം എന്നതാണ്.

ഈ പുസ്തകം വായനക്കാർക്കു വളരെയധികം പ്രയോജനപ്പെടുമെന്ന കാര്യത്തിൽ ലേശവും സംശയിക്കേണ്ടതില്ല. ഈ ഗ്രന്ഥം എല്ലാ അനുവാചകർക്കും ആത്മീയവളർച്ചെക്ക് സഹായകരമായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു. പ്രിയ കർത്തൃദാസന്റെ തൂലികയിലൂടെ ഇനിയും അനേകം ഈടുറ്റതും ദൈവജനത്തിനു പ്രയോജനപ്രദവുമായ ഗ്രന്ഥങ്ങൾ ഉണ്ടാകട്ടെ എന്നു ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എന്ന് കർത്തൃശുശ്രൂഷയിൽ

K.J. GEORGE, EVANGELIST
KOLLAMKUDIYIL HOUSE
KUNNACKAL (PO), VALAKOM,
MUVATTUPUZHA -- 682 316
MB: 94479 84468

24-11-2025

# പ്രസ്താവന

(SAMSON HENRY, KOLLAM)

സർവ്വശക്തനും, സർവ്വജ്ഞാനിയുമായ മഹോന്നതനാം ദൈവത്തിനു സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നു. അപ്പൊസ്തലനായ പൗലൊസ് ഫിലേമോനു എഴുതിയ ലേഖനത്തിനു ഒരു പഠന കുറിപ്പു തയ്യാറാക്കുവാൻ എനിക്കു ലഭിച്ച ദൈവകൃപയ്ക്കായി ദൈവത്തെ സ്തുതിക്കുന്നു. ഒരു അദ്ധ്യായവും ഇരുപത്തിയഞ്ചു വാക്യങ്ങളുമുള്ള ഈ ലേഖനം പൗലൊസ് റോമയിലെ ഒന്നാം പ്രാവശ്യത്തെ കാരാഗൃഹ വാസകാലത്തു എഴുതിയ നാലു ലേഖനങ്ങളിൽ ഒന്നാണ്.

ഞാൻ എഴുതിയിട്ടുള്ള ബൈബിൾ സംബന്ധമായ ഓരോ രചനെക്കും ഓരോരോ സാഹചര്യങ്ങൾ ദൈവം ഒരുക്കിയിരുന്നു. ഫിലേമോനു എഴുതിയ ലേഖനത്തിനു പഠനക്കുറിപ്പു തയ്യാറാക്കുവാനിടയായതും ദൈവത്തിന്റെ വഴിയായിരുന്നു. കൊല്ലം ബ്രദറൺ സഭയിൽ ചില വർഷങ്ങൾക്കുമുമ്പ് ഫിലേമോനു എഴുതിയ ലേഖനം ക്ലാസ്സെടുക്കുവാൻ ദൈവം അവസരമൊരുക്കി. അങ്ങനെയാണ് ഞാൻ ഈ ലേഖനം പഠിക്കുവാനിടയായത്. അന്നത്തെ ക്ലാസ്സുകൾക്കായി കമ്പൂട്ടറിൽ തയ്യാറാക്കിയ പഠന കുറിപ്പാണ് ഇപ്പോൾ പുസ്തക രൂപത്തിലാകുന്നത്. കമ്പൂട്ടറിൽ തയ്യാറാക്കിയ ലേഖന പഠനത്തിന്റെ നോട്ടു പിന്നീട് പ്രസിദ്ധീകരണത്തിനായി സുവിശേഷധ്വനിക്കു അയച്ചു കൊടുത്തു. ദൈവകൃപയാൽ സുവിശേഷധ്വനിയിൽ 2023 ജനുവരിമാസം മുതൽ പ്രസിദ്ധീകരിക്കുവാൻ ഇടയായി. ഏകദേശം രണ്ടു വർഷം കൊണ്ടു പ്രസിദ്ധീകരണം പൂർത്തിയായി. ഇത് പുസ്തകമായി പ്രസിദ്ധീകരിച്ചാൽ ദൈവജനത്തിനു പ്രയോജനമായിത്തീരുമെന്നു കരുതി. പ്രസിദ്ധീകരണ വിഭാഗങ്ങൾക്കു കൊടുത്താൽ അതിന്റെ സാമ്പത്തിക ചിലവു ഏറെയാണ്. ആയതിനാൽ ഞാൻ തയ്യാറാക്കിയ Page Maker / PDF നോട്ട് വെച്ചു ഫോട്ടോകോപ്പിയെടുത്തു പുസ്തക രൂപത്തിലാക്കുകയായിരുന്നു.

കമ്പൂട്ടറിൽ മലയാളത്തിൽ തയ്യാറാക്കിയ നോട്ട് സൂക്ഷ്മമായി പരിശോധിച്ചു ഭാഷാപരമായുള്ള പോരായ്മകൾ പരിഹരിച്ചു സഹായിക്കുവാൻ എന്റെ ഭാര്യ ജോയമ്മ സാംസനെ ദൈവം ഉപയോഗപ്പെടുത്തി എന്നതും പ്രസ്താവ്യമാണ്.

യേശുക്രിസ്തുവിലൂടെ പാപക്കടം മോചിച്ചു കിട്ടി ദൈവമക്കളായവർ ലോകപ്രകാരം എത്ര ഉന്നതരോ, താഴ്ന്നവരോ ആയിരുന്നാലും അവർ ക്രിസ്തുവിൽ ഒന്നാണ്, സഹോദരീ സഹോദരന്മാരാണ്. വിശ്വാസികൾ അവരുടെ ലോകജീവിതത്തിൽ സകലരോടും കരുണ കാണിക്കുകയും ക്രിസ്തീയസ്വഭാവം വെളിപ്പെടുത്തുകയും വേണമെന്നു ഫിലേമോനു എഴുതിയ ലേഖനത്തിലൂടെ ദൈവാത്മാവു പ്രബോധിപ്പിക്കുന്നു (ഫിലേ.16–18).

ഞാൻ തയ്യാറാക്കിയ പുസ്തകം വായിച്ചു നോക്കി അതിനു ഒരു അവതാരിക വചനം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ഒരു കർത്തൃദാസനിലൂടെ വേണമെന്നു ആഗ്രഹിച്ചു. പരിശുദ്ധാത്മാവു അതിനായി എനിക്കു കാണിച്ചു തന്നത് സുവിശേഷകനായ K.J.GEORGE, VALAKOM, MUVATTUPUZHZA –യെ ആയിരുന്നു. ഇദ്ദേഹം വിവിധ ബൈബിൾ സ്കൂളുകളിൽ പഠിപ്പിക്കുന്ന ഒരു അദ്ധ്യാപകനാണ്. ദൈവവചനം പഠിക്കുകയും പഠിപ്പിക്കുകയും, കർത്താവിന്റെ വേലയിൽ എരിവോടും ശുഷ്കാന്തിയോടും പ്രവർത്തിക്കുന്ന ഒരു ദൈവദാസനെ ലഭിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. അവതാരിക എഴുതിത്തരണം എന്ന് ഞാൻ ആവശ്യപ്പെട്ടപ്പോൾ സന്തോഷത്തോടെ അതു സ്വീകരിച്ച്, അനുഗ്രഹീതമായ ഒരു അവതാരിക എഴുതിത്തന്നതിൽ ക്രിസ്തുവിൽ എന്റെ കൂട്ടു സഹോദരനായ പ്രിയ ദൈവദാസനോട് കർത്താവിലുള്ള എന്റെ നന്ദി അറിയിക്കുന്നു.

തിരുവചനം പഠിക്കുന്നവർക്കും, പഠിപ്പിക്കുന്നവർക്കും മാത്രമല്ല എല്ലാ വിശ്വാസികൾക്കും ഫിലേമോന്റെ ലേഖനപഠനം എന്ന രചന പ്രയോജനമായിത്തീരട്ടെ എന്ന പ്രാർത്ഥനയോടെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നു.

SAMSON HENRY
ZION, ARADHANA NAGAR -22
BEHIND SANKER'S HOPITAL
KOLLAM - 691 001
24-11-2025

# ഫിലേമോൻ
## (PHILEMON)

### ആമുഖം : ലേഖന പശ്ചാത്തലം —

അറുപത്തിയാറു (66) പുസ്തകങ്ങളുള്ള ബൈബിളിൽ അൻപത്തിയേഴാമത്തെ(57) പുസ്തകവും പുതിയനിയമത്തിൽ പതിനെട്ടാമത്തെ (18) പുസ്തകവുമാണ് ഫിലേമോന്നു എഴുതിയ ലേഖനം. ഒരു അദ്ധ്യായവും ഇരുപത്തിയഞ്ചു വാക്യങ്ങളുമുള്ള ഈ ലേഖനം പൗലൊസ് റോമയിലെ ഒന്നാം പ്രാവശ്യത്തെ കാരാഗൃഹ വാസകാലത്തു (രണ്ടു വർഷം) എഴുതിയ നാലു ലേഖനങ്ങളിൽ ഒന്നാണ്. കാരാഗൃഹ ലേഖനങ്ങൾ എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്സ്യർ, ഫിലേമോൻ എന്നിവയാണ്. റോമൻ പട്ടണത്തിലെ കാരാഗൃഹത്തിൽ നിന്നും പൗലൊസ് അകലെ കൊലൊസ്സി പട്ടണത്തിലുള്ള ഫിലേമോനു എഴുതുന്ന ലേഖനമാണിത്. കൊലോസ്സി പട്ടണത്തിൽ താമസിച്ചിരുന്ന വിശ്വാസിയായ ഫിലേമോൻ ഒരു ധനികനുമായിരുന്നു. ഇദ്ദേഹത്തിന്റെ ഭാര്യ അപ്പിയ, മകൻ അർക്കിപ്പൊസു (ഫിലേ.2). ഇവരുടെ ഭവനത്തിൽ ഒരു സഭാകൂടിവരവുണ്ടായിരുന്നു (ഫിലേ.2). കൊലൊസ്സിയിലുള്ള ഈ സഭ പൗലൊസ് സ്ഥാപിച്ചതല്ല. അവിടെ പൗലൊസ് സന്ദർശിച്ചിട്ടും ഇല്ല (കൊലൊ.1:1-8/2:1). ഒരുപക്ഷേ ഇവർ എഫെസൊസിലെ പൗലൊസിന്റെ പ്രവർത്തനഫലമായി (അപ്പൊ.19:10,20,26) രക്ഷിക്കപ്പെട്ടവരായിരിക്കാം. എപ്പഫ്രാസായിരുന്നു ഈ സഭ സ്ഥാപിച്ചതെന്നു കരുതാം.

റോമൻസാമ്രാജ്യത്തിൽ നിയമപ്രകാരം അടിമത്വം അനുവദിച്ചിരുന്നു. സഭയിലെ പല വിശ്വാസികൾക്കും അടിമകൾ ഉണ്ടായിരുന്നു. കൊലൊസ്സ്യസഭയിലെ വിശ്വാസിയായ ഒനേസിമൊസ് ഫിലേമോന്റെ അടിമകളിൽ ഒരുവനായിരുന്നു. യജമാനന്റെ ഭവനത്തിൽ നിന്നും ഏതോ അപഹരിച്ചു കുററം ചെയ്തു ഓടിപ്പോയി ജനബാഹുല്യമുള്ള റോമിൽ ഒനേസിമൊസ് എത്തി. അവിടെ കാരാഗൃഹത്തിലായിരുന്ന പൗലൊസിനെ എങ്ങനെയോ ഒനേസിമൊസ് കാണുവാൻ ഇടയായി. തുടർന്നു പൗലൊസിലൂടെ സുവിശേഷം കേട്ടു മാനസാന്തരപ്പെടുകയും

കർത്താവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുകയും ചെയ്തു. കാരാഗൃഹത്തിൽ പൗലൊസിനു വളരെ പ്രയോജനമുള്ള ഒരുവനായി പൗലൊസിനെ ശുശ്രൂഷിച്ചു റോമിൽ പാർത്തു. ഓടിപ്പോയ അടിമയായ അവനെ തിരികെ യജമാനന്റെ അടുക്കൽ അയെക്കണമെന്നു പൗലൊസ് ആഗ്രഹിച്ചു. ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ട അവസ്ഥയിൽ ഒനേസിമോസിനും യജമാനന്റെ അരികിലേക്കു തിരികെ പോകാൻ ആഗ്രഹം ഉണ്ടായി.

കൊലൊസ്സ്യർക്കുള്ള ലേഖനം പൗലൊസ് എഴുതി കഴിഞ്ഞപ്പോൾ തിഹിക്കൊസിന്റെ പക്കൽ അത് കൊടുത്തയച്ചു. അതോടൊപ്പം ഫിലേമോനും ഒരു ലേഖനം പൗലൊസ് എഴുതി തിഹിക്കൊസിനെ ഏല്പിക്കുകയും ഒനേസിമൊസിനെയും കൂടെ അയെക്കുകയും ചെയ്തു. അതായത് തിഹിക്കൊസ് ഒനേസിമോസിനോടൊപ്പം രണ്ടു ലേഖനങ്ങൾ കൊണ്ടു പോയി — ഒന്നു കൊലൊസ്യർക്കുള്ള ലേഖനവും, രണ്ട് ഫിലേമോനെഴുതിയ ലേഖനവും.

തിരുവചനത്തിൽ തിഹിക്കൊസിനെക്കുറിച്ചു അധികമൊന്നും പറഞ്ഞിട്ടില്ല. എങ്കിലും തിഹിക്കൊസിനെക്കുറിച്ചുള്ള പൗലൊസിന്റെ സാക്ഷ്യം ഏറെ അനുഗ്രഹിക്കപ്പെട്ടതാണ്. തിഹിക്കൊസ് എന്ന പേര് പുതിയനിയമത്തിൽ വളരെ കുറച്ചു മാത്രം പറഞ്ഞിരിക്കുന്നു. ആദ്യമായി തിഹിക്കൊസിനെ കാണുന്നത് അപ്പൊസ്തലനായ പൗലോസിന്റെ മൂന്നാം മിഷനറി യാത്രയിലാണ് (അപ്പൊ.20:4). ഇവിടെ ആസ്യക്കാരനായ തിഹിക്കൊസ് എന്നു പറഞ്ഞിരിക്കുന്നു. എഫെസ്യലേഖനത്തിൽ പൗലൊസിന്റെ റോമിലെ ഒന്നാം കാരഗ്രഹവാസത്തോടുള്ള ബന്ധത്തിൽ പറഞ്ഞിരിക്കുന്നുത് തിഹിക്കൊസ് പ്രിയ സഹോദരനും കർത്താവിൽ വിശ്വസ്ത ശുശ്രൂഷകനുമെന്നാണ് (എഫെ.6:21,22). കൊലൊസ്യ ലേഖനത്തിൽ തിഹിക്കൊസിനക്കുറിച്ചുള്ള പൗലൊസിന്റെ സാക്ഷ്യം — കർത്താവിൽ പ്രിയ സഹോദരനും വിശ്വസ്ത ശുശ്രൂഷകനും സഹഭൃത്യനും എന്നാണ് (കൊലൊ.4:7-9).

തിഹിക്കൊസിനെയും ഒനേസിമൊസിനെയും കുറിച്ചുള്ള സാക്ഷ്യങ്ങളും അവരെ ഇരുവരെയും അയച്ചതിനെപ്പറ്റിയുള്ള കാരണങ്ങളും ഇവിടെ പറഞ്ഞിരിക്കുന്നു — *"എന്റെ അവസ്ഥ ഒക്കെയും കർത്താവിൽ പ്രിയ സഹോദരനും വിശ്വസ്ത ശുശ്രൂഷകനും സഹഭൃത്യനുമായ തിഹിക്കൊസ് നിങ്ങളോടു അറിയിക്കും. നിങ്ങൾ ഞങ്ങളുടെ അവസ്ഥ*

*അറിവാനും അവൻ നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിപ്പാനുമായി ഞാൻ അവനെ നിങ്ങളിൽ ഒരുത്തനായ ഒനേസിമൊസ് എന്ന വിശ്വസ്തനും പ്രിയനുമായ സഹോദരനോടു കൂടെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു; ഇവിടത്തെ അവസ്ഥ എല്ലാം അവർ നിങ്ങളോടു അറിയിക്കും"* (കൊലൊ.4:7-9).

ഒനേസിമൊസിനെ ഒററയ്ക്കു തിരികെ അയെക്കാഞ്ഞതിനു പല കാരണങ്ങളുണ്ടായിരുന്നു. അക്കാലങ്ങളിൽ അടിമകളുടെ ജീവിതം ഏററവും ദുഷ്ക്കരമായിരുന്നു. ജീവനില്ലാത്ത ഒരു വസ്തുവിനെപ്പോലെ അടിമകളെ യജമാനനു തന്റെ ഇഷ്ടംപോലെ വാങ്ങുവാനും, വിൽക്കുവാനും, ഏതു ഹീനകാര്യങ്ങൾക്കും ഉപയോഗിക്കുവാനും സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ചെറിയ തെററുകൾക്കു പോലും നിർദ്ദയമായി ശിക്ഷിക്കുകയും, ക്രൂശിൽ തറച്ചു കൊല്ലുകയും ചെയ്യുക പതിവായിരുന്നു. ഓടിപ്പോയ അടിമയെ സംബന്ധിച്ചു രണ്ടു പോംവഴികളേ ജീവിതത്തിൽ പ്രതീക്ഷിക്കേണ്ടതുള്ളു. ഒന്നുകിൽ മരണം വരെ ഏതെങ്കിലും ഇരുട്ടറയിൽ ഒളിച്ചു കഴിയുക. അല്ലെങ്കിൽ യജമാനന്റെ നിർദ്ദേശപ്രകാരം റോമൻ പടയാളികളാൽ വേട്ടയാടപ്പെട്ടു അതിക്രൂരമായ മരണം വരിക്കുക.

ആയതിനാൽ പൗലൊസ് ഒനേസിമൊസിന്റെ യജമാനനായ ഫിലേമോനു ഒരു കത്തെഴുതി തിഹിക്കൊസു വശം അവനെ സുരക്ഷിതനായി മടക്കി അയക്കുന്നതാണീ ലേഖനം. ഓടിപ്പോയ അടിമയായ ഒനേസിമൊസിനോടു ക്ഷമിക്കുക മാത്രമല്ല ക്രിസ്തീയ ബന്ധത്തിൽ ഒരു സഹോദരനായി കാണണമെന്നും അഭ്യർത്ഥിക്കുന്നു. അവൻ നിന്നോടു വല്ലതും അന്യായം ചെയ്തിട്ടോ കടം പെട്ടിട്ടോ ഉണ്ടെങ്കിൽ അതു എന്റെ പേരിൽ കണക്കിട്ടുകൊൾക എന്നു പൗലൊസു ഒനേസിമൊസിനു വേണ്ടി അപേക്ഷിക്കുന്നു (ഫിലേ.18).

കർത്താവായ യേശുക്രിസ്തു സമൂഹമദ്ധ്യേയുള്ള പകയുടെയും വെറുപ്പിന്റെയും സകല അതിർവരമ്പുകളെയും ഇല്ലാതാക്കി സകലരെയും സ്നേഹിച്ചു. ആണും പെണ്ണും എന്ന വ്യത്യാസമില്ലാതെ ശമര്യരോടും ജാതികളോടും മാത്രമല്ല ധനവാന്മാരോടും ദരിദ്രരോടും പാപികളോടും ഒരുപോലെ തന്റെ സ്നേഹവും കരുണയും ചൊരിഞ്ഞു. പാപികളോടു കൂടെ ഇടപെടുന്ന കർത്താവിനെ *"ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ"* (മത്താ.11:19) എന്നു വിളിച്ചു പലരും ആക്ഷേപിച്ചു. കർത്താ

വിന്റെ പാത പിന്തുടർന്ന പൗലൊസ് ജാതികളുടെ അപ്പൊസ്തലൻ എന്ന പേരിനാൽ അറിയപ്പെട്ടു. ഗലാതൃവിശ്വാസികൾക്കെഴുതിയപ്പോൾ യഹൂദനോ യവനനോ എന്നില്ലാതെ സകലരോടുമുള്ള തന്റെ സ്നേഹവും പ്രവർത്തനവും തന്റെ മനോഭാവവും പ്രഖ്യാപിക്കുന്നു.*"അതിൽ യഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല; ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ"* (ഗലാ.3:28). സുവിശേഷം വിദ്വേഷത്തിന്റെ സകല സാമൂഹ്യ അതിർ വരമ്പുകളെയും ഇല്ലാതാക്കുന്നു. ഇതിന്റെ ഏറ്റവും പ്രായോഗികമായ ഉദാഹരണമാണ് ഇവിടെ ധനികനും യജമാനനുമായ ഫിലേമോനും അടിമയായ ഒനോസിമൊസും തമ്മിലുള്ള ബന്ധം ക്രിസ്തുവിൽ പുതുക്കപ്പെടുന്നത്. അവർ ഇനി ഒരു പിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരന്മാരായിത്തീരുന്നു.

റോമൻ ഭരണഘടന അടിമകളോടു ക്രൂരത പ്രദർശിപ്പിക്കുമ്പോൾ ബൈബിൾ  ഇവരോടു ദയയും സ്നേഹവും കാണിക്കുന്നു —

**ഉല്പ.17:27 —** *"വീട്ടിൽ ജനിച്ച ദാസന്മാരും അന്യരോടു അവൻ വിലെക്കു വാങ്ങിയവരുമായി അവന്റെ വീട്ടിലുള്ളവർ എല്ലാവരും അവനോടുകൂടെ പരിച്ഛേദന ഏറ്റു."*

**പുറ.21:2 —** *''ഒരു എബ്രായദാസനെ വിലെക്കു വാങ്ങിയാൽ ആറു സംവത്സരം സേവിച്ചിട്ടു ഏഴാം സംവത്സരത്തിൽ അവൻ ഒന്നും കൊടുക്കാതെ സ്വതന്ത്രനായി പൊയ്ക്കൊള്ളട്ടെ."*

**പുറ.21:20 --** *"ഒരുത്തൻ തന്റെ ദാസനെയോ ദാസിയെയോ തൽക്ഷണം മരിച്ചുപോകത്തക്കവണ്ണം വടികൊണ്ടു അടിച്ചാൽ അവനെ നിശ്ചയമായി ശിക്ഷിക്കേണം."*

**ലേവ്യ.25:53 —** *"അവൻ ആണ്ടോടാണ്ടു കൂലിക്കാരൻ എന്നപോലെ അവന്റെ അടുക്കൽ ഇരിക്കേണം; നീ കാൺകെ അവൻ അവനോടു കാഠിന്യം പ്രവർത്തിക്കരുതു."*

**ആവ.23:15,16 —** *"യജമാനനെ വിട്ടു നിന്റെ അടുക്കൽ ശരണം പ്രാപിപ്പാൻ വന്ന ദാസനെ യജമാനന്റെ കയ്യിൽ ഏല്പിക്കരുതു. അവൻ നിങ്ങളുടെ ഇടയിൽ നിന്റെ പട്ടണങ്ങളിൽ ഏതിലെങ്കിലും തനിക്കു ബോധിച്ചേടത്തു നിന്നോടു കൂടെ പാർക്കട്ടെ; അവനെ ഞെരുക്കം ചെയ്യരുതു."*

രക്ഷിക്കപ്പെട്ടവർ ലോകപ്രകാരം എത്ര ഉന്നതരോ, താഴ്ന്നവരോ ആയിരുന്നാലും അവർ ക്രിസ്തുവിൽ ഒന്നാണ്, ദൈവമക്കളാണ്, സഹോദരീ സഹോദരന്മാരാണ് (ഗലാ.3:26-29). ജാതീയചുറ്റുപാടുകളിൽ വസിക്കുന്ന വിശ്വാസികൾ അവരുടെ ലോകജീവിതത്തിൽ മറ്റുള്ളവരോടു കരുണ കാണിക്കുകയും ക്രിസ്തീയസ്വഭാവം വെളിപ്പെടുത്തുകയും വേണ മെന്നു ഫിലേമോനു എഴുതിയ ലേഖനത്തിലൂടെ പ്രബോധിപ്പിക്കുന്നു — *"ആകയാൽ നീ എന്നെ കൂട്ടാളി എന്നു കരുതുന്നു എങ്കിൽ അവനെ എന്നെപ്പോലെ ചേർത്തുകൊൾക. അവൻ നിന്നോടു വല്ലതും അന്യായം ചെയ്തിട്ടോ കടംപെട്ടിട്ടോ ഉണ്ടെങ്കിൽ അതു എന്റെ പേരിൽ കണക്കിട്ടു കൊൾക"* (ഫിലേ.17,18) എന്ന വാക്യം ഇതിനെ വെളിപ്പെടുത്തുന്നു.

———————————————————

# ഫിലേമോൻ ലേഖനം — രൂപരേഖ

**എഴുത്തുകാരൻ** : പൗലൊസ് (ഫിലേ.1,9,19)

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി. 60– ൽ
റോമൻ കാരാഗൃഹത്തിൽ നിന്നും

**ആർക്കെഴുതി** : ഫിലേമോന് —

അടിമകളുടെ യജമാനൻ എങ്കിലും സുവിശേഷത്താൽ ദൈവമകനായിത്തീർന്ന കൊലൊസ്സി പട്ടണത്തിലെ ഒരു ധനികൻ ആയിരുന്നു ഫിലേമോൻ. പൗലൊസ് തന്റെ സ്വന്തകയ്യാൽ ലേഖനം എഴുതിയെന്നു പറഞ്ഞിരിക്കുന്നു (19).

**വിഷയം** :

കൊലൊസ്യപട്ടണത്തിലെ വിശ്വാസിയായ ഫിലേമോന്റെ അടിമയായിരുന്ന ഒനേസിമൊസ് യജമാനനെ അനുസരിക്കാതെ നഷ്ടങ്ങളുണ്ടാക്കിക്കൊണ്ടു റോമിലേക്കു ഓടിപ്പോയി.

പൗലൊസ് മുഖാന്തരം റോമിൽവെച്ചു മാനസാന്തരപ്പെട്ടു രക്ഷിക്കപ്പെട്ട ഒനേസിമൊസിനെ ഫിലേമോനെഴുതിയ കത്തുമായി മടക്കി അയെക്കുന്നു.

ഒനേസിമൊസിന്റെ തെറ്റുകൾ ക്ഷമിച്ചു അവന്റെ കടങ്ങളെല്ലാം പൗലൊസിൽ ചേർത്തുകൊണ്ട് അവനെ സ്വീകരിക്കുവാൻ ഫിലേമോനോടു ആവശ്യപ്പെടുന്നതാണ് ഈ സ്വകാര്യകത്തിന്റെ ഉള്ളടക്കം.

**പ്രധാന പദങ്ങൾ** : (1) ക്രിസ്തീയ ക്ഷമ
(2) മോചനം
(3) സാഹോദര്യം

**പ്രധാന വാക്യങ്ങൾ** : ഫിലേ.15, 16, 17

**ലക്ഷ്യം** :

(1) ഫിലേമോന്റെ അടുക്കൽ നിന്നു ഓടിപ്പോയ അടിമയായ ഒനേസിമോസിനോടു ക്ഷമിക്കണമെന്നും, ക്രിസ്തീയബന്ധത്തിൽ ഒരു സഹോദരനായി സ്വീകരിക്കണമെന്നും അപേക്ഷിക്കുന്നതാണ് ലേഖനത്തിന്റെ പ്രധാന ലക്ഷ്യം.

(2) ജയിലിൽ നിന്നും മോചിതനാകുമ്പോൾ തനിക്കു താമസിക്കുവാൻ ഒരു പാർപ്പിടം ഒരുക്കുവാനും ഫിലേമോനോടു ആവശ്യപ്പെടുന്നു (വാക്യം.22).

**പുസ്തക വിഭജനം** : (ഒരു അദ്ധ്യായം)

1. ഫിലേമോനെ ഓർത്തു പ്രാർത്ഥന, സ്തുതി : 1 — 7
2. ഒനേസിമൊസ്, പ്രയോജനമുള്ളവൻ, അവനായുള്ള അപേക്ഷ : 8 — 16
3. ഫിലേമോനുള്ള വാഗ്ദാനം (ഞാൻ തന്നു തീർക്കാം.) 17 — 25

**പ്രത്യേകത:**

(1) ബൈബിളിലെ അറുപത്തിയാറു പുസ്തകങ്ങളിൽ ഒരദ്ധ്യായം മാത്രമുള്ളത് പഴയനിയമത്തിൽ ഒന്നും പുതിയനിയമത്തിൽ നാലും ഉൾപ്പെടെ ആകെ അഞ്ചു പുസ്തകങ്ങളാണ്. അവ —

(a) ഓബദ്യാവ് (b) രണ്ടു യോഹന്നാൻ (c) മൂന്നു യോഹന്നാൻ (d)യൂദാ (e)ഫിലേമോൻ

(2) പൗലൊസിന്റെ ലേഖനങ്ങളെല്ലാം സഭകൾക്കോ വ്യക്തികൾക്കോ ഉപദേശപരമായ കാര്യങ്ങളുൾക്കൊള്ളിച്ചാണ് എഴുതിയിട്ടുള്ളത്. എന്നാൽ ഫിലേമൊനെഴുതിയ ലേഖനം ഒരു വ്യക്തിപരമായ കത്താണ് എന്നുള്ള പ്രത്യേകതയുണ്ട്. തികെച്ചും വ്യക്തിപരമായ കത്തെങ്കിലും പരിശുദ്ധാത്മാവ് ഇതിനെയും തിരുവെഴുത്തുകളോടൊപ്പം കൂട്ടിച്ചേർത്തു.

(3) പൗലൊസിന്റെ ലേഖനങ്ങളിൽ ഏറ്റവും ചെറുത് ഫിലേമോനു എഴുതിയ ലേഖനമാണ്. ഒരു അദ്ധ്യായമുള്ള ലേഖനത്തിൽ ഇരുപത്തിയഞ്ചു വാക്യങ്ങൾ ഉൾക്കൊള്ളുന്നു.

(4) ഫിലേമോനെഴുതിയ ലേഖനം റോമയിലെ കാരാഗൃഹ വാസകാലത്തു പൗലൊസ് എഴുതിയ നാലു ലേഖനങ്ങളിൽ ഒന്നാണ്. കാരാഗൃഹലേഖനങ്ങൾ എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്സ്യർ, ഫിലേമോൻ എന്നിവയാണ്. ഇവ നാലും ക്രിസ്തുവും, വിശ്വാസികളും, സഭയും തമ്മിലുള്ള ബന്ധത്തെ കുറിക്കുന്നു.

കൊലൊസ്യർ ശിരസ്സായ ക്രിസ്തുവിനെയും, എഫെസ്യർ ശിരസ്സിനോടു ബന്ധപ്പെട്ട ശരീരമാകുന്ന സഭയെയും കുറിക്കുന്നു.

ശരീരത്തോടു ചേർന്നു ഇരുവശങ്ങളിലായി ഫിലിപ്പിയലേഖനം —> ക്രിസ്തു, സന്തോഷദായകൻ എന്നും ഫിലേമോന്റെ ലേഖനം —> ക്രിസ്തു, നഷ്ടപ്പെട്ട ബന്ധത്തെ പുനഃസ്ഥാപിക്കുന്നവൻ എന്നും വെളിപ്പെടുത്തുന്നു.

(5) ഫിലേമോൻ, പൗലൊസ്, ഒനേസിമൊസ് എന്നിവർ യഥാക്രമം പിതാവായ ദൈവത്തിന്റെയും, പുത്രനായ ക്രിസ്തുവിന്റെയും, പാപികളായ മനുഷ്യരുടെയും നിഴലുകളായിരിക്കുന്നു.

**ഫിലേമോൻ:**

പിതാവായ ദൈവത്തിന്റെ നിഴൽ. ഫിലേമോൻ ഒനേസിമൊസിൽ അതിക്രമം കാണുന്നു. ഫിലേമോൻ യജമാനൻ എന്ന നിലയിൽ നീതി നടത്തുന്നവൻ. ദൈവം നീതിമാൻ.

**പൗലൊസ്:**

കർത്താവായ യേശുക്രിസ്തുവിന്റെ നിഴൽ. യജമാനനായ ഫിലേമോന്റെയും, കുററക്കാരനായ ഒനേസിമൊസിന്റെയും ഇടയിൽ പക്ഷവാദം ചെയ്യുന്ന പൗലൊസ്. നമ്മുടെ കർത്താവായ യേശുക്രിസ്തു ഏക മദ്ധ്യസ്ഥൻ, പാപക്കടം കൊടുത്തു തീർത്തവൻ.

**ഒനേസിമൊസ്:**

പാപികളായ മനുഷ്യരുടെ നിഴൽ. കുററം ചെയ്തു, വീടു വിട്ടോടി, മരണശിക്ഷെക്കു അർഹരായവൻ. ഇനി എങ്ങനെ യജമാനന്റെ മുമ്പിൽ നിൽക്കാം. എന്നാൽ ഇപ്പോൾ യേശുക്രിസ്തുമൂലം യജമാനനോടു നിരപ്പു ലഭിച്ചവനായി മകനായി, സഹോദരനായി, അവകാശിയായി ഭവനത്തിലേക്കു എത്തിചേർന്നു.

## ഫിലേമോന്റെ ലേഖനത്തിലെ വ്യക്തികളുടെ പേരും അർത്ഥവും —

(1) പൗലൊസ് = ചെറിയത്

(2) തിമൊഥെയൊസ് = ദൈവത്തെ ബഹുമാനിക്കുക അഥവാ ദൈവത്താൽ മാനിക്കപ്പെട്ട

(3) ഫിലേമോൻ = പ്രിയമുള്ളവൻ, സ്നേഹമുള്ളവൻ

(4) അപ്പിയ = പ്രിയപ്പെട്ടത്

(5) അർക്കിപ്പൊസ് = കുതിരപ്രമാണി

(6) ഒനേസിമൊസ് = പ്രയോജനമുള്ളവൻ

(7) എപ്പഫ്രാസ് = ഉത്തേജനമായത്

(8) മർക്കൊസ് = വിനീതമായ, വലിയ ചുറ്റിക

(9) അരിസ്തർക്കൊസ് = നല്ല ഭരണാധികാരി

(10) ദേമാസ് = അറിയുന്നത്

(11) ലൂക്കൊസ് = പ്രകാശം

## ഫിലേമോന്റെ പ്രത്യേകതകൾ —

(1) വീട്ടിൽ സഭാകൂടിവരവുള്ളവൻ (കുടുംബമായി ദൈവത്തെ ആരാധിക്കുന്നവൻ (ഫിലേ.2)

(2) കർത്താവിനോടും വിശ്വാസികളോടും സ്നേഹവും വിശ്വാസവുമുള്ളവൻ (ഫിലേ.4)

(3) പൗലൊസിന്റെ പ്രാർത്ഥനയിൽ ഓർക്കുവാനും ദൈവത്തിനു അവനെക്കുറിച്ചു സ്തോത്രം ചെയ്യുവാനും കാരണമുള്ളവൻ (ഫിലേ.6)

(4) വിശുദ്ധന്മാരുടെ ഹൃദയത്തെ തണുപ്പിച്ചവൻ (ഫിലേ.7)

(5) അനുസരണയുള്ളവൻ (ഫിലേ.21).

## ക്രിസ്തു ഫിലേമോനിൽ —

(1) ക്രിസ്തു നഷ്ടപ്പെട്ട ബന്ധത്തെ പുനഃസ്ഥാപിക്കുന്നവൻ

(2) ക്രിസ്തു സ്നേഹസമ്പൂർണ്ണൻ (7)

(3) ക്രിസ്തു നമ്മുടെ കടങ്ങൾ വീട്ടുന്നവൻ (18)

(4) കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നുമാണ് കൃപയും സമാധാനവും ലഭിക്കുന്നത്

(3) യേശുക്രിസ്തു മൂലം ലഭിക്കുന്ന പാപക്ഷമ ഫിലേമോന്റെ ലേഖനത്തിലൂടെ വെളിപ്പെടുന്നു. ഒനേസിമൊസിന്റെ കടം കൊടുത്തു തീർക്കുന്ന ബാദ്ധ്യത പൗലൊസ് ഏറ്റെടുക്കുന്നു.

നാം ഓരോരുത്തരും ഒനേസിമൊസിനെപ്പോലെയുള്ളവരായിരുന്നു. ഫിലേമോന്റെ മുമ്പാകെ പൗലൊസ് അഭയ യാചന ചെയ്യുന്നതു പോലെ ക്രിസ്തു നമുക്കുവേണ്ടി പിതാവിന്റെ സന്നിധിയിൽ പക്ഷവാദം ചെയ്യുന്നു.

ഒനേസിമൊസ് ന്യായപ്രമാണപ്രകാരം ശിക്ഷാർഹനെങ്കിലും കൃപയാൽ മോചിക്കപ്പെടുന്നു.

മുടിയൻ പുത്രനെപ്പോലെ നാമും പിതാവായ ദൈവത്തെ അനുസരിക്കാതെ ലക്ഷ്യംവിട്ടു സഞ്ചരിച്ചിരുന്നു. എന്നാൽ ദൈവസ്നേഹം തിരിച്ചറിഞ്ഞു തിരികെ വന്നപ്പോൾ ക്രിസ്തുവിലൂടെ ലഭിക്കുന്ന സമാധാനം ഇവിടെ വെളിപ്പെടുന്നു.

എന്നേക്കും അന്ധകാരത്തിലും മരണഭീതിയിലും കഴിയേണ്ടിയിരുന്ന നമ്മെ ക്രിസ്തുവിൽ സ്വതന്ത്രരാക്കി.

---

## ക്രിസ്തുയേശുവിന്റെ ബദ്ധനായ പൗലൊസ്

**ഫിലേ.1,2 — ക്രിസ്തുയേശുവിന്റെ ബദ്ധനായ പൗലൊസും സഹോദരനായ തിമൊഥെയൊസും ഞങ്ങളുടെ പ്രിയനും കൂട്ടുവേലക്കാരനുമായ ഫിലേമോൻ എന്ന നിനക്കും സഹോദരിയായ അപ്പിയെക്കും ഞങ്ങളുടെ സഹഭടനായ അർക്കിപ്പൊസിന്നും നിന്റെ വീട്ടിലെ സഭെക്കും എഴുതുന്നതു:**

(Paul, a prisoner of Christ Jesus, and Timothy our brother, To Philemon our beloved friend and fellow laborer, to the beloved Apphia, Archippus our fellow soldier, and to the Church in your house)

പൗലൊസ് ക്രിസ്തുയേശുവുമായുള്ള തന്റെ ബന്ധത്തെ പറഞ്ഞുകൊണ്ട് ലേഖനം ആരംഭിക്കുന്നു. ഫിലേമോനുള്ള വ്യക്തിപരമായ കത്തെങ്കിലും ഇതിൽ പലരുടെയും പേരുകൾ പറഞ്ഞുകൊണ്ടാണ് എഴുതുന്നത് — (1) ഫിലേമോൻ (2) സഹോദരി അപ്പിയ (3) അർക്കിപ്പൊസ് (4) വീട്ടിലെ സഭ അതായത് സഭാവിശ്വാസികൾ. ഇവരൊക്കെയും തന്റെ കത്തു വായിക്കണമെന്നു പൗലൊസ് ആഗ്രഹിക്കുന്നു.

**ക്രിസ്തുയേശുവിന്റെ ബദ്ധനായ പൗലൊസും (ഫിലേ.1) —** (Paul, a prisoner of Christ Jesus) —

ലേഖനകർത്താവ് എന്ന നിലയിൽ പൗലൊസ് തന്നെത്തന്നെ വിശേഷിപ്പിക്കുന്നത് — *"ക്രിസ്തുയേശുവിന്റെ ബദ്ധൻ"* (Paul, a prisoner of Christ Jesus) എന്നാണ്. എഫേസ്യലേഖനത്തിൽ *"കർത്തൃസേവനിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ"* (the prisoner of the Lord — എഫെ.4:1) എന്നാണു മലയാളത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ക്രിസ്തുയേശുവിന്റെ ബദ്ധൻ എന്നത് യേശുക്രിസ്തുവുമായുള്ള തന്റെ വ്യക്തിപ

രമായ ബന്ധത്തെയും കർത്തൃസേവനിമിത്തം ബദ്ധനായിരിക്കുന്ന എന്നത് ക്രിസ്തുവിലുള്ള തന്റെ ശുശ്രൂഷയോടുള്ള ബന്ധത്തിലുമാണ്. കർത്താവിനോടുള്ള വ്യക്തിപരമായ ബന്ധവും ആശ്രയവും അചഞ്ചലമായ വിശ്വാസവും ഭക്തിയുമുള്ള ഒരുവനു മാത്രമേ കർത്താവിന്റെ ശുശ്രൂഷയിലും സേവയിലും വിജയിക്കുവാൻ കഴിയൂ.

പൗലൊസ് തന്നെ പരിചയപ്പെടുത്തുന്നത് ഒരു തടവുകാരൻ എന്ന നിലയിലാണ്. കാരണം ഈ കത്തെഴുതുന്ന സമയം താൻ റോമൻ കാരാഗൃഹത്തിൽ സുവിശേഷം നിമിത്തം ഒരു തടവുകാരനായിരുന്നു. എന്നാൽ കേവലം തടവുകാരൻ എന്നതിലുപരി ക്രിസ്തുയേശുവിന്റെ ബദ്ധൻ എന്നു പരിചയപ്പെടുന്നതിൽ അഭിമാനിക്കുന്നു. തന്റെ കൈയ്യിലും കാലിലും കിടക്കുന്ന ചങ്ങല ഏറെ സ്വാതന്ത്ര്യമില്ലായ്മയും അസ്വസ്തതകളും ഉണ്ടാക്കുന്നുവെങ്കിലും അത് തന്നെ യേശുക്രിസ്തുവിനോടുള്ള ബന്ധത്തിൽ അണിയിക്കപ്പെട്ടതിനാൽ സന്തോഷിക്കുന്നു. കാരണം തന്നെ വീണ്ടെടുത്തു രക്ഷിച്ച ക്രിസ്തുവിനുവേണ്ടി സഹിക്കുന്നതിനാൽ തന്നെ. ക്രിസ്തുവിന്റെ നാമം സകലരുടെയും മദ്ധ്യേ പ്രസ്താവിക്കുവാനും, ക്രിസ്തുവിന്റെ നാമത്തിനുവേണ്ടി കഷ്ടം അനുഭവിക്കാനും ദൈവം തിരഞ്ഞെടുത്ത പാത്രമാണ് താനെന്നു പൗലൊസിനു അറിയാമായിരുന്നു (അപ്പൊ.9:15,16).

യേശുക്രിസ്തുവിന്റെ അപ്പൊസ്തലൻ എന്നു ന്യായമായി തനിക്കു അവകാശപ്പെടാമെങ്കിലും ഫിലേമോനു എഴുതുമ്പോൾ ക്രിസ്തുയേശുവിന്റെ ബദ്ധനായ പൗലൊസ് എന്നാണ് പറഞ്ഞിരിക്കുന്നത്. തന്റെ ലേഖനങ്ങളിൽ പലഭാഗങ്ങളിലും താൻ ക്രിസ്തുയേശുവിന്റെ ബദ്ധൻ എന്നു പറയുന്നതിൽ അഭിമാനിക്കുന്നതായി കാണുന്നു —

**ഫിലേ.8,9** — *“ആകയാൽ യുക്തമായതു നിന്നോടു കല്പിപ്പാൻ ക്രിസ്തുവിൽ എനിക്കു വളരെ ധൈര്യം ഉണ്ടെങ്കിലും പൗലൊസ് എന്ന വയസ്സനും ഇപ്പോൾ ക്രിസ്തുയേശുവിന്റെ ബദ്ധനുമായിരിക്കുന്ന ഈ ഞാൻ സ്നേഹം നിമിത്തം അപേക്ഷിക്കയത്രേ ചെയ്യുന്നതു.”*

**എഫെ.3:1** — *“അതുനിമിത്തം പൗലൊസ് എന്ന ഞാൻ ജാതികളായ നിങ്ങൾക്കുവേണ്ടി ക്രിസ്തുയേശുവിന്റെ ബദ്ധനായിരിക്കുന്നു.”*

**എഫെ.4:1** — *“കർത്തൃസേവനിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നതു:”*

**എഫെ.6:19,20 —** *"ഞാൻ ചങ്ങല ധരിച്ചു സ്ഥാനാപതിയായി സേവിക്കുന്ന സുവിശേഷത്തിന്റെ മർമ്മം പ്രാഗത്ഭ്യത്തോടെ അറിയിപ്പാൻ എന്റെ വായി തുറക്കുമ്പോൾ എനിക്കു വചനം നല്കപ്പെടേണ്ടതിന്നും ഞാൻ സംസാരിക്കേണ്ടും വണ്ണം അതിൽ പ്രാഗത്ഭ്യത്തോടെ സംസാരിക്കേണ്ടതിന്നും പ്രാർത്ഥിപ്പിൻ"*

**ഫിലി.1:13 —** *"എന്റെ ബന്ധനങ്ങൾ ക്രിസ്തു നിമിത്തമാകുന്നു എന്നു അകമ്പടി പട്ടാളത്തിൽ ഒക്കെയും ശേഷം എല്ലാവർക്കും തെളിവായി വരികയും സഹോദരന്മാർ മിക്കപേരും എന്റെ ബന്ധനങ്ങളാൽ കർത്താവിൽ ധൈര്യം പൂണ്ടു ദൈവത്തിന്റെ വചനം ഭയംകൂടാതെ പ്രസ്താവിപ്പാൻ അധികം തുനിയുകയും ചെയ്തിരിക്കുന്നു."*

**കൊലൊ.4:34 —** *"എനിക്കു ബന്ധനകാരണമായ ക്രിസ്തുവിന്റെ മർമ്മം പ്രസ്താവിപ്പാൻ തക്കവണ്ണം ദൈവം ഞങ്ങൾക്കു വചനത്തിന്റെ വാതിൽ തുറന്നു തരികയും ഞാൻ സംസാരിക്കേണ്ടുംവണ്ണം അതിനെ വെളിപ്പെടുത്തുകയും ചെയ്യേണ്ടതിന്നു ഞങ്ങൾക്കുവേണ്ടിയും പ്രാർത്ഥിപ്പിൻ."*

**2.തിമൊ.1:8 —** *"അതുകൊണ്ടു നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെയും അവന്റെ ബദ്ധനായ എന്നെയും കുറിച്ചു ലജ്ജിക്കാതെ സുവിശേഷത്തിന്നായി ദൈവശക്തിക്കു ഒത്തവണ്ണം നീയും എന്നോടുകൂടെ കഷ്ടം സഹിക്ക."*

യേശുക്രിസ്തുവിന്റെ അപ്പൊസ്തലൻ എന്നു പറയാതെ ക്രിസ്തുയേശുവിന്റെ ബദ്ധനായ പൗലൊസ് എന്നു ഫിലേമോനു എഴുതുന്നു. ഇതിലൂടെ താൻ ഉദ്ദേശിക്കുന്നത് തനിക്കു ഇനി പറയുവാനുള്ളത് അപ്പൊസ്തലനെന്ന അധികാരത്തിലല്ല മറിച്ചു ക്രിസ്തുയേശുവിനായി ചങ്ങല ധരിച്ചു അദ്ധ്വാനിക്കുന്ന ഒരു ദൈവദാസൻ എന്ന നിലയിലാണ്. താൻ ഒനേസിമൊസ് എന്ന അടിമയ്ക്കുവേണ്ടി അപേക്ഷിക്കുവാൻ പോകുകയാണ്. താൻ റോമൻ തടവറയിൽ ക്രിസ്തുവിനുവേണ്ടി കഷ്ടപ്പെടുന്നതിനാൽ തന്റെ അപേക്ഷ ഫിലേമോൻ സ്നേഹത്തോടെ സ്വീകരിക്കും എന്നു കരുതുന്നു. അതായത് അധികാരത്തിലല്ല, ക്രിസ്തുവിന്റെ സ്നേഹത്തിലുള്ള യാചനയാണീ കത്ത്. ഫിലേമോനു പിതാവിനു തുല്യനാണ് പൗലൊസ്. ക്രിസ്തുവിൽ മകനെന്ന നിലയിൽ തന്റെ ബന്ധനം അനു

കമ്പ ഉളവാക്കും എന്നു പൗലൊസ് ആശിക്കുന്നു. ഭൗതികമായി താൻ കൈകാൽ കെട്ടപ്പെട്ട അവസ്ഥയിൽ ഒന്നുമില്ലാത്തവനായി തടവറയ്ക്കുള്ളിലെങ്കിലും ഏറെ വചനനിശ്ചയവും, സംസാരിക്കുവാൻ പ്രാഗത്ഭ്യവും, അധികാരവുമുള്ള അപ്പൊസ്തലനായിരുന്നു പൗലൊസ്.

പൗലൊസ് തടവിൽ വെച്ചു സുവിശേഷം പറഞ്ഞു രക്ഷിക്കപ്പെട്ട ഒരു അടിമയ്ക്കുവേണ്ടി ഫിലേമോനോടു യാചനാരൂപത്തിൽ അപേക്ഷിക്കുകയാണ്. ക്രിസ്തുവിനുവേണ്ടിയുള്ള തന്റെ ശുശ്രൂഷയുടെ മാഹാത്മ്യമാണിവിടെ നാം കാണുന്നത്. അനവധി ലൗകികസമ്പത്തുകളുടെ ഉടമയും, ആൾബലവും, സ്വാധീനവും, അഭിമാനിക്കാൻ ഏറെ ലോകമഹിമയും ഉണ്ടായിരുന്ന തർസൊസുകാരനായ ശൗൽ എന്ന പൗലൊസ് ഇപ്പോൾ  കാരാഗൃഹത്തിന്റെ ഉള്ളറയിൽ ഒന്നുമില്ലാത്തവനായി കഴിയുന്നു. അപ്പോഴും തനിക്കു സന്തോഷിക്കുവാനുള്ളത് ക്രിസ്തുവിലും ക്രിസ്തുവിനെ സേവിക്കുന്നതിലുമാണ്.

ഗലാത്യവിശ്വാസികൾക്കെഴുതി ലേഖനം അവസാനിപ്പിക്കുമ്പോൾ ഇപ്രകാരം തന്റെ സന്തോഷം വ്യക്തമാക്കുന്നു — *"എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുതു; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു"* (ഗലാ.6:14).

പൗലൊസ് തന്റെ അപ്പൊസ്തലപദവിയും അധികാരവും ഉപയോഗിക്കാതെ ക്രിസ്തുയേശുവിന്റെ ബദ്ധനായ പൗലൊസ് എന്നു ഫിലേമോനു എഴുതിയതിൽനിന്നും നമ്മുടെ വിശ്വാസജീവിതത്തിലും ഉൾക്കൊള്ളാനുള്ള അനേക പാഠങ്ങൾ ലഭിക്കുന്നു. ക്രിസ്തുവിലും ക്രിസ്തുയേശുവിന്റെ സേവയിലും ബദ്ധനായിരിക്കുന്നതിൽ നാം സന്തോഷിക്കണം. കർത്താവിനെ സേവിക്കുന്നതിൽ പലവിധ പ്രയാസങ്ങളും ദുഃഖങ്ങളും പ്രതികൂലതകളും നേരിടാം. വിശ്വാസവീരന്മാരായ ദൈവമക്കൾ കടന്നുപോയ വിവിധ ശോധനകൾ തിരുവെഴുത്തിലുടനീളം വിവരിച്ചിരിക്കുന്നു. അവർ സഹിച്ച കഷ്ടത, നിന്ദ, ഒറ്റപ്പെടുത്തൽ, പട്ടിണി, ആപത്ത്, രോഗം എന്നിവയെല്ലാം നമ്മെ ക്ഷീണിപ്പിക്കുവാനോ, തകർത്തു കളയുവാനോ ഉള്ള സന്ദേശമല്ല, മറിച്ചു അവർ അതൊക്കെയും സാരമില്ലെന്നു കരുതി ദൈവത്തിലും ദൈവസേവയിലും ഉറെച്ചു നിന്നു വിജയിക്കുവാൻ ഇട

യായി എന്നുള്ള സന്ദേശമാണ് ലഭിക്കുന്നത്. ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുന്നതിൽ നാം സന്തോഷിക്കണം. എത്രതന്നെ ആത്മികസമ്പത്തും, വചനപരിജ്ഞാനവും ഉണ്ടെങ്കിലും നാം നമ്മെത്തന്നെ വിനയപ്പെടുത്തി ജീവിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്.

**സഹോദരനായ തിമൊഥെയൊസും (ഫിലേ.1)**

(Timothy our brother)

ക്രിസ്തുയേശുവിന്റെ ബദ്ധനായ പൗലൊസും സഹോദരനായ തിമൊഥെയൊസും എന്നാണ് ലേഖനാരംഭത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. പൗലൊസും, തിമൊഥെയൊസും കൂടി ഒരുമിച്ചെഴുതിയ ലേഖനമല്ലിത്. ലേഖനമെഴുതിയപ്പോൾ തിമൊഥെയോസും പൗലൊസിനോടൊപ്പമുണ്ടായിരുന്നു. പിതാവിന്റെ സ്ഥാനത്തുള്ള പൗലൊസ് യുവാവായ തിമൊഥെയോസിനെ സഹോദരൻ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. പിതാവായ ദൈവത്തിന്റെ മക്കൾ എന്ന നിലയിൽ പൗലൊസും തിമൊഥെയൊസും ക്രിസ്തുവിൽ സഹോദരന്മാർ എന്നു വെളിപ്പെടുന്നു.

എല്ലാ രക്ഷിക്കപ്പെട്ട ദൈവമക്കളും ക്രിസ്തുവിൽ സഹോദരീസഹോദരന്മാരാണ്. പൗലൊസിന്റെ പല ലേഖനങ്ങളുടെയും ആരംഭത്തിൽ തിമൊഥെയൊസിന്റെ പേരും കാണുന്നുണ്ട് (2.കൊരി.1:1/ഫിലി.1:1/കൊലൊ.1:1/1.തെസ്സ.1:1/2.തെസ്സ.1:1). പൗലൊസിന്റെ ശുശ്രൂഷകളിലൊക്കെയും തിമൊഥെയൊസും കൂടെ പ്രവർത്തിച്ചിരുന്നുവെന്നു ഇതിലൂടെ മനസ്സിലാക്കാം. തന്റെ മരണശേഷം യുവാവായ തിമൊഥെയോസിനെ ശുശ്രൂഷകൾ ചെയ്യുവാൻ ഒരുക്കിയെടുക്കുക എന്ന ലക്ഷ്യവും പൗലൊസിനുണ്ടായിരുന്നതായി കരുതാം. ഇത് ഇന്നത്തെ നമ്മുടെ ആത്മീയ ലോകത്തിനു പിൻപറ്റുവാൻ കൊള്ളാവുന്ന നല്ല മാതൃകയാണ്. സഭകളിലും മറ്റു സുവിശേഷ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന കർത്താവിന്റെ ദാസീദാസന്മാർക്കു തങ്ങളുടെ ക്രിസ്തുവിലുള്ള പ്രവർത്തനങ്ങളെ വരും തലമുറയെ അഭ്യസിപ്പിച്ചു, പരിശീലിപ്പിച്ചു, പ്രോത്സാഹിപ്പിച്ചു മുന്നോട്ടു കൊണ്ടുവരുവാനുള്ള ഉത്തരവാദിത്തമുണ്ട്.

തിമൊഥെയൊസ് എന്ന പേരിനു അർത്ഥം ദൈവത്തെ ബഹുമാനിക്കുക അഥവാ ദൈവത്താൽ മാനിക്കപ്പെട്ട എന്നാണ്. അപ്പൻ യവനനും (അപ്പൊ.16:1-3), അമ്മ യുനീക്ക യഹൂദാ സ്ത്രീയും ആയിരുന്നു.

ചെറുപ്പകാലം മുതൽ തിമൊഥെയൊസിനെ തിരുവെഴുത്തുകൾ പഠിപ്പിച്ചിരുന്നു (2.തിമൊ.1:5/2.തിമൊ.3:14,15). തിരുവചനത്തോടുള്ള വിശ്വാസം അവന്റെ അമ്മയിലും, വലിയമ്മ ലോവീസിലും ഉണ്ടായിരുന്നു. കർത്താവായ യേശുക്രിസ്തു ലോകരക്ഷകൻ എന്നു തിമൊഥെയൊസ് ലുസ്ത്രയിൽ വെച്ചു പൗലൊസിലൂടെ കേൾക്കുവാനിടയായി (അപ്പൊ.14:8-20). തുടർന്നു രക്ഷിക്കപ്പെട്ടു പൗലൊസിന്റെ സുവിശേഷയാത്രയിൽ തിമൊഥെയൊസും അനുഗമിക്കുന്നതായി കാണുന്നു (അപ്പൊ.16:1-5). തിമൊഥെയൊസ് വിശ്വസ്തനായ ദൈവമകനും (1.കൊരി.4:17), പൗലൊസിനോടു കൂടെ സുവിശേഷഘോഷണത്തിൽ സേവനം അനുഷ്ഠിച്ചവനുമായിരുന്നു (ഫിലി.2:19-22).

**ഞങ്ങളുടെ പ്രിയനും കൂട്ടുവേലക്കാരനുമായ ഫിലേമോൻ എന്ന നിനക്കും (ഫിലേ.1)** (To Philemon our beloved friend and fellow laborer) —

കാരാഗൃഹത്തിൽ നിന്നെഴുതുന്ന ഈ ലേഖനത്തിൽ പലരുടെ പേരുണ്ടെങ്കിലും പ്രധാനമായി ഫിലേമോനുള്ള കത്താണിത്. ഫിലേമോനും അപ്പിയയ്ക്കും അർക്കിപ്പൊസിനും കൂടിയാണ് കത്തെഴുതിയിരിക്കുന്നത്. ഫിലേമോൻ ഗൃഹനാഥൻ ആയതിനാലാവാം ഫിലേമോനു എഴുതിയ ലേഖനം എന്നറിയപ്പെടുന്നത്. ഫിലേമോനെക്കുറിച്ചു ഈ ലേഖനത്തിലല്ലാതെ മറ്റെങ്ങും കൂടുതൽ വിവരങ്ങൾ ലഭിക്കുന്നില്ല.

കൊലോസ്സി പട്ടണത്തിൽ താമസിച്ചിരുന്ന ഒരു ധനികനായിരുന്നു ഫിലേമോൻ. ഒരു മാതൃകാവിശ്വാസി, കർത്താവിന്റെ വേലയിൽ ശുഷ്ക്കാന്തിയോടെ പ്രവർത്തിച്ചവൻ, ഒനേസിമൊസ് എന്ന അടിമയുടെ യജമാനൻ എന്നീ നിലകളിലൊക്കെ ശോഭിച്ചിരുന്നു. സഹോദരിയായ അപ്പിയ ഫിലേമോന്റെ ഭാര്യയാണെന്നും, അർക്കിപ്പൊസ് മകനാണെന്നും കരുതുന്നു. ഇവരുടെ ഭവനത്തിൽ ഒരു സഭാകൂടിവരവുണ്ടായിരുന്നു (ഫിലേ.2). ഫിലേമോൻ എന്ന പേരിനർത്ഥം പ്രിയമുള്ളവൻ, സ്നേഹമുള്ളവൻ എന്നാണ്. പൗലൊസ് മുഖാന്തരമാണ് ഫിലേമോൻ കർത്താവിനെ അറിയുവാനും രക്ഷിക്കപ്പെടുവാനും ഇടയായത് (ഫിലേ.19). പില്ക്കാലത്ത് ഫിലേമോൻ കൊലൊസ്യയിലെ ശുശ്രൂഷകനായി രക്തസാക്ഷിയായി മരിച്ചെന്നു ചരിത്രം പറയുന്നു.

പൗലൊസ് ഫിലേമോനെ സംബോധന ചെയ്യുന്നത് ഞങ്ങളുടെ പ്രിയനും കൂട്ടുവേലക്കാരനും എന്നാണ്. ധനികനെങ്കിലും ഫിലേമോൻ കർത്താവിന്റെ വേലയോടുള്ള ബന്ധത്തിൽ പൗലൊസിന്റെയും തിമൊഥെയൊസിന്റെയും എല്ലാ ദൈവമക്കളുടെയും പ്രിയനും കൂട്ടുവേലക്കാരനുമായിരുന്നു. ആത്മിയകാര്യങ്ങളോടു ബന്ധപ്പെടുത്തി ഫിലോമോന്റെ അനേക പ്രത്യേകതകൾ ഈ ലേഖനത്തിൽ കാണുന്നു— വിശുദ്ധന്മാരുടെ ഹൃദയത്തെ തണുപ്പിച്ചവൻ; അനുസരണയുള്ളവൻ; ആത്മീയകാര്യങ്ങളിൽ ശുഷ്കാന്തിയോടെ പ്രവർത്തിച്ചവൻ. കൊലൊസ്യയിലുള്ള തന്റെ ഭവനം ഫിലേമോൻ ദൈവജനത്തിനായി തുറന്നു കൊടുത്തു. അവിടെ വിശ്വാസികൾ ദൈവത്തെ ആരാധിച്ചു.

ഞങ്ങളുടെ പ്രിയനും കൂട്ടുവേലക്കാരനുമായ ഫിലേമോൻ എന്ന പൗലൊസിന്റെ സംബോധന ഫിലേമോനെ സംബന്ധിച്ചു തികെച്ചും യോഗ്യമായിരുന്നു. വിശ്വാസികളായ നമ്മെക്കുറിച്ചും ഇപ്രകാരം സാക്ഷ്യം ലഭിക്കുവാൻ ഇടയാകണം. സ്വർഗ്ഗീയ യജമാനന്റെ പ്രിയരായ വേലക്കാരാണ് വിശ്വാസികൾ. തന്റെ തോട്ടത്തിൽ വേല ചെയ്യുവാൻ വിവിധ സമയങ്ങളിലായി വിളിച്ചു ചേർക്കപ്പെട്ടവർ. ഈ തോട്ടത്തിൽ അവർക്കുള്ള കൂട്ടായ്മയെയും, സ്നേഹത്തെയും, സഹകരണത്തെയും, ആത്മഭാരത്തെയും, അന്യോന്യം ഭാരങ്ങൾ ചുമക്കുന്നതിനെയും, ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിനെയുമാണ് കൂട്ടുവേലക്കാർ (fellow workers) എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. അവർ ദൈവത്തിനും ദൈവമക്കൾക്കും പ്രിയരാണ്. സുവിശേഷകന്മാർക്കോ, മൂപ്പന്മാർക്കോ, ശുശ്രൂഷകന്മാർക്കോ, ദൈവത്തിന്റെ വേലെക്കായി പൂർണ്ണസമയം വേർതിരിഞ്ഞവർക്കോ മാത്രമുള്ളതല്ല കർത്താവിന്റെ തോട്ടത്തിലെ വേല. രക്ഷിക്കപ്പെട്ട ഏതൊരു ദൈവപൈതലും കർത്താവിന്റെ തോട്ടത്തിൽ വേല ചെയ്യണം. അവരെല്ലാം കർത്താവിന്റെ തോട്ടത്തിലെ കൂട്ടുവേലക്കാരാണ്.

ആദാം ദൈവത്തിന്റെ സൃഷ്ടിയാണ്. ഏറ്റവും ഒടുവിലായി സൃഷ്ടിച്ചതും മനുഷ്യനെയാണ്. മണ്ണുകൊണ്ടു നിർമ്മിക്കപ്പെട്ടതിനാൽ ഭൂമിയോടും, ദൈവം ജീവശ്വാസം നല്കിയതിനാൽ ദൈവത്തോടും മനുഷ്യൻ ബന്ധപ്പെട്ടിരിക്കുന്നു. ഭൂമിയിൽ ജീവിക്കുമ്പോൾ തന്നെ ദൈവത്തോടുള്ള കൂട്ടായ്മയിൽ ജീവിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. ആദാം

ഹവ്വാ ദമ്പതികൾക്കു ആവശ്യമായതൊക്കെ ഏദെനിൽ ദൈവം കരുതിയിരുന്നു. അതോടൊപ്പം ഒരു നിയമനവും അവർക്കു ലഭിച്ചിരുന്നു. *"യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടു പോയി ഏദെൻ തോട്ടത്തിൽ വേല ചെയ്യാനും അതിനെ കാപ്പാനും അവിടെ ആക്കി"* (ഉല്പ.2:15). അവർ ചെയ്യേണ്ടത് ഒന്ന് വേല ചെയ്യുക, രണ്ട് തോട്ടം കാക്കുക. വേല ചെയ്യുക എന്നതിൽ ഫലവൃക്ഷങ്ങളും ചെടികളും നനെക്കുന്നതും കൃഷി ചെയ്യുന്നതും ഉൾപ്പെടുന്നു. തോട്ടം നനയ്ക്കുവാനായി പീശോൻ, ഗീഹോൻ, ഹിദ്ദെക്കെൽ, ഫ്രാത്ത് എന്നീ നാലു നദികളും ഉണ്ടായിരുന്നു (ഉല്പ.2:10).

മനുഷ്യൻ ഇന്നു ജോലി ചെയ്യേണ്ടി വരുന്നതു പാപത്തിന്റെ അനന്തരഫലമല്ല. പാപമില്ലാത്ത ഏദെനിലും മനുഷ്യൻ ജോലി ചെയ്യണമായിരുന്നു. ഏദെനിൽ വേല ചെയ്യുക മാത്രമല്ല രണ്ടാമത് നല്കിയ ഉത്തരവ് അതിനെ കാക്കുക എന്നതാണ്. മനുഷ്യനെ ദൈവത്തിൽ നിന്നു അകറ്റുവാൻ തോട്ടത്തിൽ ശത്രു പ്രവേശിക്കും. അതിനായി കാവൽ ചെയ്യണമെന്നുമുള്ള ചുമതല മനുഷ്യനു നല്കി. എന്നാൽ അവർ അവരുടെ ഉത്തരവാദിത്തം മറന്നു. ശത്രു തോട്ടത്തിൽ പ്രവേശിച്ചപ്പോൾ അവനുമായുള്ള സംസാരവും അടുപ്പവും നിമിത്തം ദൈവകല്പന ലംഘിക്കുവാൻ ഇടയായി. രക്ഷിക്കപ്പെട്ട എല്ലാ ദൈവമക്കളും ദൈവത്തിന്റെ തോട്ടത്തിലെ വേലക്കാരാണ്, കാവൽക്കാരാണ്. വലിപ്പചെറുപ്പമില്ലാതെ, ധനത്തിന്റെ ഏറ്റക്കുറച്ചിലില്ലാതെ സകലരും വേല ചെയ്യണം. അവർ ഒരുമിച്ചു ജോലി ചെയ്യുമ്പോൾ പ്രിയരും കൂട്ടുവേലക്കാരുമാണ്. ഉത്തരവാദിത്തങ്ങളിൽ നിന്നു വ്യതിചലിക്കുമ്പോൾ വീഴ്ചയുണ്ടായി ശിക്ഷിക്കപ്പെടാം. ഫിലേമോനെപ്പോലെ പ്രിയനും കൂട്ടുവേലക്കാരനും എന്ന സാക്ഷ്യം നമ്മുടെ വിശ്വാസജീവിതത്തിൽ ആർജ്ജിച്ചുകൊണ്ടു ദൈവത്തിനായി പ്രവർത്തിക്കാം.

**സഹോദരിയായ അപ്പിയെക്കും (ഫിലേ.2)** (to the beloved Apphia) —

ഫിലേമോനു ശേഷം സഹോദരി അപ്പിയെയും പൊലൊസ് ലേഖനമെഴുതുമ്പോൾ ഓർക്കുന്നു. സഹോദരിയായ അപ്പിയ ഫിലേമോന്റെ ഭാര്യയാണെന്നു കരുതാം. സുവിശേഷഘോഷണത്തിൽ ഫിലേമോന്റെ കൂട്ടാളിയും സഹധർമ്മിണിയുമായ അപ്പിയയുടെ പേരു ചേർത്തിരിക്കു

ന്നത് അവളിലുള്ള ആത്മികശ്രേഷ്ഠതകളും, സൽഗുണങ്ങളും, സൽപ്രവൃത്തികളും മൂലമായിരിക്കാം. അപ്പിയ എന്ന പേരിനർത്ഥം പ്രിയപ്പെട്ടത് എന്നാണ്. ഒനേസിമൊസ് ആ കുടുംബത്തിനു വരുത്തിവെച്ച കഷ്ടനഷ്ടങ്ങളെക്കുറിച്ചു ഫിലേമോന്റെ ഭാര്യ എന്ന നിലയിൽ അപ്പിയക്കും അറിവുള്ളതായിരിക്കും. ഭവനത്തിനു മാത്രമല്ല വീട്ടിലെ സഭെക്കും ഒനേസിമൊസ് മൂലമുണ്ടായ ക്ലേശങ്ങൾ തീർക്കേണ്ടതുണ്ട്. അതുകൊണ്ടാണ് പൗലൊസ് ഭവനത്തിലുള്ള എല്ലാവരെയും സംബോധന ചെയ്യുന്നത്. പുരാതന യവനസംസ്കാരത്തിൽ സ്ത്രീകളെയും അടിമകളെയും വെറും വിലയില്ലാത്ത സാധനങ്ങളായി മൃഗതുല്യരായി കണക്കാക്കിയപ്പോൾ അപ്പൊസ്തലൻ ഇവരെ ഇരുവരെയും (അപ്പിയ, ഒനേസിമൊസ്) ആദരിക്കുന്നു. ക്രിസ്തുവിൽ അവർ പ്രിയരും കൂട്ടുവേലക്കാരും കർത്താവിന്റെ വേലയിൽ അദ്ധ്വാനിക്കുന്നവരും ആകയാൽ തന്നെ.

**ഞങ്ങളുടെ സഹഭടനായ അർക്കിപ്പൊസിന്നും (ഫിലേ.2)** (Archippus our fellow soldier) —

ഫിലേമോനുള്ള ലേഖനത്തിൽ മൂന്നാമതായി പറയുന്ന പേര് അർക്കിപ്പൊസ് ആണ്. ഫിലേമോൻ, അപ്പിയ, അർക്കിപ്പൊസ് എന്നീ മൂന്നു പേരുകളും അടുത്തടുത്തു പറഞ്ഞിരിക്കുന്നു. ഫിലേമോൻ കുടുംബനാഥനും, അപ്പിയ ഫിലേമോന്റെ ഭാര്യയും, അർക്കിപ്പൊസ് അവരുടെ മകനുമായിരിക്കാം. അങ്ങനെയെങ്കിൽ അവർ യോശുവ പ്രസ്താവിച്ചതുപോലെ *“ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവ യെ സേവിക്കും”* (യോശു.24:15) എന്ന സാക്ഷ്യം ലഭിച്ചു ദൈവത്തെ ഒത്തൊരുമിച്ചു ആരാധിക്കുന്ന കുടുംബം തന്നെയായിരിക്കും. കൊലൊസ്യലേഖനത്തിൽ അർഹിപ്പൊസ് എന്നാണു ഉപയോഗിച്ചിരിക്കുന്നത്. അർക്കിപ്പൊസ് കൊലൊസ്യസഭയിലും ലവൊദിക്യയിലും ശുശ്രൂഷിച്ചിരുന്നു (കൊലൊ.4:16,17). അർക്കിപ്പൊസ് ഫിലേമോന്റെ മകനാണെന്നു പൊതുവേ പറയപ്പെടുന്നു.

ഫിലേമോനെ ഞങ്ങളുടെ പ്രിയനും കൂട്ടുവേലക്കാരനും (Our beloved friend and fellow laborer) എന്നു പറഞ്ഞിരിക്കുന്നുവെങ്കിൽ മകനായ അർക്കിപ്പൊസിനെക്കുറിച്ചു പൗലൊസ് സംബോധന ചെയ്യുന്നത് ‘ഞങ്ങളുടെ സഹഭടനായ അർക്കിപ്പൊസ്’ (Archippus our fellow soldier) എന്നാണ്. കൂട്ടുവേലക്കാരനും, സഹഭടനും ക്രിസ്തീയജീവി

തത്തിലെ രണ്ടു പ്രധാന ഉത്തരവാദിത്തെയും പ്രവർത്തനത്തെയും കുറിക്കുന്നു. കൂട്ടുവേലക്കാരൻ (fellow worker) എന്നത് സഹവിശ്വാസികളുമായി ഒത്തൊരുമിച്ചു കർത്താവിന്റെ തോട്ടത്തിൽ വേല ചെയ്യുന്നതിനെ കുറിക്കുന്നു.

എന്നാൽ സഹഭടൻ (fellow soldier) എന്നത് വിശ്വാസജീവിതത്തിലെ പോരാട്ടത്തോടു ബന്ധപ്പെട്ടിരിക്കുന്നു. സുവിശേഷവേലയും വിശ്വാസജീവിതവും പോരാട്ടം നിറഞ്ഞതാണ്. ശത്രുവായ സാത്താൻ എപ്പോഴും നമ്മെ പോരാടി കീഴ്പെടുത്തുവാൻ പതിയിരിക്കുകയാണ്. രക്ഷിക്കപ്പെടുന്നതിനു മുമ്പു സാത്താൻ നമ്മോടു സാധാരണ പോരാടുകയില്ല. എന്നാൽ കർത്താവിന്റെ വചനം കേൾക്കുകയും അതനുസരിക്കുവാൻ തയ്യാറാവുകയും ചെയ്യുമ്പോൾ സാത്താൻ നമ്മെ തടഞ്ഞു നിറുത്തും. രക്ഷിക്കപ്പെട്ടു ദൈവപൈതൽ ആകുന്ന നിമിഷം മുതൽ സാത്താൻ നമ്മുടെ ശത്രുവാണ്. അന്നുമുതൽ നമ്മുടെ ഈ ഭൂമിയിലെ ജീവിതാന്ത്യംവരെ നമ്മെ തോല്പിച്ചു അവന്റെ ഇംഗിതത്തിനു അടിമപ്പെടുത്തുവാൻ പോരാടിക്കൊണ്ടിരിക്കും.

അതുകൊണ്ടാണ് പൗലൊസ് എഫെസ്യലേഖനത്തിൽ വിശ്വാസികൾ സർവ്വായുധവർഗ്ഗം ധരിക്കണമെന്നു പ്രബോധിപ്പിക്കുന്നത് (എഫെ.6:10-14). വിശ്വാസജീവിതവും സുവിശേഷഘോഷണവും പോരാട്ടം നിറഞ്ഞതാകയാൽ സർവ്വായുധവർഗ്ഗം ധരിക്കുക മാത്രമല്ല ക്രിസ്തുയേശുവിന്റെ നല്ല ഭടനായി കഷ്ടം സഹിക്കുവാനും തിമൊഥെയോസിനെ പ്രബോധിപ്പിക്കുന്നു. *"ക്രിസതുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക. പട ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന്നു യാതൊരു പടയാളിയും ജീവനകാര്യങ്ങളിൽ ഇടപെടാതിരിക്കുന്നു. ഒരുത്തൻ മല്ലുകെട്ടിയാലും ചട്ടപ്രകാരം പൊരായ്കിൽ കിരീടം പ്രാപിക്കയില്ല."*(2.തിമൊ.2:3,4).

ക്രിസ്തീയജീവിതത്തിലെ പോരാട്ടത്തോടുള്ള ബന്ധത്തിൽ അപ്പൊസ്തനായ പൗലൊസിന്റെ അന്ത്യവാക്കുകൾ നമ്മുടെ ജീവിതത്തിൽ ശ്രദ്ധിച്ചു പിൻപറ്റേണ്ടതാണ്. ഒരു പടയാളിയെപ്പോലെ, ഒരു കായികാഭ്യാസിയെപ്പോലെ ക്രിസ്തുവിനുവേണ്ടി തന്റെ ജീവിതം പോരാടിക്കൊണ്ടു മുന്നേറി. അപ്പോൾത്തന്നെ തന്റെ പോരാട്ടജീവിതം വിശ്വാസം കാത്തു

കൊണ്ടു ദൈവകൃപയിലും ദൈവവചനത്തിലും അടിസ്ഥാനപ്പെട്ടിരുന്നു. ലോകം, ജഡം, പിശാച് എന്നിവയോട് ഓരോ നിമിഷവും പോരാടി ജീവിച്ചു. നല്ല പോർ പൊരുതി ഓട്ടം തികെച്ചു എന്നുള്ള പ്രഖ്യാപനം നമ്മുടെ ജീവിതത്തിലും മാതൃകയാക്കണം.

*“ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നല്കും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ”* (2.തിമൊ.4:7).

ദൈവത്തിന്റെ വേലയിൽ കൂട്ടുവേലക്കാരൻ (fellow worker), സഹ ഭടൻ (fellow soldier) എന്നത് വിശ്വാസികൾ തമ്മിൽ തമ്മിലുള്ള പ്രവർത്തനത്തോടു ബന്ധപ്പെട്ടിരിക്കുന്നു. സഹവിശ്വാസികളുമായി ഒത്തൊരുമിച്ചു പ്രവർത്തിക്കുകയും അന്ധകാരശക്തികളോടു കൂട്ടായി പോരാടേണ്ടതുമുണ്ട്. ശുശ്രൂഷയിലുള്ളവരും വിശ്വാസികളും ഒരുപോലെ അന്യോന്യം താങ്ങണം. അമാലേക്യരുമായുള്ള യുദ്ധത്തിൽ യോശുവയും ജനങ്ങളും യുദ്ധം ചെയ്കയും, അഹരോനും ഹൂരും മലമുകളിൽ മോശെയുടെ കരങ്ങളെ താങ്ങിയതും തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് നമുക്കു മാതൃകയായിരിക്കുന്നു (പുറ.17:10-12).

വിശ്വാസികളുടെ ജീവിതത്തിലെ പോരാട്ടങ്ങളെ അമാലേക്ക് സൂചിപ്പിക്കുന്നു. വിശ്വാസിയുമായി നേരിട്ടുള്ള യുദ്ധമുറയല്ല അമാലേക്യരുടെ തന്ത്രം. വിശ്വാസിയുടെ ബലഹീനവശം ഏതാണെന്നു മനസ്സിലാക്കി സാത്താൻ നമ്മെ തകർക്കാൻ അതിലൂടെ ശ്രമിക്കും. യിസ്രായേലിനുണ്ടായ ജയം മോശെയുടെ കരങ്ങളുടെ ഉയർച്ചയെ ബന്ധപ്പെട്ടിരുന്നു. അഹരോനും ഹൂരും മോശെയുടെ കൈകളെ ഇരുവശങ്ങളിലും താങ്ങി. അവരുടെ ഐക്യത അവരെ വിജയത്തിലെത്തിച്ചു. ഇന്നും കർത്താവിന്റെ വേലയിലും സുവിശേഷപ്രവർത്തനങ്ങളിലും ഏർപ്പെടുമ്പോൾ നാം ദൈവത്തിന്റെ കൂട്ടുവേലക്കാരും സഹഭടന്മാരും എന്ന ചിന്തയിൽ ഒത്തൊരുമിച്ചു പ്രവർത്തിക്കുകയും അന്യോന്യം താങ്ങുകയും സഹായിക്കുകയും വേണം.

# ഫിലേമോന്റെ വീട്ടിലെസഭ

**ഫിലേ.2 — നിന്റെ വീട്ടിലെ സഭെക്കും എഴുതുന്നതു —**

(And to the church in your house) —

ഫിലെമോൻ, അപ്പിയ, അർക്കിപ്പൊസ് എന്നിവർക്കു മാത്രമല്ല ഫിലേമോന്റെ വീട്ടിലെ സഭെക്കും കൂടിയുള്ളതാണ് തന്റെ ലേഖനം. അതായത് ഫിലേമോനു എഴുതിയ ലേഖനം ഒരു സ്വകാര്യ കത്താണെങ്കിലും സഭയിലെ സകല വിശ്വാസികളും തന്റെ ലേഖനം വായിച്ചറിയണമെന്നു പൗലൊസ് ആഗ്രഹിക്കുന്നു.

നിന്റെ വീട്ടിലെ സഭെക്കു എന്നു എഴുതിയിരിക്കുന്നതിനാൽ ഫിലേമോന്റെ ഭവനത്തിൽ ഒരു സഭാ കൂടിവരവുണ്ടായിരുന്നു എന്നു വ്യക്തമാകുന്നു. ഫിലേമോൻ, അപ്പിയ, അർക്കിപ്പൊസ് എന്നിവർ കൂടാതെ മറ്റനേകം വിശ്വാസികളും അവിടെ കൂടി വന്നിരിക്കാം. ഫിലേമോന്റെ വീട് തികച്ചും ആത്മീകാന്തരീക്ഷം നിറഞ്ഞതാണെന്നു കരുതാം. അങ്ങനെയുള്ള സാഹചര്യത്തിൽ വീട്ടിലെ ഒരു അടിമയായ ഒനേസിമൊസ് വരുത്തിവെച്ച നഷ്ടം സകലർക്കും ബോദ്ധ്യമുണ്ടാകാം. എങ്കിലും അവരുടെ ദൈവത്തോടുള്ള സ്നേഹമോ, ഭക്തിയോ കുറവു വരുത്താതെ സഭാന്തരീക്ഷം സമാധാനമുള്ളതാക്കുവാൻ അവർ ശ്രമിച്ചു എന്നത് മാതൃകാപരമാണ്.

ഇക്കാലത്തും എത്രയൊക്കെ ആത്മീകാന്തരീക്ഷമുള്ള കൂടിവരവുകളിലും ഇങ്ങനെയുള്ള രക്ഷിക്കപ്പെടാത്തവരും, ജഡികരായവരും, സമർപ്പണമില്ലാത്തവരും, സ്വാർത്ഥചിന്താഗതിക്കാരും കാണപ്പെടാം. അബ്രഹാമിന്റെ കൂടെ ഇറങ്ങിത്തിരിച്ച ലോത്തും, മോശെക്കും അഹരോനും എതിരായി പ്രവർത്തിച്ച കോരഹും, എലീശായുടെ ശിഷ്യനായ ഗേഹസ്സിയും, കർത്താവിനോടൊപ്പമുണ്ടായിരുന്ന യൂദായും നമുക്കു ദൃഷ്ടാന്തമായിരിക്കുന്നു. അതുപോലെ ഇപ്രകാരമുള്ളവർ വരുത്തിവെക്കുന്ന

പ്രശ്നങ്ങളും പ്രയാസങ്ങളും സഭാന്തരീക്ഷത്തെയോ സുവിശേഷപ്രവർത്തനങ്ങളെയോ നിർവ്വീര്യമാക്കുവാൻ അനുവദിക്കാതെ ദൈവത്തെ നാം തികഞ്ഞ ഭയഭക്തിയോടെ സേവിക്കുയും ആരാധിക്കുകയും വേണം.

ഒന്നാം നൂറ്റാണ്ടിൽ വിശ്വാസികൾ ഉൾപ്പെട്ട സഭാകൂടിവരവുകൾ മിക്കതും ഓരോരോ ഭവനങ്ങളിലായിരുന്നു നടന്നിരുന്നത്. ഏകദേശം മൂന്നാം നൂറ്റാണ്ടുവരെ വിശ്വാസികളുടെ കൂടിവരവുകൾക്കായി പ്രത്യേക സഭാമന്ദിരങ്ങൾ ഉണ്ടായിരുന്നില്ല. വിശ്വാസികളുടെ ഭവനങ്ങളിലായിരുന്നു ആരാധനെക്കായി കൂടി വന്നിരുന്നത്. ഫിലേമോന്റെ വീട്ടിലെ സഭ മാത്രമല്ല തിരുവചനത്തിൽ പലയിടത്തും ഇപ്രകാരം ഓരോരോ വീടുകളിൽ സഭാ കൂടിവരവുണ്ടായിരുന്നു.

യോഹന്നാന്റെ അമ്മ മറിയിയുടെ വീട് (അപ്പൊ.12:12), വീട്ടിലെ സഭ (റോമ.16:5), അക്വിലാവും പ്രിസ്കയും അവരുടെ ഭവനത്തിലെ സഭ (1.കൊരി.16:19), ലവുദികൃയിലെ സഹോദരന്മാർക്കും വീട്ടിലെ സഭെക്കും (കൊലൊ.4:15) എന്നിങ്ങനെയുള്ള തിരുവചനത്തിലെ പരാമർശങ്ങൾ ഇതിനു ഉദാഹരണങ്ങളാണ്. കൊലൊസ്യസഭ ഒരുപക്ഷേ ഫിലേമോന്റെ വീട്ടിലായിരിക്കാം കൂടിവന്നിരുന്നത്.

ഒന്നാം നൂറ്റാണ്ടിൽ ഭവനങ്ങളിൽ വിശ്വാസികൾ ഒരുമിച്ചു കൂടിവരുമ്പോൾ കർത്താവിന്റെ മരണപുനരുത്ഥാനത്തെയും വീണ്ടും വരവിനെയും പ്രസ്താവിക്കുന്ന കർത്തൃമേശ ആചരിച്ചിരുന്നു. തദവസരങ്ങളിൽ തിരുവത്താഴ ശുശ്രൂഷെക്കു മുമ്പായി പതിവായി സ്നേഹസദ്യ അഥവാ സ്നേഹ വിരുന്നു (love feast) നടത്തപ്പെട്ടിരുന്നു. ഇതിനെക്കുറിച്ചുള്ള പരാമർശം പത്രൊസിന്റെയും യൂദായുടെയും ലേഖനങ്ങളിൽ കാണുന്നു (2.പത്രൊ.2:13/യൂദാ.12).

സ്നേഹസദ്യകളിലൂടെയുള്ള കൂട്ടായ്മയുടെ അവസരം അവർക്കു ഏറ്റവും ആഹ്ലാദം പകരുന്നതായിരുന്നു. എന്നാൽ പില്കാലത്ത് ഏറെ വിമർശനങ്ങളും അപവാദങ്ങളും സ്നേഹസദ്യയോടുള്ള ബന്ധത്തിൽ ഉയരുവാനിടയായി. ഇപ്രകാരമുള്ള സ്നേഹസദ്യകൾ പലപ്പോഴും ദുരുപദേഷ്ടാക്കന്മാരുടെയും ദുഷിച്ചവരുടെയും പ്രവേശനത്താൽ അസന്മാർഗ്ഗികതയിലേക്കും ജഡികോല്ലാസങ്ങളിലേക്കും നയിക്കപ്പെട്ടു എന്നതാണ് കാരണം.

എന്നാൽ ഭവനങ്ങളിലെ സഭകൾ ഇക്കാലത്തും ഗൾഫ് രാജ്യങ്ങളിൽ കാണുന്നുണ്ട്. വിശേഷാൽ ആരാധനാ സ്വാതന്ത്ര്യം ഇല്ലാത്ത രാജ്യങ്ങളിൽ വീട്ടിലെ സഭകളിലാണ് വിശ്വാസികൾ കൂടി വന്നു ദൈവത്തെ ആരാധിക്കുന്നത്. അപ്രകാരമുള്ള ഭവനങ്ങളിലെ കൂടിവരവുകളിലുള്ള ഒത്തൊരുമയും, സ്നേഹവും, ഐക്വതയും പ്രസ്താവ്യമാണ്.

ഫിലേമോന്റെ വീട്ടിലെ സഭ പോലെ ഒന്നാം നൂറ്റാണ്ടിൽ വിശ്വാസികൾ കൂടിവരുന്ന ഭവനങ്ങൾ അവരുടെ ആരാധനാസ്ഥലങ്ങളായിരുന്നു. സഭെക്കായി പ്രത്യേകിച്ചു വേർതിരിക്കപ്പെട്ട കെട്ടിടങ്ങളുണ്ടായിരുന്നില്ല. അവിടെയൊക്കെ  വിശ്വാസികൾ തമ്മിൽ തമ്മിൽ സ്നേഹവും, സന്തോഷവും, ഒത്തൊരുമയും, ഏകമനസ്സും, കൂട്ടായ്മയും വർദ്ധിച്ചു വരുന്ന ആത്മീകാന്തരീക്ഷമായിരുന്നു.

എന്നാൽ ഇക്കാലത്തു ആധുനിക സുഖസൗകര്യങ്ങളോടെ കൂറ്റൻ കെട്ടിടങ്ങൾ പണിതു ഓരോരോ പേരിട്ടു സഭയായി കൂടി വരുന്നു. വലിയ കെട്ടിടങ്ങൾ പണിയുന്നതോ, സുഖസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതോ തെറ്റല്ല. എന്നാൽ പലയിടത്തും സൗകര്യങ്ങൾ വർദ്ധിക്കുമ്പോൾ ദൈവഭക്തിയും, സ്നേഹവും, കൂട്ടായ്മയും നഷ്ടപ്പെടുന്നു. ഭവനത്തിലായാലും വലിയ കെട്ടിടങ്ങളിലായാലും സഭാകൂടിവരവുകൾ ദൈവവചനത്തിന്റെ അടിസ്ഥാനത്തിലും വിശ്വാസികൾ തമ്മിലുള്ള ഒത്തൊരുമയിലും കൂട്ടായ്മയിലുമാണ് ദൈവത്തെ ആരാധിക്കേണ്ടുന്നത്.  ലോകവും അതിലുള്ളതു ഒക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിന്നും ഭൂമിക്കും നാഥനാകകൊണ്ടു കൈപ്പണിയായ കെട്ടിടങ്ങളിൽ വാസം ചെയ്യുന്നില്ലെന്നു അഥേനപുരുഷന്മാരോടു പൗലൊസ് പറഞ്ഞത് (അപ്പൊ.17:24,25) നാമും ഓർക്കണം. ഭവനത്തിലായാലും സഭാഹാളിലായാലും ദൈവഭക്തിയിലും, ഒത്തൊരുമയിലുമാണ് ദൈവത്തെ വിശ്വാസികൾ ആരാധിക്കേണ്ടത്.

-----------------------------------

# കൃപയും സമാധാനവും

**ഫിലേ.3 — നമ്മുടെ പിതാവായ ദൈവത്തിങ്കൽനിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ (Grace to you and peace from God our Father and the Lord Jesus Christ).**

അപ്പൊസ്തലനായ പൗലൊസിന്റെ എല്ലാ ലേഖനങ്ങളിലും മുഖവുരയായി ഈ അഭിവാദനം കാണുന്നു. ഫിലേമോന്റെ ലേഖനം ഉൾപ്പെടെയുള്ള കാരഗൃഹലേഖനങ്ങൾ തടവറയുടെയുള്ളിൽ വെച്ചെഴുതിയതാണ്. തടവറ ബന്ധനത്തിന്റെ സ്ഥാനമാണെങ്കിലും തന്റെ സന്തോഷത്തിനോ സമാധാനത്തിനോ ആത്മീയതക്കോ ഒരു ബന്ധനവും കുറവും ഇല്ല. പൗലൊസ് തന്റെ വിശ്വാസികൾക്കു തടവറയിൽ നിന്നു ദൈവകൃപയും ദൈവസമാധാനവും ആശംസിക്കുന്നു. പിതാവായ ദൈവവും കർത്താവായ യേശുക്രിസ്തുവും ദൈവത്വത്തിലെ രണ്ടു ആളത്വങ്ങൾ ആയിരിക്കുന്നു. നമുക്കു ലഭിക്കുന്ന കൃപയും സമാധാനവും ഉൾപ്പെടെയുള്ള സകല അനുഗ്രഹങ്ങളും പിതാവായ ദൈവത്തിൽനിന്നും പുത്രനായ യേശുക്രിസ്തുവിൽ നിന്നുമാണ് ലഭിക്കുന്നത്.

**കൃപയും സമാധാനവും (ഫിലേ.3)** — (**Grace and Peace**) –

യവനസംസ്കാരത്തിൽ ആളുകൾ തമ്മിൽ കാണുമ്പോൾ നിങ്ങൾക്കു കൃപയുണ്ടാകട്ടെ (Greek > Charis) എന്നു പറയും. യഹൂദന്മാർ തമ്മിൽ കാണുമ്പോൾ നിങ്ങൾക്കു സമാധാനം (Hebrew > Shalom) എന്നു പറയും. പൗലൊസ് തന്റെ ലേഖനങ്ങളിൽ കൃപയും സമാധാനവും ഉപയോഗിച്ചിരിക്കുന്നത് യഹൂദനെയും ജാതികളെയും ഒന്നായി ബന്ധിപ്പിക്കുന്നു എന്നതു തന്നേ.

**കൃപ** — (ഫിലേ.3) (**Grace**) –

പിതാവായ ദൈവത്തിങ്കൽനിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നുമാണ് നമുക്കു കൃപ ലഭിക്കുന്നത്. ഏതു കാലഘട്ടത്തിലും വിശ്വാസികൾ ക്രിസ്തുയേശുവിലുള്ള കൃപയിൽ ശക്തിപ്പെട്ടാൽ മാത്രമേ ഉറച്ചു നില്ക്കുവാൻ കഴിയൂ. ഇവിടെ ഉപയോഗിച്ചിരിക്കുന്ന കൃപ (Grace) രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള ദൈവകൃപയല്ല. കാരണം തന്റെ ലേഖനം ആർക്കെഴുതുന്നുവോ അവർ പൗലൊസിനു ക്രിസ്തുവിൽ പ്രിയരും കൂട്ടുവേലക്കാരും, ആത്മീയ പോരാട്ടത്തിൽ സഹഭടന്മാരുമാണ്. മാത്രവുമല്ല അവർ വിശുദ്ധന്മാരും വേർതിരിക്കപ്പെട്ടവരുമാണ്. ആകയാൽ ഇവിടെ പറഞ്ഞിരിക്കുന്ന കൃപ വിശ്വാസജീവിതത്തിനും നടപ്പിനും പ്രവർത്തനത്തിനും ആവശ്യമായ ദൈവകൃപയാണ്.

കൃപയോടുള്ള ബന്ധത്തിൽ അപ്പൊസ്തലന്റെ ഏറ്റവും ശ്രദ്ധേയമായ പ്രഖ്യാപനം — “ഞാൻ ആകുന്നത് കൃപയാൽ ആകുന്നു” — എന്നാണ്. വിശ്വാസജീവിതത്തിൽ ദൈവകൃപ നമ്മുടെ വേരാണ്. ദൈവത്തിലും ദൈവത്തിന്റെ പ്രമാണത്തിലും അടിസ്ഥാനപ്പെട്ടിരിക്കുന്നു. മണ്ണിനടിയിൽ പുറത്തു കാണപ്പെടാത്ത വേരുപോലെ നമ്മുടെ വ്യക്തിപരമായ ജീവിതം കൃപയിൽ വേരൂന്നി ശക്തിപ്പെട്ടിരിക്കുന്നു. വേരിനു മുകളിലുള്ള ഭാഗങ്ങൾ നമ്മുടെ പരസ്യജീവിതത്തെ കുറിക്കുന്നു. വേരിനു കേടു സംഭവിച്ചാൽ അഥവാ നാം നില്ക്കുന്ന കൃപയ്ക്കു ക്ഷതം സംഭവിച്ചാൽ ജീവിതം വാടിപ്പോകുവാൻ അഥവാ ആത്മീക പിന്മാറ്റത്തിലേക്കു വീണുപോകുവാൻ ഇടയാകും. അതുകൊണ്ട് വിശ്വാസികൾ എപ്പോഴും ദൈവകൃപയിൽ ആശ്രയിച്ചു ജീവിക്കണം.

പഴയനിയമഭാഗങ്ങളിൽ കൃപ എന്ന വാക്കു ചുരുക്കമായി ഉപയോഗിച്ചിരിക്കുന്നു ——

> നോഹെക്കു ലഭിച്ച ദൈവകൃപയാൽ ജലപ്രളയത്തെ നേരിടുവാനും ജീവരക്ഷ ലഭിക്കുവാനും ഇടയായി.

> യോസേഫിനു ലഭിച്ച കൃപയാൽ ഫറവോന്റെ മുമ്പിൽ പ്രസാദം ലഭിക്കുവാനിടയായി.

> കോരഹ് പുത്രന്മാർക്കു ലഭിച്ച കൃപ കൂട്ടുകാരിൽ പരമായി ആനന്ദതൈലത്താൽ അഭിഷേകം പ്രാപിക്കുവാൻ ഇടയായി.

> രൂത്തിനു ലഭിച്ച ദൈവകൃപയാൽ ബോവസ്സിന്റെ ഭാര്യയാകുവാൻ ഇടയായി.

> മറിയെക്കു ലഭിച്ച ദൈവകൃപ അവളെ ഭാഗ്യവതിയാക്കി.

പഴയനിയമത്തിൽ രക്ഷിക്കുന്നതും ശക്തിപ്പെടുത്തുന്നതുമായ ദൗത്യം നിർവ്വഹിച്ച ദൈവകൃപ പുതിയനിയമത്തിൽ വിടുവിക്കുന്നതും, നിലനിറുത്തുന്നതും, വീഴാതെ സൂക്ഷിക്കുന്നതുമായി വിശ്വാസിയുടെ ജീവിതത്തിന്റെ അടിത്തറയായിരിക്കുന്നു. *"അവന്റെ നിറവിൽ നിന്നു നമുക്കു എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു"* (യോഹ.1:16) എന്നതിനാൽ ദിനംതോറും ദൈവകൃപയിൽ നാം ശക്തിപ്പെടണം. പ്രതികൂലതകളിൽ ആശ്വസിക്കുവാനുള്ള ഏക മാർഗ്ഗം ദൈവകൃപയാണ്.

**സമാധാനം** — (ഫിലേ.3) (**Peace**) —

പിതാവായ ദൈവത്തിങ്കൽനിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നുമാണ് നമുക്കു സമാധാനം ലഭിക്കുന്നത്. ദൈവം നമ്മുടെ സമാധാനം. ദൈവവുമായി നിരപ്പിന്റെ സമാധാനമല്ല ഇവിടെ അപ്പൊസ്തലൻ പറയുന്നത്. കാരണം വിശ്വാസത്താൽ നീതീകരണം ലഭിച്ച പ്രിയരായ വിശ്വാസികൾക്കാണ് സമാധാനം ആശംസിക്കുന്നത്. അവർ ദൈവത്തോടു സമാധാനം (Peace with God) പ്രാപിച്ചവരാണ്. എന്നാൽ ഇവിടെ പറയുന്ന സമാധാനം ദൈവസമാധാനമാണ് (Peace of God). സമാധാനമില്ലാത്ത ലോകത്തിൽ ജീവിക്കുന്നതിനു ആവശ്യമായ സമാധാനമാണ് ദൈവസമാധാനം. നമ്മുടെ വിശ്വാസജീവിതത്തിലെ ആവശ്യങ്ങളിലേറ്റവും വലുത് സമാധാനം ലഭിക്കുക എന്നതാണ്. ഇതാണ് കർത്താവു നമുക്കു ദാനമായി തന്നിട്ടുള്ളത്. *"സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നതു"* (യോഹ.14:27). സമാധാനമില്ലാത്ത കഷ്ടതയുടെ മദ്ധ്യേ ധൈര്യപ്പെടുവാൻ കർത്താവു നമ്മോടു പറയുന്നു. *"നിങ്ങൾക്കു എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന്നു ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു; ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു"* (യോഹ.16:33).

---

# സ്നേഹം, വിശ്വാസം, കൂട്ടായ്മ

**ഫിലേ.4-7 — കർത്താവായ യേശുവിനോടും സകലവിശുദ്ധ ന്മാരോടും നിനക്കുള്ള സ്നേഹത്തെയും വിശ്വാസത്തെയും കുറിച്ചു ഞാൻ കേട്ടിട്ടു നമ്മിലുള്ള എല്ലാ നന്മകളുടെയും പരിജ്ഞാനത്താൽ നിന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ ക്രിസ്തുവിന്നായി സഫലമാ കേണ്ടതിന്നു എന്റെ പ്രാർത്ഥനയിൽ നിന്നെ ഓർത്തു എപ്പോഴും എന്റെ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു. സഹോദരാ, വിശുദ്ധന്മാരുടെ ഹൃദയം നീ തണുപ്പിച്ചതുനിമിത്തം നിന്റെ സ്നേഹത്തിൽ എനിക്കു വളരെ സന്തോഷവും ആശ്വാസവും ഉണ്ടായി**

I thank my God, making mention of you always in my prayers, hearing of your love and faith which you have toward the Lord Jesus and toward all the saints, that the sharing of your faith may become effective by the a cknowledgment of every good thing which is in you in Christ Jesus. For we have great joy and consolation in your love, because the hearts of the saints have been refreshed by you, brother.

**സ്നേഹവും, വിശ്വാസവും, കൂട്ടായ്മയും —**

നാലു മുതൽ ഏഴുവരെയുള്ള വാക്യങ്ങളിൽ ഫിലേമോന്റെ മൂന്നു സ്വഭാവസവിശേഷതകൾ കാണുന്നു —

(1) കർത്താവായ യേശുവിനോടും സകലവിശുദ്ധന്മാരോടും സ്നേഹവും വിശ്വാസവുമുള്ളവൻ — ഫിലേ.4.

(2) പൗലൊസിന്റെ പ്രാർത്ഥനയിൽ ഓർക്കുവാനും ദൈവത്തിനു അവെനക്കുറിച്ചു സ്തോത്രം ചെയ്യുവാനും കാരണമുള്ളവൻ — ഫിലേ.6.

(3) വിശുദ്ധന്മാരുടെ ഹൃദയത്തെ തണുപ്പിച്ചവൻ (ഫിലേ.7).

മൂന്നുവരെയുള്ള വാക്യങ്ങളിൽ ലേഖനത്തിന്റെ ആരംഭം എന്ന നിലയിൽ ദൈവത്തിനു മഹത്വം കരേറ്റി; ഫിലേമോനെയും കൂടെയുള്ളവരെയും അഭിവാദനം ചെയ്തു. എന്നാൽ തുടർന്നു നാലു മുതൽ ഏഴു വരെയുള്ള വാക്യങ്ങളിൽ കർത്താവിൽ പ്രിയനായ ഫിലേമോനെ ശ്രേഷ്ഠ അപ്പൊസ്തലൻ അഭിനന്ദിച്ചു ദൈവത്തിനു സ്തോത്രം അർപ്പിക്കുന്നു. ഫിലേമോന്റെ സ്വഭാവശ്രേഷ്ഠതകളെക്കുറിച്ചു കേട്ടറിഞ്ഞ പൗലൊസ് അതു മറെച്ചുവെക്കാതെ എല്ലാവരും അറിയത്തക്കവിധത്തിൽ പരസ്യമായി അഭിനന്ദിക്കുന്നു. മാത്രമല്ല അവന്റെ സ്നേഹവും വിശ്വാസവും ക്രിസ്തുവിൽ സഫലമാകേണ്ടതിനു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഇന്നത്തെ വിശ്വാസസമൂഹത്തിനു പിൻപറ്റാവുന്ന നല്ലൊരു മാതൃകയാണിത്. പലപ്പോഴും സഹവിശ്വാസികളുടെ പ്രവർത്തനങ്ങളെ പലരും തുറന്നഹൃദയത്തോടെ അഭിനന്ദിക്കാറില്ല. എന്നെക്കാളും വലിയവനാകേണ്ടാ എന്നുള്ള ചിന്തയാണ് പൊതുവേ കാണുന്നത്. നമ്മുടെ കൂട്ടുവേലക്കാരായ സഹവിശ്വാസികളുടെ വലിപ്പച്ചെറുപ്പം കണക്കാക്കാതെ അന്യോന്യം അവരുടെ ആത്മീകസമ്പന്നതകളും ശ്രേഷ്ഠതകളും പെറുക്കിയെടുത്തു അഭിന്ദിക്കുന്നതും ദൈവത്തിനു സ്തോത്രം ചെയ്യുന്നതും സഭാന്തരീക്ഷത്തിൽ ഐക്യതക്കും ആത്മിക പുരോഗതിക്കും ത്വരിതഗമനമുണ്ടാക്കുമെന്നതിൽ സംശയിക്കേണ്ടാ.

**കർത്താവായ യേശുവിനോടും സകലവിശുദ്ധന്മാരോടും നിനക്കുള്ള സ്നേഹത്തെയും വിശ്വാസത്തെയും കുറിച്ചു ഞാൻ കേട്ടിട്ടു (ഫിലേ.4)** (I thank my God, making mention of you always in my prayers, hearing of your love and faith which you have toward the Lord Jesus and toward all the saints) —

ഫിലേമോന്റെ ജീവിതം സകലരാലും സാക്ഷ്യം ലഭിച്ചതായിരുന്നു. അതു കേട്ടു പൗലൊസ് സന്തോഷിക്കുവാനിടയാക്കിയ രണ്ടു പ്രത്യേക ഗുണങ്ങളാണ് — ഫിലേമോന്റെ സ്നേഹവും വിശ്വാസവും. അത് കർത്താവായ യേശുവിനോടും സകല വിശുദ്ധന്മാരോടും ബന്ധപ്പെട്ടിരിക്കുന്നു. യേശുക്രിസ്തുവിനോടുള്ള സ്നേഹവും യേശുക്രിസ്തുവിലുള്ള വിശ്വാസവുമാണ് സകല വിശുദ്ധന്മാരിലേക്കും ഒഴുകിച്ചെല്ലുന്നത്. അതായത്

യേശുക്രിസ്തുവിലുള്ള സ്നേഹവും വിശ്വാസവും വർദ്ധിക്കുമ്പോൾ സകലവിശുദ്ധന്മാരിലേക്കും അവ പകരപ്പെടുവാൻ ഇടയാകും. വിശുദ്ധന്മാർ എന്നത് രക്ഷിക്കപ്പെട്ട സകല ദൈവമക്കളുമാണ്.

വിശ്വാസികളായ നമ്മെക്കുറിച്ചും ഇപ്രകാരമുള്ള സാക്ഷ്യങ്ങളുയരണം. റോമൻ കാരാഗൃഹത്തിലായിരിക്കുന്ന പൗലൊസ് ഫിലേമോനെക്കുറിച്ചു കേട്ട രണ്ടു പ്രത്യേകതകളും — സ്നേഹവും വിശ്വാസവും — നമ്മുടെ വിശ്വാസജീവിതത്തിലും പ്രാധാന്യമുള്ളതാണ്. കർത്താവിനെ നാം സ്നേഹിക്കുന്തോറും സ്നേഹിക്കുന്തോറും കർത്താവിലുള്ള നമ്മുടെ വിശ്വാസം വർദ്ധിക്കുവാനിടയാകും. അത് സകല വിശുദ്ധന്മാരുമായ ദൈവമക്കളിലേക്കും എത്തിച്ചേരുവാൻ ഇടയാകണം. ഇവിടെ ഉപയോഗിച്ചിരിക്കുന്ന സ്നേഹം ഗ്രീക്കിലെ അഗപ്പെ (love > greek -- agape) എന്ന വാക്കാണ്. പ്രതിഫലേച്ഛയില്ലാതെയുള്ള ആത്മാർത്ഥ സ്നേഹത്തെ ഇതു കുറിക്കുന്നു. ആത്മാവിന്റെ ആദ്യഫലമാണ് സ്നേഹം (ഗലാ.5:22).

കർത്താവിനെ സ്നേഹിക്കാത്ത ഏവനും ശപിക്കപ്പെട്ടവൻ (1. കൊരി.16:22) എന്നു തിരുവചനത്തിൽ വായിക്കുന്നു. പത്രൊസിനു കർത്താവിനോടുള്ള സ്നേഹത്തെക്കുറിച്ചു കർത്താവു ആവർത്തിച്ചു ചോദിക്കുന്നു (യോഹ.21:15-17). കർത്താവിനെ സ്നേഹിക്കുന്നവർക്കു മാത്രമേ കർത്താവിന്റെ ശുശ്രൂഷയിൽ മുന്നേറുവാൻ സാധിക്കൂ. സ്നേഹം കർത്താവിനോടും സകലവിശുദ്ധന്മാരോടും നമ്മിൽ നിറഞ്ഞു കവിയണം.

ദൈവസ്നേഹത്തെക്കുറിച്ചു അപ്പൊസ്തലനായ യോഹന്നാൻ പറയുന്നത് — *"പ്രിയമുള്ളവരേ, ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചു എങ്കിൽ നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു"* (1.യോഹ.4:11). നാം അന്യോന്യം സ്നേഹിക്കണമെന്നതു ഒരു കല്പനയാണ്. കാരണം *"ദൈവം സ്നേഹം തന്നേ"* (യോഹ.4:16). സ്നേഹം ദൈവത്തിന്റെ ഒരു സ്വഭാവസവിശേഷതയാണ്. ദൈവസ്നേഹം പകരപ്പെട്ടു ലഭിച്ചവർ മറ്റുള്ളവരെ സ്നേഹിക്കണം.

അന്യോന്യം സ്നേഹിക്ക എന്നത് ഓരോ വിശ്വാസിയുടെയും ഉത്തരവാദിത്തമാണ്. കാരണം ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചു എങ്കിൽ നാമും അന്യോന്യം സ്നേഹിക്കണം. ദൈവം നമ്മെ സ്നേഹിച്ച വിധത്തെ കുറിച്ചു നോക്കുമ്പോൾ നാം ശത്രുക്കളായിരിക്കുമ്പോൾ, ദൈവ

മില്ലാത്തവരായിരിക്കുമ്പോൾ, പാപത്തിന്റെ വഴിയേ നടന്നിരുന്നപ്പോൾ യാതൊരു പരിധിയുമില്ലാതെ നമ്മെ സ്നേഹിച്ചു.

കർത്താവിനോടും സകലവിശുദ്ധന്മാരോടുമുള്ള സ്നേഹം നിമിത്തം മാത്രമല്ല, ഫിലോമോന്റെ വിശ്വാസവും സ്തോത്രം ചെയ്യുവാൻ കാരണമായി. വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല. റോമിലുള്ള ദൈവജനത്തിന്റെ വിശ്വാസത്തെ ഓർത്തു പൗലൊസ് സ്തോത്രം ചെയ്തു.

*"നിങ്ങളുടെ വിശ്വാസം സർവ്വലോകത്തിലും പ്രസിദ്ധമായിരിക്കുന്നതിനാൽ ഞാൻ ആദ്യം തന്നേ എന്റെ ദൈവത്തിന്നു യേശുക്രിസ്തു മുഖാന്തരം നിങ്ങൾക്കെല്ലാവർക്കുംവേണ്ടി സ്തോത്രം ചെയ്യുന്നു"* (റോമ.1:8).

കൊലൊസ്യവിശ്വാസികളുടെ വിശ്വാസത്തെയും സ്നേഹത്തെയും ഓർത്തും പൗലൊസ് ദൈവത്തെ സ്തുതിക്കുന്നു.

*"ക്രിസ്തുയേശുവിൽ നിങ്ങളുടെ വിശ്വാസത്തെയും സകലവിശുദ്ധന്മാരോടും നിങ്ങൾക്കുള്ള സ്നേഹത്തെയും കുറിച്ചു ഞങ്ങൾ കേട്ടിട്ടു നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കയിൽ എപ്പോഴും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു"* (കൊലൊ.1:4). സ്നേഹവും വിശ്വാസവും വിശ്വാസജീവിതത്തിന്റെ രണ്ടു അടിസ്ഥാന തത്വങ്ങളാകയാൽ ഇവ ഒരുമിച്ചു ജീവിതത്തിൽ പ്രാവർത്തികമാക്കണം.

നാം രക്ഷിക്കപ്പെട്ടതു ആദ്യം ദൈവത്തെ സ്നേഹിച്ചതിനാലല്ല, ദൈവത്തിൽ വിശ്വസിച്ചതിനാലാണ്. യോഹന്നാൻ 3:16-ൽ ഈ വിശ്വാസത്തിനു ഊന്നൽ കൊടുത്തിരിക്കുന്നു. നമുക്കുവേണ്ടി കർത്താവു കാൽവറി ക്രൂശിൽ മരിച്ചു നമ്മോടുള്ള തന്റെ സ്നേഹം പ്രദർശിപ്പിച്ചു. തന്റെ സ്നേഹത്തെ മനസ്സിലാക്കിയ ശേഷമാണ് നാം ദൈവത്തെ സ്നേഹിച്ചത്. നമുക്ക് ദൈവസ്നേഹം ലഭിക്കുവാൻ യാതൊരു അർഹതയുമില്ലാതിരുന്നപ്പോഴാണ് ദൈവം നമ്മെ സ്നേഹിച്ചത്. എങ്കിൽ നാമും മറ്റുള്ളവരെ എത്രയധികം സ്നേഹിക്കേണ്ടതാകുന്നു.

ദൈവത്തിന്റെ സ്നേഹം ദിവ്യമായതാണ്. പരേതനായ കർത്താവിന്റെ ദാസൻ റ്റി.കെ. ശാമുവേൽ സാർ ഈ സ്നേഹത്തെക്കുറിച്ചു സ്തുതിച്ചു പാടിയത് —

എന്തൊരു സ്നേഹമിത്! നിണം ചൊരിഞ്ഞു മരിച്ചിടുവാൻ
ദൈവനന്ദനനീ നരരെ കരുതി ജഡമെടുത്തപ്പതിനായ് മനസ്സായ്
അവൻ താഴ്ചയിൽ നമ്മളെ ഓർക്കുകയാൽ തൻ പദവി വെടിഞ്ഞിതു ഹാ!.
നിത്യമാം സ്നേഹമിത് അവൻ ആദ്യം നമ്മെ സ്നേഹിച്ചു.
അവസാനത്തോളമവൻ സ്നേഹിച്ചിടും ഒരു നാളും കുറഞ്ഞിടുമോ.

ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു പകരപ്പെട്ടിരിക്കുന്നു. അത് നിറഞ്ഞു ഒഴുകണം. ഒരു ജലാശയം ഒഴുകിപ്പോകുവാൻ വഴിയില്ലെങ്കിൽ അതു മാലിന്യം നിറഞ്ഞതാകും. ചാവുകടലിനെ നോക്കിയാൽ ഒഴുക്കില്ലാതെ കെട്ടിക്കിടക്കുന്നു. ഏതൊരു ജലാശയവും ശുദ്ധമാകണമെങ്കിൽ അതിനു ഒഴുകിപ്പോകുവനായി കൈത്തോടു വേണം. ക്രിസ്തീയ ജീവിതത്തിലും അത് പ്രാധാന്യമുള്ളതാണ്. ദൈവസ്നേഹം ഉൾക്കൊണ്ടിട്ട് അതു നിറഞ്ഞു മറ്റുള്ളവരിലേക്കു പകരുന്നില്ലെങ്കിൽ സകല സ്വാർത്ഥകളുടെയും സങ്കുചിത മനോഭാവത്തിന്റെയും, മാലിന്യങ്ങളുടെയും ഉറവിടമായിത്തീരും. അങ്ങനെയുള്ള വിശ്വാസിയിൽ ജീവന്റെ പുതുക്കമോ ചൈതന്യമോ ഉണ്ടാകുന്നില്ല. അങ്ങനെയുള്ളവർ മറ്റുള്ളവരെ സ്നേഹിക്കുവാനോ സഹായിക്കുവാനോ ഉത്സാഹിക്കാതെ ജീവിതത്തിൽ പരാജയപ്പെടും. നമ്മുടെ ജീവിതം കർത്താവായ യേശുവിനോടും സകലവിശുദ്ധന്മാരോടുമുള്ള സ്നേഹത്തെയും വിശ്വാസത്തെയും കുറിച്ചു സകലരും കേൾക്കുവാനും ദൈവത്തെ സ്തുതിക്കുവാനും ഇടയാകണം.

നമ്മുടെ കർത്താവിനോടുള്ള സ്നേഹവും വിശ്വാസവും നമ്മിൽത്തന്നെ സൂക്ഷിച്ചുവെക്കാതെ സകലരിലേക്കും പകരണം. അതായത് ക്രിസ്തുവിലുള്ള നമ്മുടെ സ്നേവും വിശ്വാസവും മറ്റുള്ളവരെ അറിയിക്കണം. സുവിശേഷത്തോടു ബന്ധപ്പെടുത്തിയാൽ കർത്താവിലുള്ള സ്നേഹവും വിശ്വാസവും അവിശ്വാസികളിലേക്കും എത്തിക്കേണ്ട ചുമതല നമുക്കുണ്ട്. രക്ഷണ്യവേലയിൽ കർത്താവിന്റെ സാക്ഷിയാകുന്നത് ഓരോ വിശ്വാസിയുടെയും ഉത്തരവാദിത്തമാണ്.

**ഫിലേ.5,6 — നമ്മിലുള്ള എല്ലാ നന്മകളുടെയും പരിജ്ഞാന ത്താൽ നിന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ ക്രിസ്തുവിന്നായി സഫല മാകേണ്ടതിന്നു എന്റെ പ്രാർത്ഥനയിൽ നിന്നെ ഓർത്തു എപ്പോഴും എന്റെ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു.**

That the sharing of your faith may become effective by the a cknowledgment of every good thing which is in you in Christ Jesus.

അപ്പൊസ്തലനായ പൗലൊസ് തന്റെ പ്രാർത്ഥയിൽ ഫിലോമോനെ എപ്പോഴും ഓർത്തു ദൈവത്തിനു സ്തോത്രം ചെയ്യുന്നു. റോമൻ കാര ാഗൃഹത്തിൽ കിടക്കുന്ന പൗലൊസിനു ഫിലേമോന്റെ ക്രിസ്തുവിലുള്ള നല്ല പ്രവൃത്തികളെക്കുറിച്ചു കേൾക്കുവാൻ ഇടയായത് അവിടെയുള്ള കൊലൊസ്യസഭയിലെ വിശ്വാസികളിലൂടെയായിരിക്കാം.

ക്രിസ്തുയേശുവിനോടും സകല വിശ്വാസികളോടുമുള്ള സ്നേഹവും വിശ്വാസവും വർദ്ധിച്ചു വരുമ്പോൾ അവരിലുള്ള എല്ലാ നന്മകളുടെയും പരിജ്ഞാനത്താൽ അവരുടെ വിശ്വാസത്തിന്റെ കൂട്ടായ്മ ക്രിസ്തുവിനായി സഫലമാകണെമന്നും പൗലൊസ് പ്രാർത്ഥിക്കുന്നു. ക്രിസ്തുവിനോടും സകലവിശുദ്ധന്മാരോടുമുള്ള അചഞ്ചലമായ സ്നേഹവും അടിയുറച്ച വിശ്വാസവും കാണുമ്പോൾ ക്രിസ്തുയേശുവിൽ അവർക്കുള്ള ആത്മീകാനുഗ്രഹങ്ങൾ പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കുമെന്നാണ് അപ്പൊസ്തലൻ പറയുന്നത്. ദൈവാനുഗ്രഹത്താൽ നമുക്കു ലഭിക്കുന്ന സകല നന്മകളെക്കുറിച്ചും നമ്മുടെ ആത്മീകപരി ജ്ഞാനം വർദ്ധിച്ചു വരണം. *"എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നു ഇറങ്ങി വരുന്നു"* (യാക്കോ.1:17). വിശ്വാസികൾ ആത്മികാനുഗ്രഹങ്ങളാൽ അനു ഗ്രഹിക്കപ്പെട്ടവരാണ്. *"സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ"* (എഫെ.1:3) എന്നാണ് എഫെസ്യലേഖനത്തിൽ പറയുന്നത്.

രക്ഷിക്കപ്പെടുമ്പോൾ നമ്മിൽ സമൂല മാറ്റമുണ്ടാകുന്നു. *"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി; ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു"* (2.കൊരി.5:17). തുടർന്നു സകല ആത്മീക അനുഗ്രഹങ്ങളാലും നിറയപ്പെട്ടു ദൈവപരിജ്ഞാനത്തിൽ വളർന്നു വരുവാൻ ഇടയാകുന്നു.

**വിശ്വാസത്തിന്റെ കൂട്ടായ്മ — (ഫിലേ.5)** -
(Sharing of Faith)

എല്ലാ നന്മകളുടെയും പരിജ്ഞാനത്താൽ ഫിലേമോന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ (that the sharing of your faith) ക്രിസ്തുവിൽ സഫലമാകണമെന്നു പൗലൊസ് ആഗ്രഹിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ കൂട്ടായ്മയാൽ രക്ഷയിലേക്കു നയിക്കപ്പെട്ടതിനാൽ അതു പൊതു നന്മെക്കായി ഫലമായി പുറപ്പെടണമെന്നാണ് പൗലൊസ് ആഗ്രഹിക്കുന്നത്. അതായത് ഫിലേമോൻ ക്രിസ്തുവിനോടുള്ള കൂട്ടായ്മബന്ധത്തിൽ ആയിരിക്കുന്നതിനാൽ അതിന്റെ സൽഫലമായ സ്നേഹവും കരുതലും ക്ഷമയും എല്ലാം തന്നെ അടിമയായ ഒനേസിമൊസിൽ പകരപ്പെടണമെന്നു പൗലൊസ് ആഗ്രഹിക്കുന്നു.

കൂട്ടായ്മ (fellowship) എന്ന പദം കൊയ്നോനിയ (koinonia) എന്ന ഗ്രീക്കു പദത്തിൽ നിന്നു തർജ്ജമ ചെയ്തിട്ടുള്ളതാണ്. പങ്കാളിയാകുക, വീതിക്കുക, കൂട്ടായി പ്രവർത്തിക്കുക (participation, sharing, communion) എന്നൊക്കെ അർത്ഥമാണുള്ളത്. കൊയ്നോനിയ എന്ന ഗ്രീക്കു പദം വേർപിരിക്കാനാകാത്ത വിധത്തിലുള്ള ഉറപ്പേറിയ ബന്ധത്തെ കുറിക്കുന്നു. വിശ്വാസികളായ ഭാര്യാഭർത്താക്കന്മാരുടെ വിവാഹബന്ധത്തോടു ഇതിനെ ബന്ധപ്പെടുത്താം. മരണം മൂലമല്ലാതെ ഭൂമിയിൽ വേർപെടുത്താനാവാത്ത ബന്ധമാണിത്. രക്ഷാനിർണ്ണയം പ്രാപിച്ച വ്യക്തി ദൈവവുമായി ഇപ്രകാരം വേർപിരിക്കാനാവാത്ത ഉറപ്പേറിയ ബന്ധത്തിലേക്കു പ്രവേശിക്കുകയാണ്.

**വിവിധ തരത്തിലുള്ള കൂട്ടായ്മകളെക്കുറിച്ചു തിരുവചനം പ്രസ്താവിക്കുന്നു —**

(1) വിശ്വാസത്തിന്റെ കൂട്ടായ്മ (Fellowship of Faith)

(2) കൃപയുടെ കൂട്ടായ്മ (Fellowship of Grace)

(3) സ്നേഹത്തിന്റെ കൂട്ടായ്മ (Fellowship of Love)

(4) ലോകത്തോടു വേർപെടുന്നതിലുള്ള കൂട്ടായ്മ (Fellowship of Separation from the World)

(5) പ്രാർത്ഥനയിലും സ്തോത്രത്തിലുമുള്ള കൂട്ടായ്മ (Fellowship of Prayer and Praise)

(6) സുവിശേഷത്തിലുള്ള കൂട്ടായ്മ (Fellowship of Gospel)

(7) ആത്മിയ പോരാട്ടത്തിലുള്ള കൂട്ടായ്മ (Fellowship of Spiritual Warfare)

(8) ക്രിസ്തുവിന്റെ കഷ്ടങ്ങളിലുള്ള കൂട്ടായ്മ (Fellowship of Sufferings of Christ)

(9) കൊടുക്കുന്നതിലുള്ള കൂട്ടായ്മ (Fellowship of Giving or Sharing).

കൂട്ടായ്മയിൽ ഏറ്റവും പ്രധാനവും അടിസ്ഥാനപരവുമായിട്ടുള്ളത് വിശ്വാസത്തിന്റെ കൂട്ടായ്മയാണ്. യേശുക്രിസ്തുവിലുള്ള വിശ്വാസത്താലാണ് നാം രക്ഷിക്കപ്പെടുന്നത്. ദൈവകുടുംബന്ധത്തിലെ കൂട്ടായ്മ വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു (അപ്പൊ.16:31/റോമ.10:9/എഫെ.2:8). നമുക്കു ലഭിച്ച വിശ്വാസം പോലും ദൈവത്തിന്റെ ദാനമാകയാൽ ദൈവത്തോടു നാം ബന്ധപ്പെട്ടിരിക്കുന്നു.

വിശ്വാസത്തിന്റെ കൂട്ടായ്മ ലഭിച്ച ഒരുവനിൽ നിന്നു ആത്മഫലം പുറപ്പെടണം. അത് സഭയുടെ പൊതു നന്മെക്കായി പ്രയോജനപ്പെടണം. ഇവിടെ ഫിലേമോനു ലഭിച്ച വിശ്വാസത്തിന്റെ കൂട്ടായ്മയുടെ ബഹിർഗമനം അടിമയായ ഒനേസിമൊസിലേക്കു പകരപ്പെടണമെന്നു പൗലൊസ് പ്രത്യാശിക്കുന്നു. അങ്ങനെ ഫിലേമോന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ ഒനേസിമൊസിലൂടെ ക്രിസ്തുവിന്നായി സഫലമാകേണ്ടതിന്നു പൗലൊസ് ആഗ്രഹിച്ചു പ്രാർത്ഥിക്കുന്നു.

———————————————————

# പ്രാർത്ഥനയിൽ മറ്റുള്ളവരെ ഓർക്കുക

**എന്റെ പ്രാർത്ഥനയിൽ നിന്നെ ഓർത്തു എപ്പോഴും എന്റെ ദൈവ ത്തിന്നു സ്തോത്രം ചെയ്യുന്നു (ഫിലേ.6)** (I thank my God, making mention of you always in my prayers) —

**പ്രാർത്ഥനയും സ്തോത്രവും** —

കൊലൊസ്യസഭയിലെ വിശ്വാസിയായ ഫിലേമോനെ ഓർത്തു പൗലൊസ് പ്രാർത്ഥിക്കുന്നതിന്റെ പൂർണ്ണരൂപം നാലുമുതൽ ആറുവരെ യുള്ള വാക്യങ്ങളിൽ കാണുന്നു — *"കർത്താവായ യേശുവിനോടും സകലവിശുദ്ധന്മാരോടും നിനക്കുള്ള സ്നേഹത്തെയും വിശ്വാസത്തെയും കുറിച്ചു ഞാൻ കേട്ടിട്ടു നമ്മിലുള്ള എല്ലാ നന്മകളുടെയും പരിജ്ഞാന ത്താൽ നിന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ ക്രിസ്തുവിന്നായി സഫലമാ കേണ്ടതിന്നു എന്റെ പ്രാർത്ഥനയിൽ നിന്നെ ഓർത്തു എപ്പോഴും എന്റെ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു"* (ഫിലേ.4-6).

ഫിലേമോന്റെ സ്വഭാവസവിശേഷതകളിലുള്ള മറ്റൊരു പ്രത്യേക തയാണ് ശ്രേഷ്ഠ അപ്പൊസ്തലനായ പൗലൊസിന്റെ പ്രാർത്ഥനയിൽ ഫിലേമോനെ ഓർക്കുവാനും ദൈവത്തിനു സ്തോത്രം ചെയ്യുവാനും ഇടയാകുന്നത് (ഫിലേ.6). അപ്പൊസ്തലനായ പൗലൊസ് ഒരു പ്രാർത്ഥ നാ മനുഷ്യനുമായിരുന്നു. ദമസ്കൊസിന്റെ തെരുവീഥിയിൽ വെച്ചു കർത്താ വിനാൽ പിടിക്കപ്പെട്ട ജീവിതം ആരംഭിക്കുന്നതു തന്നെ പ്രാർത്ഥനയോ ടെയായിരുന്നു എന്നത് പരിശുദ്ധാത്മാവു രേഖപ്പെടുത്തിയിരിക്കുന്നു. അന ന്യാസിനെ ദൈവം ശൗലിന്റെ അടുക്കലേക്കയക്കുമ്പോൾ തിരുവചനം ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു — *"കർത്താവു അവനോടു: നീ എഴു ന്നേറ്റു നേർവ്വീഥി എന്ന തെരുവിൽ ചെന്നു, യൂദായുടെ വീട്ടിൽ തർസൊസുകാരനായ ശൗൽ എന്നു പേരുള്ളവനെ അന്വേഷിക്ക; അവൻ പ്രാർത്ഥിക്കുന്നു"* (അപ്പൊ.9:11). അന്നു തുടങ്ങിയ പ്രാർത്ഥനാജീവിതം തന്റെ ഭൂമിയിലെ ജീവിതാന്ത്യംവരെ തുടർന്നു. ആദ്യത്തെ പ്രാർത്ഥന

ഒരു പക്ഷേ തന്റെ അറിവില്ലായ്മയാൽ സംഭവിച്ച കാര്യങ്ങളോടു ബന്ധപ്പെടുത്തിയുള്ള മാനസാന്തരത്തിന്റെയും അനുതാപത്തിന്റെയും സമർപ്പണത്തിന്റെയും പ്രാർത്ഥനയായിരിക്കാം. എന്നാൽ പിന്നീടുള്ള സകല പ്രാർത്ഥനകളും സ്തോത്രങ്ങളും സഹവിശ്വാസികൾ, സഭകൾ, തന്റെ ശത്രുക്കൾ, ദൈവത്തെ അറിയാത്ത അവിശ്വാസികൾ, ഭരണാധികാരികൾ എന്നിവർക്കായുള്ള മദ്ധ്യസ്ഥതയുടെ പ്രാർത്ഥനകളുമായിരുന്നു.

**എഫെ.1:15 -19** — *"അതുനിമിത്തം ഞാനും നിങ്ങൾക്കു കർത്താവായ യേശുവിലുള്ള വിശ്വാസത്തെയും സകലവിശുദ്ധന്മാരോടുമുള്ള സ്നേഹത്തെയും കുറിച്ചു കേട്ടിട്ടു, നിങ്ങൾക്കുവേണ്ടി ഇടവിടാതെ സ്തോത്രം ചെയ്തു എന്റെ പ്രാർത്ഥനയിൽ നിങ്ങളെ ഓർത്തുംകൊണ്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വവുമുള്ള പിതാവുമായവൻ നിങ്ങൾക്കു തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവിനെ തരേണ്ടതിന്നും നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ടു അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്കു വേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിന്നും പ്രാർത്ഥിക്കുന്നു."*

**ഫിലി.1:3,4** — *"ഞാൻ നിങ്ങൾക്കു എല്ലാവർക്കും വേണ്ടി കഴിക്കുന്ന സകല പ്രാർത്ഥനയിലും എപ്പോഴും സന്തോഷത്തോടെ പ്രാർത്ഥിച്ചും നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു."*

**കൊലൊ.1:9** —*"അതുകൊണ്ടു ഞങ്ങൾ അതു കേട്ട നാൾ മുതൽ നിങ്ങൾക്കുവേണ്ടി ഇടവിടാതെ പ്രാർത്ഥിക്കുന്നു."*

**1.തെസ്സ.1:2,3** —*"ഞങ്ങളുടെ പ്രാർത്ഥനയിൽ നിങ്ങളെ സ്മരിച്ചുകൊണ്ടു നിങ്ങളുടെ വിശ്വാസത്തിന്റെ വേലയും സ്നേഹപ്രയത്നവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും ഇടവിടാതെ നമ്മുടെ ദൈവവും പിതാവുമായവന്റെ സന്നിധിയിൽ ഓർത്തു ഞങ്ങൾ നിങ്ങൾക്കെല്ലാവർക്കും വേണ്ടി എപ്പോഴും ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു."*

**2.തിമൊ.1:3,4 —** *"എന്റെ പ്രാർത്ഥനയിൽ രാവും പകലും ഇടവിടാതെ നിന്നെ സ്മരിച്ചു നിന്റെ കണ്ണുനീർ ഓർത്തും നിന്നെ കണ്ടു സന്തോഷ പൂർണ്ണനാകുവാൻ വാഞ്ചിച്ചും കൊണ്ടു ഞാൻ പൂർവ്വന്മാരുടെ ദൃഷ്ടാന്തം അനുസരിച്ചു നിർമ്മലമനസ്സാക്ഷിയോടെ ആരാധിക്കുന്ന ദൈവത്തിന്നു നിന്റെ നിർവ്യാജവിശ്വാസത്തിന്റെ ഓർമ്മ നിമിത്തം സ്തോത്രം ചെയ്യുന്നു."*

നാമും അപ്പൊസ്തലനായ പൗലൊസിനെപ്പോലെ വിശേഷാൽ എല്ലാ വിശ്വാസികളെയും ഓർത്തു അവരുടെ നന്മകളെ പ്രകീർത്തിച്ചു കൊണ്ടു ദൈവത്തോടു പ്രാർത്ഥിക്കുകയും സ്തോത്രം ചെയ്യുകയും വേണം. വിശ്വാസികളെ മാത്രമല്ല ലോകത്തിലുള്ള അവിശ്വാസികളുൾപ്പെടെയുള്ള സകലർക്കും ദൈവസഭകൾക്കും ദൈവവേലക്കാർക്കും ഭരാണാധികാരികൾക്കും വേണ്ടി ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നവരായിരിക്കണം. കൂടാതെ നാം പ്രാർത്ഥിക്കുന്നതും ദൈവമക്കളെക്കുറിച്ചു സ്തോത്രം ചെയ്യുന്നതും അവർ അറിയേണ്ട ആവശ്യവുമുണ്ട്. കാരണം അവരും നമ്മെ പ്രാർത്ഥനയിൽ ഓർക്കുവാനും സ്തോത്രം ചെയ്യുവാനും ഇടയാകും.

ഒരു അടിമയായ ഒനേസിമോസിനുവേണ്ടി അപേക്ഷിക്കുമ്പോൾ ഫിലേമോനെ കുറിച്ചുള്ള പ്രാർത്ഥനയും ദൈവത്തിനു സ്തോത്രം ചെയ്യുന്നതും നമ്മുടെ ജീവിതത്തിലും പ്രാവർത്തികമാക്കണം. പ്രാർത്ഥനയിൽ മറ്റുള്ളവരെ ഓർക്കേണ്ടതിനു അനേക കാരണങ്ങളുണ്ട്. വിശ്വാസികൾ സത്യം വിട്ടു തെറ്റിപ്പോകാതിരിക്കുവാൻ, പരീക്ഷയിൽ അവർ വീഴാതിരിക്കുവാൻ, മറ്റുള്ളവരെ താങ്ങുവാനും ആശ്വസിപ്പിക്കുവാനും, അവർക്കു മനസ്സും ശക്തിയും ലഭിക്കേണ്ടതിനു, സുവിശേഷവേലയിൽ ഉത്സാഹത്തോടെ പ്രവർത്തിക്കുവാൻ, തികഞ്ഞ ദൈവഭക്തിയിൽ ജീവിതം നയിക്കുവാൻ എന്നിങ്ങനെ അനേക വിഷയങ്ങളിൽ നാം മറ്റുള്ളവരെ പ്രാർത്ഥനയിൽ ഓർക്കണം.

അന്യോന്യം പ്രാർത്ഥനയിൽ ഓർക്കുക എന്നത് ദൈവമക്കളുടെ മാത്രം കടമയും അവകാശവുമായിരിക്കുന്നു. കൂടാതെ നമ്മെ മറ്റുള്ളവർ പ്രാർത്ഥനയിൽ ഓർക്കുവാൻ തക്കവണ്ണം നാം ദൈവസേവയിൽ മുന്നേറുകയും അനേകർക്കു താങ്ങും തണലും ആശ്വാസവുമായിരിക്കുകയും വേണം.

# വിശുദ്ധന്മാരുടെ ഹൃദയം തണുപ്പിക്ക

**ഫിലേ.7 — സഹോദരാ, വിശുദ്ധന്മാരുടെ ഹൃദയം നീ തണുപ്പിച്ചതു നിമിത്തം നിന്റെ സ്നേഹത്തിൽ എനിക്കു വളരെ സന്തോഷവും ആശ്വാസവും ഉണ്ടായി.** (For we have great joy and consolation in your love, because the hearts of the saints have been refreshed by you, brother)

ലേഖനത്തിലെ ഒരു പ്രധാന വിഷയത്തിലേക്കു കടക്കുന്നു — ഫിലേമോൻ വിശുദ്ധന്മാരുടെ ഹൃദയം തണുപ്പിച്ചവൻ (Philemon, refresher of Saint's hearts). ഫിലേമോൻ കൊലൊസ്സ്യസഭയിലെ മൂപ്പനോ, ഇടയനോ, ശുശ്രൂഷകനോ, ഉപദേഷ്ടാവോ ആകാം. എന്നാൽ അദ്ദേഹം സകലരോടും കരുണയും ദയയും സ്നേഹവും ഉള്ളവനും സകലർക്കും അനഗ്രഹത്തിന്റെ ഉറവയുമായിരുന്നു എന്നു പൗലൊസ് കേൾക്കുവാനിടയായി. ഫിലേമോനുള്ള ലേഖനം നാലു മുതൽ ഏഴുവരെയുള്ള വാക്യങ്ങളിൽ ഫിലേമോന്റെ മൂന്നു സ്വഭാവവിശേഷതകൾ കാണുന്നു —

(1) കർത്താവായ യേശുവിനോടും സകലവിശുദ്ധന്മാരോടും സ്നേഹവും വിശ്വാസവുമുള്ളവൻ — ഫിലേ.4
(Having love and faith towards Jesus Christ and all saints).

(2) പൗലൊസിന്റെ പ്രാർത്ഥനയിൽ ഓർക്കുവാനും ദൈവത്തിനു സ്തോത്രം ചെയ്യുവാനും ഹേതുവായവൻ — ഫിലേ.6
(A person eligible to remember and praise by Apostle Paul).

(3) വിശുദ്ധന്മാരുടെ ഹൃദയത്തെ തണുപ്പിച്ചവൻ (ഫിലേ.7)
(A person who refreshed the hearts of saints).

**സഹോദരാ — (ഫിലേ.7) —**

ശ്രേഷ്ഠഅപ്പൊസ്തലനും ഏറെ പ്രായമുള്ളവനുമായ പൗലൊസ് ലേഖനാരംഭത്തിൽ ഫിലേമോനെ പ്രിയനും കൂട്ടുവേലക്കാരനും (ഫിലേ.1) എന്നു സംബോധന ചെയ്തെങ്കിൽ ഇവിടെ സഹോദരാ എന്നു വിളിക്കുന്നു. മാത്രവുമല്ല ഫിലേമോന്റെ അടിമയായിരുന്ന ഒനേസിമൊസിനെ പ്രിയ സഹോദരൻ എന്നാണ് വിശേഷിപ്പിക്കുന്നത് (ഫിലേ.16). കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ട സകലരും ക്രിസ്തുവിൽ സഹോദരീസഹോദരന്മാരാണ്. അവർ ഒരപ്പന്റെ മക്കളെന്ന നിലയിൽ ഒരു കുടുംബത്തിലെ അംഗങ്ങളാണ്. ഇപ്രകാരമുള്ള ആത്മികബന്ധം രക്ഷിക്കപ്പെടാത്ത ലോകപ്രകാരമുള്ള രക്തബന്ധത്തേക്കാൾ ഔന്നിത്യവും അർത്ഥവ്യാപ്തിയും ഉള്ളതാണ്.ദൈവമക്കൾ തമ്മിലുള്ള കൂട്ടായ്മാബന്ധം ആത്മിയതയിലും ദൈവസ്നേഹത്തിലും ആയിരിക്കുന്നതിനാൽ അവർ സഹോദരീസഹോദരന്മാരാണ്.

വിശ്വാസികൾ തമ്മിൽ തമ്മിലുള്ള വിവിധ ബന്ധങ്ങളെയും തിരുവചനത്തിൽ കാണുന്നുണ്ട് —

(1) അവർ പിതാവായ ദൈവത്തോടും (1.യോഹ.1:3), പുത്രനായ യേശുക്രിസ്തുവിനോടും (1.യോഹ.1:3), പരിശുദ്ധാത്മാവിനോടും (2.കൊരി.13:14), വിശ്വാസികൾ തമ്മിൽ തമ്മിലും (1.യോഹ.1:7) കൂട്ടായ്മ ബന്ധമുള്ളവരാണ്.

(2) അവർ ദൈവത്തിന്റെ മക്കളാണ് (1.യോഹ.3:1)

(3) ദൈവം അവരെ വിലയ്ക്കു വാങ്ങിയിരിക്കയാണ് (1.കൊരി.6:19)

(4) അവർ ഒരു ശരീരത്തിന്റെ അംഗങ്ങളാണ് (എഫെ.3:6)

(5) ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്നു കൂട്ടവകാശികളുമാണ് (റോമ.8:17)

(6) അവർ വെളിച്ചത്തിന്റെ മക്കളാണ് (മത്താ.5:14)

(7) ഇരുട്ടിന്റെ യാതൊരു ശക്തികളോടും കൂട്ടായ്മയില്ലാത്തവരാണ് (എഫെ.5:8)

(8) അവിശ്വാസികളുമായി ഇണയില്ലാപ്പിണ കൂടാത്തവരാണ് (2.കൊരി.6:14)

(9) അവർ തമ്മിൽ തമ്മിൽ ഭാരം ചുമക്കുന്നവരാണ് (ഗലാ.6:2).

(10) കർത്താവിന്റെ വീണ്ടും വരവിനെക്കുറിച്ചു പ്രത്യാശയുള്ളവരാണ് (1.തെസ്സ.4:13-18).

**വിശുദ്ധന്മാരുടെ ഹൃദയം നീ തണുപ്പിച്ചതു നിമിത്തം നിന്റെ സ്നേഹ ത്തിൽ എനിക്കു വളരെ സന്തോഷവും ആശ്വാസവും ഉണ്ടായി (ഫിലേ.7)** — (For we have great joy and consolation in your love, because the hearts of the saints have been refreshed by you) —

ക്രൂരന്മാരായ യജമാനന്മാരുടെ കോപവും, പകയും, പീഡനങ്ങ ളും, ചാട്ടവാറടികളും സഹിച്ചു കണ്ണുനീരോടെ വരുന്ന അടിമകൾക്കു ആശ്വാസവും കുളിർമ്മയും നല്കുന്നവനായിരിക്കാം ഫിലേമോൻ. അപ്ര കാരം തന്റെ ഭവനത്തിലേക്കു വന്ന ഒരു അടിമയായിരിക്കാം ഒനേസി മൊസ്. വിശുദ്ധന്മാരുടെ ഹൃദയം തണുപ്പിച്ചതു നിമിത്തം പൗലൊസ് വളരെ സന്തോഷിക്കുകയും ആശ്വസിക്കുകയും ചെയ്യുന്നു. വിശുദ്ധന്മാ രുടെ അഥവാ വിശ്വാസികളായ സകല ദൈവമക്കളുടെയും ആവശ്യങ്ങ ളിൽ കൂട്ടായ്മ കാണിച്ചും, അവരെ സഹായിച്ചും, കഷ്ടങ്ങളിലും രോഗ ങ്ങളിലും അവരെ താങ്ങിയും, ഭാരങ്ങൾ പങ്കിട്ടും, വാക്കിനാലും പ്രവൃ ത്തിയാലും അവരുടെ ഹൃദയങ്ങളെ തണുപ്പിച്ചു. ഇപ്രകാരമുള്ള ഫിലേ മോന്റെ ക്രിസ്തുവിലുള്ള സൽപ്രവൃത്തികളും ആശ്വാസം പകരുന്ന ശുശ്രൂ ഷകളും അനേക മൈലുകൾക്കപ്പുറം റോമൻ കാരാഗൃഹത്തിൽ ബന്ധന സ്ഥനായി കഴിയുന്ന പൗലൊസിന്റെ കാതുകളിൽ എത്തുവാനിടയായി. ഇത് പൗലൊസിന്റെ ഹൃദയത്തിനു കുളിർമ്മയും സന്തോഷവും ആശ്വ ാസവുമുണ്ടാക്കി.

ഹൃദയം എന്നതിനു ഗ്രീക്കിൽ സ്പ്ളാഞ്ച്നോൻ (splagchnon) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം കുടൽ (bowels) അഥവാ ആന്തരികാവയവം (innerparts) എന്നാണ്. ഇത് മനുഷ്യന്റെ ആകെ യുള്ള വ്യക്തിത്വത്തെ (total personality at the deepest level) പ്രതിനി ധീകരിക്കുന്നതോടൊപ്പം അകത്തെ ആത്മികമനുഷ്യനെ തണുപ്പിക്കുന്നു (splagchnon = bowels > inner parts = refreshing the spiritual inner man) എന്നു ചിന്തിക്കാം. തണുപ്പിച്ചു (refreshed) എന്നതിനു ഗ്രീക്കിൽ അനാപാവുവോ (anapauo) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇത് യുദ്ധത്തിൽ സൈന്യം ദീർഘസമയ പോരാട്ടത്തിനു ശേഷം ഒരിടത്തു വിശ്രമത്തിനായി വേർതിരിക്കുന്ന വേളയെ കുറിക്കുന്നു (resting of soldiers after war and long march). തണുപ്പിച്ചു (refreshed) എന്നതിനു ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു വാക്കു തന്നെയാണ് കർത്താവു

ലോകത്തിലുള്ള സകലർക്കും ആശ്വാസം പകരുവാനായി വിളിക്കുന്നതും — *"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും"* (മത്താ.11:28). യഥാർത്ഥത്തിൽ ഫിലേമോന്റെ സൽപ്രവൃത്തികൾ സാധുക്കളായ വിശ്വാസികൾക്കു ഹൃദയകുളിർമ നല്കുന്നതോടൊപ്പം അവരിലെ അകത്തെ മനുഷ്യനെ സന്തോഷിപ്പിക്കുന്നതും അവർക്കു ആശ്വാസ കാരണവുമായിരിക്കുന്നു.

ദൈവത്തിന്റെ വേലയിൽ വിശ്വാസികൾ തമ്മിൽ തമ്മിൽ മറ്റുള്ളവരുടെ ഹൃദയം തണുപ്പിക്കേണ്ടതും ആശ്വാസം പകരേണ്ടതും ആവശ്യമാണെന്നു ദൈവവചനം പ്രസ്താവിക്കുന്നുണ്ട്. കർത്താവിന്റെ വേലയിൽ മറ്റുള്ളവരുടെ ഹൃദയം തണുപ്പിക്കുന്നതിനൊപ്പംതന്നെ നാം സ്വയം കർത്താവിൽ ഹൃദയം തണുപ്പിക്കപ്പെട്ട അഥവാ പുതുക്കിയ ശക്തി പ്രാപിക്കേണ്ടതായുമുണ്ട്.

ദൈവം ആശ്വസിപ്പിക്കുകയും, കർത്താവിൽ ആശ്വാസം കണ്ടെത്തുകയും മാത്രമല്ല അനേകരുടെ ഹൃദയം തണുപ്പിക്കുന്നതിനെയും വ്യക്തമാക്കുന്ന ദൃഷ്ടാന്തങ്ങൾ തിരുവചനത്തിൽ കാണുന്നുണ്ട് —

(1) ദൈവത്തിന്റെ പ്രവാചകനായ ഏലീയാവ് കർമ്മേൽ പർവ്വതത്തിൽ ഏകനായി ദൈവസന്നിധിയിൽ നിന്നു വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നു. ചുറ്റും ആഹാബ് രാജാവും കൂട്ടരും ബാലിന്റെയും അശേരായുടെയും പ്രവാചകന്മാരും പരിഹാസത്തോടെ നില്കുന്നു. ഏലീയാവ് ഇടിഞ്ഞു കിടക്കുന്ന യാഗപീഠങ്ങൾ നന്നാക്കി യഹോവെക്കു യാഗം അർപ്പിച്ചു. ഏലീയാവിന്റെ പ്രാർത്ഥനയിൽ സ്വർഗ്ഗത്തിൽ നിന്നു തീ ഇറങ്ങി ഹോമയാഗവും വിറകും മണ്ണും ദഹിപ്പിച്ചു. *"ജനം എല്ലാം അതു കണ്ടു കവിണ്ണുവീണു: യഹോവ തന്നേ ദൈവം എന്നു പറഞ്ഞു"* (1.രാജാ.18:39). ബാലിന്റെ സകലപ്രവാചകന്മാരെയും കീശോൻ തോട്ടിന്നരികെ വെച്ചു വെട്ടിക്കൊന്നു. എന്നാൽ കർമ്മേലിൽ ഒറ്റയ്ക്കു നിന്നു യഹോവെക്കു വേണ്ടി പൊരുതിയ ഏലീയാവിന്റെ ധൈര്യം ആഹാബിന്റെ ഭാര്യയുടെ ഭീഷണിക്കു മുമ്പിൽ ക്ഷയിച്ചുപോകുവാനിടയായി. ജീവരക്ഷെക്കായി ബർശേബാ മരുഭൂമിയിലേക്കു ഓടിപ്പോയി. അവിടെ ഒരു ചൂരച്ചെടിയുടെ തണലിൽ കിടന്നു മരിപ്പാൻ ഇച്ഛിച്ചു (1.രാജാ.19:3,4). എന്നാൽ ദൈവം

പ്രവാചകനെ കൈവിടാതെ ഏലീയാവിന്റെ ഹൃദയം തണുപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തു. നിരാശയും ഭയവും മുഖാന്തരം ക്ഷീണിച്ചു മരിപ്പാൻ ആഗ്രഹിച്ചു ചൂരച്ചെടിയുടെ തണലിൽ കിടന്നുറങ്ങുമ്പോൾ ദൈവദൂതൻ പിന്നാലെ വന്നു കനലിൽ ചുട്ട അടയും ഒരു തുരുത്തി വെള്ളവും ഏലീയാവിനു നല്കി ശക്തിപ്പെടുത്തി. ശുശ്രൂഷകൾ തികെക്കുവാൻ കല്പനയും കൊടുത്തു (1.രാജാ.19:5–9). ഏലീയാവിനു സംഭവിച്ചതുപോലെ നാമും അധൈര്യപ്പെട്ടു ക്ഷീണിച്ചു പോകാം. അപ്പോൾ ഓർക്കേണ്ടത് ഏലീയാവിനെ ശക്തിപ്പെടുത്തിയ ദൈവം ഇന്നും നമ്മെ ആശ്വസിപ്പിപ്പാനായി കൂടെയുണ്ട് എന്നുള്ളതാണ്.

(2) ദാവീദും കൂട്ടരും ഫെലിസ്ത്യസൈന്യത്തോടു ചേരാതെ സിക്ലാഗിലേക്കു മടങ്ങി വന്നപ്പോൾ അവർ കണ്ട കാഴ്ച ഹൃദയത്തെ തകർക്കുന്നതായിരുന്നു. അവർ അവിടെ ഇല്ലാതിരുന്ന സമയം അമാലേക്യർ വന്നു സകലജനത്തെയും വസ്തുവകകളെയും പിടിച്ചുകൊണ്ടുപോകുകയും പട്ടണം തീവെച്ചു ചുട്ടു നശിപ്പിക്കുകയും ചെയ്തിരുന്നു. ദാവീദും കൂടെയുള്ള ജനവും കരയുവാൻ ബലമില്ലാതാകുവോളം ഉറക്കെ കരഞ്ഞു (1.ശമൂ.30:1–6). ജനമെല്ലാം ദാവീദിനെതിരായി തിരിഞ്ഞു അവനെ കല്ലെറിഞ്ഞു കൊല്ലുവാൻ ഒരുമ്പെട്ടു. എന്നാൽ ദാവീദ് തന്റെ ഹൃദയം തണുപ്പിക്കുവാനായി തന്റെ ദൈവത്തിൽ ആശ്രയിച്ചു. *"ദാവീദ് വലിയ കഷ്ടത്തിലായി; ജനത്തിൽ ഓരോരുത്തന്റെ ഹൃദയം താന്താന്റെ പുത്രന്മാരെയും പുത്രിമാരെയും കുറിച്ചു വ്യസനിച്ചിരിക്കകൊണ്ട് അവനെ കല്ലെറിയേണമെന്നും ജനം പറഞ്ഞു; ദാവീദോ തന്റെ ദൈവമായ യഹോവയിൽ ധൈര്യപ്പെട്ടു"* (1.ശമൂ.30:6). ദൈവത്തിൽ നിന്നു ആശ്വാസം ലഭിച്ച ദാവീദിനു നഷ്ടമായതൊക്കെ വീണ്ടുകൊള്ളുവാനും എല്ലാവർക്കും ആശ്വാസം നല്കുവാനുമിടയായി (1.ശമൂ.30:7–30). നമ്മുടെ ജീവിതത്തിലും ശത്രുക്കളും, മിത്രങ്ങളും, സഹവിശ്വാസികളും നമ്മെ ക്ഷീണിപ്പിക്കുന്ന രംഗങ്ങളുണ്ടാകാം. അപ്പോൾ ദാവീദ് ചെയ്തതുപോലെ — *"ദാവീദോ തന്റെ ദൈവമായ യഹോവയിൽ ധൈര്യപ്പെട്ടു"* — നമുക്കും കർത്താവിൽ ആശ്വസിക്കാം, ശക്തിപ്പെടാം, ധൈര്യപ്പെടാം. കർത്താവിന്റെ സന്നിധിയിൽ ഭാരങ്ങൾ ഏല്പിച്ചാൽ നിശ്ചയമായി നഷ്ടപ്പെട്ടതെല്ലാം നേടുവാനും സമാധാനവും സന്തോഷവും ഹൃദയത്തിനു തണുപ്പു ലഭിക്കുവാനും ഇടയാകും.

(3) എലീശാപ്രവാചകന്റെ ഹൃദയം തണുപ്പിച്ച ഒരു ശൂനേംകാരത്തി സ്ത്രീയെക്കുറിച്ചു 2.രാജാക്കന്മാർ നാലാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. ശമര്യയിൽ നിന്നു കർമ്മേലിലേക്കു പോകുന്ന വഴിയിലുള്ള ഒരു പട്ടണമാണ് ശൂനേം. ശൂനേമിലെ രാജപാതയ്ക്കു സമീപം ധനികയായ ഒരു സ്ത്രീയും അവളുടെ ഭർത്താവും താമസിച്ചിരുന്നു. പതിവായി ആ വഴിക്കു യാത്രചെയ്യുന്ന എലീശാ ഒരു വിശുദ്ധനായ ദൈവപുരുഷനാണെന്നു മനസ്സിലാക്കിയ സ്ത്രീ തന്റെ ഭർത്താവിനോടു എലീശാക്കു വിശ്രമിക്കുവാനായി ഒരു സൗകര്യം ഉണ്ടാക്കിക്കൊടുക്കുവാൻ അപേക്ഷിച്ചു. *''ഒരു ദിവസം എലീശാ ശൂനേമിലേക്കു പോയി; അവിടെ ധനികയായൊരു സ്ത്രീ ഉണ്ടായിരുന്നു; അവൾ അവനെ ഭക്ഷണത്തിനു വരേണം എന്നു നിർബന്ധിച്ചു. പിന്നെത്തേതിൽ അവൻ ആ വഴി പോകുമ്പോഴൊക്കെയും ഭക്ഷണത്തിന്നു അവിടെ കയറും. അവൾ തന്റെ ഭർത്താവിനോടു: നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നുപോകുന്ന ഈയാൾ വിശുദ്ധനായോരു ദൈവപുരുഷൻ എന്നു ഞാൻ കാണുന്നു. നാം ചുവരോടുകൂടിയ ചെറിയോരു മാളികമുറി പണിതുണ്ടാക്കുക; അതിൽ അവന്നു ഒരു കട്ടിലും ഒരു മേശയും ഒരു നാല്കാലിയും ഒരു നിലവിളക്കും വെക്കുക; അവൻ നമ്മുടെ അടുക്കൽ വരുമ്പോൾ അവന്നു അവിടെ കയറി പാർക്കാമല്ലോ എന്നു പറഞ്ഞു. പിന്നെ ഒരു ദിവസം അവൻ അവിടെ വരുവാൻ ഇടയായി; അവൻ ആ മാളികമുറിയിൽ കയറി അവിടെ കിടന്നുറങ്ങി''* (2.രാജാ.4:8-11). ശൂനേംകാരത്തി പ്രവാചകനെ ഇപ്രകാരം ആദരിച്ചത് അവളുടെ സ്നേഹത്തിന്റെ ശുശ്രൂഷയും പ്രവാചകന്റെ ഹൃദയം തണുപ്പിക്കുന്ന പ്രവൃത്തിയുമായിരുന്നു. ശൂനേംകാരത്തി ചെയ്ത ശുശ്രൂഷെക്ക് അവൾക്കു ദൈവത്തിൽ നിന്നു പ്രതിഫലം ലഭിക്കുവാനിടയായി. നാമും കർത്തൃസേവയിലായിരിക്കുന്ന ദൈവദാസീദാസന്മാരെ താങ്ങുകയും, കരുതുകയും, ആശ്വസിപ്പിക്കുകയും ചെയ്യുന്നവരും അവരുടെ ഹൃദയത്തെ തണുപ്പിക്കുന്നവരുമായിരിക്കണം. അത് നമുക്കും നമ്മുടെ തലമുറയ്ക്കും അനുഗ്രഹ കാരണമായിത്തീരും.

(4) ഫിലേമോനിൽ നിന്നും പൗലൊസിനും വിശുദ്ധന്മാർക്കും ഹൃദയം തണുപ്പിക്കുന്ന അനുഭവം ഉണ്ടായതുപോലെ കൊരിന്ത്യലേഖനത്തിൽ തന്റെ ഹൃദയം തണുപ്പിച്ചവരെക്കുറിച്ചു പൗലൊസ് പറയുന്നു. സ്തെഫനാസും ഫൊർത്തുനാതൊസും അഖായിക്കൊസും കൊരിന്തു

സഭയെ പ്രതിനിധീകരിച്ചു എഫസൊസിൽ പൗലൊസിനെ കാണുവാൻ വന്നു. അവരുടെ വരവ് തനിക്കും കൊരിന്തു സഭാവിശ്വാസികൾക്കും ഒരുപോലെ ആശ്വാസഹേതുവും ഹൃദയം തണുപ്പിക്കുന്ന അവസ്ഥയുമായിരുന്നു എന്നു പൗലൊസ് പറയുന്നു. — *"സ്തെഫാനാസും ഫൊർത്തുനാതൊസും അഖായിക്കൊസും വന്നതു എനിക്കു സന്തോഷമായി. നിങ്ങളുടെ ഭാഗത്തു കുറവായിരുന്നതു അവർ നികത്തിയിരിക്കുന്നു. അവർ എന്റെ മനസ്സും നിങ്ങളുടെ മനസ്സും തണുപ്പിച്ചുവല്ലോ; ഇങ്ങനെയുള്ളവരെ മാനിച്ചുകൊൾവിൻ"* (1.കൊരി.16:17,18). സഭാവിശ്വാസികൾ തങ്ങളുടെ ശുശ്രൂഷകന് ആശ്വാസവും ഹൃദയകുളിർമ്മയും നല്കേണ്ട ആവശ്യകത ഇവിടെ വ്യക്തമാകുന്നു. പലപ്പോഴും വിശ്വാസികൾ തങ്ങളുടെ ഭാരങ്ങളും പ്രയാസങ്ങളും പരാതിയും പരിഭവങ്ങളും മാത്രമായിരിക്കും നേതൃത്വത്തിലിരിക്കുന്നവർക്കു കൊടുക്കുക. ശുശ്രൂഷയിലിരിക്കുന്നവർക്കു വിശ്വാസികൾ ആശ്വാസവും ബലവും കൊടുത്താൽ മാത്രമേ അവരുടെ ശുശ്രൂഷയിലുള്ള ഭാരങ്ങളും പ്രയാസങ്ങളും കുറയുവാനിടയാകുകയുള്ളു.

(5) റോമിലുള്ള വിശ്വാസികൾക്കു പൗലൊസ് എഴുതുമ്പോൾ അവരോടൊപ്പം റോമിൽ വന്നു ആനന്ദിക്കുന്നതിനും മനം തണുക്കേണ്ടതിനും ഒരുമിച്ചു പ്രാർത്ഥിക്കുന്നതിനും ആഗ്രഹിക്കുന്നു. *"ഇങ്ങനെ ഞാൻ ദൈവേഷ്ടത്താൽ സന്തോഷത്തോടെ നിങ്ങളുടെ അടുക്കൽ വന്നു നിങ്ങളോടുകൂടെ മനം തണുക്കേണ്ടതിന്നും നിങ്ങൾ എനിക്കുവേണ്ടി ദൈവത്തോടുള്ള പ്രാർത്ഥനയിൽ എന്നോടുകൂടെ പോരാടേണം എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെയും ആത്മാവിന്റെ സ്നേഹത്തെയും ഓർപ്പിച്ചു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു"* (റോമ.15:31,32). വിശ്വാസികൾ കർത്താവിന്റെ വേലയിലായിരിക്കുന്ന ദൈവമക്കളെ ഓർക്കുകയും അവരുടെ പ്രവർത്തനത്തിനായും സുരക്ഷിതത്വത്തിനായും പ്രാർത്ഥിക്കണം. അവരുടെ ഹൃദയം തണുപ്പിക്കത്തക്ക വിധത്തിൽ ഓരോ വിശ്വാസിയും യത്നിക്കണം. ദൈവശുശ്രൂഷ പലപ്പോഴും നിന്ദയും പരിഹാസവും ഒറ്റപ്പെടുത്തലും ഏറ്റു വാങ്ങുന്ന വേലയായതിനാൽ അവരുടെ സങ്കടത്തിൽ ആശ്വാസം, ബുദ്ധിമുട്ടുകൾക്കു കൈത്താങ്ങൽ, സൗമ്യമായ സംസാരം, ഇടപെടൽ, സ്നേഹത്തിന്റെ വാക്കുകൾ എന്നിവ അവരുടെ ഹൃദയത്തെ തണുപ്പിക്കും.

(6) നമ്മുടെ കർത്താവു തന്റെ ശിഷ്യന്മാരുടെയും ദൈവമക്കളുടെയും ഹൃദയം തണുപ്പിക്കുന്നവനും ആശ്വാസദായകനുമായിരുന്നു. തന്റെ ശിഷ്യന്മാർ കർത്താവിലുള്ള പ്രവർത്തനം നിമിത്തം ഏറെ തിരക്കായപ്പോൾ അവരോടു വേറിട്ടു വന്നു ആശ്വസിക്കുവാൻ പറഞ്ഞു — *"നിങ്ങൾ ഒരു ഏകാന്തസ്ഥലത്തു വേറിട്ടു വന്നു അല്പം ആശ്വസിച്ചുകൊൾവിൻ"* (മർക്കൊ.6.31). കർത്തൃവേലയിൽ നാം ആത്മികമായും ശാരീരികമായും തളർന്നുപോകാം. ലോകത്തിന്റെ, കുടുംബത്തിന്റെ, മക്കളുടെ, മുന്നോട്ടുള്ള ജീവിതത്തിന്റെ, സാമ്പത്തിക പ്രതിസന്ധിയുടെ വിവിധ കാരണങ്ങളാൽ ക്ഷീണിച്ചുപോകാം. സകല വഴികളും അടഞ്ഞുപോയ അനുഭവം. സകലരും എതിരായി തോന്നപ്പെടുന്ന സാഹചര്യങ്ങൾ. അപ്പോൾ നിരാശപ്പെടാതെ കർത്താവിന്റെ സമീപേ വരണം. ആശ്വാസത്തിനായി, ഉയരത്തിൽ നിന്നു ശക്തിലഭിക്കുവാനായി ദൈവസന്നിധിയിൽ വേറിട്ടിരിക്കണം (യെശ.40:29,30). നിശ്ചയമായും ഹൃദയകുളിർമ്മയും ആശ്വാസവും ലഭിക്കുക മാത്രമല്ല, അടഞ്ഞ സകലവഴികളും ദൈവത്താൽ തുറക്കപ്പെട്ടു ലഭിക്കും. ലജ്ജിക്കുവാൻ ഇടയാകുകയില്ല. ഇത് ദൈവമുഖത്തേക്കു നോക്കിയ സകല ഭക്തന്മാരുടെയും അനുഭവമാണ് (സങ്കീ.34:5).

ദൈവസന്നിധിയിൽ ഹൃദയം പകരുവാൻ, നമ്മുടെ പ്രശ്നങ്ങളും, സമ്മർദ്ദങ്ങളും, ദുഖവും, പരിഭവവും, കഷ്ടതകളും ഇറക്കി വെക്കുവാൻ കർത്താവിന്റെ സന്നിധി തേടി അല്പം വേറിട്ടിരിക്കണം. അവിടെ ദൈവവും ഞാനും മാത്രമുള്ള ഒരു മുഖാമുഖത്തിന്റെ വേളയായിരിക്കും. അതിലൂടെ ആശ്വാസം ലഭിക്കുവാൻ, അനുഗ്രഹം ലഭിക്കുവാൻ, സ്വർഗ്ഗത്തിലെ അനുഗ്രഹങ്ങളുടെ കലവറ തുറക്കുവാൻ ഇടയാകും. നമുക്കോരോരുത്തർക്കും ഒരു വേറിട്ട നിർജ്ജനപ്രദേശം ദൈവവുമായിട്ടു നേരിട്ടുള്ള സംഭാഷണത്തിനു ഒരു വിശ്രാമസ്ഥലം ആവശ്യം. ഏലീയാവിന്റെ ജീവിതത്തിൽ, അപ്പൊസ്തലന്മാരുടെ ജീവിതത്തിൽ, അനേക ദൈവദാസീദാസന്മാരുടെ ജീവിതത്തിൽ, കർത്താവിന്റെ ജീവിതത്തിൽ വേറിട്ടിരുന്നപ്പോൾ ആശ്വാസം ലഭിച്ചുവെങ്കിൽ വിശ്വാസികളായ നമുക്കും ആശ്വാസം ലഭിക്കും. നമ്മുടെ ഹൃദയങ്ങൾ തണുക്കേണ്ടതിനും ആശ്വാസത്തിനായും കർത്താവിന്റെ സന്നിധിയിയിൽ വേറിട്ടിരിക്കാം.

(7) കർത്താവിനെ വിട്ടു പിന്മാറ്റത്തിന്റെ പടിയിലേക്കിറങ്ങി രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടാതെ പടകിൽ നിരാശപ്പെട്ടിരിക്കുന്ന ശിഷ്യഗണത്തിനടുത്തേക്കു കർത്താവു വന്നതും അവരെ ആശ്വസിപ്പിച്ചതും അവരുടെ ഹൃദയം തണുപ്പിച്ചതും നമുക്കും മാതൃകയായിരിക്കുന്നു (യോഹ.21:1-12). — *"കുഞ്ഞുങ്ങളേ കൂട്ടുവാൻ വല്ലതും ഉണ്ടോ"* (യോഹ.21:5) എന്നുള്ള ചോദ്യമാണ് അവർ കേട്ടത്. കർത്താവിനെ അനുസരിച്ച അവർക്കു പെരുത്ത മീൻകൂട്ടം ലഭിച്ചു. *"അവർ കരെക്കു ഇറങ്ങിയപ്പോൾ അവർ തീക്കനലും അതിന്മേൽ മീൻ വെച്ചിരിക്കുന്നതും അപ്പവും കണ്ടു"* (യോഹ.21:9). ആഹാരം തേടി അദ്ധ്വാനിക്കുവാൻ പോയ തന്റെ ശിഷ്യന്മാർക്കു ആഹാരവുമായി എതിരേൽക്കുന്നത് അവരുടെ ഹൃദയം തണുപ്പിക്കുന്ന അവസ്ഥയായിരുന്നു. തങ്ങളുടെ കർത്താവിനെ വിട്ടു അവർ പോയാലും അവരെ കൈവിടാതെ സ്നേഹിക്കുകയും കരുതുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന നാഥനാണെന്നു അവർ മനസ്സിലാക്കി.

ഫിലേമോൻ വിശുദ്ധന്മാരുടെ ഹൃദയം തണുപ്പിച്ചതു പോലെ വിശ്വാസികളായ നാമും അതിൽ വർദ്ധിച്ചു വരണം. അത് അനേകർ കേൾക്കുവാനും ആശ്വസിക്കുവാനും സന്തോഷിക്കുവാനും നമ്മെക്കുറിച്ചു ദൈവസന്നിധിയിൽ സ്തോത്രം ചെയ്യുവാനും ഇടയാകണം. കുടുംബജീവിതത്തിൽ, സഭാജീവിതത്തിൽ, സമൂഹത്തിൽ, നാം ഏർപ്പെടുന്ന എല്ലാ മേഖലകളിലും നാം മറ്റുള്ളവരുടെ ഹൃദയം തണുപ്പിക്കുന്നവരായിരിക്കണം. സൗഖ്യമില്ലാത്തവരെ കാണുകയും അവർക്കായി പ്രാർത്ഥിക്കുകയും സാമ്പത്തിക മുട്ടുള്ളവർക്കു തങ്ങളാലാവുന്നതു കൊടുക്കുന്നതും അവർക്കു ആശ്വാസമായിത്തീരും. എനിക്കു സഹായിക്കുവാനോ ധനപരമായ കൂട്ടായ്മ ചെയ്യുവാനോ പ്രാപ്തിയില്ലെന്നു ചിലർ പറയാറുണ്ട്. എന്നാൽ അങ്ങനെയുള്ളവർ അവരോടൊപ്പം അല്പസമയം ചിലവഴിക്കുന്നതും ദൈവവചനത്തിൽ നിന്നു ആശ്വാസവാക്കുകൾ പറഞ്ഞു അവരെ ഉറപ്പിക്കുന്നതും ധനത്തേക്കാൾ ഏറെ ശക്തിയുള്ളതാണ്. വ്യക്തിപരമായ ജീവിതത്തിലും കുടുംബജീവിതത്തിലും മാത്രമല്ല സഭാജീവിതത്തിലും വിശ്വാസികളും സഭാശുശ്രൂഷകരും അന്യോന്യം ആശ്വസിപ്പിക്കുന്നവരായിരിക്കണം.

നമ്മുടെ പ്രസംഗവും പ്രവൃത്തിയും ഒരുപോലെ ആയിരിക്കണം. നാം പ്രസംഗിക്കുന്ന കാര്യങ്ങൾ പ്രായോഗികജീവിതത്തിൽ നടപ്പാക്കണം. എങ്കിൽ മാത്രമേ ദൈവസന്നിധിയിൽ നമ്മുടെ ശുശ്രൂഷകൾക്കു പുകഴ്ച ലഭിക്കുകയുള്ളു. നമ്മുടെ നാവ് എപ്പോഴും ആശ്വാസം പകരുന്നതായിരിക്കണം. യെശയ്യാപ്രവാചകൻ പറയുന്നത് — *"തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടു താങ്ങുവാൻ അറിയേണ്ടതിന്നു യഹോവയായ കർത്താവു എനിക്കു ശിഷ്യന്മാരുടെ നാവു തന്നിരിക്കുന്നു"* (യെശ.50:4) എന്നാണ്. നമ്മുടെ നാവുകൾ ആശ്വസിപ്പിക്കുന്ന മെരുക്കിയ നാവുകൾ ആയിരിക്കണം. നമ്മുടെ കർത്താവിന്റെ നാവു എത്ര മാധുര്യം നിറഞ്ഞതായിരുന്നു. തന്നെ ശകാരിച്ചവരെ പകരം ശകാരിക്കാതെ അഥവാ ന്യായമായി തനിക്കു അതിനെതിരേ പറയുവാനുണ്ടായിരുന്നെങ്കിലും തന്റെ നാവിനെ അടക്കി. ന്യായവിധിയും ശിക്ഷയും കല്പിക്കുവാൻ അധികാരമുള്ള നാവു, എത്ര സൗമ്യതയോടാണ് കർത്താവ് ഉപയോഗിച്ചത്. നമ്മുടെ നാവു അനേകരെ ആശ്വസിപ്പിക്കുന്ന, പഠിച്ച, മെരുക്കിയ, തണുപ്പിക്കുന്ന നാവു ആയിരിക്കണം (യാക്കോ.3:17).

ഇന്നത്തെ ആത്മികഗോളത്തിൽ അനേകരും, വിശ്വാസികളെയും ദൈവദാസന്മാരെയും ഹൃദയം തണുപ്പിക്കുന്നതിനു പകരം നാവു കൊണ്ടു കുത്തിത്തുളക്കുകയാണ് ചെയ്യുന്നത്. യിരെമ്യാപ്രവാചകൻ ഇവരെക്കുറിച്ചു പറഞ്ഞിരിക്കുന്നത് — *"എന്നാൽ അവർ: വരുവിൻ, നമുക്കു യിരെമ്യാവിന്റെ നേരേ ഉപായങ്ങളെ ചിന്തിക്കാം; പുരോഹിതന്റെ പക്കൽ ഉപദേശവും ജ്ഞാനിയുടെ പക്കൽ ആലോചനയും പ്രവാചകന്റെ പക്കൽ അരുളപ്പാടും ഇല്ലാതെ പോകയില്ല; വരുവിൻ നാം അവനെ നാവുകൊണ്ടു കൊന്നു കളക; അവന്റെ വാക്കു ഒന്നും നാം ശ്രദ്ധിക്കരുത് എന്നു പറഞ്ഞു"* (യിരെ.18:18). നമ്മുടെ ജീവിതം ഇപ്രകാരമാകാതെ ഫിലേമോനെപ്പോലെ സൽപ്രവൃത്തിയിൽ വർദ്ധിച്ചു വരികയും അത് സകല വിശുദ്ധന്മാരുടെയും ഹൃദയം തണുപ്പിക്കുന്ന നിലയിൽ ആശ്വാസം പകരുന്നതുമായി രൂപപ്പെടുത്താം. *''വിരോധി നമ്മെക്കൊണ്ടു ഒരു തിന്മയും പറവാൻ വകയില്ലാതെ ലജ്ജിക്കേണ്ടതിന്നു സകലത്തിലും നിന്നെത്തന്നേ സൽപ്രവൃത്തികൾക്കു മാതൃകയാക്കി കാണിക്ക"* (തീത്തൊ.2:7).

# സ്നേഹത്തിലുള്ള അപേക്ഷ

**ഫിലേ. 8,9 — ആകയാൽ യുക്തമായതു നിന്നോടു കല്പിപ്പാൻ ക്രിസ്തുവിൽ എനിക്കു വളരെ ധൈര്യം ഉണ്ടെങ്കിലും പൗലൊസ് എന്ന വയസ്സനും ഇപ്പോൾ ക്രിസ്തുയേശുവിന്റെ ബദ്ധനുമായിരിക്കുന്ന ഈ ഞാൻ സ്നേഹം നിമിത്തം അപേക്ഷിക്കയത്രേ ചെയ്യുന്നതു**

(Therefore, though I might be very bold in Christ to command you what is fitting, yet for love's sake I rather appeal to you --being such a one as Paul, the aged, and now also a prisoner of Jesus Christ)

**കല്പനയും അപേക്ഷയും —**

തുടർന്നു ലേഖനത്തിന്റെ ലക്ഷ്യത്തിലേക്കു പൗലൊസ് കടക്കുന്നു. ഫിലേമോന്റെ അടുക്കൽ നിന്നു ഓടിപ്പോയ അടിമയായ ഒനേസിമോസിനോടു ക്ഷമിക്കണമെന്നും, ക്രിസ്തീയബന്ധത്തിൽ ഒരു സഹോദരനായി സ്വീകരിക്കണമെന്നും അപേക്ഷിക്കുന്നതാണ് ലേഖനത്തിന്റെ ലക്ഷ്യം. ഫിലേ.8 മുതൽ 21 വരെയുള്ള വാക്യങ്ങളിൽ ഒനേസിമൊസ് എന്ന അടിമയ്ക്കുവേണ്ടിയുള്ള പൗലൊസിന്റെ മദ്ധ്യസ്ഥതയും അപേക്ഷയുമാണ് അടങ്ങിയിരിക്കുന്നത്.

പൗലൊസ് റോമൻ കാരാഗൃഹത്തിൽ ബന്ധിതനായി കഴിഞ്ഞിരുന്ന സമയം ഒനേസിമൊസ് എന്ന അടിമയെ പരിചയപ്പെടാനും അവനെ രക്ഷയിലേക്കു നയിക്കുവാനും ഇടയായി. ലോകപ്രകാരം ഇപ്പോൾ മനുഷ്യരുടെ മുമ്പിൽ അവൻ അടിമയെങ്കിലും ക്രിസ്തുവിന്റെ രക്ഷണ്യകരങ്ങളിലാശ്രയിച്ചു ദൈവമകനായി തീർന്നതിനാൽ അവൻ ഇനി ആത്മികമായി ദൈവമകനും പൗലൊസിന്റെയും ഫിലേമോന്റെയും സഹോദരനുമായിത്തീർന്നിരിക്കയാണ്. അതുകൊണ്ടു ഫിലേമോന്റെ അടുക്കൽ നിന്നു ഓടിപ്പോയ അടിമയായ ഒനേസിമൊസിനെ ക്രിസ്തുവിൽ കൂട്ടുസഹോദരൻ എന്ന നിലയിൽ അവന്റെ കുറ്റങ്ങളെല്ലാം ക്ഷമിച്ചു സ്വീകരിക്കുവാൻ ഫിലേമോനോടു പൗലൊസ് അപേക്ഷിക്കുന്നു.

*"ആകയാൽ യുക്തമായതു നിന്നോടു കല്പിപ്പാൻ ക്രിസ്തുവിൽ എനിക്കു വളരെ ധൈര്യം ഉണ്ടെങ്കിലും പൗലൊസ് എന്ന വയസ്സനും ഇപ്പോൾ ക്രിസ്തുയേശുവിന്റെ ബദ്ധനുമായിരിക്കുന്ന ഈ ഞാൻ സ്നേഹം നിമിത്തം അപേക്ഷിക്കയത്രേ ചെയ്യുന്നതു"* — (ഫിലേ.8,9) എന്ന വാക്യത്തിൽ "ആകയാൽ" എന്ന പ്രയോഗം ഫിലേമോൻ നാലു മുതൽ ഏഴുവരെയുള്ള വാക്യങ്ങളിൽ പൗലൊസ് ഫിലേമോനെക്കുറിച്ചു പറഞ്ഞതിനോടു ബന്ധപ്പെട്ടിരിക്കുന്നു. അതായത് ഫിലേമോന്റെ സ്നേഹവും, വിശ്വാസവും, പരിജ്ഞാനവും, വിശ്വാസത്തിന്റെ കൂട്ടായ്മയും, വിശുദ്ധന്മാരുടെ ഹൃദയം തണുപ്പിച്ചതും ഒക്കെ. ഇവ ക്രിസ്തുവിൽ സഫലമാകേണ്ടതിനു തന്റെ അടിമയായ ഒനേസിമൊസിനോടും കാണിക്കണമെന്നതിനാണ് പൗലൊസ് ആരംഭമായി ആകയാൽ എന്ന വാക്കു ഉപയോഗിച്ചിരിക്കുന്നത്.

പൗലൊസിന്റെ പ്രവർത്തനത്തിലൂടെ രക്ഷിക്കപ്പെട്ട ഫിലേമോനോട് അടിമയായ ഒനേസിമൊസിനുവേണ്ടി ആവശ്യമായതു കല്പിക്കുവാൻ ക്രിസ്തുവിൽ തനിക്കു ധൈര്യവും പ്രാഗത്ഭ്യവും ഉണ്ടെന്നു അറിയിക്കുന്നു. എന്നാൽ തന്റെ അപ്പൊസ്തല അധികാരമോ, ഫിലേമോനിലുള്ള തന്റെ സ്വാധീനമോ ഒന്നും ഉപയോഗിക്കാതെ ഒനേസിമൊസിനു വേണ്ടി അപേക്ഷിക്കുക്കയാണ് ചെയ്യുന്നത്. താൻ ഇപ്പോൾ പ്രായത്തിൽ വയസ്സനും റോമൻ കാരാഗ്രത്തിൽ ബന്ധിതനും ആണെന്നു ഓർപ്പിക്കുന്നു. ഫിലേമോനിന്മേൽ തന്റെ സ്വാധീനതയും അപ്പൊസ്തല അധികാരവും ഉപയോഗിക്കാതെ തന്റെ നിസ്സഹായത വെളിപ്പെടുത്തി സ്നേഹത്തിൽ ദൈവനാമത്തിൽ അപേക്ഷിക്കുന്നു.

പൗലൊസ് എന്ന വയസ്സൻ എന്നു പൗലൊസ് ഫിലേമോനോടു തന്നെക്കുറിച്ചു പറയുമ്പോൾ തനിക്കു ഏകദേശം അറുപതിനും അറുപത്തി അഞ്ചിനും മദ്ധ്യേയുള്ള പ്രായമേ കാണുകയുള്ളു എന്നു വേദപഠിതാക്കൾ അഭിപ്രായപ്പെടുന്നു. മാത്രവുമല്ല പൗലൊസിനു ഫിലേമോനേക്കാൾ പ്രായത്തിൽ ഏറെ അന്തരം കാണുകയില്ലെന്നും അഭിപ്രായപ്പെടുന്നു. എന്നാൽ സുവിശേഷം നിമിത്തമുള്ള ബന്ധനങ്ങൾ, പീഡകൾ, കഷ്ടതകൾ, ദേഹോപദ്രവം, രോഗം, ആഹാരക്കുറവ്, നീണ്ടയാത്രകൾ, വിശ്രമമില്ലാത്ത പ്രവർത്തനങ്ങൾ എന്നിവയ്ക്കു പുറമേ സകല സഭകളെയും

കുറിച്ചുള്ള ചിന്താഭാരം (2.കൊരി.11:23–29) എന്നിവയെല്ലാം തന്റെ ആരോഗ്യത്തെ ബാധിക്കുകയും താൻ ഒരു വയസ്സനെപ്പോലെ ശാരീരികക്ഷീണത്താൽ വാർദ്ധക്യം ബാധിച്ചിരിക്കാം. താൻ ഒരു വയസ്സനും ഇപ്പോൾ ക്രിസ്തുയേശുവിന്റെ ബദ്ധനുമായിരിക്കുന്നു എന്നു ഫിലേമോനോടു പറയുമ്പോൾ ഫിലേമോന്റെ ഹൃദയം താൻ പറയുന്ന അപേക്ഷയിന്മേൽ സ്നേഹത്തിലും കരുണയിലും സ്വാധീനിക്കപ്പെടുമെന്നും പൗലൊസ് പ്രത്യാശിക്കുന്നു.

ഒനേസിമൊസ് എന്ന അടിമയ്ക്കുവേണ്ടി ഫിലേമോനോടുള്ള പൗലൊസിന്റെ അപേക്ഷാരൂപത്തിലുള്ള പ്രസ്താവനയിലൂടെ വിശ്വാസികളായ നമുക്കു ചില ആത്മികപാഠങ്ങൾ ലഭിക്കുന്നു —

> ഒന്നാമതായി ഇവിടെ പൗലൊസ് ഫിലേമോനോടു അപേക്ഷിക്കുന്നത് തന്റെ സ്വന്തകാര്യത്തിനോ തന്റെ വ്യക്തിപരമായ ഏതെങ്കിലും ഗുണത്തിനോ അല്ല. തടവിൽ ആയിരിക്കുമ്പോൾ സുവിശേഷം പറഞ്ഞു രക്ഷയിലേക്കു നയിക്കപ്പെട്ട ഒരു അടിമെക്കുവേണ്ടിയുള്ള യാചനാരൂപത്തിലുള്ള അപേക്ഷ. യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ട ഒനേസിമൊസ് എന്ന അടിമ ക്രിസ്തുവിൽ തനിക്കു കൂട്ടുസഹോദരൻ എന്ന ഉത്തരവാദിത്തബോധമാണ് ഇവിടെ വെളിപ്പെടുന്നത്. സുവിശേഷവേലയിൽ വ്യക്തിപരമായ ലാഭമോ, ഉന്നമനമോ നോക്കാതെ ക്രിസ്തുവിന്റെ സ്നേഹത്തിൽ നാം എപ്പോഴും മറ്റുള്ളവരെ ശ്രേഷ്ഠന്മാരായി കരുതി ജീവിക്കുകയും അവരുടെ ആവശ്യങ്ങൾ അനുസരിച്ചു ആത്മാർത്ഥതയോടെ പ്രവർത്തിക്കുകയും വേണം.

> രണ്ടാമതായി നമുക്കു ഈ ഭാഗത്തിലൂടെ ലഭിക്കുന്ന ആത്മിയ ചിന്ത എന്നത് പൗലൊസിനു ഫിലേമോന്റെമേൽ ആജ്ഞാരൂപത്തിൽ കല്പിക്കുവാൻ അധികാരം ഉണ്ടായിട്ടും പൗലൊസ് അതു ചെയ്യുന്നില്ല എന്നതാണ്. മറ്റുള്ളവരെ ശ്രേഷ്ഠന്മാർ എന്ന നിലയിൽ എണ്ണുന്നതിനപ്പുറം ആരുടെയും മേൽ കർത്തൃത്വം നടത്തുവാൻ നമുക്കു അധികാരമില്ല. ശ്രേഷ്ഠ അപ്പൊസ്തലൻ, വചനത്തിൽ പ്രാഗത്ഭ്യമുള്ളവൻ, കർത്താവിനും സുവിശേഷത്തിനും വേണ്ടി അദ്ധ്വാനിക്കുന്ന ദൈവദാസൻ എങ്കിലും തന്റെ ആത്മിക ഉയർച്ച തന്റെ സ്വഭാവം വിനയമുള്ളതാക്കി

ത്തീർത്തു. അപ്പൊസ്തലൻ എന്ന നിലയിൽ സാധാരണ സഭാജനങ്ങളോടു കല്പിക്കുവാൻ പൗലൊസിനു അധികാരമുണ്ട്. പൗലൊസിന്റെ വാക്കുകൾ അനുസരിക്കുവാൻ അവർ ബാദ്ധ്യസ്ഥരുമാണ്. എങ്കിലും തികഞ്ഞ സ്നേഹത്തിൽ തന്റെ ആത്മിക ഉന്നതിയോ അധികാരമോ വെളിപ്പെടുത്താതെ വിശ്വാസികളോടു ഇടപെടുന്നു. ഇന്നു പല സഭകളിലേക്കും നോക്കിയാൽ വിഭിന്നമായ കാഴ്ചപ്പാടാണ് വിശ്വാസികളിലും നേതൃത്വത്തിലിരിക്കുന്നവരിലും കാണപ്പെടുന്നത്. ഇക്കാരണത്താൽ സഭാന്തരീക്ഷം വഷളായിത്തീരുന്നു. നല്ലിടയനായ കർത്താവിന്റെ മാതൃകയാണ് നേതൃത്വത്തിലിരിക്കുന്നവർ പിന്തുടരേണ്ടത്. അതുപോലെ വിശ്വാസികളും സ്നേഹത്തോടെ ഒത്തൊരുമയോടെ പ്രവർത്തിക്കണം. ആത്മികശുശ്രൂഷകൾ നിവർത്തിക്കേണ്ടത് ലോകപ്രകാരമുള്ള നിയമങ്ങളാലോ പ്രമാണങ്ങളാലോ ആയിരിക്കരുത്. അടിച്ചമർത്തിയുള്ള ഭരണമല്ല സഭാനേതൃത്വത്തിനുണ്ടായിരിക്കേണ്ടത്. തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ തികഞ്ഞ സ്നേഹത്തിലും വിനയത്തിലും നാം പ്രവർത്തിക്കുമ്പോൾ അവിടെ സമാധാനവും ഒത്തൊരുമയും ഉണ്ടാകും.

സഭാബന്ധത്തിൽ വിശ്വാസികളും ശുശ്രൂഷകരും തമ്മിൽ തമ്മിൽ കൂട്ടായ്മ ശക്തിപ്പെടുത്തുന്നതോടൊപ്പം അന്യോന്യം നന്മ ചെയ്യുന്നതിൽ വർദ്ധിച്ചു വരണം. പകയോ പിണക്കമോ ഇല്ലാതെ സകലരെയും സ്നേഹിക്കുകയാണു വേണ്ടത്. അതിനായി തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമക്കണം. അപ്പോൾത്തന്നെ താന്താന്റെ ഭാരം ചുമക്കുകയും വേണം. തനിയേ ഭാരം ചുമക്കുമ്പോൾ മറ്റുള്ളവർ എന്നെ സഹായിക്കുന്നില്ലല്ലോ, താങ്ങുന്നില്ലല്ലോ എന്നു കരുതാതെ സന്തോഷത്തോടെ നമ്മുടെ ക്രൂശു തനിയേ ചുമക്കുകയാണ് വേണ്ടത്. അപ്പൊസ്തലനായ പൗലൊസ് ഗലാത്യവിശ്വാസികൾക്കു എഴുതിയപ്പോൾ ഇതു വ്യക്തമാക്കിയിട്ടുണ്ട്.

*"തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ; ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിപ്പിൻ. താൻ അല്പനായിരിക്കെ മഹാൻ ആകുന്നു എന്നു ഒരുത്തൻ നിരൂപിച്ചാൽ തന്നെത്താൻ വഞ്ചിക്കുന്നു. ഓരോരുത്തൻ താന്താന്റെ പ്രവൃത്തി ശോധന ചെയ്യട്ടെ; എന്നാൽ അവൻ തന്റെ പ്രശംസ മറ്റൊരുത്തനെ കാണിക്കാതെ തന്നിൽ തന്നേ അടക്കി വെക്കും. ഓരോരുത്തൻ താന്താന്റെ ചുമടു ചുമക്കുന്നുവല്ലോ"* (ഗലാ.6:2-5).

ഒനേസിമൊസ് യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ട ഒരു പുതു സൃഷ്ടിയായിത്തീർന്നു. അവന്റെ സകലവിധ പാപങ്ങളും ദൈവം ക്ഷമിച്ചു. അതുപോലെ ദൈവത്തിന്റെ കൃപ അനുഭവിച്ച സകലരും മറ്റുള്ളവരോടു കൈയ്പ്പും ക്രോധവുമില്ലാതെ തമ്മിൽ തമ്മിൽ ദയയും മനസ്സലിവും ഉള്ളവരായിരിക്കണമെന്നുള്ള പ്രായോഗിക നിർദ്ദേശവും തിരുവചനത്തിലൂടെ ലഭിക്കുന്നു —

*"എല്ലാ കൈപ്പും കോപവും ക്രോധവും കൂറ്റാരവും ദൂഷണവും സകലദുർഗ്ഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകട്ടെ. നിങ്ങൾ തമ്മിൽ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ"* (എഫെ.4:31,32). ഇതു തന്നെയാണ് പൗലൊസ് ഒനോസിമൊസിനോടുള്ള ബന്ധത്തിൽ ഫിലേമോനിൽ നിന്നും ആഗ്രഹിക്കുന്നത്.

കർത്താവു ക്ഷമിച്ചതുപോലെ കൂട്ടുസഹോദരവർഗ്ഗത്തോടു ക്ഷമിക്കുകയും അവരെ സ്നേഹിക്കുകയും വേണം. *"ആകയാൽ യുക്തമായതു നിന്നോടു കല്പിപ്പാൻ ക്രിസ്തുവിൽ എനിക്കു വളരെ ധൈര്യം ഉണ്ടെങ്കിലും പൗലൊസ് എന്ന വയസ്സനും ഇപ്പോൾ ക്രിസ്തുയേശുവിന്റെ ബദ്ധനുമായിരിക്കുന്ന ഈ ഞാൻ സ്നേഹം നിമിത്തം അപേക്ഷിക്കയത്രേ ചെയ്യുന്നതു"* — എന്ന പൗലൊസിന്റെ പ്രസ്താവന ഫിലേമോന്റെ ഹൃദയത്തെ വിനയവും അനുസരണയുമുള്ളതാക്കും എന്നതിൽ സംശയമില്ല.

-----------------------------------

## ഒനേസിമൊസിനു വേണ്ടിയുള്ള അപേക്ഷ

**ഫിലേ.10 — തടവിൽ ഇരിക്കുമ്പോൾ ഞാൻ ജനിപ്പിച്ച എന്റെ മകനായ ഒനേസിമൊസിന്നു വേണ്ടി ആകുന്നു നിന്നോടു അപേക്ഷി ക്കുന്നതു** (I appeal to you for my son Onesimus, whom I have begotten while in my chains) —

**മകനു വേണ്ടി ഒരു അപേക്ഷ —-**

കൊലൊസ്സി പട്ടണത്തിലെ ഫിലേമോന്റെ അടിമയായ ഒനേസി മൊസ് അവിടെനിന്നും ഓടി റോമിലേക്കു പോകയും കാരഗൃഹത്തിലാ യിരുന്ന പൗലൊസുമായി ബന്ധപ്പെടുകയുമുണ്ടായി. പൗലൊസ് ഒനേ സിമൊസിനോടു ക്രിസ്തുവിലൂടെ ലഭിക്കുന്ന കൃപയാലുള്ള രക്ഷയെ ക്കുറിച്ചു പറയുകയും ഒനേസിമൊസു കർത്താവിനെ രക്ഷകനായി സ്വീക രിക്കുകയും ചെയ്തു. ഒനേസിമൊസ് കാരഗൃഹത്തിനുള്ളിൽ കിടക്കുന്ന പൗലൊസിനെ കാണുവാനും രക്ഷിക്കപ്പെടുവാനും ഇടയായത് ദൈവ ത്തിന്റെ പ്രവർത്തനം തന്നെയായിരുന്നു. മാത്രവുമല്ല യജമാനനായ ഫിലേ മോനും അടിമയായ ഒനേസിമൊസും രക്ഷിക്കപ്പെട്ടത് വിവിധ സാഹച ര്യങ്ങളിലും സ്ഥലങ്ങളിലുമായിരുന്നുവെങ്കിലും പൗലൊസാണ് ഇരുവ രെയും രക്ഷയിലേക്കു നടത്തിയത്.

തടവിൽ ഇരിക്കുമ്പോഴാണ് പൗലൊസ് സുവിശേഷം അറിയി ക്കുന്നത്. ശാരീരികമായി പൗലൊസ് ക്ഷീണിതനെങ്കിലും ആത്മിയമായി ഫലം കായ്ക്കുന്നതിന്റെ തെളിവാണ് രക്ഷയുടെ സന്ദേശം അറിയിച്ചതും രക്ഷയിലേക്കു ഒനേസിമൊസിനെ നയിച്ചതും തുടർന്നു തന്റെ മകനെ പ്പോലെ സ്നേഹിക്കുന്നതും. തടവിൽ ഇരിക്കുമ്പോൾ ഞാൻ ജനിപ്പിച്ച എന്റെ മകനെന്നാണ് പൗലൊസ് പറയുന്നത്. പൗലൊസ് വിവാഹിതനാ ണോ, ഭാര്യയും മക്കളുമായോണോ ജീവിച്ചത് എന്നൊന്നും നമുക്കു തിരു വചനത്തിലൂടെ വിവരങ്ങൾ ലഭിക്കുന്നില്ല. എങ്കിലും പൗലൊസിനു അനേക ആത്മികമക്കൾ ഉണ്ടായിരുന്നു. പൗലൊസിന്റെ പ്രവർത്തനത്താൽ

രക്ഷിക്കപ്പെട്ടവരെ തന്റെ മക്കൾ എന്ന നിലയിലാണ് പലപ്പോഴും സംബോധന ചെയ്തിട്ടുള്ളത്. തിമൊഥെയോസ് (1.കൊരി.4:17), തീത്തോസ് (തീത്തൊ.1:4), കൊരിന്തു വിശ്വാസികൾ (1.കൊരി.4:14) എന്നിവർ ഉദാഹരണങ്ങളാണ്. ഇപ്പോൾ ഒനേസിമൊസും പൗലൊസിന്റെ മകനെന്നു വിളിക്കപ്പെടുന്നു. തടവിൽ പടയാളികളാൽ ബന്ധിതനെങ്കിലും സുവിശേഷത്താൽ ഒനേസിമൊസിനെ വീണ്ടും ജനിപ്പിച്ചത് പൗലൊസായിരുന്നു. ഒനേസിമൊസ് നിയമപ്രകാരം ഫിലേമോന്റെ അടിമയെങ്കിലും ഇപ്പോൾ ആത്മികമായി പൗലൊസിന്റെ മകനാണ്.

പൗലൊസിന്റെ തടവറയിലെ ബന്ധനം സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായതിന്റെ തെളിവാണ് ഫിലേമോന്റെ ലേഖനത്തിൽ ഒനേസിമൊസിന്റെ വീണ്ടും ജനനം. തന്റെ ബന്ധനം സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായി എന്നു ഫിലിപ്പിയ വിശ്വാസികളോടു പറഞ്ഞിട്ടുണ്ട്. *"സഹോദരന്മാരേ, എനിക്കു ഭവിച്ചതു സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായിത്തീർന്നു എന്നു നിങ്ങൾ അറിവാൻ ഞാൻ ഇച്ഛിക്കുന്നു. എന്റെ ബന്ധനങ്ങൾ ക്രിസ്തു നിമിത്തമാകുന്നു എന്നു അകമ്പടി പട്ടാളത്തിൽ ഒക്കെയും ശേഷം എല്ലാവർക്കും തെളിവായി വരികയും സഹോദരന്മാർ മിക്കപേരും എന്റെ ബന്ധനങ്ങളാൽ കർത്താവിൽ ധൈര്യം പൂണ്ടു ദൈവത്തിന്റെ വചനം ഭയം കൂടാതെ പ്രസ്താവിപ്പാൻ അധികം തുനിയുകയും ചെയ്തിരിക്കുന്നു"* (ഫിലി.1:12-14).

ദൈവവേലയിലായിരിക്കുന്ന ദൈവത്തിന്റെ ദാസന്മാരെ ലോകക്കാർക്കും ഭരണാധികാരികൾക്കും ചങ്ങലയാൽ ബന്ധിക്കാം. എന്നാൽ ദൈവവചനത്തെയോ സുവിശേഷത്തെയോ ആർക്കും ബന്ധിക്കുവാൻ സാധിക്കുകയില്ല. തടവറയിലെ ഇടുങ്ങിയ സാഹചര്യം, ബന്ധനം, കഷ്ടത, തന്റെ പ്രായം എന്നിവയൊന്നും പൗലൊസിന്റെ ക്രിസ്തുവിനോടുള്ള സ്നേഹത്തെയും സന്തോഷത്തെയും ഇല്ലാതാക്കുന്ന ഘടകങ്ങളല്ലായിരുന്നു. ഏതു വിധവും എങ്ങനെയും ആത്മാക്കളെ രക്ഷിക്കുക എന്നതായിരുന്നു തന്റെ ചിന്ത. സുവിശേഷം അറിയിക്കുന്നതിൽ പൗലൊസിന്റെ ആഗ്രഹവും നിശ്ചയവും നമുക്കും പിൻപറ്റുവാൻ നല്ല മാതൃകയാണ്. കഷ്തടയും പ്രതിസന്ധികളും നമ്മുടെ ജീവിതത്തിലുമുണ്ടാകാം. എന്നാൽ അവയൊക്കെ നമ്മെ തളർത്തിക്കളയുവാൻ അനുവദിക്ക

രുത്. നമ്മുടെ കഷ്ടങ്ങളും ഭാരങ്ങളും കർത്താവിൽ ഏല്പിച്ചിട്ടു നാശത്തിലേക്കു സഞ്ചരിക്കുന്ന അനേകരെ രക്ഷയിലേക്കു നയിക്കേണ്ട ചുമതലയിലും പ്രവർത്തനത്തിലും നാം വർദ്ധിച്ചു വരണം.

തടവറയിൽ വെച്ചു സുവിശേഷം അറിയിച്ചു രക്ഷയിലേക്കു നയിച്ചതുമാത്രമല്ല തുടർന്നു ഒനേസിമൊസ് ക്രിസ്തുവിൽ നിലനില്ക്കുവാനുള്ള കാര്യവും പൗലൊസ് ശ്രദ്ധിക്കുന്നു. താൻ തടവറയിലായിരിക്കുന്നതിനാൽ വചനത്തിൽ വളർത്തിയെടുക്കുവാൻ ഏറെ പരിമിതികളുണ്ട്. ഒനേസിമൊസ് ഇപ്പോൾ ജനിച്ച ശിശു എന്ന കാരണത്താൽ ആത്മികമായി വളർത്തിയെടുക്കേണ്ട ആവശ്യത്തെക്കുറിച്ചും ചിന്തിക്കുന്നു. അതിനായി തനിക്കു ഒനേസിമൊസിനെയും കൊണ്ടു ഫിലേമോന്റെ അടുക്കലേക്കു പോകുവാനോ മറ്റാരുടെയെങ്കിലും മേൽനോട്ടത്തിലാക്കുവാനോ തന്റെ തടവറയിലെ ബന്ധനം അനുവദിക്കുന്നില്ല.

പൗലൊസിനു ഒനേസിമൊസ് പ്രിയമകനായിത്തീർന്നതിനാൽ ഫിലേമോനും പ്രിയമുള്ളവനായിത്തീരുവാൻ പൗലൊസ് ആഗ്രഹിക്കുന്നു. ഇവിടെയും ആത്മികമായി നമുക്കു ഒരു പാഠം ലഭിക്കുന്നു. കേവലം രക്ഷയുടെ സന്ദേശം കൊടുക്കുക മാത്രമല്ല അവരുടെ വളർച്ചയെക്കുറിച്ചും ചിന്തിക്കണം. അതായത് മറ്റുള്ളവരോടു സുവിശേഷം അറിയിക്കുകയും അവരെ രക്ഷയിലേക്കു നയിക്കുകയും ചെയ്യുമ്പോൾത്തന്നെ അവരെ ക്രിസ്തുവിൽ വളർത്തിയെടുക്കുവാനുള്ള ഉത്തരവാദിത്തവും നമുക്കുണ്ട്. അതുകൊണ്ടാണ് ഒനേസിമൊസിനുവേണ്ടി ഫിലേമോനോടു പൗലൊസ് അപേക്ഷിക്കുന്നത്.

———————————————————

## ഒനേസിമൊസ് പ്രയോജനമുള്ളവൻ

**ഫിലേ.11 — അവൻ മുമ്പെ നിനക്കു പ്രയോജനമില്ലാത്തവൻ ആയിരുന്നു; ഇപ്പോൾ നിനക്കും എനിക്കും നല്ല പ്രയോജനമുള്ളവൻ തന്നേ** (who once was unprofitable to you, but now is profitable to you and to me) —

ഫിലേമോന്റെ ഭവനത്തിലെ അടിമയായ ഒനേസിമൊസ് എന്തോ കാരണത്താൽ യജമാനനെ ധിക്കരിച്ചു റോമിലേക്കു ഒളിച്ചോടി. എങ്ങനെയോ പൗലൊസിന്റെ തടവറയ്ക്കു സമീപം എത്തിച്ചേർന്ന ഒനേസിമൊസിനെ ക്രിസ്തുവിന്റെ രക്ഷണ്യകൃപയിലേക്കു പൗലൊസ് വഴിനടത്തി. രക്ഷിക്കപ്പെട്ടത് അടിമയെങ്കിലും ഇപ്പോൾ ഒനേസിമൊസ് പൗലൊസിന്റെ ആത്മിക മകനാണ്. ഓടിപ്പോയവൻ, ഉപേക്ഷിക്കപ്പെട്ടവൻ, യജമാനനോടു നന്ദിയും കൂറുമില്ലാത്തവൻ, അനാഥൻ, വിലയില്ലാത്ത അടിമ എന്നൊക്കെ ഒനേസിമൊസിനെ വിളിക്കാമെങ്കിലും ഇപ്പോൾ ക്രിസ്തുവിലുള്ള അവന്റെ വീണ്ടും ജനനം അവനെ ഒരു പുതിയ സൃഷ്ടിയാക്കിയിരിക്കയാണ്. പൗലൊസ് ബന്ധിതനായി തടവിൽ കിടക്കുന്നവനെങ്കിലും സുവിശേഷത്തിനും ദൈവവചനത്തിനും ബന്ധനം ഇല്ലാത്തതിനാൽ ക്രിസ്തുവിന്റെ സ്നേഹം അനുഭവിച്ച ഒനേസിമൊസ് എന്ന അടിമ ദൈവമകനും, പൗലൊസിന്റെ മകനും, സ്വർഗ്ഗീയാനുഗ്രഹങ്ങൾക്കു കൂട്ടവകാശിയും സകലർക്കും പ്രയോജനമുള്ളവനും ആയിത്തീർന്നിരിക്കുന്നു.

ക്രിസ്തുവിലൂടെ വീണ്ടും ജനനം പ്രാപിച്ച അടിമയായിരുന്ന ഒനേസിമൊസിനെക്കുറിച്ചു അവന്റെ യജമാനനായ ഫിലേമോനോടു പൗലൊസ് സാക്ഷ്യപ്പെടുത്തുന്നത് — *"അവൻ മുമ്പേ നിനക്കു പ്രയോജനമില്ലാത്തവൻ ആയിരുന്നു; ഇപ്പോൾ നിനക്കും എനിക്കും നല്ല പ്രയോജനമുള്ളവൻ തന്നേ"* (11) എന്നാണ്. മുമ്പേ അടിമ ഇപ്പോൾ മകൻ, മുമ്പേ പ്രയോജനമില്ലാത്തവൻ ഇപ്പോൾ പ്രയോജനമുള്ളവൻ. സുവിശേഷത്തിന്റെയും വീണ്ടും ജനനത്തിന്റെയും രൂപാന്തരശക്തി എത്രയോ ധന്യമായത്. ഈ സന്ദേശം വെളിപ്പെടുത്തുന്ന ചില വ്യക്തികളെ നമുക്കു തിരുവചനത്തിലൂടെ പരിചയപ്പെടാം.

(1) അശുദ്ധാത്മാവു ബാധിച്ച ഒരു മനുഷ്യനെ യേശു ഗദരദേശത്തു വെച്ചു സൗഖ്യമാക്കി. ഭൂതങ്ങൾ വിട്ടുപോയ ആ മനുഷ്യൻ പിന്നീട് കർത്താവായ യേശുവിനെ അനുഗമിച്ചു (മർക്കോ.5:15).

(2) അഞ്ചു ഭർത്താക്കന്മാരുണ്ടായിരുന്ന ശമര്യസ്ത്രീ തന്നോടു സംസാരിക്കുന്ന യേശു മശിഹായാണെന്നു മനസ്സിലാക്കിയപ്പോൾ താൻ മനസ്സിലാക്കിയ സത്യം മറ്റുള്ളവരെ അറിയിക്കാൻ തിടുക്കത്തിൽ പട്ടണത്തിലേക്കു ഓടിപ്പോയി. തന്റെ ദേശവാസികളെ കർത്താവിന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടുവന്നു (യോഹ.4:17-30).

(3) ഒരു സാധാരണ മുക്കുവനായ പത്രോസ് കർത്താവിന്റെ കരങ്ങളിൽ ഒരു ഇണങ്ങിയ ഉപകരണമായി രൂപാന്തരപ്പെടുന്നു. ജീവനുള്ള മത്സ്യത്തെ പിടിച്ച് കരയിലെത്തുമ്പോൾ അവയുടെ ജീവൻ നഷ്ടപ്പെടുകയാണു സംഭവിച്ചിരുന്നത്. എന്നാൽ ക്രിസ്തുവിന്റെ കരങ്ങളിൽ തന്നെത്തന്നെ സമർപ്പിച്ചപ്പോൾ അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന ആയിരക്കണക്കിനു മനുഷ്യർക്കു ക്രിസ്തുവിലൂടെ നിത്യജീവൻ നല്കുവാൻ പത്രോസിനു ദൈവകൃപ ലഭിച്ചു. സുവിശേഷമാകുന്ന ജീവനുള്ള വചനത്താൽ അവർ ജീവൻ പ്രാപിച്ചു ദൈവസഭയുടെ അംഗങ്ങളായിത്തീർന്നു (അപ്പോ.2:38-42).

(4) കർത്താവിന്റെ സഭയെ ഉപദ്രവിച്ചിരുന്ന ശൗൽ കർത്താവിന്റെ ദർശനം ലഭിച്ചതിനാൽ കർത്താവിന്റെ ഒരുത്തമ ശിഷ്യനായ പൗലോസായിത്തീർന്നു. സഭകളുടെയും വിശ്വാസികളുടെയും ഉറ്റ മിത്രമായിത്തീർന്നു (അപ്പോ.9:1-18).

(5) ഫിലിപ്പിയിലെ കാരാഗൃഹ പ്രമാണി പൗലോസിന്റെ സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ടു. അതോടെ അദ്ദേഹം ഒരു ക്രിസ്തുഭക്തനായി മാറി (അപ്പോ.16:24-33).

ഒനേസിമൊസ് എന്ന പേരിന് പ്രയോജനമുള്ളവൻ (Profitable/ Serviceable/Useful) എന്നാണർത്ഥം. രക്ഷിക്കപ്പെട്ടശേഷമാണ് യഥാർത്ഥത്തിൽ അവന്റെ പേരിന്റെ അർത്ഥവും പ്രസക്തിയും ജീവിതത്തിൽ വെളിപ്പെടുന്നത്. ഫിലേമോന്റെ വീട്ടിലും അതിനുശേഷം ഒളിച്ചോടിപ്പോയപ്പോഴും ഫിലേമോനെ സംബന്ധിച്ചു അവൻ പ്രയോജനമില്ലാത്തവനും അനുസരണമില്ലാത്തവനുമായിരുന്നു. എന്നാൽ ഇപ്പോൾ പൗലൊസിനു മാത്രമല്ല ഫിലേമോനും പ്രയോജനമുള്ളവനായിത്തീരുന്നു. പൗലൊസ്

തടവറയിലായിരുന്നപ്പോൾ ഒനേസിമൊസ് പൗലൊസിനെ ശുശ്രൂഷിക്കുകയും സഹായിക്കുകയും ചെയ്തു കാണും. സുവിശേഷത്തിലൂടെ അവനിൽ വന്ന മാറ്റം പൗലൊസിന്റെ ഹൃദയം തണുപ്പിച്ചു. അവന്റെ സേവനം പൗലൊസിനു ആശ്വാസമായി. അതു *"മാനസാന്തരത്തിന്നു യോഗ്യമായ ഫലം കായ്പിൻ"* (മത്താ.3:8) എന്ന വചനപ്രകാരം ഒനേസിമൊസിന്റെ തടവറയിലെ സേവനം മാനസാന്തരത്തിനു തെളിവായി പൗലൊസ് എണ്ണുന്നു. ഫിലേമോനെ സംബന്ധിച്ചു ഓടിപ്പോയ അടിമയെന്ന നിലയിൽ നഷ്ടം വരുത്തിയവനും പ്രയോജനമില്ലാത്തവനായിരുന്നു. എന്നാൽ വീണ്ടും ജനനം പ്രാപിച്ച ഒനേസിമൊസ് ആത്മികവും ശാരീരികവുമായി പൗലൊസിനു പ്രയോജനമുള്ളവനായിത്തീർന്നു. ഇനി അവൻ തന്റെ യജമാനനായ ഫിലേമോനും പ്രയോജനമുള്ളവനായിരിക്കും എന്നു പൗലൊസ് വിശ്വസിക്കുന്നു. ഒനേസിമൊസ് ദൈവമകൻ എന്ന നിലയിൽ ക്രിസ്തുവിലൂടെ ആർജ്ജിക്കപ്പെട്ട സ്വഭാവസവിശേഷതയുടെ ബഹിർഗമനം പൗലൊസിനു മാത്രമല്ല ഫിലേമോനും ലഭിക്കും എന്നു പൗലൊസ് സാക്ഷ്യപ്പെടുത്തുന്നു.

അടിമ യജമാനനെ അനുസരിച്ചു കല്പനകൾ അനുസരിച്ചു ആശ്രിതനായി ജീവിക്കേണ്ടവനാണ്. എന്നാൽ ഒനേസിമൊസ് യജമാനനായ ഫിലേമോന്റെ ഭവനത്തിൽ നിന്നും ഒളിച്ചോടുന്നു. അവിടെ നിന്നും ഏതെങ്കിലും അപഹരിച്ചുകൊണ്ടാണോ ഓടിപ്പോയതെന്നും എത്രമാത്രം കഷ്ടവും, നഷ്ടവും, പ്രയാസവും അവൻമൂലം ഉണ്ടായിയെന്നും നമുക്കറിവില്ല. എന്നാൽ പൗലൊസ് പറയുന്നത് അവൻ മുമ്പേ നിനക്കു പ്രയോജനമില്ലാത്തവൻ എന്നാണ്. ക്രിസ്തുവിൽ വിശ്വസിച്ചു ഒനേസിമൊസ് രക്ഷിക്കപ്പെട്ടതിനാൽ ഇനി അപ്രകാരം പാപത്തിന്റെ പ്രവൃത്തിയും വിദ്വേഷവും അവനിൽ നിന്നു ഉണ്ടാകുകയില്ലെന്നു പൗലൊസ് വിശ്വസിക്കുന്നു. അതുകൊണ്ടാണ് *"ഇപ്പോൾ നിനക്കും എനിക്കും പ്രയോജനമുള്ളവൻ"* (ഫിലേ.11) എന്നു പൗലൊസ് സാക്ഷ്യപ്പെടുത്തുന്നത്. ഇപ്രകാരമുള്ള സാക്ഷ്യത്തിന്റെ അടിസ്ഥാനമെന്നത് രക്ഷിക്കപ്പെട്ടപ്പോൾ അഥവാ *"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു"* (2.കൊരി.5:17) എന്ന തിരുവചനത്താൽ തന്നെ. കർത്താവിൽ ശരണപ്പെട്ടു പാപങ്ങളേറ്റു പറഞ്ഞുപേക്ഷിക്കുമ്പോൾ മുൻകാലപാപങ്ങളും അതിക്രമങ്ങ

ളും ഇനി ഒരിക്കലും ഓർക്കാതെ കഴുകി ശുദ്ധമാക്കപ്പെടുന്നു. ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ ശുദ്ധീകരണവും വീണ്ടെടുപ്പും മാത്രമല്ല സകല ആത്മികാനുഗ്രഹങ്ങളാലും അഭിഷേകം ചെയ്യപ്പെടുന്നു. ഒനേസിമൊസ് ഇപ്പോൾ ദൈവപൈതൽ എന്ന നിലയിൽ അവന്റെ സകല മുൻപാപ ങ്ങളും അതിക്രമങ്ങളും ദൈവം ക്ഷമിച്ചിരിക്കുന്നു. അതുകൊണ്ടു അവ നെതിരേയുള്ള സകല തെറ്റുകളും ആരോപണങ്ങളും ഫിലേമോനും ക്ഷമി ക്കണമെന്നാണ് പൗലൊസ് ആഗ്രഹിക്കുന്നത്.

വിശ്വാസികളായ ദൈവമക്കൾ എവിടെയായിരുന്നാലും സക ലർക്കും അനുഗ്രഹവും, പ്രയോജനവും, ദൈവനാമമഹത്വത്തിനു കാര ണക്കാരും ആകണമെന്ന പാഠവും ഇവിടെ ലഭിക്കുന്നു. യജമാനന്മാർ വിശ്വാസികളോ അവിശ്വാസികളോ എന്ന വ്യത്യാസമില്ലാതെ ദൈവമക്ക ളുടെ സാന്നിദ്ധ്യം അവരായിരിക്കുന്നിടത്ത് അനുഗ്രഹകാരണമായിത്തീ രണം. ദൈവമക്കളുടെ സാന്നിദ്ധ്യം അനേകർക്കു അനുഗ്രഹവും പ്രയോ ജനവും ആയിരിക്കുന്ന അനേക ദൃഷ്ടാന്തങ്ങൾ തിരുവചനത്തിലുണ്ട്. അപ്പോൾത്തന്നെ ചിലരുടെ സാന്നിദ്ധ്യം ബഹുകഷ്ടങ്ങൾക്കും, ദുഃഖ ങ്ങൾക്കും, പ്രയോജനമില്ലായ്മക്കും മാത്രമല്ല ദൈവനാമത്തിനു അപമാനം വരുത്തുന്നതുമായ ദൃഷ്ടാന്തങ്ങളും തിരുവചനത്തിലുണ്ട്.

**ദൈവമക്കളുടെ സാന്നിദ്ധ്യം പ്രയോജനവും അനുഗ്രഹകാര ണവുമായവ —**

**(1) യോസേഫ് —**

യാക്കോബിന്റെ ഇഷ്ടഭാര്യയായ റാഹേലിന്റെ രണ്ടു പുത്രന്മാരിൽ മൂത്തവനായിരുന്നു യോസേഫ്. ഇളയവൻ ബന്യാമീന്റെ ജനനത്തെത്തു ടർന്നു റാഹേൽ മരിച്ചു (ഉല്പ.35:17,18). യോസേഫിനെ തന്റെ സഹോദ രങ്ങൾ യിശ്മായേല്യർക്കു വിറ്റു. അവരിൽ നിന്നു മിസ്രയീമിലെ ഫറ വോന്റെ ഒരു ഉദ്യോഗസ്ഥനായ പോത്തീഫറിനു യോസേഫിനെ ലഭിച്ചു (ഉല്പ.39:1). അവിടെ ഒരു അടിമയായി പോത്തീഫറിനെ സേവിച്ചു. അവന്റെ വിശ്വസ്തതയും സാമർത്ഥ്യവും നിമിത്തം ആ ഭവനത്തിന്റെ കാര്യസ്ഥ നായിത്തീർന്നു. തുടർന്നു പോത്തീഫറിന്റെ ഭാര്യയുടെ ഇംഗിതത്തിനു അടിമപ്പെടാതിരുന്ന യോസേഫ് കാരഗൃഹത്തിലടക്കപ്പെട്ടു (ഉല്പ.39:20). അവിടെയും യോസേഫിനു ദൈവകൃപ ലഭിച്ചു. യോസേഫിന്റെ വിശ്വ

സ്തതയും നല്ല സ്വഭാവവും കണ്ട കാരഗ്രഹപ്രമാണി യോസേഫ് തടവുകാരനെങ്കിലും കാരഗ്രഹത്തിലുള്ളവരുടെ മേൽ വിചാരകനാക്കി നിയമിച്ചു (ഉല്പ.39:22,23). ദൈവത്തോടു പറ്റിച്ചേർന്നു ജീവിച്ച യോസേഫ് സത്യസന്ധതയിലും നിർമ്മലതയിലും ജീവിതം നയിച്ചു. ഇതിനു തെളിവാണ് തിരുവചനം യോസേഫിനെക്കുറിച്ചു മൂന്നു പ്രാവശ്യം ആവർത്തിച്ചു പറയുന്ന സാക്ഷ്യം — *"യഹോവ യോസേഫിനോടു കൂടെ ഉണ്ടായിരുന്നു"* (ഉല്പ.39:2,21,23). ദൈവകൃപയാൽ കാരഗൃഹത്തിൽ നിന്നുയർത്തപ്പെട്ട യോസേഫ് പിന്നീട് മിസ്രയീമിന്റെ അധികാരിയിത്തീർന്നു. മിസ്രയീമിലെ ജ്ഞാനികൾക്കും മന്ത്രവാദികൾക്കും മറഞ്ഞിരുന്ന രാജാവിന്റെ സ്വപ്നം യോസേഫ് ദൈവിക ജ്ഞാനത്താൽ വ്യാഖ്യാനിച്ചപ്പോൾ രാജാവു യോസേഫിനെ അഭിനന്ദിച്ചു യോസേഫിന്റെ ദൈവത്തെ പുകഴ്ത്തി. *"ഫറവോൻ തന്റെ ഭൃത്യന്മാരോടു: ദൈവാത്മാവുള്ള ഈ മനുഷ്യനെപ്പോലെ ഒരുത്തനെ കണ്ടു കിട്ടുമോ എന്നു പറഞ്ഞു. പിന്നെ ഫറവോൻ യോസേഫിനോടു: ദൈവം ഇതൊക്കെയും നിനക്കു വെളിപ്പെടുത്തി തന്നതു കൊണ്ടു നിന്നെപ്പോലെ വിവേകവും ജ്ഞാനവുമുള്ളവൻ ഒരുത്തനുമില്ല."* (ഉല്പ.41:38,39). യോസേഫിന്റെ സാന്നിദ്ധ്യം സകലർക്കും അനുഗ്രഹകാരണമായിത്തീർന്നു. ഒടുവിൽ തന്റെ സ്നേഹനിധിയായ പിതാവിനും, തന്നെ 20 വെള്ളിക്കാശിനു യിശ്മായേല്യർക്കു വിറ്റുകളഞ്ഞ സഹോദരങ്ങൾക്കും, മിസ്രയീമിലെ സകല ജനങ്ങൾക്കും യോസേഫിന്റെ സാന്നിദ്ധ്യം അനുഗ്രഹവും പ്രയോജനവുമുള്ളതായി.

**(2) നയമാന്റെ വീട്ടിലെ അടിമ പെൺകുട്ടി —**

ആരാം രാജാവിന്റെ സേനാധിപതിയായ നയമാൻ ധീരനും, മഹാനും, മാന്യനും, പരാക്രമശാലിയും ആയിരുന്നെങ്കിലും ഒരു കുഷ്ഠരോഗിയായിരുന്നു (2.രാജാ.5:1). നയമാന്റെ വീട്ടിൽ അടിമയായി ജോലി ചെയ്തിരുന്ന ഒരു എബ്രായ പെൺകുട്ടിയുടെ സാന്നിദ്ധ്യം അവൾ പാർത്തിരുന്ന ഭവനത്തിനു അനുഗ്രഹവും പ്രയോജനവും ഉള്ളതായിത്തീർന്നു. ശമര്യയിലെ എലീശാപ്രവാചകന്റെ പ്രവർത്തനങ്ങളെക്കുറിച്ചു ഈ പെൺകുട്ടി കേട്ടിരുന്നു. തന്റെ യജമാനൻ കുഷ്ഠരോഗിയാണെന്ന വിവരമറിഞ്ഞ അവൾ നയമാന്റെ ഭാര്യയോടു പ്രവാചകനെക്കുറിച്ചു സാക്ഷ്യം പറഞ്ഞു. *"അവൾ തന്റെ യജമാനത്തിയോട് : യജമാനൻ ശമര്യയിലെ പ്രവാചകന്റെ അടുക്കൽ ഒന്നു ചെന്നെങ്കിൽ അവൻ അവന്റെ*

*കുഷ്ഠരോഗം മാറ്റിക്കൊടുക്കുമായിരുന്നു എന്നു പറഞ്ഞു"* (2.രാജാ.5:3). എലീശാപ്രവാചകന്റെ അടുക്കലേക്കു പോയ നയമാന്റെ കുഷ്ഠരോഗം പൂർണ്ണമായി സൗഖ്യമാകുകയും നയമാൻ യിസ്രായേലിന്റെ ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു (2.രാജാ.5:15). നയമാന്റെ വീട്ടിലെ അടിമ പെൺകുട്ടിയെക്കുറിച്ചു പിന്നീട് കൂടുതൽ ഒന്നും അറിയുന്നില്ല. ഏതായാലും ദൈവഭക്തയായ അടിമയായ പെൺകുട്ടിയുടെ സാന്നിദ്ധ്യം നയമാന്റെ വീട്ടിൽ അനുഗ്രഹവും സന്തോഷവും പ്രയോജനവും ഉണ്ടാകുവാൻ ഇടയാക്കി.333

ദൈവമക്കളുടെ സാന്നിദ്ധ്യം പ്രയോജനമില്ലാത്തതും ദൈവനാമത്തിനു അപമാനം വരുത്തിയതുമായ ദൃഷ്ടാന്തങ്ങൾ —

**(1) മിര്യാം —**

മിര്യാം ലേവ്യനായ അമ്രാമിന്റെയും യോഖെബേദിന്റെയും പുത്രിയും അഹരോന്റെയും മോശെയുടെയും മൂത്തസഹോദരിയും ആയിരുന്നു (പുറ.6:20/സംഖ്യാ.26:59). മോശെയുടെ ഭാര്യ സിപ്പോറ ഒരു മിദ്യാന്യ സ്ത്രീയായിരുന്നു (പുറ.2:16). മോശെ കൂശ്യസ്ത്രീയെ വിവാഹം ചെയ്തിരുന്നതുകൊണ്ടു മിര്യാമും അഹരോനും മോശെക്കു വിരോധമായി സംസാരിച്ചു (സംഖ്യാ.12:1,2). മോശെ ഇത് കേട്ടിട്ട് പ്രതികരിക്കാതെ മൗനമായിരുന്നു. എന്നാൽ ദൈവം ഇക്കാര്യത്തിൽ ഇടപെട്ടു മോശെയെക്കുറിച്ചു നല്ല സാക്ഷ്യം പറകയും ചെയ്തു. *''മോശെ എന്ന പുരുഷനോ ഭൂതലത്തിൽ ഉള്ള സകല മനുഷ്യരിലും അതിസൗമ്യനായിരുന്നു"*(പുറ.12:3). സീനായിൽ നിന്നു പുറപ്പെട്ട യിസ്രായേൽ ജനം പാറാൻ മരുഭൂമിയുടെ തെക്കുഭാഗത്തുള്ള ഹസേരോത്തിൽ എത്തി (സംഖ്യാ.11:35). അവിടെ വെച്ചു അഹരോനും മിര്യാമും മോശെയുടെ അധികാരത്തിനെതിരേ മത്സരിച്ചു പിറുപിറുത്തു (സംഖ്യാ.12:1,2). യഹോവയുടെ കോപം അവരുടെ മേൽ ജ്വലിച്ചു. തുടർന്നു മിര്യാം ഹിമംപോലെ വെളുത്തു കുഷ്ഠരോഗിണിയായി. കുഷ്ഠരോഗിയെന്നു കണ്ടാൽ ഏഴുദിവസം പാളയത്തിനു പുറത്തു പാർപ്പിക്കണമെന്ന നിയമപ്രകാരം (ലേവ്യ.13:4,5,21,26) മിര്യാമിനെ പാളയത്തിനു പുറത്തു പാർപ്പിച്ചു. *"ഇങ്ങനെ മിര്യാമിനെ ഏഴു ദിവസം പാളയത്തിന്നു പുറത്തു ആക്കി അടെച്ചിട്ടു; അവളെ വീണ്ടും അംഗീകരിച്ചതു വരെ ജനം യാത്ര ചെയ്യാതിരുന്നു"* (സംഖ്യാ.12:15). അതായത് മിര്യാ

മിന്റെ പാപത്താൽ യിസ്രായേൽ ജനമൊന്നാകെ ഏഴുദിവസത്തേക്കു വാഗ്ദത്തദേശമായ കനാനിലേക്കുള്ള യാത്ര തുടരുവാനാകാതെ കഴി യേണ്ടി വന്നു.

**(2) ആഖാൻ —**

ദൈവം യെരിഹോമതിൽ അത്ഭുതകരമായി ഇടിച്ചു തകർത്തു തന്റെ ജനമായ യിസ്രായേലിനു വിജയം നൽകി (യോശു.6:20). എന്നാൽ ചെറിയ പട്ടണമായ "ഹായി" യിൽ അവർ തോറ്റു (യോശു.7:4). ആഖാന്റെ സ്വർണ്ണത്തോടും വെള്ളിയോടുമുള്ള അത്യാഗ്രഹമായിരുന്നു അതിന്റെ കാരണം. അവ ആഖാൻ മോഹിച്ചെടുത്തു തന്റെ കൂടാരത്തിൽ നിലത്തു കുഴിച്ചിട്ടു. ആഖാനെയും വെള്ളി, മേലങ്കി, പൊൻകട്ടി, അവന്റെ പുത്ര ന്മാർ, പുത്രിമാർ, അവന്റെ കാള, കഴുത, ആട്, കൂടാരം ഇങ്ങനെ അവ നെയും അവനുള്ളതു സകലതുമായി ആഖോർ താഴ്വരയിൽ കൊണ്ടു പോയി കല്ലെറിഞ്ഞു തീയിൽ ഇട്ടു ചുട്ടുകളഞ്ഞു (യോശു.7:24-26). *"സേര ഹിന്റെ മകനായ ആഖാൻ ശപഥാർപ്പിതവസ്തു സംബന്ധിച്ചു ഒരു കുറ്റം ചെയ്കയാൽ കോപം യിസ്രായേലിന്റെ സർവ്വസഭയുടെയും മേൽ വീണി ല്ലയോ? അവൻ മാത്രമല്ലല്ലോ അവന്റെ അകൃത്യത്താൽ നശിച്ചത്"* (യോശു.22:20). ആഖാൻ എന്ന ഒരാൾ ചെയ്ത പാപം യിസ്രായേൽ ജനം മുഴുവനായി പാപം ചെയ്ത നിലയിൽ ദൈവം കണക്കാക്കി. ആഖാന്റെ സാന്നിദ്ധ്യം യോശുവയ്ക്കും യിസ്രായേലിനും തോൽവിക്കു കാരണമായി.

**(3) യോനാപ്രവാചകൻ —**

ദൈവവിളിയും ദൈവകല്പനയും കേട്ട യോനാ നീനെവേ ക്കുപകരം തർശീശിലേക്കു ഓടിപ്പോയി. തർശീശിലേക്കു പോകുന്ന കപ്പൽ കണ്ടു കൂലി കൊടുത്തു തന്റെ യാത്ര ഉറപ്പാക്കി. കൊടുത്ത കൂലി അഥവാ വില കപ്പലിൽ സുഖമായി യാത്രചെയ്യുവാനുള്ള അനുമതിയായിരുന്നു. എന്നാൽ ദൈവത്തിൽ നിന്നു ഓടിപ്പോന്നതിന് തനിക്കും കൂടെ സഞ്ചരി ച്ചവർക്കും പിന്നീട് ഒരു വലിയ വില കൊടുക്കേണ്ടി വന്നു. യോനാ സഞ്ച രിച്ച കപ്പലിലുള്ളവരുടെ സാധനങ്ങളും സമുദ്രത്തിലേക്ക് എറിയേണ്ടി വന്നു (യോനാ.1:5). യോനായുടെ അനുസരണക്കേടിനാൽ യോനെക്കു മാത്രമല്ല ദൈവത്തെ അറിയാത്ത ജാതികളും യ്ത്രക്കാരായ നിരപരാധി

കളായവരും അതിന്റെ പ്രയാസം അനുഭവിക്കുവാനിടയാകുന്നു. ദൈവ കല്പന നിസ്സാരമാക്കി ദൈവസന്നിധിയിൽ നിന്നു അകലേയ്ക്കു ഓടുന്നവർ  അവർക്കു മാത്രമല്ല മറ്റു വിശ്വാസികൾക്കും, സഭെക്കും, ലോകക്കാർക്കും അസമാധാനവും കഷ്ടനഷ്ടങ്ങളും വിതക്കുന്നവരായിരിക്കും എന്നു യോനായുടെ പ്രവർത്തനത്തിലൂടെ വെളിപ്പെടുന്നു.

വിശ്വാസികളായ ദൈവമക്കൾ എവിടെയായിരുന്നാലും സകലർക്കും അനുഗ്രഹവും, പ്രയോജനവും, ദൈവനാമമഹത്വത്തിനു കാരണക്കാരും ആകണം. യോസേഫിനെപ്പോലെയും, നയമാന്റെവീട്ടിലെ അടിമപെൺകുട്ടിയെപ്പോലെയും ദൈവമക്കളുടെ സാന്നിദ്ധ്യം അവരായിരിക്കുന്നിടത്ത് അനുഗ്രഹകാരണമായിത്തീരണം. മോശെയുടെ സഹോദരിയായ മിര്യാമിനെപ്പോലെയും, യോശുവയോടൊപ്പം പ്രവർത്തിച്ച ആഖാനെപ്പോലെയും, ദൈവവിളി അനുസരിക്കാതെ ഓടിപ്പോയ യോനാ പ്രവാചകനെപ്പോലെയും ദൈവമക്കളുടെ സാന്നിദ്ധ്യം ശുശ്രൂഷകൾക്കു ഭംഗവും ദൈവനാമത്തിനു അപമാനവും വരുത്തരുത്.

ഒനേസിമൊസ് അടിമയെങ്കിലും കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചതിനാൽ കൂട്ടു സഹോദരൻ എന്ന നിലയിലേക്കു ഉയർത്തപ്പെട്ടിരിക്കയാണ്. അക്കാരണത്താൽ ഒനേസിമൊസിനെ സ്വതന്ത്രനായി വിടുവാൻ ഫിലേമോനോടു ആവശ്യപ്പെടുന്നില്ല. കൂടാതെ റോമൻ ഭരണാധികാരികളുടെ അടിമത്വവ്യവസ്ഥിതികളെ എതിർക്കുകയോ അതിനെതിരായി പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. എന്നാൽ സുവിശേഷം നിമിത്തം യജമാനനും ദാസനും എന്ന ബന്ധത്തിൽ അവർ ക്രിസ്തുവിന്റെ പ്രമാണത്തിലേക്കു വന്നിരിക്കയാൽ അവരുടെ ബന്ധം സ്നേഹത്തിൽ അടിസ്ഥാനപ്പെടണമെന്നു പൗലൊസ് ആഗ്രഹിക്കുന്നു. ദാസന്മാരും യജമാനന്മാരും സഭാബന്ധത്തിൽ പാലിക്കേണ്ടതായ പ്രമാണങ്ങളെക്കുറിച്ചു കൊരിന്ത്യ, എഫെസ്യ, കൊലൊസ്യ ലേഖനങ്ങളിൽ പൗലൊസ് വ്യക്തമാക്കിയിട്ടുണ്ട്.

1.കൊരി.7:20-24 — *"ഓരോരുത്തൻ വിളിക്കപ്പെട്ട സ്ഥിതിയിൽ തന്നേ വസിച്ചുകൊള്ളട്ടെ. നീ ദാസനായി വിളിക്കപ്പെട്ടുവോ? വ്യസനിക്കരുതു. സ്വതന്ത്രൻ ആകുവാൻ കഴിയുമെങ്കിലും അതിൽ തന്നേ ഇരുന്നുകൊൾക. ദാസനായി കർത്താവിൽ വിളിക്കപ്പെട്ടവൻ കർത്താവിൽ*

*സ്വതന്ത്രൻ ആകുന്നു. അങ്ങനെ തന്നേ സ്വതന്ത്രനായി വിളിക്കപ്പെട്ടവൻ ക്രിസ്തുവിന്റെ ദാസനാകുന്നു. നിങ്ങളെ വിലെക്കു വാങ്ങിയിരിക്കുന്നു; മനുഷ്യർക്കു ദാസന്മാരാകരുതു. സഹോദരന്മാരേ, ഓരോരുത്തൻ വിളി ക്കപ്പെട്ട സ്ഥിതിയിൽ തന്നേ ദൈവസന്നിധിയിൽ വസിക്കട്ടെ."*

എഫെ.6:5-9 —*"ദാസന്മാരേ, ജഡപ്രകാരം യജമാനന്മാരായവരെ ക്രിസ്തുവിനെപ്പോലെ തന്നേ ഹൃദയത്തിന്റെ ഏകാഗ്രതയിൽ ഭയത്തോടും വിറയലോടും കൂടെ അനുസരിപ്പിൻ. മനുഷ്യരെ പ്രസാദിപ്പിക്കുന്ന വരെപ്പോലെ ദൃഷ്ടിസേവയാൽ അല്ല, ക്രിസ്തുവിന്റെ ദാസന്മാരെപ്പോലെ ദൈവേഷ്ടം മനസ്സോടെ ചെയ്തും മനുഷ്യരെയല്ല കർത്താവിനെ തന്നേ പ്രീതിയോടെ സേവിച്ചും കൊണ്ടു അനുസരിപ്പിൻ. ദാസനോ സ്വതന്ത്രനോ ഓരോരുത്തൻ ചെയ്യുന്ന നന്മെക്കു കർത്താവിൽ നിന്നു പ്രതിഫലം പ്രാപിക്കും എന്നു നിങ്ങൾ അറിയുന്നുവല്ലോ. യജമാനന്മാ രേ, അവരുടെയും നിങ്ങളുടെയും യജമാനൻ സ്വർഗ്ഗത്തിൽ ഉണ്ടെന്നും അറിഞ്ഞുകൊണ്ടു അങ്ങനെ തന്നേ അവരോടു പെരുമാറുകയും ഭീഷ ണിവാക്കു ഒഴിക്കയും ചെയ്വിൻ."*

കൊലൊ.3:22-4:1— *"ദാസന്മാരേ, ജഡപ്രകാരമുള്ള യജമാനന്മാരെ സകലത്തിലും അനുസരിപ്പിൻ; മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെപ്പോലെ ദൃഷ്ടിസേവയാലല്ല കർത്താവിനെ ഭയപ്പെട്ടുകൊണ്ടു ഹൃദയത്തിന്റെ ഏകാ ഗ്രതയോടെ അത്രേ അനുസരിക്കേണ്ടതു. നിങ്ങൾ ചെയ്യുന്നതു ഒക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന്നു എന്നപോലെ മനസ്സോടെ ചെയ്വിൻ. അവകാശമെന്ന പ്രതിഫലം കർത്താവു തരും എന്നറിഞ്ഞു കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ. അന്യായം ചെയ്യുന്നവൻ താൻ ചെയ്ത അന്യാ യത്തിന്നു ഒത്തതു പ്രാപിക്കും; മുഖപക്ഷം ഇല്ല. യജമാനന്മാരേ, നിങ്ങൾക്കും സ്വർഗ്ഗത്തിൽ യജമാനൻ ഉണ്ടു എന്നറിഞ്ഞു ദാസന്മാരോടു നീതിയും ന്യായവും ആചരിപ്പിൻ "*

ഒന്നാം നൂറ്റാണ്ടിൽ സഭയുടെ ആരംഭകാലങ്ങളിൽ അടിമത്വം നില നിന്നിരുന്നു. സമ്പന്നവർഗ്ഗം അടിമകളോടു ക്രൂരമായി പെരുമാറിയിരു ന്നു. അവർക്കു സ്വാതന്ത്ര്യമോ അവകാശങ്ങളോ നല്കിയിരുന്നില്ല. കേവലം ക്രയവിക്രയ സാധനങ്ങളായി അവരോടു പെരുമാറിയിരുന്നു. എന്നാൽ സുവിശേഷം കേട്ട അനേകം അടിമകൾ കർത്താവിനെ രക്ഷി

താവായി സ്വീകരിച്ചു സഭയോടു ചേർന്നു. അവർ വിശ്വാസികളും ക്രമേണ സഭാമൂപ്പന്മാരായും ശുശ്രൂഷകന്മാരുമായി സഭാനേതൃത്വത്തിലേക്കു വരുവാനിടയായി. ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടതിനാൽ ദാസനും യജമാനനും എന്ന നിലയിൽ നിന്നു മാറ്റം വന്നു സഹോദരന്മാരായി ത്തീർന്നു. ഇങ്ങനെ ക്രിസ്തുവിലൂടെ ലഭിച്ച സ്വാതന്ത്ര്യവും സഭയിലെ സ്ഥാനമാനങ്ങളും നിമിത്തം പലരും തങ്ങളുടെ യജമാനന്മാരെ അനുസരിക്കാതെ വന്നു. അതുപോലെ യജമാനന്മാർ തങ്ങളുടെ പരിപാലനത്തിലുള്ള വിശ്വാസികളോട് മുൻഅടിമയെന്ന നിലയിൽ പെരുമാറുകയും ചെയ്തു. ക്രിസ്തുവിൽ ഒന്നായി തീർന്ന ദാസന്മാരും യജമാനന്മാരും അവർക്കു ലഭിച്ച സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യാതെ അന്യോന്യം ബഹുമാനിച്ചും കീഴ്പ്പെട്ടും ക്രിസ്തീയ സ്നേഹത്തിൽ വർദ്ധിച്ചു വരണമെന്നു പൗലൊസു പ്രബോധിപ്പിക്കുന്നു. യജമാനന്റെ സാന്നിദ്ധ്യത്തിൽ മാത്രം ജോലി നന്നായി ചെയ്യുകയും അല്ലാത്തപ്പോൾ അലസന്മാരായി പ്രവർത്തിക്കുവാനും പാടില്ല. നാം ചെയ്യുന്ന ഏതു ശുശ്രൂഷയും കർത്താവിനു വേണ്ടി ചെയ്യുന്നതാണെന്ന മനോഭാവം വിശ്വാസികൾക്കുണ്ടായിരിക്കണം. അങ്ങനെ പ്രവർത്തിക്കുന്ന വിശ്വാസികളുടെ സാന്നിദ്ധ്യമുള്ള പ്രസ്ഥാനങ്ങൾ അനുഗ്രഹിക്കപ്പെടുകയും ദൈവനാമ മഹത്വത്തിനു കാരണമായും ഭവിക്കും.

*"അവൻ മുമ്പെ നിനക്കു പ്രയോജനമില്ലാത്തവൻ ആയിരുന്നു; ഇപ്പോൾ നിനക്കും എനിക്കും നല്ല പ്രയോജനമുള്ളവൻ തന്നേ"* (ഫിലേ.11) എന്നു പൗലൊസ് ഒനേസിമൊസിന്റെ യജമാനനായ ഫിലേമോനോടു സാക്ഷ്യപ്പെടുത്തുന്നു. നമ്മുടെ ലോകജീവിതത്തിലും മറ്റുള്ളവരാൽ ബഹുമാനിക്കപ്പെടുവാനും ആദരിക്കപ്പെടുവാനും സാക്ഷ്യപ്പെടുത്തുവാനും ഉതകുന്ന സൽപ്രവൃത്തികൾ നമ്മിൽ നിന്നു പുറപ്പെടണം. കുടുംബത്തിൽ, സമൂഹത്തിൽ, സഭയിൽ, ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ, നാം നിത്യേന ഇടപെടുന്ന ഏവരിലും നമ്മുടെ സാന്നിദ്ധ്യം അവർക്കൊക്കെ പ്രയോജനമുള്ളതായിരിക്കണം. നമ്മുടെ സാന്നിദ്ധ്യം ആർക്കും വ്യസനകാരണമായിത്തീരരുത്. വിശ്വാസി എവിടെയും ഒരു അനുഗ്രഹകാരണമായിത്തീരണമെങ്കിൽ ദൈവത്തിലും ദൈവവചനത്തിലും ദൈവികപ്രമാണങ്ങളിലും അടിസ്ഥാനപ്പെട്ടു ജീവിക്കണം.

## ഒനേസിമൊസ് പ്രാണപ്രിയൻ

**ഫിലേ.12 — എനിക്കു പ്രാണപ്രിയനായ അവനെ ഞാൻ മടക്കി അയച്ചിരിക്കുന്നു** (I am sending him back. You therefore receive him, that is, my own heart) —

കൊലൊസ്സിപട്ടണത്തിലെ ഫിലേമോന്റെ അടിമകളിലൊരുവനായ ഒനേസിമൊസ് യജമാനനെ  അനുസരിക്കാതെ ദൂരദേശത്തേക്കു ഓടിപ്പോയി. റോമൻ നഗരത്തിലെത്തിച്ചേർന്ന ഒനേസിമൊസ് തടവറയിൽ ബന്ധിതനായ പൗലൊസിനെ കാണുവാൻ ഇടയായി. പൗലൊസിലൂടെ സുവിശേഷം അറിഞ്ഞ ഒനേസിമൊസ് രക്ഷിക്കപ്പെട്ടു ദൈവമകനായി ത്തീർന്നു. റോമൻ കാരഗൃഹത്തിന്റെ തടവറയിൽ വെച്ചു താൻ അറിയിച്ച സുവിശേഷത്താൽ രക്ഷിക്കപ്പെട്ടതിനാൽ ഒനേസിമൊസിനെക്കുറിച്ചു പൗലൊസ് വിശേഷിപ്പിക്കുന്നത് — “തടവിൽ ആയിരിക്കുമ്പോൾ ഞാൻ ജനിപ്പിച്ച എന്റെ മകനായ ഒനേസിമൊസ്”(ഫിലേ.10) എന്നാണ്. പാപങ്ങളേറ്റു പറഞ്ഞു കർത്താവിൽ വിശ്വസിച്ചതിനാൽ ഒനേസിമൊസ് ദൈവത്തിന്റെ മകനും, കൃപയാലുള്ള രക്ഷയിലേക്കു പൗലൊസിനാൽ നയിക്കപ്പെട്ടതിനാൽ പൗലൊസിന്റെ മകനും ആയിരിക്കുന്നു. ദൈവത്തിന്റെ മകൻ, പൗലൊസിന്റെ മകൻ എന്നതിനു പുറമേ ഇപ്പോൾ ഒനേസിമൊസിനെ ഇവിടെ വിശേഷിപ്പിക്കുന്നത് “എനിക്കു പ്രാണപ്രിയൻ” എന്നാണ്.

ക്രിസ്തുവിൽ പുതുസൃഷ്ടിയായിത്തീർന്ന ഒനേസിമൊസിനെ പൗലൊസ് തന്റെ പ്രാണനു തുല്യം സ്നേഹിക്കുന്നു. ലോകപ്രകാരമുള്ള ബന്ധങ്ങളും സ്നേഹങ്ങളും ഒക്കെ ഈ ഭൂമിയിൽ വെച്ചു തന്നെ നമ്മുടെ ആയുസ്സിന്റെ അന്ത്യത്തോടെ നീങ്ങിപ്പോകുന്നു. എന്നാൽ നിത്യതനിത്യതയോളം എക്കാലവും നീങ്ങിപ്പോകാത്ത ബന്ധമാണ് യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവമക്കളുടെ സ്നേഹവും കൂട്ടായ്മയും. ഇപ്രകാരമുള്ള ദൈവസ്നേഹത്തിൽ അടിസ്ഥാനപ്പെട്ട ബന്ധമായതിനാലാണ് ഒനേസിമൊസിനെ എന്റെ പ്രാണപ്രിയൻ എന്നു പൗലൊസ് വിശേഷിപ്പിക്കുന്നത്.

ഒനേസിമൊസിനെ മകനായും, സഹോദരനായും, പ്രാണപ്രിയനായും കരുതുമ്പോൾത്തന്നെ പൗലൊസ് അവനെ യജമാനനായ ഫിലേമോന്റെ അടുക്കലേക്കു മടക്കി അയക്കേണ്ട ആവശ്യകതയെക്കുറിച്ചും ചിന്തിക്കുന്നു. ഒനേസിമൊസ് രക്ഷിക്കപ്പെട്ടു പൗലൊസിനും ഫിലേമോനും സഹോദരനായിത്തീർന്നെങ്കിലും അവൻ ഫിലേമോന്റെ അടിമ എന്ന ലോകപ്രകാരമുള്ള ബന്ധം ഇല്ലാതാകുന്നില്ല. രക്ഷിക്കപ്പെടുമ്പോൾ കർത്താവു ഒരുവന്റെ പാപമെല്ലാം ക്ഷമിക്കുന്നു. ദാസനും സ്വതന്ത്രനും എന്ന വ്യത്യാസമില്ലാതെ ക്രിസ്തുയേശുവിൽ ഒന്നായിത്തീരുന്നു (ഗലാ.3:28). എന്നാൽ രക്ഷയുടെ അനുഭവത്തിൽ വരുന്നതിനു മുമ്പുള്ള വീഴ്ചകളും കുറ്റങ്ങളും ലോകക്കാർ മറക്കുവാനോ ക്ഷമിക്കുവാനോ കൂട്ടാക്കുകയില്ല. അക്കാരണത്താൽ ഒനേസിമൊസ് തന്റെ യജമാനനായ ഫിലേമോനുമായി നിരപ്പിന്റെ പാതയിൽ എത്തണമെന്നു പൗലൊസ് ആഗ്രഹിക്കുന്നു. അങ്ങനെയെങ്കിൽ ഒനേസിമൊസിനു ദൈവത്തോടു മാത്രമല്ല മനുഷ്യരോടും കുറ്റമില്ലാത്ത മനസ്സാക്ഷി ലഭ്യമാകുവാൻ ഇടയാകും.

കർത്താവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടാൽ ദൈവത്തോടു മാത്രമല്ല ലോകത്തോടും നല്ല സാക്ഷ്യം വഹിക്കേണ്ടതുണ്ട്. അതായത് രക്ഷിക്കപ്പെടുന്നതിനു മുമ്പു ഒരുവൻ തന്റെ മുൻകാല പാപജീവിതം വഴിയായി മറ്റുള്ളവർക്കു വരുത്തിവെച്ച ബാദ്ധ്യതകളും കടങ്ങളും മടക്കി നല്കേണ്ടതാണ്. കൂടാതെ വീഴ്ചവരുത്തിയ ഉത്തരവാദിത്തങ്ങൾ ക്രിസ്തുവിന്റെ സ്നേഹത്തിലും ദൈവവചനപ്രകാരവും സമാധാനത്തിലെത്തിക്കേണ്ട ചുമതലയും ഉണ്ട്. ഒരുവൻ രക്ഷിക്കപ്പെട്ടു എന്ന കാരണത്താൽ ലോകപ്രകാരമുള്ള കടങ്ങളും ബാദ്ധ്യതകളും ഒഴിവാക്കപ്പെടുകയില്ല. കർത്താവിൽ വിശ്വസിച്ച സക്കായിയുടെ മനോഭാവം രക്ഷിക്കപ്പെട്ട ദൈവമക്കളിൽ ഉണ്ടായിരിക്കണം. സക്കായിയുടെ പ്രസ്താവനയെ കർത്താവു അഭിനന്ദിക്കുകയും ചെയതു. ലൂക്കൊ.19:8 — *“സക്കായിയോ നിന്നു കർത്താവിനോടു: കർത്താവേ, എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ടു; വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ നാലുമടങ്ങു മടക്കിക്കൊടുക്കുന്നു എന്നു പറഞ്ഞു. യേശു അവനോടു: ഇവനും അബ്രഹാമിന്റെ മകൻ ആകയാൽ ഇന്നു ഈ വീട്ടിന്നു രക്ഷ വന്നു.”*

അടിമയായ ഒനേസിമൊസ് ഫിലേമോന്റെ വീടുവിട്ടോടിയത് യജമാനനോടുള്ള അനുസരണക്കേടാണ്. കൂടാതെ യജമാനന്റെ ഭവനത്തിൽ നിന്നു എന്തെങ്കിലും മോഷ്ടിച്ചുകൊണ്ടു പോയെങ്കിൽ അതും മടക്കി നല്കേണ്ടതുണ്ട്. തടവിലായിരിക്കുമ്പോൾ ഒനേസിമൊസിലൂടെ പൗലൊസിനു ലഭിച്ച ശുശ്രൂഷകൾ തനിക്കു സന്തോഷവും, ആശ്വാസവും, ഹൃദയത്തിനു തണുപ്പും നല്കുന്നതുമായിരുന്നു. തടവറയിലെ ഒനേസിമൊസിന്റെ സാന്നിദ്ധ്യം അവരുടെ ആത്മബന്ധത്തെ ശക്തീകരിച്ചു. ഇപ്പോൾ അടിമയായ ഒനേസിമൊസ് ശ്രേഷ്ഠ അപ്പൊസ്തലന്റെ പ്രാണപ്രിയനായിത്തീർന്നിരിക്കുന്നു. ആകയാൽ അവനെതിരേയുള്ള കുറ്റങ്ങളും തെറ്റുകളും ഫിലേമോൻ ക്ഷമിച്ചു അവനെ സന്തോഷത്തോടെ സ്വീകരിക്കുമെന്നു പൗലൊസ് പ്രത്യാശിക്കുന്നു.

ഒനേസിമൊസിനെ മടക്കി അയക്കുമ്പോൾ എന്റെ പ്രാണപ്രിയൻ എന്നു പൗലൊസ് വിശേഷിപ്പിക്കുവാൻ മറ്റൊരു കാരണം കൂടിയുണ്ട്. ഒനേസിമൊസിന്റെ പാപമെല്ലാം ദൈവം ക്ഷമിച്ചതിനാൽ ഫിലേമോനും അവനോടു ക്ഷമിക്കണമെന്നു പൗലൊസ് ആഗ്രഹിക്കുന്നതാണ് കാരണം. അവൻ രക്ഷിക്കപ്പെട്ടു ക്രിസ്തുവിൽ ഒരു പുതിയ മനുഷ്യനെങ്കിലും അവന്റെ രാജ്യത്തിലെ നിയമപ്രകാരം ഓടിപ്പോയ അടിമയെന്ന നിലയിൽ നിയമത്തിനു മുമ്പിൽ കുറ്റക്കാരനാണ്. ക്രിസ്തുവിന്റെ സ്നേഹവും മനസ്സലിവും ഫിലേമോൻ ഒനേസിമൊസിന്മേൽ കാണിച്ചില്ലെങ്കിൽ അവൻ കുറ്റക്കാരനെന്ന നിലയിൽ ലോകപ്രകാരം ശിക്ഷിക്കപ്പെടും. ആകയാൽ പൗലൊസിനോടുള്ള ഫിലേമോന്റെ സ്നേഹവും ആദരവും പൗലൊസിന്റെ പ്രാണപ്രിയനും അടിമയുമായ ഒനേസിമൊസിനോടും കാണിക്കണമെന്നു അപ്പൊസ്തലൻ ആഗ്രഹിക്കുന്നു.

റോമൻസാമ്രാജ്യത്തിൽ പുരാതനകാലത്ത് അടിമവ്യാപാരം നിയമപ്രകാരം അനുവദിച്ചിരുന്നു. സമ്പന്നരായ പലർക്കും ആയിരമായിരം അടിമകളുണ്ടായിരുന്നു. ജീവനില്ലാത്ത വസ്തുക്കളെപ്പോലെയോ മൃഗങ്ങളെപ്പോലെയോ അടിമകളെ കരുതിയിരുന്നു. ആടുമാടുകളെയും മൃഗങ്ങളെയും ചന്തയിൽ നിന്നു വാങ്ങുകയും വില്ക്കുകയും ചെയ്യുന്നതുപോലെ അടിമകളെയും ചന്തയിൽ ക്രയവിക്രയം ചെയ്തിരുന്നു. മനുഷ്യൻ എന്ന പരിഗണനപോലും ലഭിക്കാത്ത മൃഗതുല്യരായ അടിമകളെ രാജ്യത്തിലെ പൗരന്മാരായി കരുതിയിരുന്നില്ല. അടിമകളുടെമേൽ അവരുടെ യജ

മാനന്മാർക്കു എന്തും ചെയ്യുവാൻ പൂർണ്ണസ്വാതന്ത്ര്യം റോമൻ നിയമം അനുവദിച്ചിരുന്നു. ചെറിയ തെറ്റുകൾക്കുപോലും അടിമകളെ ക്രൂരമായി ശിക്ഷിക്കുകയും പലപ്പോഴും ക്രൂശിൽ തറച്ചു കൊല്ലുകയും പതിവായിരുന്നു. ഒരു സ്പടികപാത്രം കൈകളിൽ നിന്നു അബദ്ധവശാൽ വീണുടഞ്ഞതിനു അവന്റെ യജമാനൻ ക്രൂരമായി ശിക്ഷിച്ചശേഷം അവശനായ അടിമയെ ചീങ്കണ്ണികളുള്ള കുളത്തിലേക്കിട്ടു അവ പിച്ചിച്ചീന്തുന്നതു കണ്ടു രസിക്കുന്ന ഒരുവനെക്കുറിച്ചു ഒരു പുരാതന എഴുത്തുകാരൻ ചരിത്രത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഓടിപ്പോയ അടിമയെ സംബന്ധിച്ചു രണ്ടു കാര്യങ്ങളേ ജീവിതത്തിൽ പ്രതീക്ഷിക്കേണ്ടതുള്ളു. ഒന്നുകിൽ മരണംവരെ ഏതെങ്കിലും ഗുഹകളിലോ ഇരുട്ടറയിലോ ഒളിച്ചു കഴിയുക. അല്ലെങ്കിൽ യജമാനന്റെ നിർദ്ദേശപ്രകാരം റോമൻ പടയാളികളാൽ വേട്ടയാടപ്പെട്ടു അതിക്രൂരമായ മരണം വരിക്കുക. അടിമകളുടെ ബാഹുല്യത്താൽ അവരിൽ നിന്നു കലാപമുണ്ടാകുമെന്നു കരുതി അവരെ ശിക്ഷിക്കുവാനും അടിച്ചമർത്തുവാനും ശക്തമായ നിയമങ്ങളുണ്ടായിരുന്നു. ഓടിപ്പോകുന്ന അടിമകൾ കലാപകാരികളെന്ന നിലയിൽ പിടിക്കപ്പെട്ടാൽ ക്രൂരമായി ശിക്ഷിച്ചിരുന്നു. പലപ്പോഴും ക്രൂശിച്ചു കൊല്ലുകയായിരുന്നു പതിവ്. ഇല്ലെങ്കിൽ ഓടിപ്പോയി പിടിക്കപ്പെട്ടവൻ എന്നു കാണിക്കുവാൻ ഇരുമ്പുകമ്പി ചൂടാക്കി അടിമയുടെ നെറ്റിയിൽ 'എ' എന്ന അടയാളം (Fugitive = ഒളിച്ചോടി പിടിക്കപ്പെട്ടവൻ) ഇട്ടിരുന്നു.

ഒനേസിമൊസും ഓടിപ്പോയ അടിമ എന്ന നിലയിൽ നിയമപ്രകാരം ശിക്ഷ അനുഭവിക്കേണ്ടുന്നവനാണ്. എന്നാൽ ഫിലേമോൻ അവനോടു കരുണ കാണിക്കണമെന്നു പൗലൊസ് ഫിലേമോനോടു അപേക്ഷിക്കുന്നു. അവന്റെ സുരക്ഷിതത്തിനായി തന്നാൽ കഴിയുന്നതൊക്കെ ചെയ്യുന്നു. ഓടിപ്പോയ അടിമയെന്ന നിലയിൽ ഭരണാധികാരികളാൽ വഴിമദ്ധ്യേ പിടിക്കപ്പെട്ടു കുറ്റം ചാർത്താൻ സാദ്ധ്യതയുള്ളതുകൊണ്ടാണ് മറ്റൊരാൾ വശം ഒനേസിമൊസിനെയും താൻ തന്നെ എഴുതിയ കത്തുമായി ഫിലേമോന്റെ അടുക്കലേക്കു മടക്കി അയക്കുന്നത്.

---

## സുവിശേഷം നിമിത്തമുള്ള തടവ്

**ഫിലേ.13 — സുവിശേഷം നിമിത്തമുള്ള തടവിൽ എന്നെ ശുശ്രൂഷിക്കേണ്ടതിന്നു അവനെ നിനക്കു പകരം എന്റെ അടുക്കൽ തന്നേ നിർത്തിക്കൊൾവാൻ എനിക്കു ആഗ്രഹമുണ്ടായിരുന്നു**

(Whom I wished to keep with me, that on your behalf he might minister to me in my chains for the gospel)

റോമൻ നിയമപ്രകാരം കുറ്റവാളികളെ കാരാഗൃഹത്തിൽ പാർപ്പിക്കുന്നത് ഒന്നുകിൽ അവരുടെ കൂറ്റൻ ജയിലുകളിലോ അല്ലെങ്കിൽ ഏതെങ്കിലും വീട്ടുതടങ്കലിൽ പടയാളികളുടെ കാവലിലോ ആയിരിക്കും. വീട്ടുതടങ്കലിൽ ആയിരിക്കുന്ന തടവുകാരെ അവരുടെ ബന്ധുക്കൾക്കോ സ്നേഹിതർക്കോ മറ്റാർക്കെങ്കിലുമോ സഹായിക്കുവാൻ അനുവാദമുണ്ടായിരുന്നു. അതുപ്രകാരമാണ് ഒനേസിമൊസ് തടവറയിലേക്കു വരികയും പൗലൊസിനെ ശുശ്രൂഷിക്കുകയും ചെയ്തത്. പൗലൊസുമായുള്ള ഒനേസിമൊസിന്റെ സാമീപ്യം കൃപയാലുള്ള രക്ഷയിലേക്കു ഒനേസിമൊസിനെ നടത്തി.

ഒനേസിമൊസിനെ ഫിലേമോന്റെ അടുക്കലേക്കു മടക്കി അയക്കുമ്പോൾ അവനെ സ്നേഹത്തോടെ കൈക്കൊള്ളണമെന്നു പൗലൊസ് ആഗ്രഹിക്കുന്നു. അതു സംബന്ധിച്ചു തന്റെ ഹൃദയത്തിന്റെ ആഗ്രഹം ഫിലേമോനോടു തുറന്നു കാണിക്കുന്നതാണ് — “സുവിശേഷം നിമിത്തമുള്ള തടവിൽ എന്നെ ശുശ്രൂഷിക്കേണ്ടതിന്നു അവനെ നിനക്കു പകരം എന്റെ അടുക്കൽ തന്നേ നിർത്തിക്കൊൾവാൻ എനിക്കു ആഗ്രഹമുണ്ടായിരുന്നു.” ഒനേസിമൊസിനെ സ്നേഹത്തോടെ സ്വീകരിക്കണമെന്നുള്ള തന്റെ ഹൃദയവാഞ്ഛ മൂന്നു കാര്യങ്ങളിലൂടെ ഇവിടെ വ്യക്തമാക്കുന്നു.

*(1) സുവിശേഷം നിമിത്തമുള്ള തടവിൽ —*

പൗലൊസ് റോമൻ തടവുകാരനായി ബന്ധനത്തിൽ കഴിയുന്നത് സുവിശേഷം നിമിത്തമാണെന്നു ഫിലേമോനെ ഓർമ്മിപ്പിക്കുന്നു. സുവിശേഷത്തെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരുവനായിരുന്നു ഫിലേമോൻ എന്നത് പൗലൊസിനറിയാം. ആകയാൽ പൗലൊസിന്റെ ആഗ്രഹം ഫിലേമോൻ നിറവേറ്റും എന്നു കരുതുന്നു.

*(2) എന്നെ ശുശ്രൂഷിക്കേണ്ടിന്നു അവനെ നിനക്കു പകരം —*

പൗലൊസിനെ കാരാഗൃഹത്തിൽ വന്നു ശുശ്രൂഷിപ്പാൻ ഫിലേമോനു സന്തോഷമാണെന്നു പൗലൊസിനു അറിയാം. എന്നാൽ തടവറയിൽ വെച്ചു ജനിപ്പിച്ച ആത്മിക മകനും ഫിലേമോന്റെ അടിമയുമായ ഒനേസിമൊസിന്റെ പൗലൊസിനോടുള്ള സേവനവും ശുശ്രൂഷയും ഫിലേമോനെ സന്തോഷിപ്പിക്കും എന്നു പൗലൊസ് കരുതുന്നു.

*(3) എന്റെ അടുക്കൽ നിർത്തിക്കൊൾവാൻ എനിക്കു ആഗ്രഹമുണ്ടായിരുന്നു —*

തടവറയിൽ ചങ്ങലയാൽ ബന്ധിതനായ പൗലൊസിനെ ഒനേസിമൊസ് സഹായിക്കുകയും ശുശ്രൂഷിക്കയും ചെയ്യുന്നു. ഒനേസിമൊസ് മുമ്പു ഫിലേമോനു പ്രയോജനമില്ലാത്തവൻ. എന്നാൽ ഇപ്പോൾ പൗലൊസിനു പ്രയോജനമുള്ളവൻ ആയിത്തീർന്നതിനാൽ ഫിലേമോനും പ്രയോജനമുണ്ടാകും എന്നു പൗലൊസു പ്രത്യാശിക്കുന്നു. ചങ്ങലായൽ ബന്ധിതനാകയാൽ ഒനേസിമൊസിനെ തന്റെ സഹായത്തിനായി അടുക്കൽ നിറുത്തുവാൻ ആഗ്രഹമുണ്ടെങ്കിലും മടക്കി അയെക്കുന്നു.

കാരഗൃഹത്തിൽ തടവിൽ വസിക്കുന്ന പൗലൊസിനു ഒനേസിമൊസിന്റെ സാന്നിദ്ധ്യം ഏറെ ആശ്വാസവും സന്തോഷവും സഹായവുമായി. അവർ തമ്മിലുള്ള ആത്മികബന്ധം വിട്ടുപിരിനാകാത്തവിധം ദൃഡത പ്രാപിച്ചു. പ്രാണപ്രിയനായി കരുതിയ ഒനേസിമൊസിനെ തന്റെ തടവറയിലെ ജീവിതത്തിൽ കൂടെ പാർപ്പിക്കാൻ പൗലൊസ് ആഗ്രഹിച്ചെങ്കിലും അവനെ മടക്കി അയക്കേണ്ട ആവശ്യകതെക്കു പ്രാധാന്യം നല്കുന്നു. സുവിശേഷം നിമിത്തമുള്ള തടവിലാണ് പൗലൊസ് ബന്ധി

തനായിരിക്കുന്നത്. ഫിലേമോൻ സമീപത്തുണ്ടായിരുന്നുവെങ്കിൽ ഏറെ സ്നേഹത്തോടെയും സന്തോഷത്തോടെയും പൗലൊസിനെ ശുശ്രൂഷിക്കുമായിരുന്നു. ആയതിനാൽ ഫിലേമോനു പകരം അവന്റെ ദാസനായ ഒനേസിമൊസിനെ തടവിൽ തന്റെ സമീപം നിർത്തിക്കൊൾവാൻ പൗലൊസ് ആഗ്രഹിച്ചു. അതു തികച്ചും ന്യായവുമാണ്.

യജമാനന്റെ അടുക്കൽ നിന്നു ഓടിപ്പോയി മറ്റൊരിടത്തു അഭയം പ്രാപിക്കുന്ന ദാസനെ ചേർത്തുകൊള്ളണമെന്നു ന്യായപ്രമാണവും പറയുന്നു. ആവ.23:15,16 – *"യജമാനനെ വിട്ടു നിന്റെ അടുക്കൽ ശരണം പ്രാപിപ്പാൻ വന്ന ദാസനെ യജമാനന്റെ കയ്യിൽ ഏല്പിക്കരുത്. അവൻ നിങ്ങളുടെ ഇടയിൽ നിന്റെ പട്ടണങ്ങളിൽ ഏതിലെങ്കിലും തനിക്കു ബോധിച്ചേടത്തു നിന്നോടു കൂടെ പാർക്കട്ടെ; അവനെ ഞെരുക്കം ചെയ്യരുത്."* അപ്പോൾത്തന്നെ ഓടിപ്പോയ ഒരു അടിമയെ തിരികെ യജമാനനെ ഏല്പിക്കണമെന്ന അന്നത്തെ റോമൻ നിയമത്തെ പൗലൊസ് എതിർക്കുന്നതുമില്ല. കാരണം ലോകപ്രകാരം ഒനേസിമൊസിന്റെ യജമാനൻ ഫിലേമോൻ ആയതിനാൽ അവനെ തിരികെ കൊടുക്കണമെന്നു പൗലൊസു തീരുമാനിക്കുന്നു. അവർ തമ്മിൽ ഒരു സമാധാനമുണ്ടാകണമെന്നു പൗലൊസ് ആഗ്രഹിക്കുന്നു.

---

# നന്മ നിർബന്ധത്താലല്ല, മനസ്സോടെ

**ഫിലേ.14 — എങ്കിലും നിന്റെ ഗുണം നിർബന്ധത്താൽ എന്ന പോലെ അല്ല, മനസ്സോടെ ആകേണ്ടതിന്നു നിന്റെ സമ്മതം കൂടാതെ ഒന്നും ചെയ്വാൻ എനിക്കു മനസ്സില്ലായിരുന്നു** (But without your consent I wanted to do nothing, that your good deed might not be by compulsion, as it were, but voluntary) —

**എന്റെ ഗുണമല്ല, നിന്റെ ഗുണം —-**

സുവിശേഷം നിമിത്തം കാരഗൃഹവാസം അനുഭവിക്കുന്ന പൗലൊസിനു സഹായത്തിനായി ഒരാളെ ആവശ്യമായിരുന്നു. ഒനേസിമൊസിമൊസിനെ രക്ഷയിലേക്കു നയിച്ചത് പൗലൊസ് ആയിരുന്നു. അവർ തമ്മിലുള്ള ആത്മികബന്ധത്താൽ പൗലൊസിനെ തടവിൽ ശുശ്രൂഷിപ്പാൻ ആരുടെയും പ്രേരണയില്ലാതെ ഒനേസിമൊസ് ചെയ്തു വരികയായിരുന്നു. സുവിശേഷം നിമിത്തമുള്ള തടവിൽ പൗലൊസിനെ ശുശ്രൂഷിക്കേണ്ടതിന്നു അവനെ ഫിലേമോനു പകരം തന്റെ അടുക്കൽ തന്നേ നിർത്തിക്കൊൾവാൻ പൗലൊസിനു ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ഫിലേമോന്റെ വ്യക്തമായ അനുവാദവും പൂർണ്ണസമ്മതവുമില്ലാതെ ഒനേസിമൊസിനെ അവിടെ നിറുത്തുവാൻ പൗലൊസ് ആഗ്രഹിക്കുന്നില്ല. ഫിലേമോൻ സ്വമനസ്സാലെ അനുവദിച്ചു തീരുമാനിക്കേണ്ടതാണെന്നു പൗലൊസ് ചിന്തിക്കുന്നു. കാരണം ഏതു ഗുണമോ നന്മയോ ആരിൽ നിന്നുണ്ടായാലും നിർബന്ധത്താൽ അല്ല മനസ്സോടെ ആയിരിക്കണം എന്നു പൗലൊസ് ആഗ്രഹിക്കുന്നു.

ഏതു സൽപ്രവൃത്തിയായാലും സ്വന്തഹൃദയത്തിൽ നിന്നു പരപ്രേരണയാലോ ആരുടെയെങ്കിലും നിർബന്ധത്താലോ അല്ലാതെ പുറപ്പെട്ടാലേ അത് ദൈവമുമ്പാകെയും മനുഷ്യരുടെ മുമ്പാകെയും പൂർണ്ണവിജയവും ബഹുമാനവും ദൈവമഹത്വവും ഉളവാകൂ. മനുഷ്യർ പലപ്പോഴും മറ്റുള്ളവരെ കാണിക്കുവാനും പ്രശസ്തിയും പുകഴ്ചയും നേടുവാനും പല നന്മകളും സൽപ്രവൃത്തികളും ചെയ്യാറുണ്ട്. വിശ്വാസികൾ പരപ്രേ

രണയില്ലാതെ സ്വമനസ്സാലെ ചെയ്യുന്നതു മാത്രമേ ദൈവം ആദരിക്കുകയുള്ളു. ദൈവം സകലതും കാണുകയും അറിയുകയും ചെയ്യുന്നു. ദൈവം നമ്മുടെ ഹൃദയങ്ങളെ ശോധന ചെയ്യുന്ന ദൈവമാണെന്നു വിവിധ തിരുവെഴുത്തുകൾ സാക്ഷ്യപ്പെടുത്തുന്നു.

ദാവീദിനെ ശമൂവേലിനാൽ അഭിഷേകം ചെയ്യപ്പെടുന്ന വേളയിൽ ദൈവം ദാവീദിന്റെ ഹൃദയത്തെ നോക്കുന്നു —

1.ശമൂ.16:7 —*"യഹോവ ശമൂവേലിനോടു: അവന്റെ മുഖമോ പൊക്കമോ നോക്കരുതു; ഞാൻ അവനെ തള്ളിയിരിക്കുന്നു. മനുഷ്യൻ നോക്കുന്നതുപോലെയല്ല; മനുഷ്യൻ കണ്ണിന്നു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു എന്നു അരുളിച്ചെയ്തു."*

ശലോമോനെ നിയുക്തരാജാവായി പ്രഖ്യാപിച്ചുകൊണ്ടു നടത്തുന്ന ദാവീദിന്റെ പ്രബോധനത്തിൽ ദൈവം ഹൃദയങ്ങളെ പരിശോധിക്കുന്ന ദൈവമെന്നു പറയുന്നു.

1.ദിന.28:9 — *"നീയോ എന്റെ മകനേ, ശലോമോനേ, നിന്റെ അപ്പന്റെ ദൈവത്തെ അറികയും അവനെ പൂർണ്ണഹൃദയത്തോടും നല്ല മനസ്സോടും കൂടെ സേവിക്കയും ചെയ്ക; യഹോവ സർവ്വഹൃദയങ്ങളെയും പരിശോധിക്കയും വിചാരങ്ങളും നിരൂപണങ്ങളും എല്ലാം ഗ്രഹിക്കയും ചെയ്യുന്നു; നീ അവനെ അന്വേഷിക്കുന്നു എങ്കിൽ അവനെ കണ്ടെത്തും; ഉപേക്ഷിക്കുന്നു എങ്കിലോ അവൻ നിന്നെ എന്നേക്കും തള്ളിക്കളയും."*

യഹൂദായുടെ പാപത്തെക്കുറിച്ചു പ്രസ്താവിക്കുന്ന വേളയിൽ ദൈവം ഹൃദയങ്ങളെ ശോധന ചെയ്യുന്നു എന്നു എഴുതിയിരിക്കുന്നു.

യിരെ.17:10 —*"യഹോവയായ ഞാൻ ഹൃദയത്തെ ശോധനചെയ്തു അന്തരംഗങ്ങളെ പരീക്ഷിച്ചു ഓരോരുത്തന്നു അവനവന്റെ നടപ്പിന്നും പ്രവൃത്തിയുടെ ഫലത്തിന്നും തക്കവണ്ണം കൊടുക്കുന്നു."*

ദ്രവ്യാഗ്രികളായ പരീശന്മാരോടു കർത്താവു പറയുന്നത് ദൈവം ഹൃദയങ്ങളെ അറിയുന്നവനെന്നാണ്. ലൂക്കൊ.16:14,15 —*"ഇതൊക്കെയും ദ്രവ്യാഗ്രഹികളായ പരീശന്മാർ കേട്ടു അവനെ പരിഹസിച്ചു. അവൻ അവ*

*രോടു പറഞ്ഞതു: നിങ്ങൾ നിങ്ങളെ തന്നേ മനുഷ്യരുടെ മുമ്പാകെ നീതീകരിക്കുന്നവർ ആകുന്നു; ദൈവമോ നിങ്ങളുടെ ഹൃദയം അറിയുന്നു; മനുഷ്യരുടെ ഇടയിൽ ഉന്നതമായതു ദൈവത്തിന്റെ മുമ്പാകെ അറപ്പത്രേ."*

ദൈവിക കാര്യങ്ങൾക്കായി കൊടുക്കുമ്പോൾ ധാരാളമായി, സന്തോഷത്തോടെ, സ്വമേധയാ കൊടുക്കുന്നതിലാണ് അനുഗ്രഹം ലഭിക്കുന്നതെന്നു പറയുന്നു.

2.കൊരി.9:6 —*"എന്നാൽ ലോഭമായി വിതെക്കുന്നവൻ ലോഭമായി കൊയ്യും; ധാരാളമായി വിതെക്കുന്നവൻ ധാരാളമായി കൊയ്യും എന്നു ഓർത്തുകൊൾവിൻ. അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുതു; നിർബന്ധത്താലുമരുതു; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു."*

ഒനേസിമൊസിനെ റോമിലെ തടവറയിൽ തന്നോടു കൂടെ സഹായി ആയി പാർപ്പിച്ചു ശുശ്രൂഷ ചെയ്യിക്കുവാൻ പൗലൊസ് ഫിലേമോനെ നർബന്ധിക്കുന്നില്ല. ഒനേസിമൊസ് അടിമയെങ്കിലും സുവിശേഷം കേട്ട് ദൈവമകൻ ആയിരിക്കുന്നു. അവന്റെ മാനസാന്തരത്തിന്റെ ഫലവും അതിലൂടെ ഉണ്ടായ സൽപ്രവൃത്തിയും തടവറയിൽ വെച്ചു പൗലൊസ് കാണുകയും അനുഭവിക്കുകയും ചെയ്തു. അവന്റെ മാറ്റവും ക്രിസ്തുവിലുള്ള സ്നേഹവും ശുശ്രൂഷയും അവന്റെ ലോകപ്രകാരമുള്ള യജമാനനായ ഫിലേമോനും മനസ്സിലാക്കണമെന്നു പൗലൊസു ആഗ്രഹിക്കുന്നു. ഒനേസിമൊസിനെ സ്വീകരിക്കണമോ ശിക്ഷിക്കണമോ എന്ന അന്തിമ തീരുമാനം ഫിലേമോനു പൗലൊസു വിടുന്നു. ഒനേസിമൊസിനോടു ക്ഷമിച്ചു അവനെ ഒരു കൂട്ടു സഹോദരനായി സ്വീകരിക്കുന്ന നല്ല പ്രവൃത്തി പൗലൊസിന്റെ പ്രേരണയാലല്ല മറിച്ചു ഫിലേമോനിൽ നിന്നു സ്വമനസ്സാലെ ഉണ്ടാകണമെന്നു പൗലൊസു ആഗ്രഹിക്കുന്നു.

---

## സദാകാലത്തേക്കും സന്തോഷം

**ഫിലേ.15 — അവൻ അല്പകാലം വേറുവിട്ടുപോയതു അവനെ സദാകാലത്തേക്കും നിനക്കു ലഭിക്കേണ്ടതിന്നു ആയിരിക്കും** (For perhaps he departed for a while for this purpose, that you might receive him forever) —

ഒനേസിമൊസ് എന്ന അടിമ കൊലൊസ്സിപട്ടണത്തിൽ യജമാനനായ ഫിലേമോന്റെ വീട്ടിൽ നിന്നു ദൂരേക്കു ഓടി റോമൻ നഗരത്തിൽ എത്തിച്ചേർന്നു. ഇപ്രകാരമുള്ള ഓടിപ്പോക്കു രാജ്യത്തിലെ നിയമപ്രകാരം രാജ്യദ്രോഹ കുറ്റമായി കണക്കാക്കി ശിക്ഷിക്കപ്പെടും. ഒനേസിമൊസ് റോമൻ നഗരത്തിൽ തടവിലായിരിക്കുന്ന പൗലൊസിനെ കാണുവാനിടയാകുകയും പൗലൊസിലൂടെ വിശ്വാസത്താലുള്ള രക്ഷ പ്രാപിക്കുകയും ചെയ്തു. മുമ്പെ അടിമയെങ്കിലും ഇപ്പോൾ പൗലൊസിനു ഒനേസിമൊസ് മകനും (ഫിലേ.10), പ്രാണപ്രിയനും (ഫിലേ.12), പ്രിയസഹോദരനും (ഫിലേ.16) ആയിരിക്കയാണ്. ഒനേസിമൊസിന്റെ ഓടിപ്പോക്കു രാജ്യദ്രോഹ കുറ്റമായതിനാൽ നിയമത്തിനു മുന്നിൽ ശിക്ഷാർഹനുമാണ്. എന്നാൽ തന്റെ പ്രാണനു തുല്യം സ്നേഹിക്കുന്ന ഒനേസിമൊസിന്റെ തെറ്റിനെക്കുറിച്ചു പൗലൊസ് പറയുന്നത് അവൻ യജമാനനെ ധിക്കരിച്ചു ഏതോ അപഹരിച്ചുകൊണ്ടു ഓടിപ്പോയി എന്നല്ല അല്പകാലം വേറിട്ടുപോയി എന്നു മാത്രമാണ്. ഇവിടെയും വെളിപ്പെടുന്നത് പൗലൊസിനു ഒനോസിമൊസിനോടുള്ള ആത്മബന്ധവും അതിരറ്റ സ്നേഹവുമാണ്. അതായത് *"സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറെക്കുന്നു"* (1.പത്രൊ.4:8) എന്നതിന്റെ ഉത്തമ ഉദാഹരണമായിരിക്കുന്നു.

*"അവൻ അല്പകാലം വേറുവിട്ടുപോയി അവനെ സദാകാലത്തേക്കും നിനക്കു ലഭിക്കേണ്ടതിന്നു ആയിരിക്കും"* (ഫിലേ.15) എന്നു പൗലൊസ് ഫിലേമോനു എഴുതുമ്പോൾ അതിന്റെ അർത്ഥവും വ്യാപ്തിയും (1) ദൈവത്തിന്റെ സർവ്വാധികാരത്തിലേക്കും (2) ദൈവമക്കളുടെ ഈ ലോകത്തിലെ ആത്മബന്ധത്തിലേക്കും (3) നിത്യതമുഴുവനുള്ള ബന്ധത്തിലേക്കും വിരൽ ചൂണ്ടുന്നു.

അവൻ അല്പകാലത്തേക്കു വേറുവിട്ടുപോയി എന്നത് ദൈവത്തിന്റെ സർവ്വാധികാരത്തെയും പാപികളെക്കുറിച്ചുള്ള നിത്യസ്നേഹത്തെയും കുറിക്കുന്നു. ഒനേസിമൊസിന്റെ അനുസരണക്കേടും പാപപ്രവൃത്തികളും ഒളിച്ചോട്ടവും ദൈവം അവന്റെ നിത്യരക്ഷെക്കായി മാറ്റിയെടുത്തു എന്നു നമുക്കു ചിന്തിക്കാം. ഒനേസിമൊസ് പ്രശ്നങ്ങളും പ്രയാസങ്ങളും ഫിലേമോന്റെ ഭവനത്തിലും സഭാബന്ധത്തിലും ഉണ്ടാക്കി കാണും. അവന്റെ മാനസാന്തരത്തിനു വേണ്ടി ഫിലേമോനുൾപ്പെടെയുള്ള സഭാവിശ്വാസികൾ ദൈവത്തോടു പ്രാർത്ഥിച്ചു കാണും. ദൈവത്തെ സ്നേഹിക്കുന്നവർക്ക് സകലതും നന്മെക്കായി കൂട്ടിയിണക്കുന്ന ദൈവം (റോമ.8:28) അവന്റെ ഓട്ടത്തിൽ ദൈവം ശരിയായ പാതയിലേക്കു അവനെ നയിച്ചതായിരിക്കുമെന്നു പൗലൊസും കരുതുന്നു. ഇതിൽ ദൈവത്തിന്റെ തിരഞ്ഞെടുപ്പും, ദത്തെടുക്കലും, മുന്നിയമനവും ഉൾക്കൊള്ളുന്നു (എഫെ.1:4-6).

യോസേഫിന്റെ ജീവിതത്തിൽ ദൈവം പ്രവർത്തിച്ചത് ഇവിടെ പ്രസക്തമാണ്. സഹോദരങ്ങൾ യോസേഫിനെ പൊട്ടക്കിണറ്റിൽ തള്ളി. പിന്നീട് യിശ്മായേല്യരായ കച്ചവടക്കാർക്കു 20 വെള്ളിക്കാശിനു അടിമയായി വിറ്റു. അവരുടെ പക്കൽ നിന്നു മിസ്രയീമിലെ ഫറവോയുടെ അകമ്പടി പട്ടാള ഉദ്യോഗസ്ഥനായ പോത്തീഫർ വാങ്ങി തന്റെ വീട്ടിൽ ജോലിക്കായി നിയോഗിച്ചു (ഉല്പ.37:28). പോത്തീഫറിന്റെ ഭാര്യയുടെ ആഗ്രഹത്തിനു കൂട്ടു നില്ക്കാഞ്ഞ യോസേഫ് കാരാഗ്രഹത്തിലായി (ഉല്പ.39:21). അവിടെയും യോസേഫിനു ദൈവകൃപ ലഭിച്ചു. യോസേഫ് നിരാശപ്പെടുകയോ, പരാതിപ്പെടുകയോ, പിറുപിറുക്കുകയോ ചെയ്യാതെ ദൈവത്തിൽ ആശ്രയിച്ചു. ദൈവം യോസേഫിനോടു കൂടെയുണ്ടായിരുന്നു. ക്ഷമയോടുള്ള കാരഗൃഹജീവിതം കണ്ട അവനെ കാരാഗൃഹപ്രമാണി കാരാഗൃഹത്തിലുള്ളവരുടെ മേൽവിചാരകനാക്കി നിയമിച്ചു (ഉല്പ.39:22,23).

സഹോദരങ്ങൾ അടിമയായി വില്ക്കുമ്പോൾ യോസേഫിനു 17 വയസ്സായിരുന്നു (ഉല്പ.37:2). മുപ്പതാം വയസ്സിൽ മിസ്രയീമിലെ ഭരണാധികാരിയായിത്തീർന്നു (ഉല്പ.41:45,46). ക്ഷാമം മിസ്രയിം ദേശത്തു മാത്രമല്ല സമീപരാജ്യങ്ങളിലെല്ലാം ഉണ്ടായി. എന്നാൽ യോസേഫിന്റെ ഭരണത്താൽ ദേശത്തു സമൃദ്ധിയുണ്ടായി. അടിമയായി വില്ക്കപ്പെട്ട, വീട്ടു ജോലി

ചെയ്ത, കാരാഗൃഹത്തിൽ വസിച്ച യുവാവ് ഇപ്പോൾ രാജസന്നിധിയിൽ ഉന്നത അധികാരിയായിത്തീർന്നു. ഇതിന്റെ കാരണം *"യഹോവ യോസേഫിനോടു കൂടെ ഉണ്ടായിരുന്നു"* (ഉല്പ.39:2,21,23) എന്നതാണ്. തന്റെ സഹോദരങ്ങൾക്കു മുമ്പാകെ തന്നെ വെളിപ്പെടുത്തിയ യോസേഫ് അവരോടു വിദ്വേഷം പുലർത്തിയില്ല. യോസേഫിനു അവരോടു പക ഉണ്ടായിരുന്നില്ല എന്നു മാത്രമല്ല അവരോടു ക്ഷമിക്കുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്തു.

ദൈവം യോസേഫിന്റെ ജീവിതത്തിൽ പ്രവർത്തിച്ചത് യോസേഫ് സഹോദരങ്ങളോടു പറഞ്ഞത് ഇപ്രകാരമായിരുന്നു —

ഉല്പ.45:5-8 — *"എന്നെ ഇവിടെ വിറ്റതുകൊണ്ടു നിങ്ങൾ വ്യസനിക്കേണ്ടാ, വിഷാദിക്കയും വേണ്ടാ, ജീവരക്ഷക്കായി ദൈവം എന്നെ നിങ്ങൾക്കു മുമ്പെ അയച്ചതാകുന്നു. ദേശത്തു ക്ഷാമം ഉണ്ടായിട്ടു ഇപ്പോൾ രണ്ടു സംവത്സരമായി; ഉഴവും കൊയ്ത്തും ഇല്ലാത്ത അഞ്ചു സംവത്സരം ഇനിയും ഉണ്ടു. ഭൂമിയിൽ നിങ്ങൾക്കു സന്തതികൾ ശേഷിക്കേണ്ടതിന്നും വലിയോരു രക്ഷയാൽ നിങ്ങളുടെ ജീവനെ രക്ഷിക്കേണ്ടതിന്നും ദൈവം എന്നെ നിങ്ങൾക്കു മുമ്പെ അയച്ചിരിക്കുന്നു. ആകയാൽ നിങ്ങൾ അല്ല, ദൈവം അത്രേ എന്നെ ഇവിടെ അയച്ചതു; അവൻ എന്നെ ഫറവോന്നു പിതാവും അവന്റെ ഗൃഹത്തിന്നു ഒക്കെയും യജമാനനും മിസ്രയിംദേശത്തിനൊക്കെയും അധിപതിയും ആക്കിയിരിക്കുന്നു."*

നമ്മുടെ ജീവിതത്തിലുണ്ടാകുന്ന കഷ്ടങ്ങളും പ്രയാസങ്ങളും ദുഃഖങ്ങളും എല്ലാം ദൈവം പലപ്പോഴും നന്മെക്കായി രൂപപ്പെടുത്തിത്തരുന്നു എന്നു യോസേഫിന്റെ ജീവിതത്തിലൂടെ വെളിപ്പെടുന്നു. അതുപോലെ ഒനേസിമൊസിന്റെ പാപവും, യജമാനനെ വിട്ടു ഓടിപ്പോകലും അനുസരണമില്ലായ്മയും എല്ലാം അവനെ എന്നേക്കും ദൈവത്തിന്റെ മകനായി രൂപപ്പെടുത്തി സകലർക്കും പ്രയോജനമുള്ളവനാക്കുന്നതിനുള്ള ദൈവത്തിന്റെ പദ്ധതിയായിരുന്നു എന്നു കരുതാം. അതായത് അവൻ അല്പകാലത്തേക്കു വേറുവിട്ടുപോയി എന്നത് ഒരു പക്ഷേ അവൻ ദൈവത്തിന്റെ പൈതൽ ആകുവാനുള്ള വഴിയായിരിക്കാം.

ഓടിപ്പോയ ഒനോസിമൊസിനോടു ഫിലേമോനു ന്യായമായി വെറുപ്പുണ്ടാകാം. മാത്രവുമല്ല തന്റെ ധനം അപഹരിച്ചോടിയതിനെക്കുറിച്ചും ഫിലേമോനു ചിന്തയുണ്ടാകാം. എന്നാൽ വീടുവിട്ടോടിപ്പോയ ഒനേസിമൊസ് റോമൻ കാരാഗൃഹത്തിൽ തടവിലായിരുന്ന പൗലൊസിനാൽ രക്ഷിക്കപ്പെട്ടു ദൈവ മകനായി. ഒനേസിമൊസ് ഇപ്പോൾ പൗലൊസിനും ഫിലേമോനും കൊലൊസ്സി സഭയിലെ സകലർക്കും കൂട്ടു സഹോദരനും ക്രിസ്തുയേശുവിലുള്ള ആത്മികാനുഗ്രഹങ്ങൾക്കു കൂട്ടവകാശിയും ആയിരിക്കുകയാണ്. ഇപ്രകാരമുള്ള ആത്മികബന്ധം ഈ ലോകത്തിൽ മാത്രമല്ല നിത്യത മുഴുവനും നില്നില്ക്കുമെന്നതിനാലാണ് പൗലൊസ് പറയുന്നത് — “അവൻ അല്പകാലം വേറുവിട്ടുപോയതു അവനെ സദാകാലത്തേക്കും നിനക്കു ലഭിക്കേണ്ടതിന്നു ആയിരിക്കും” (ഫിലേ.15).

നമ്മുടെ പ്രിയപ്പെട്ടവർ ഭൗമികജോലിയോടുള്ള ബന്ധത്തിൽ നാടുവിട്ടു വിദേശങ്ങളിലേക്കു പോകുമ്പോൾ നമുക്കു വിഷമമുണ്ടാകാം. അവരുടെ അല്പകാലത്തെ അസാന്നിദ്ധ്യം സദാകാലത്തേക്കും സന്തോഷവും സമൃദ്ധിയും ലഭിക്കുന്നതിനാണ് എന്നു ആശ്വസിക്കുകയാണ് പതിവ്. നമ്മുടെ പ്രിയപ്പെട്ടവരുടെ മരണം വഴിയായുള്ള വേർപാടും നമ്മെ ദുഃഖിപ്പിക്കുന്നതാണ്. കർത്താവിന്റെ വരവിൽ നാം അവരെ വീണ്ടും കാണുമെന്നുള്ള തിരുവെഴുത്തിനാൽ നാം ആശ്വസിക്കും. സദാകാലത്തേക്കും നമുക്കു ഒരുമിച്ചു നിത്യതയിൽ കഴിയാം എന്നതാണ് നമ്മുടെ പ്രത്യാശയും സന്തോഷവും.

---

## ഇനി ദാസനല്ല, പ്രിയസഹോദരൻ

**ഫിലേ.16 — അവൻ ഇനി ദാസനല്ല, ദാസന്നു മീതെ പ്രിയസ ഹോദരൻ തന്നേ; അവൻ വിശേഷാൽ എനിക്കു പ്രിയൻ എങ്കിൽ നിനക്കു ജഡസംബന്ധമായും കർത്തൃസംബന്ധമായും എത്ര അധികം?**

(No longer as a slave but more than a slave -- a beloved brother, especially to me but how much more to you, both in the flesh and in the Lord) —

ഫിലേമോന്റെ അടിമയായിരുന്ന ഒനേസിമൊസ് ഇപ്പോൾ സുവി ശേഷത്താൽ രക്ഷിക്കപ്പെട്ടു ഒരു വിശ്വാസി ആയിരിക്കുകയാണ്. ഇപ്പോൾ അവന്റെ ആത്മീയ നിലവാരം ഉയർന്നിരിക്കുകയാണ്. റോമൻ നിയമപ്ര കാരം ഇപ്പോഴും അവൻ ഫിലേമോനു അടിമെയെങ്കിലും (slave) ആത്മി യമായി പ്രിയസഹോദരൻ (beloved brother) എന്ന പദവിയിലേക്കു പ്രവേ ശിച്ചിരിക്കുകയാണ്. ഫിലേമോൻ അവനെ വീണ്ടും സ്വീകരിക്കുമ്പോൾ പുതിയൊരു കാഴ്ചപ്പാടിലായിരിക്കണം കാണേണ്ടത്. അടിമയായിരിക്കുന്ന ഒനേസിമൊസ് ഇപ്പോൾ ഫിലേമോനു ഒരു വസ്തുവോ കൈവശം സൂക്ഷി ക്കാവുന്ന ഏതെങ്കിലും സാധനമോ അല്ല മറിച്ചു ക്രിസ്തുവിൽ കൂട്ടു സഹോദരനാണ്.

അനുസരണയില്ലാത്തവനും അവിശ്വസ്തനുമായ ഒരു അടിമയെന്ന നിലയിലാണ് ഒനേസിമൊസ് ഫിലേമോനെ വിട്ടു പോയത്. അല്പകാലം വേറിട്ടു പോയെങ്കിലും പൗലൊസിലൂടെ സുവിശേഷം കേട്ടു മാനസാന്തര പ്പെട്ടു ദൈവമകനായിത്തീർന്നു. ഇപ്പോൾ ഒനോസിമൊസ് അനുസരണ യുള്ളവനും വിശ്വസ്തനുമായി യജമാനന്റെ സന്നിധിയിലേക്കു മടങ്ങി വരികയാണ്. നിയമപ്രകാരം ഇപ്പോഴും ഒനേസിമൊസ് ഫിലേമോന്റെ അടിമയാണ്. എന്നാൽ ക്രിസ്തുയേശുവിലൂടെ രക്ഷിക്കപ്പെട്ടതിനാൽ ദൈവത്തിന്റെ മകൻ എന്ന നിലയിൽ ഇനിയും അടിമയായിട്ടല്ല ക്രിസ്തു വിൽ സഹോദരനായി സ്വീകരിക്കണം. അവൻ പൗലൊസിനും ഫിലേ മോനും പ്രിയനാകയാൽ ആത്മീയസഹോദരനെപ്പോലെ സ്നേഹിക്കു കയും സ്വീകരിക്കുകയും വേണം.

അടിമകൾക്കു തങ്ങളുടെ യജമാനന്മാരെ അബ്ബാ (അരാമ്യ ഭാഷയിൽ = പിതാവ്) എന്നു വിളിക്കുവാൻ അനുവാദമില്ലായിരുന്നു. എന്നാൽ യേശുക്രിസ്തുവിലൂടെ വീണ്ടെടുക്കപ്പെട്ട ഒനേസിമൊസ് ദൈവത്തിന്റെ മകനായിത്തീർന്നു. അടിമയും യജമാനനും തമ്മിൽ പുതിയ ആത്മീയബന്ധം ആരംഭിക്കുന്നു. ദാസ്യത്തിന്റെ ആത്മാവിനെയല്ല അബ്ബാ പിതാവേ എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ പ്രാപിച്ചു (റോമ.8:14-16). ഒനേസിമൊസും ഫിലേമോനും പിതാവായ ദൈവത്തിന്റെ മക്കൾ എന്ന നിലയിൽ സഹോദരന്മാരായിത്തീർന്നു. *"നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്നു കൂട്ടവകാശികളും തന്നേ"* (റോമ.8:17).

രക്ഷിക്കപ്പെട്ട ഒനേസിമൊസിനെക്കുറിച്ചു പൗലൊസ് ഫിലേമോനോടു പറയുന്നത് അവൻ ഇനി ദാസനല്ല, ദാസനു മീതെ പ്രിയസഹോദരൻ എന്നാണ്. ഒനേസിമൊസ് പൗലൊസിനു പ്രിയസഹോദരൻ എങ്കിൽ ഫിലേമോനു അവനെ ലഭിച്ചാൽ എത്ര അധികമായിരിക്കും എന്നും പ്രസ്താവിക്കുന്നു. തടവറയിൽവെച്ചു ഒനേസിമൊസിന്റെ ശുശ്രൂഷകൾ പൗലൊസിനു ഏറ്റവും സന്തോഷവും ആശ്വാസവും നല്കി. ഇനി ഫിലേമോനു ജഡസംബന്ധമായും കർത്തൃസംബന്ധമായും ഒനേസിമൊസിന്റെ സാമീപ്യം ലഭിക്കുവാൻ പോകുന്നു.

ജഡസംബന്ധമായി എന്നത് ഫിലേമോന്റെ ജോലിക്കാരനും സഹായിയും എന്ന നിലയിൽ ഒനേസിമൊസിലൂടെ ഫിലേമോനു ലഭിക്കുന്ന സേവനങ്ങൾ. ഇനി അവന്റെ സേവനങ്ങൾ പഴയ പ്രകൃതിയിൽ നിന്നു പുറപ്പെടുന്നതല്ല മറിച്ചു കർത്താവിൽ പ്രതിഷ്ഠിക്കപ്പെട്ട അനുഭവത്തിന്റെ ഫലം അവന്റെ യജമാനനോടുള്ള സേവനത്തിലും കാണപ്പെടും. കർത്തൃസംബന്ധമായി എന്നത് ഒരു കൂട്ടു സഹോദരൻ എന്ന നിലയിൽ വ്യക്തിപരമായ കൂട്ടായ്മക്കു പുറമേ സഭയിലെ ആത്മീയശുശ്രൂഷകളിലും പ്രവർത്തനങ്ങളിലും സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായി അവനിലൂടെ ലഭിക്കുന്ന ആത്മീയനന്മകൾ എന്നാണ്. ജഡസംബന്ധമായി ഇനി ഒനേസിമൊസ് ഒരു അടിമയല്ല മറിച്ചു ഫിലേമോന്റെ ഭവനത്തിലെ ഒരംഗവും സഹോദരനുമാണ്. കർത്തൃസംബന്ധമായി ഒനേസിമൊസ് സ്വർഗ്ഗീയ കുടുംബത്തിൽ ദൈവത്തിന്റെ മകൻ എന്ന നിലയിൽ കൂട്ടു സഹോദരനുമാണ്.

-----------------------------------

## കൂട്ടാളിയായി സ്വീകരിക്കുക

**ഫിലേ.17 — ആകയാൽ നീ എന്നെ കൂട്ടാളി എന്നു കരുതുന്നു എങ്കിൽ അവനെ എന്നെപ്പോലെ ചേർത്തുകൊൾക** (If then you count me as a partner, receive him as you would me) —

ആകയാൽ എന്ന പ്രയോഗം വാക്യം 13 മുതൽ 16 വരെ പ്രസ്താവിച്ച ഒനേസിമൊസിന്റെ മാനസാന്തരവും അവനിലുള്ള മാറ്റത്തിന്റെയും അടിസ്ഥാനത്തിൽ എന്നാണ്. അതായത്:

(1) രക്ഷിക്കപ്പെട്ട ഒനേസിമൊസ് പൗലൊസിനെ തടവറയിൽ ശുശ്രൂഷിക്കുകയും സഹായിക്കുകയും ചെയ്തു.

(2) തുടർന്നും തന്നെ ശുശ്രൂഷിക്കാനായി ഒനേസിമൊസിനെ നിറുത്തുവാൻ പൗലൊസ് ആഗ്രഹിച്ചുവെങ്കിലും അവന്റെ യജമാനനായ ഫിലേമോന്റെ പൂർണ്ണസമ്മതം ആവശ്യമായതിനാൽ മടക്കി അയെക്കുന്നു.

(3) അനുസരണക്കേടു കാട്ടി വീടു വിട്ടു ദൂരേക്കു ഓടിപ്പോയത് തെറ്റെങ്കിലും അവനെ എന്നേക്കും ഫിലേമോനു ലഭിക്കുവാൻ അവന്റെ മാനസാന്തരത്തിലൂടെ ദൈവം പ്രവർത്തിക്കുകയായിരുന്നു.

(4) ഇപ്പോൾ ഒനേസിമൊസ് ഫിലേമോന്റെ ദാസനെങ്കിലും ക്രിസ്തുവിൽ പ്രിയസഹോദരനും പൗലൊസിന്റെ പ്രാണപ്രിയനുമാണ്.

(5) ഒനേസിമൊസ് ഇനി ജഡസംബന്ധമായും കർത്തൃസംബന്ധമായും ഫിലേമോനു അധികം പ്രയോജനപ്പെടും.

വീടുവിട്ടു ദൂരെ ദേശത്തേക്കു പോയി എല്ലാം നശിപ്പിച്ചു തിരികെ വന്ന മുടിയൻ പുത്രനെ അവന്റെ പിതാവ് എത്ര സ്നേഹത്തോടെയാണ് തിരികെ സ്വീകരിക്കുന്നത്. അതുപോലെ തെറ്റു ചെയ്തു വീടുവിട്ടോടിയ ഒനേസിമൊസിനെയും സ്നേഹത്തോടെ ഫിലേമോൻ സ്വീകരിച്ചു ചേർത്തുകൊള്ളണം എന്നു പൗലൊസ് ആവശ്യപ്പെടുന്നു. അതായത് ഫിലേമോന്റെ ഭവനത്തിൽ സഹായിയും (ജഡസംബന്ധമായും), സഭ

യിൽ ഒരു പുതിയ വിശ്വാസി എന്ന നിലയിലും (കർത്തൃസംബന്ധമായും) സ്വീകരിക്കണം. സർവ്വശക്തനായ നീതിമാനായ ദൈവം ഒനേസിമൊസിന്റെ സകല പാപങ്ങളും ക്ഷമിച്ചു അവനെ ദൈവപൈതലായി സ്നേഹത്തോടെ സ്വീകരിച്ചതുപോലെ ഫിലേമോനും ഒനേസിമൊസിനെ സ്വീകരിക്കണം.

ആകയാൽ നീ എന്നെ കൂട്ടാളി എന്നു കരുതുന്നുവെങ്കിൽ അവനെ എന്നെപ്പോലെ ചേർത്തുകൊൾക എന്നാണ് പൗലൊസിന്റെ അപേക്ഷ. കൂട്ടാളി എന്ന പദത്തിനു ഗ്രീക്കിൽ കൊയ്നോനോൻ (Koinonon) എന്ന പദമാണു ഉപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം പങ്കാളി, കൂട്ടാളി, ഒരുമിച്ചു പ്രവർത്തിക്കുന്നവൻ (Koinonon = partner /partneship/ working together) എന്നാണ്. ഇത് കൊയ്നോനിയ (Koinonia = fellowship) അഥവാ കൂട്ടായ്മ എന്ന ഗ്രീക്കു പദത്തിൽ നിന്നു വന്നിട്ടുള്ളതാണ്. പങ്കാളിയാകുക, വീതിക്കുക, കൂട്ടായി പ്രവർത്തിക്കുക (participation, sharing, communion) എന്നൊക്കെ അർത്ഥമാണുള്ളത്. പൗലൊസും ഫിലേമോനും വിശ്വാസത്തിന്റെ കൂട്ടായ്മ (Koinonia = fellowship) പങ്കിട്ടവരാണ് (ഫിലേ.5,6).

യേശുക്രിസ്തുവിലുള്ള വിശ്വാസത്താലാണ് രക്ഷിക്കപ്പെട്ടത്. ദൈവകുടുംബ ബന്ധത്തിലെ കൂട്ടായ്മ വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു (അപ്പൊ.16:31/റോമ.10:9/എഫെ.2:8). ദൈവത്തിലുള്ള വിശ്വാസത്താൽ പൗലൊസും ഫിലേമോനും കൂട്ടാളികളാണ്. ആയതിനാൽ പൗലൊസിനോടുള്ള ഫിലേമോന്റെ അതേ കൂട്ടായ്മ അടിമയായ ഒനേസിമൊസിനോടും ഫിലേമോനു ഉണ്ടായിരിക്കണമെന്നു പൗലൊസ് ആഗ്രഹിക്കുന്നു. മാത്രവുമല്ല ഒനേസിമൊസ് ഇപ്പോൾ പൗലൊസിന്റെ പ്രാണപ്രിയനുമാണ് (ഫിലേ.12). ഫിലേമോൻ ഒനേസിമൊസിനെ സ്വീകരിക്കാതെ തള്ളിക്കളയുമെങ്കിൽ പൗലൊസിനെയും തള്ളിക്കളയുന്നതിനു തുല്യമാണ്. പൗലൊസിനെ ഫിലേമോൻ കൂട്ടാളി അഥവാ ഒന്നിച്ചുള്ള കൂട്ടായ്മയും പങ്കാളിയുമായി കാണുന്നുവെങ്കിൽ അപ്രകാരം തന്നേ ഒനേസിമൊസിനെയും കൈക്കൊള്ളണമെന്നാണ് പൗലൊസു ആവശ്യപ്പെടുന്നത്.

**അവനെ എന്നെപ്പോലെ ചേർത്തുകൊൾക (ഫിലേ.17) ---** എന്നു പൗലൊസ് പറയുമ്പോൾ യേശുകർത്താവിന്റെ ഒലിവുമല പ്രഭാഷണത്തിലെ വാക്കുകളോടു ബന്ധപ്പെട്ടിരിക്കുന്നു.

*"അതിന്നു അവർ: കർത്താവേ, ഞങ്ങൾ നിന്നെ വിശക്കുന്നവനോ ദാഹിക്കുന്നവനോ അതിഥിയോ നഗ്നനോ രോഗിയോ തടവിലോ ആയി എപ്പോൾ കണ്ടു നിനക്കു ശുശ്രൂഷ ചെയ്യാതിരുന്നു എന്നു ഉത്തരം പറയും. അവൻ അവരോടു: ഈ ഏറ്റവും ചെറിയവരിൽ ഒരുത്തന്നു നിങ്ങൾ ചെയ്യാഞ്ഞടത്തോളമെല്ലാം എനിക്കു ആകുന്നു ചെയ്യാഞ്ഞതു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു ഉത്തരം അരുളും."* (മത്താ.25:44,45). ഒരു എളിയസഹോദരനെ സ്നേഹിക്കുകയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത് ക്രിസ്തുവിനെ സ്നേഹിക്കുകയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിനു തുല്യമാണ്. *"നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു"* (മത്താ.10:40) എന്നും കർത്താവു ശിഷ്യഗണത്തോടു പറഞ്ഞു.

ഒനേസിമൊസ് എന്ന ദാസനെ അവൻ യജമാനനായ ഫിലേമോൻ സ്വീകരിക്കുമെങ്കിൽ അതു പൗലൊസിനെയും ദൈവത്തെയും ആദരിക്കുന്ന പ്രവൃത്തിയാണ്. പൗലൊസിനെ എപ്രകാരം ഫിലേമോൻ സ്വീകരിക്കുമോ അതുപോലെ ഒനേസിമൊസിനെ സ്വീകരിക്കണമെന്നാണ് അപ്പൊസ്തലന്റെ അപേക്ഷ. അപ്പോൾത്തന്നെ ഒനോസിമൊസിനെക്കൊണ്ടു ഒരു ജോലിയും ചെയ്യിക്കാതെ എക്കാലവും ഫിലേമോന്റെ ഒരു അതിഥിയായി ഭവനത്തിൽ കാണണമെന്നു അർത്ഥമില്ല. ഒനേസിമൊസ് ഫിലേമോന്റെ വീട്ടിലെ ദാസനായി സ്വീകരിക്കുമ്പോൾത്തന്നെ അവനെ ക്രിസ്തുവിൽ സഹോദരനുമായി കാണണമെന്നേയുള്ളൂ.

ദൈവം ആദ്യം നമ്മെ സ്നേഹിച്ചു. നാം അന്യോന്യം സ്നേഹിക്കുമ്പോൾ യഥാർത്ഥത്തിൽ നാം ദൈവത്തെ സ്നേഹിക്കുകയാണ്. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കേണം എന്നു അപ്പൊസ്തലനായ യോഹന്നാൻ പറയുന്നു. യോഹ.4:19,20 — *"അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കുന്നു. ഞാൻ*

*ദൈവത്തെ സ്നേഹിക്കുന്നു എന്നു പറകയും തന്റെ സഹോദരനെ പകെക്കയും ചെയ്യുന്നവൻ കള്ളനാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന്നു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കേണം എന്നീ കല്പന നമുക്കു അവങ്കൽ നിന്നു ലഭിച്ചിരിക്കുന്നു."* ക്രിസ്തുവിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞ വിശ്വാസികൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം. സ്നേഹത്തിൽ അടിമയും യജമാനനും ദാസനും സ്വതന്ത്രനുമെന്നില്ല. ക്രിസ്തുവിൽ അവർ ഒന്നാണ്. ഇപ്രകാരമുള്ള സ്നേഹമാണ് ഫിലേമോനിൽ നിന്നു പൗലൊസു പ്രതീക്ഷിക്കുന്നതും.

*"ആകയാൽ നീ എന്നെ കൂട്ടാളി എന്നു കരുതുന്നു എങ്കിൽ അവനെ എന്നെപ്പോലെ ചേർത്തുകൊൾക"* (ഫിലേ.17) എന്ന പൗലൊസിന്റെ അപേക്ഷ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവും ആയി സ്വീകരിക്കുന്ന സകല മനുഷ്യരോടും ബന്ധപ്പെട്ടിരിക്കുന്നു. മാത്രവുമല്ല ക്രിസ്തുവിലൂടെ ദൈവമക്കളായി സ്വീകരിക്കുന്ന പിതാവായ ദൈവത്തിന്റെ സ്നേഹത്തെയും ഇത് പ്രദർശിപ്പിക്കുന്നു. അതായത് ക്രിസ്തുവിനെ പിതാവായ ദൈവം സ്വീകരിച്ചതുപോലെ നമ്മെയും ദൈവം സ്വീകരിക്കുന്നു

———————————————————— .

## എന്റെ പേരിൽ കണക്കിട്ടുകൊൾക

**ഫിലേ.18 — അവൻ നിന്നോടു വല്ലതും അന്യായം ചെയ്തിട്ടോ കടംപെട്ടിട്ടോ ഉണ്ടെങ്കിൽ അതു എന്റെ പേരിൽ കണക്കിട്ടുകൊൾക**
(But if he has wronged you or owes anything, put that on my account)

ഒനേസിമൊസ് യജമാനനോടു അനുസരണക്കേടു കാട്ടി വീടു വിട്ടു ഓടി എന്നു മാത്രമല്ല ഫിലേമോന്റെ ഭവനത്തിൽ നിന്നു ധനമോ വിലപിടിപ്പുള്ള ഏതെങ്കിലുമോ എടുത്തുകൊണ്ടു പോയിരിക്കും എന്നു ഈ വാക്യത്തിലൂടെ വെളിപ്പെടുന്നു. അതുകൊണ്ടാണ് പൗലൊസ് അതു അവനുവേണ്ടി കൊടുത്തു തീർക്കുവാൻ സന്നദ്ധനാകുന്നത്. അടിമയായ ഒനേസിമൊസ് ഏതെങ്കിലും അന്യായം ചെയ്കയോ ബാദ്ധ്യത വരുത്തുകയോ ചെയ്തെങ്കിൽ പൗലൊസിന്റെ പേരിൽ കണക്കിടുവാൻ അപേക്ഷിക്കുന്നു. ഒനേസിമൊസിന്റെ ജീവിതത്തിലെ സകല പാപങ്ങളും അതിന്റെ ആഴങ്ങളും അവൻ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടതിനാൽ ദൈവം സമ്പൂർണ്ണമായി ക്ഷമിച്ചു. എന്നാൽ ഒനേസിമൊസ് തന്റെ യജമാനനായ ഫിലേമോനു വരുത്തിയ അന്യായങ്ങളും കടങ്ങളും ബാദ്ധ്യതകളും തീർത്തിട്ടില്ല. അടിമയെന്ന നിലയിൽ അവനു അവയൊക്കെ പണമായി തിരികെ കൊടുത്തു യജമാനനുമായി നിരപ്പു പ്രാപിപ്പാൻ സാധിക്കാത്തതു കൊണ്ടാണ് പൗലൊസ് തന്റെ പേരിൽ കണക്കിടുവാൻ പറയുന്നത്.

*"എന്റെ പേരിൽ കണക്കിട്ടുകൊൾക"* **(ഫിലേ.18)** (put that on my account) എന്നത് വ്യാപാരത്തോടു (business) ബന്ധപ്പെട്ടിരിക്കുന്നു. ഇത് ഒനേസിമൊസിന്റെ ബാദ്ധ്യതകളെല്ലാം പൗലൊസ് ഏറ്റെടുക്കുന്നെന്നു പ്രഖ്യാപിക്കുന്ന ഒരു വാഗ്ദാനപത്രമായി (Promissory Note) കരുതാം. ഇവിടെ ഒനേസിമൊസിനും ഫിലേമോനും മദ്ധ്യേ ജാമ്യക്കാരനെന്നപോലെ പൗലൊസ് നില്ക്കുന്നു. ഒരാളുടെ കടങ്ങൾ മറ്റൊരാളിന്റെ പേരിലേക്കു മാറ്റുമ്പോൾ കടക്കാരന്റെ കണക്കിൽ ഇല്ലാതാകുകയും മറ്റേയാളുടെ കണക്കിൽ ബാദ്ധ്യതയുണ്ടാകുകയും ചെയ്യുന്നു. യേശുക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ എന്റെ പാപക്കടമെല്ലാം കർത്താവിന്റെ കണക്കിലേക്കു ചേർക്കപ്പെട്ടു (Debiting or imputing all debts to Jesus Christ). കടക്കാരൻ, അതി

ക്രമി എന്ന നിലയിൽ എങ്ങനെ നിയമം എനിക്കെതിരായി ആരോപിക്കപ്പെടുന്നുവോ അപ്രകാരം എന്റെ കുറ്റങ്ങളെല്ലാം കർത്താവിൽ ആരോപിക്കപ്പെട്ടു. ഞാൻ കർത്താവിൽ വിശ്വസിച്ചു പാപങ്ങളേറ്റു പറഞ്ഞു കർത്താവിനെ എന്റെ രക്ഷകനായി സ്വീകരിച്ചപ്പോൾ കർത്താവിന്റെ നീതി എന്റെ മേൽ ചാർത്തപ്പെട്ടു. രക്ഷയെന്ന അങ്കിയാൽ എന്നെ പൊതിയപ്പെട്ടതിനാൽ കർത്താവിനെ എന്ന പോലെ ദൈവം എന്നെയും സ്വീകരിച്ചു. എന്റെ കടങ്ങളും ബാദ്ധ്യതകളും കർത്താവു ഏറ്റെടുക്കുകയും എനിക്കു ലഭിക്കേണ്ട ശിക്ഷ കർത്താവു അനുഭവിക്കുകയും ചെയ്തു. നീതിമാനായ ദൈവത്തോടു എന്നെപ്പറ്റി കർത്താവു പറയുന്നതിപ്രകാരമായിരിക്കും — "പിതാവേ, ഇവന്റെ കടങ്ങളെല്ലാം ഞാൻ ക്രൂശിൽ പൂർണ്ണമായി തന്നു തീർത്തതിനാൽ ഇവൻ ഇനി കടക്കാരനല്ല. എന്നെ സ്വീകരിക്കുന്നപോലെ ഇവനെയും മകനായി സ്വീകരിക്കുക."

ഒനേസിമൊസ് രക്ഷിക്കപ്പെടുന്നതിനു മുമ്പു വരുത്തിവെച്ചിട്ടുള്ള സകല കടങ്ങളും ബാദ്ധ്യതകളും പൗലൊസ് തന്റെ പേരിൽ കണക്കിട്ടുകൊൾക എന്നു പറയുന്നു. ഇത് പാപികളായ നമുക്കു ക്രിസ്തുയേശുവിലൂടെ ലഭിച്ച പാപമോചനത്തിന്റെ മഹത്തായ പ്രവൃത്തിയെ കുറിക്കുന്നു. ദൈവസന്നിധിയിൽ അതിക്രമക്കാർ, പാപികൾ, ദൈവവിരോധികൾ എന്ന നിലയിൽ ലോകത്തിൽ ആർക്കും കൊടുത്തു തീർക്കാനാകാത്ത പാപക്കടമാണ് നമ്മുടെ പേരിലുണ്ടായിരുന്നത്. എന്നാൽ നമ്മുടെ പാപക്കടങ്ങളെല്ലാം കർത്താവിന്റെ കാൽവറി മരണത്തിലൂടെ ഒരുക്കപ്പെട്ട നിത്യരക്ഷയാൽ മോചനം ലഭിച്ചു.

നാം എല്ലാവരും ഒനേസിമൊസിനെപ്പോലെ പാപക്കടം വരുത്തി ദൂരേക്കു ഓടി ദൈവത്തെ ദുഃഖിപ്പിച്ചവരായിരുന്നു. ഒനേസിമൊസിനു വേണ്ടി പകരക്കാരനായി പൗലൊസ് നില്ക്കുന്നു. അതു ഒനേസിമൊസിന്റെ ഈ ലോകജീവിതത്തിലെ ബാദ്ധ്യതകൾ കൊടുത്തു തീർക്കാനായിരുന്നു. അതിനായി പൗലൊസ് തന്റെ ആത്മിയ മകനായ ഫിലേമോനോടു അപേക്ഷിക്കുന്നതേയുള്ളു. എന്നാൽ നമ്മുടെ പാപക്കടങ്ങളും അതിക്രമങ്ങളും കൊടുത്തു തീർക്കുവാനായി യേശുക്രിസ്തു തന്റെ ജീവനെ കൊടുത്താണ് പ്രായശ്ചിത്തം ചെയ്തത്. അങ്ങനെ അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായ നമുക്കു ദൈവത്തിന്റെ മക്കളും ക്രിസ്തുവിൽ കൂട്ടവകാശികളുമായിത്തീരുവാൻ കൃപ ലഭിച്ചു.

*"അവൻ നിന്നോടു വല്ലതും അന്യായം ചെയ്തിട്ടോ കടംപെട്ടിട്ടോ ഉണ്ടെങ്കിൽ അതു എന്റെ പേരിൽ കണക്കിട്ടുകൊൾക"* (ഫിലേ.18) എന്ന പൗലൊസിന്റെ പ്രഖ്യാപനം യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിലൂടെ പാപികളായ സകല മനുഷ്യർക്കും ഒരുക്കിയിരിക്കുന്ന നിത്യരക്ഷയുടെയും വീണ്ടെടുപ്പിന്റെയും പ്രവർത്തനത്തെ കുറിക്കുന്നു. നമ്മുടെ ബാദ്ധ്യത കളും കടങ്ങളും ഏറ്റെടുത്തുകൊണ്ടു തന്റെ പ്രാണനെ നമുക്കായി സ്വയം ഏല്പിച്ചു കൊടുത്ത കർത്താവിന്റെ പ്രവർത്തനത്തെ വിശദീകരിക്കുന്ന അനേക വാക്യങ്ങൾ തിരുവചനത്തിൽ കാണുന്നു. അവയിൽ ചിലത് ചിന്തിക്കാം —

(1) നമ്മുടെ പാപങ്ങളെ ചുമന്നു ക്രൂശിന്മേൽ മരിച്ചു. അവന്റെ അടിപ്പിണരാൽ നമുക്കു സൗഖ്യം ലഭിച്ചു

1.പത്രൊ.2:24 — *"നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന്നു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു"*

യെശ.63:4–6 — *"സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു. നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി."*

*കുറിപ്പ് :* (നമ്മുടെ പാപങ്ങൾ ചുമന്നുകൊണ്ടാണ് കർത്താവു ക്രൂശിന്മേൽ മരിച്ചത്. ശാരീരികരോഗങ്ങൾ ചുമന്നു കൊണ്ടല്ല മരിച്ചത്. അവന്റെ അടിപ്പിണരാൽ നമുക്കു സൗഖ്യം വന്നു എന്നത് പാപരോഗത്തിനാണ്. കർത്താവിൽ വിശ്വാസിച്ചാൽ ഉടനെ ശാരീരികരോഗം മാറുമെന്നും അതിനുകൂടെയാണ് ക്രിസ്തു ക്രൂശിൽ മരിച്ചു എന്ന ചിന്താഗതി ശരിയല്ല. — എന്നാൽ കർത്താവു നമ്മുടെ സകല ശാരീരിക രോഗങ്ങളെയും മാറ്റുവാൻ ശക്തനാണ്).

(2) പാപം അറിയാത്ത കർത്താവു നമ്മുടെ പാപങ്ങൾ ഏറ്റെടുത്തു —

2.കൊരി.5:21 — *“പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്നു, അവൻ നമുക്കുവേണ്ടി പാപം ആക്കി.”*

(3) ലോകത്തിന്റെ പാപത്തെ വഹിച്ച കർത്താവ് —

യോഹ.1:29 — *“പിറ്റെന്നാൾ യേശു തന്റെ അടുക്കൽ വരുന്നതു കണ്ടിട്ടു: ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു.”*

(4) നമുക്കു വിരോധമായ സകലതും ക്രൂശിലെ മരണത്താൽ മായിച്ചു കളഞ്ഞു —

കൊലൊ.2:14 — *“അവനോടു കൂടെ ജീവിപ്പിച്ചു; അതിക്രമങ്ങളൊക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കൈയ്യെഴുത്തു മായിച്ചു ക്രൂശിൽ തറെച്ചു നടുവിൽ നിന്നു നീക്കിക്കളഞ്ഞു.”*

(5) ദൈവകൃപയലാണ് നാം യേശുക്രിസ്തുവിലൂടെ രക്ഷിക്കപ്പെട്ടത് —

എഫെ.2:8-10 — *“കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല. നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു.”*

(6) ക്രൂശികരണ സമയത്തു ക്രിസ്തു ശത്രുക്കൾക്കായി പ്രാർത്ഥിക്കുന്നു —

ലൂക്കൊ.23:34 — *“എന്നാൽ യേശു: പിതാവേ, ഇവർ ചെയ്യുന്നതു ഇന്നത് എന്ന് അറിയായ്കകൊണ്ടു ഇവരോടു ക്ഷമിക്കേണമേ എന്നു പറഞ്ഞു.”*

(7) നാം ദൈവസന്നിധിയിൽ വിശുദ്ധരാകുവാൻ യേശുക്രിസ്തുവിനാൽ സാധിച്ചു — എഫെ.1:4-6 -- *"നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്നു അവൻ ലോകസ്ഥാപനത്തിന്നു മുമ്പെ നമ്മെ തിരഞ്ഞെടുക്കയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന്നു അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചെക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലോ."*

(8) നമുക്കുവേണ്ടി ദൈവത്തോടു അപേക്ഷിക്കുന്ന കർത്താവു —

യോഹ.17:9 — *"ഞാൻ അവർക്കുവേണ്ടി അപേക്ഷിക്കുന്നു; ലോകത്തിന്നുവേണ്ടി അല്ല; നീ എനിക്കു തന്നിട്ടുള്ളവർ നിനക്കുള്ളവർ ആകകൊണ്ടു അവർക്കു വേണ്ടിയത്രേ ഞാൻ അപേക്ഷിക്കുന്നത്."*

യോഹ.17:11 — *"ഇനി ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല; ഇവരോ ലോകത്തിൽ ഇരിക്കുന്നു; ഞാൻ നിന്റെ അടുക്കൽ വരുന്നു; പരിശുദ്ധപിതാവേ, അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിന്നു നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ."*

യോഹ.17:20 — *"ഇവർക്കു വേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കുവേണ്ടിയും ഞാൻ അപേക്ഷിക്കുന്നു."*

(9) ഇന്നും പിതാവിന്റെ സന്നിധിയിൽ നമുക്കായി മദ്ധ്യസ്ഥത വഹിക്കുന്ന കർത്താവ് —

1.തിമൊ.2:5 — *"ദൈവം ഒരുവനല്ലോ; ദൈവത്തിന്നും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ; എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നേ."*

എബ്രാ.7:26,27 — *"ഇങ്ങനെയുള്ള മഹാപുരോഹിതനല്ലോ നമുക്കു വേണ്ടിയതു: പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോടു വേറുവിട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതനായിത്തീർന്നവൻ; ആ മഹാപുരോഹിതന്മാരെപ്പോലെ ആദ്യം സ്വന്ത പാപങ്ങൾക്കായും ദിനംപ്രതി യാഗം കഴിപ്പാൻ ആവശ്യമില്ലാത്തവൻ തന്നേ. അതു അവൻ തന്നെത്താൻ അർപ്പിച്ചുകൊണ്ടു ഒരിക്കലായിട്ടു ചെയ്തുവല്ലോ."*

(10) സ്വന്തയാഗം കൊണ്ടു പാപപരിഹാരം നടത്തി, ഇനി വീണ്ടും വരുന്ന കർത്താവ് —

എബ്രാ.9:26-28 — *"എന്നാൽ അവൻ ലോകാവസാനത്തിൽ സ്വന്ത യാഗം കൊണ്ടു പാപപരിഹാരം വരുത്തുവാൻ ഒരിക്കൽ പ്രത്യക്ഷനായി. ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്ക യാൽ ക്രിസ്തുവും അങ്ങനെ തന്നേ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തു നില്ക്കുന്നവരുടെ രക്ഷെ ക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷമാകും."*

*"അവൻ നിന്നോടു വല്ലതും അന്യായം ചെയ്തിട്ടോ കടംപെട്ടിട്ടോ ഉണ്ടെങ്കിൽ അതു എന്റെ പേരിൽ കണക്കിട്ടുകൊൾക"* (ഫിലേ.18) എന്ന പൗലൊസിന്റെ പ്രഖ്യാപനത്താൽ ഒനേസിമൊസ് തന്റെ യജമാനനായ ഫിലോമോനു കൊടുക്കുവാനുള്ള സകല കടങ്ങളും ബാദ്ധ്യതകളും ഇല്ലാ തായി. അതായത് ഫിലേമോന്റെ ലേഖനത്തിലെ പ്രധാന വിഷയമായ നിരപ്പിന്റെ ശുശ്രൂഷ ഇവിടെ പൂർത്തീകരിക്കപ്പെടുന്നു. ഒനേസിമൊസിന്റെ തെറ്റുകൾ മൂലം ഇരുവരും തമ്മിൽ അകലുവാൻ ഇടയായി. എന്നാൽ പൗലൊസിന്റെ പ്രവർത്തനത്താൽ അവർ തമ്മിലുള്ള കയ്പിന്റെ അനുഭ വവും ശത്രുതയും എന്നേക്കുമായി പരിഹരിക്കപ്പെട്ടു.

ഒനേസിമൊസിനെപ്പോലെ പാപികളായ മനുഷ്യവർഗ്ഗവും യജ മാനനായ ദൈവത്തോടു പാപം ചെയ്തു നിത്യമരണത്തിനു വിധിക്ക പ്പെട്ടു കഴിയുകയായിരുന്നു. നാം ദൈവസന്നിധിയിൽ വരുത്തിവെച്ച ഭീമ മായ പാപക്കടം കൊടുത്തു തീർക്കുവാൻ ഒരു മനുഷ്യനാലും സാദ്ധ്യമ ല്ലായിരുന്നു. എന്നാൽ ദൈവം തന്നെ തന്റെ ഏകജാതനെ ലോകത്തി ലേക്കു അയച്ചു നമ്മുടെ പാപത്തിനു പരിഹാരം ഉണ്ടാക്കി. യേശുക്രിസ്തു തന്റെ ജീവൻ തന്നു നമ്മുടെ സകലപാപക്കടവും ക്രൂശുമരണത്തിലൂടെ ഇല്ലാതാക്കി. അങ്ങനെ നീതിമാനായ ദൈവവുമായി നമുക്കു നിരപ്പു ലഭി പ്പാൻ ഇടയായി.

---

## ഞാൻ തന്നു തീർക്കാം

**ഫിലേ.19 — പൗലൊസ് എന്ന ഞാൻ സ്വന്തകയ്യാൽ എഴുതിയിരിക്കുന്നു; ഞാൻ തന്നു തീർക്കാം. നീ നിന്നെത്തന്നേ എനിക്കു തരുവാൻ കടം പെട്ടിരിക്കുന്നു എന്നു ഞാൻ പറയേണം എന്നില്ലല്ലോ**

(I, Paul, am writing with my own hand. I will repay--not to mention to you that you owe me even your own self besides) —

പൗലൊസ് തന്റെ ലേഖനങ്ങളെഴുതുമ്പോൾ തന്നെ സഹായിക്കുന്ന ആരെയെങ്കിലും കൊണ്ടായിരിക്കും സാധാരണ എഴുതിപ്പിക്കുന്നത് (ഉദാ - റോമ.16:22 - തെർതൊസ്). താൻ പറഞ്ഞുകൊടുക്കുന്നതു പ്രകാരം അവർ എഴുതും. ചിലപ്പോൾ ലേഖനത്തിന്റെ അവസാനമാകുമ്പോഴും വിശേഷാൽ ആശീർവ്വാദം എഴുതുമ്പോഴും താൻ തന്നെ സ്വന്തകൈപ്പടയാൽ എഴുതുകയാണ് പതിവ് (1.കൊരി.16:21/ഗലാ.6:11/കൊലൊ.4:18/2.തെസ്സ.3:17).

ഫിലേമോന്റെ ലേഖനം മുഴുവനും തന്റെ സ്വന്തകൈയ്യാൽ എഴുതിയോ എന്നു അറികയില്ല. "പൗലൊസ് എന്ന ഞാൻ സ്വന്തകയ്യാൽ എഴുതിയിരിക്കുന്നു" എന്നു ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നതിനാൽ പൗലൊസ് തന്നെയാണ് എഴുതിയതെന്നും ചിന്തിക്കാം. കാരണം ലേഖനം വ്യക്തിപരമായ വിഷയങ്ങൾ അടങ്ങിയതും ഒരു വ്യക്തിക്കുള്ള നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതിനാൽ തന്നേ. കൂടാതെ ഒനേസിമൊസിന്റെ കടങ്ങൾ താൻ കൊടുത്തു തീർക്കും എന്നുള്ള ഉറപ്പു വാക്കിനാൽ മാത്രമല്ല രേഖയായും കാണപ്പെടേണ്ടതിനു താൻ തന്നെ എഴുതി എന്നു കരുതാം.

*"അവൻ നിന്നോടു വല്ലതും അന്യായം ചെയ്തിട്ടോ കടംപെട്ടിട്ടോ ഉണ്ടെങ്കിൽ അത് എന്റെ പേരിൽ കണക്കിടുക"* (ഫിലേ.18) എന്നും *"ഞാൻ തന്നു തീർക്കാം"* (ഫിലേ.19) എന്നും പറഞ്ഞിരിക്കുന്നു. ഒനേസിമൊസിന്റെ ബാദ്ധ്യതകളെല്ലാം പൗലൊസ് പൂർണ്ണമായി തന്നു തീർക്കും എന്നു പറയുകമാത്രമല്ല അത് നിയമപരമായി സാധുത ലഭിക്കുന്നതിനാണ് സ്വന്തകയ്യാൽ എഴുതിക്കൊടുക്കുന്നത്. വിശ്വാസികളും ദൈവദാസന്മാരും അവർ പറയുന്ന കാര്യങ്ങൾ വെറും വാക്കുകളിലൊതുങ്ങാതെ അവയൊക്കെ നടത്തപ്പെടുകയും ചെയ്യേണ്ട ആവശ്യമുണ്ടെന്നു ഇതിലൂടെ വെളിപ്പെടുന്നു.

*"ഞാൻ തന്നു തീർക്കാം"* (ഫിലേ.19) എന്നത് ഫിലേമോനുള്ള പൗലൊസിന്റെ ഒരു വാഗ്ദാനപത്രമായി (Promissory note) കണക്കാക്കാം. തടവിൽ കിടക്കുന്ന പൗലൊസിനു തന്റെ വാക്കു പാലിക്കുവാൻ സാധിക്കുമോ എന്നു നമുക്കു തോന്നിയേക്കാം. പള്ളി പ്രമാണിയായ തർസോസിലെ ശൗൽ ഏറിയ സമ്പത്തുള്ളവനായിരുന്നു. എന്നാൽ ഇപ്പോൾ തടവുകാരനെന്ന നിലയിൽ പൗലൊസ് വളരെ സാമ്പത്തിക ബുദ്ധിമുട്ടിലൂടെയാണ് തന്റെ കാരഗൃഹവാസം കഴിച്ചത്. തടവറയിലെ തണുപ്പു ഏറ്റവും കഠിനമായതിനാലാവാം ഒരു അവസരത്തിൽ കർപ്പൊസിന്റെ പക്കൽ വെച്ചേച്ചു പോന്ന പുതപ്പിനെക്കുറിച്ചു തിമൊഥെയൊസിനോടു പറയുന്നത്. *"ഞാൻ ത്രോവാസിൽ കർപ്പൊസിന്റെ പക്കൽ വെച്ചേച്ചു പോന്ന പുതപ്പും പുസ്തകങ്ങളും വിശേഷാൽ ചർമ്മലിഖിതങ്ങളും നീ വരുമ്പോൾ കൊണ്ടു വരിക"* (2.തിമൊ.4:13).

*"ഞാൻ തന്നു തീർക്കാം"* (ഫിലേ.19) എന്നു എഴുതിക്കൊടുത്തതു നിവർത്തിപ്പാൻ സഹായമായത് ഒരു പക്ഷേ ഫിലിപ്പിയ വിശ്വാസികളിൽ നിന്നു തനിക്കു ലഭിച്ച ദാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കാം. *"എങ്കിലും എന്റെ കഷ്ടതയിൽ നിങ്ങൾ കൂട്ടായ്മ കാണിച്ചതു നന്നായി. ഫിലിപ്പിയരേ, സുവിശേഷഘോഷണത്തിന്റെ ആരംഭത്തിൽ ഞാൻ മക്കദോന്യയിൽ നിന്നു പുറപ്പെട്ടാറെ നിങ്ങൾ മാത്രമല്ലാതെ ഒരു സഭയും വരവുചിലവു കാര്യത്തിൽ എന്നോടു കൂട്ടായ്മ കാണിച്ചില്ല എന്നു നിങ്ങളും അറിയുന്നു. തെസ്സലൊനീക്യയിലും എന്റെ ബുദ്ധിമുട്ടു തീർപ്പാൻ നിങ്ങൾ ഒന്നു രണ്ടുവട്ടം അയച്ചു തന്നുവല്ലോ. ഞാൻ ദാനം ആഗ്രഹി*

*ക്കുന്നു എന്നല്ല, നിങ്ങളുടെ കണക്കിലേക്കു ഏറുന്ന ഫലം അത്രേ ആഗ്രഹിക്കുന്നതു. ഇപ്പോൾ എനിക്കു വേണ്ടുന്നതു എല്ലാം ഉണ്ടു; സമൃദ്ധിയായുമിരിക്കുന്നു; നിങ്ങൾ അയച്ചു തന്നതു സൗരഭ്യവാസനയായി ദൈവത്തിന്നു പ്രസാദവും സുഗ്രാഹ്യവുമായ യാഗമായി എപ്പഫ്രൊദിത്തൊസിന്റെ കയ്യാൽ ഞാൻ പ്രതിഗ്രഹിച്ചു തൃപ്തനായിരിക്കുന്നു"*(ഫിലി.4:14-18).

**നീ നിന്നെത്തന്നേ എനിക്കു തരുവാൻ കടം പെട്ടിരിക്കുന്നു എന്നു ഞാൻ പറയേണം എന്നില്ലല്ലോ (ഫിലേ.19)—**

ഒനേസിമൊസിന്റെ സകല കടങ്ങളും പൗലൊസ് തന്നെ തീർത്തു കൊള്ളാം എന്നു പറയുന്നതോടൊപ്പം ഫിലേമോനെ പൗലൊസ് ഓർമ്മപ്പെടുത്തുന്നത് — *"നീ നിന്നെത്തന്നേ എനിക്കു തരുവാൻ കടം പെട്ടിരിക്കുന്നു എന്നു ഞാൻ പറയേണം എന്നില്ലല്ലോ"* (ഫിലേ.19) എന്നാണ്. അതായത് വാണിജ്യവ്യാപാരഭാഷയിൽ പറഞ്ഞാൽ പൗലൊസിന്റെ കണക്കു പുസ്തകത്തിൽ ഫിലേമോന്റെ പേജിൽ ഒരു വൻ കടം ഫിലേമോൻ കൊടുത്തു തീർക്കുവാനുണ്ടെന്നാണ് (A huge credit in the name of Paul and a subsequent huge debit to Philemon in the book of Paul). അത് പൗലൊസിനോടുള്ള ഫിലേമോന്റെ സ്നേഹത്തിന്റെയും നന്ദിയുടെയും ബഹുമാനത്തിന്റെയും കടമായി ചിത്രീകരിക്കാം. കുറേക്കൂടി വ്യക്തമായി പറഞ്ഞാൽ ഒനേസിമൊസിനെപ്പോലെ തന്നേ ഫിലേമോനും പൗലൊസിലൂടെയുള്ള രക്ഷണ്യസുവിശേഷം കേട്ടു മാനസാന്തരപ്പെട്ടു ദൈവകുടുംബത്തിലേക്കു പ്രവേശിക്കപ്പെട്ടവനാണ്. പൗലൊസ് ഫിലേമോന്റെ ആത്മികപിതാവാകയാൽ ഫിലേമോൻ തന്നെ മുഴുവനായി പൗലൊസിനു കടപ്പെട്ടിരിക്കുന്നു.

തിരുവചനം ഒരു ആത്മാവിന്റെ വിലയെക്കുറിച്ചു പറയുന്നത് സർവ്വലോകത്തേക്കാളും വിലയേറിയതെന്നാണ്. *"ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന്നു എന്തു പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും?"* (മത്താ.16:26). ആത്മികമായി ചിന്തിച്ചാൽ നരകത്തീയിൽ കിടന്നു യാതന അനുഭവിക്കേണ്ട ഫിലേമോനെ കർത്താവിന്റെ രക്ഷയിലേക്കു നടത്തിയത് പൗലൊസാണ്. അതിന്റെ കടവും, നന്ദിയും,

സ്നേഹവും എത്ര ധനം കൊടുത്താലും തീരുകയില്ല. അതുകൊണ്ടാണ് പൗലൊസു പറയുന്നത് — *"നീ നിന്നെത്തന്നേ എനിക്കു തരുവാൻ കടം പെട്ടിരിക്കുന്നു എന്നു ഞാൻ പറയേണം എന്നില്ലല്ലോ"* (ഫിലേ.19).

വിശ്വാസികൾ തമ്മിലുള്ള ബന്ധം ആത്മീകമായതിനാൽ രക്ത ബന്ധത്തേക്കാൾ ഉന്നതമാണ്. രക്ഷിക്കപ്പെടാത്തവരുമായുള്ള രക്തബ ന്ധങ്ങളും സ്നേഹവും ഈ ലോകത്തിൽ വെച്ചു മരണത്തോടെ അസ്ത മിച്ചു ഇല്ലാതാകുന്നു. എന്നാൽ ആത്മീകബന്ധം ഈ ലോകത്തിലും നിത്യതമുഴുവനും നിലനില്ക്കുന്നു. ആത്മീകമായി നമുക്കു മറ്റുള്ളവർ ചെയ്തു തരുന്ന ഏതു ചെറുതും വലുതുമായ കാര്യങ്ങൾക്കും നാം നന്ദിയും സ്നേഹവും പ്രകടിപ്പിക്കണം.

പൗലൊസ് ഒരു ശ്രേഷ്ഠ അപ്പൊസ്തലനെങ്കിലും അദ്ദേഹത്തോ ടൊരുമിച്ചു പ്രവർത്തിച്ച ചെറിയവരോടും വലിയവരോടും ഒരുപോലെ സ്നേഹവും ആദരവും ബഹുമാനവും പ്രകടിപ്പിച്ചിരുന്നു. അപ്രകാരം തന്നെ വിശ്വാസികളും അപ്പൊസ്തലനെ ജീവനുതുല്യം സ്നേഹിച്ചിരു ന്നതായി തിരുവചനം വെളിപ്പെടുത്തുന്നു.

(1) അക്വിലാവെയും പ്രിസ്കയെയും കുറിച്ചു പൗലൊസ് പറയു ന്നത് — *"ക്രിസ്തുയേശുവിൽ എന്റെ കൂട്ടുവേലക്കാരായ പ്രിസ്കയെയും അക്വിലാവെയും വന്ദനം ചെയ്വിൻ. അവർ എന്റെ പ്രാണനു വേണ്ടി തങ്ങ ളുടെ കഴുത്തു വെച്ചുകൊടുത്തവരാകുന്നു"* (റോമ.16:4,44).

(2) ഗലാത്യ സഭയിലെ വിശ്വാസികൾ അവരുടെ കണ്ണു ചൂന്നെ ടുത്തു പൗലൊസിനു കൊടുക്കുവാൻ തയ്യാറായിരുന്നു. *"കഴിയും എങ്കിൽ നിങ്ങളുടെ കണ്ണു ചൂന്നെടുത്തു എനിക്കു തരുമായിരുന്നു എന്നതിന്നു ഞാൻ സാക്ഷി"* (ഗലാ.4:15).

(3) തെസ്സലൊനിക്യയിലെ വിശ്വാസികൾക്കു വേണ്ടി പ്രാണൻ പോലും നല്കുവാൻ പൗലൊസ് തയ്യാറായിരുന്നു. *"ഇങ്ങനെ ഞങ്ങൾ നിങ്ങളെ ഓമനിച്ചുകൊണ്ടു നിങ്ങൾക്കു ദൈവത്തിന്റെ സുവിശേഷം പ്രസംഗിപ്പാൻ മാത്രമല്ല, നിങ്ങൾ ഞങ്ങൾക്കു പ്രിയരാകയാൽ ഞങ്ങ ളുടെ പ്രാണനുംകൂടെ വെച്ചുതരുവാൻ ഒരുക്കമായിരുന്നു"* (1.തെസ്സ.2:8).

ഒനേസിമൊസ് ഫിലേമോനു കൊടുത്തു തീർക്കുവാനുള്ളത് ഭൗമികവും താല്ക്കാലിക കടവുമാണ്. എന്നാൽ ഫിലേമോൻ പൗലൊസിനു കടമ്പെട്ടിരിക്കുന്നത് ആത്മികവും നിത്യമായതുമാണ്. ഈ ലോകത്തിൽ മാത്രമല്ല നിത്യതയിലും ഓർമ്മിക്കത്തക്ക ബാദ്ധ്യതയാണ് ഫിലേമോനു പൗലൊസിനോടുള്ളത്.

വിശ്വാസികളായ നാമും നമ്മെ ക്രിസ്തുവിലേക്കു നടത്തിയവരെയും ദൈവവചനത്തിൽ നമ്മെ ഉറപ്പിച്ചവരെയും, സഹായിച്ചവരെയും ഇപ്പോൾ ശുശ്രൂഷിക്കുന്നവരെയും മറന്നു കളവാൻ പാടില്ല. എല്ലാറ്റിനും സ്തോത്രം ദൈവത്തിനാണ് നല്കേണ്ടത്. അപ്പോൾത്തന്നെ ആത്മിക പാതയിലേക്കു നമ്മെ നയിച്ചവരെയും ബഹുമാനിക്കണം (എബ്രാ.13:7,17).

ഒനേസിമൊസിന്റെ കടങ്ങളും ബാദ്ധ്യതകളും ഫിലേമോൻ മറക്കുവാൻ പൗലൊസ് പറയുന്നില്ല. അതൊക്കെ അപ്പൊസ്തലൻ തന്നെ കൊടുത്തു തീർക്കും. അപ്പോൾത്തന്നെ ഫിലേമോൻ ഓർക്കേണ്ടത് ആത്മികമായി ഫിലേമോനും പൗലൊസിനോടു കടമ്പെട്ടിരിക്കുന്നു എന്നാണ്. അത് ഈ ലോകത്തിലെ ധനത്താലോ വസ്തുവകകളാലോ അളക്കുവാനും പകരം നല്കി വീട്ടുവാനും സാദ്ധ്യമല്ല.

---

## ക്രിസ്തുവിൽ എന്റെ ഹൃദയം തണുപ്പിക്ക

**ഫിലേ.20 — അതേ സഹോദരാ, നിന്നെക്കൊണ്ടു എനിക്കു കർത്താവിൽ ഒരനുഭവം വേണ്ടിയിരിക്കുന്നു; ക്രിസ്തുവിൽ എന്റെ ഹൃദയം തണുപ്പിക്ക** (Yes, brother, let me have joy from you in the Lord; refresh my heart in the Lord) —

അപ്പൊസ്തലനായ പൗലൊസ് ഫിലേമോനെ സഹോദരാ എന്നു സംബോധന ചെയ്തുകൊണ്ടു തന്റെ രണ്ടു ആവശ്യങ്ങൾ അപേക്ഷയായി സമർപ്പിക്കുന്നു. (1) ഫിലേമോനാൽ തനിക്കു കർത്താവിൽ ഒരു അനുഭവം അഥവാ സന്തോഷം വേണം (2) ക്രിസ്തുവിൽ തന്റെ ഹൃദയം തണുപ്പിക്കണം. ഏഴാം വാക്യത്തിൽ ഫിലേമോൻ വിശുദ്ധന്മാരുടെ ഹൃദയം തണുപ്പിച്ചവനായിരുന്നു. *"സഹോദരാ, വിശുദ്ധന്മാരുടെ ഹൃദയം നീ തണുപ്പിച്ചതു നിമിത്തം നിന്റെ സ്നേഹത്തിൽ എനിക്കു വളരെ സന്തോഷവും ആശ്വാസവും ഉണ്ടായി"* (ഫിലേ.7). വിശുദ്ധന്മാരുടെ ഹൃദയം തണുപ്പിച്ച ഫിലേമോൻ പൗലൊസിന്റെ ഹൃദയം തണുപ്പിക്കേണ്ടതിനു ആവശ്യപ്പെടുന്നു.

**(1) നിന്നെക്കൊണ്ടു എനിക്കു കർത്താവിൽ ഒരനുഭവം വേണ്ടിയിരിക്കുന്നു (ഫിലേ.20)** (let me have joy from you in the Lord) —

അനുഭവം എന്നത് പ്രയോജനം അഥവാ സന്തോഷം എന്ന അർത്ഥത്തിലാണ്. ഒനേസിമൊസ് അടിമയെങ്കിലും രക്ഷിക്കപ്പെട്ടു ദൈവമകൻ ആയതിനാൽ ഫിലേമോനു പ്രയോജനമുണ്ടാകും. അതുപോലെ ഫിലേമോനും പൗലൊസിനു പ്രയോജനമുള്ളവനായിരിക്കണം. അനുഭവം എന്നു ഇവിടെ എഴുതിയിരിക്കുന്ന പദം മൂലഭാഷയിൽ ഒനേസിമൊസ് എന്ന പദവുമായി ബന്ധപ്പെട്ടിരിക്കുന്നു. അനുഭവം, പ്രയോജനം, സന്തോഷം എന്നിങ്ങനെ ഇവിടെ ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ ഗ്രീക്കിലെ ഒനിനേമി (Oninemi) എന്ന പദത്തിൽ നിന്നു വന്നിട്ടുള്ളതാണ്. ഇത് ഒനേസിമൊസ് എന്ന പേരിന്റെ മൂലപദമാണ്. ഒനേസിമൊസ് എന്ന പേരിനർത്ഥം പ്രയോജനമുള്ളവൻ എന്നാണ്. "നിന്നെക്കൊണ്ടു എനിക്കു കർത്താവിൽ ഒരു അനുഭവം വേണ്ടിയിരിക്കുന്നു" എന്ന ആവശ്യം യഥാർത്ഥത്തിൽ അർത്ഥമാക്കുന്നത് ഒനേസിമൊസിമൊസിനെ

ക്രിസ്തുവിൽ ഒരു സഹോദരനായി ഫിലേമോൻ അംഗീകരിച്ചാൽ മാത്രമേ തനിക്കു അനുഭവം അഥവാ പ്രയോജനം ലഭിക്കൂ എന്നാണ്. അതായത് ഒനേസിമൊസിനോടു ഫിലേമോൻ ക്ഷമിച്ചു എന്നറിഞ്ഞാലേ പൗലൊസിനു കർത്താവിൽ സന്തോഷിപ്പാൻ കഴിയൂ.

**(2) ക്രിസ്തുവിൽ എന്റെ ഹൃദയം തണുപ്പിക്ക (ഫിലേ.20)** (refresh my heart in the Lord) —

കൊലൊസ്യ പട്ടണത്തിൽ താമസിച്ചിരുന്ന ഫിലേമോൻ വിശുദ്ധന്മാരുടെ ഹൃദയം അഥവാ മനം തണുപ്പിക്കുന്നവനായിരുന്നു. വിശ്വാസികളോടും തന്റെ അടിമകളോടും ഇത് പ്രകടമാക്കിയിരുന്നു. ഹൃദയം തണുപ്പിക്കുന്നത് ഫിലേമോന്റെ സൽഗുണങ്ങളിലൊന്നായിരുന്നു. ഇപ്രകാരം വിശുദ്ധന്മാരുടെ ഹൃദയം തണുപ്പിച്ച അനുഭവങ്ങൾ അനേക മൈലുകൾക്കപ്പുറം റോമൻ കാരാഗൃഹത്തിൽ തടവിലായിരിക്കുന്ന പൗലൊസ് കേട്ടപ്പോൾ അദ്ദേഹത്തിനു സന്തോഷവും ആശ്വാസവും ഉണ്ടായി (ഫിലേ.7). അനേകരുടെ മനം തണുപ്പിച്ച ഫിലേമോൻ പൗലൊസിന്റെയും ഹൃദയം തണുപ്പിക്കണമെന്നു ലേഖനം അവസാനിപ്പിക്കുന്ന വേളയിൽ ആവശ്യപ്പെടുന്നു. ഒനേസിമൊസ് എന്ന അടിമയെ കർത്താവിൽ സ്വീകരിച്ചു അവനെ ചേർത്തു കൊണ്ടാൽ അപ്പൊസ്തലന്റെ ഹൃദയത്തിനു ആശ്വാസവും സന്തോഷവും സമാധാനവും ലഭിക്കും.

റോമർക്കെഴുതിയ ലേഖനത്തിനു സമാപനം കുറിക്കുന്ന വേളയിൽ റോമിലെ വിശ്വാസികൾ തന്നോടൊപ്പം പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്യുന്നതോടൊപ്പം അവരോടു കൂടെ മനം തണുക്കേണ്ടതിനും പൗലൊസ് ആഗ്രഹിക്കുന്നു. *"എന്നാൽ സഹോദരന്മാരേ, യെഹൂദ്യയിലെ അവിശ്വാസികളുടെ കയ്യിൽ നിന്നു എന്നെ രക്ഷിക്കേണ്ടതിന്നും യെരൂശലേമിലേക്കു ഞാൻ കൊണ്ടുപോകുന്ന സഹായം വിശുദ്ധന്മാർക്കു പ്രസാദമായിത്തീരേണ്ടതിന്നും ഇങ്ങനെ ഞാൻ ദൈവേഷ്ടത്താൽ സന്തോഷത്തോടെ നിങ്ങളുടെ അടുക്കൽ വന്നു നിങ്ങളോടുകൂടെ മനം തണുക്കേണ്ടിന്നും നിങ്ങൾ എനിക്കുവേണ്ടി ദൈവത്തോടുള്ള പ്രാർത്ഥനയിൽ എന്നോടുകൂടെ പോരാടേണം എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെയും ആത്മാവിന്റെ സ്നേഹത്തെയും ഓർപ്പിച്ചു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു"* (റോമ.15:30-32).

ദൈവവേലയിലായിരിക്കുന്ന ദൈവദാസീദാസന്മാരുടെ ഹൃദയങ്ങളെ തണുപ്പിക്കുന്ന വിധത്തിൽ വിശ്വാസികൾ പെരുമാറണം. ദൈവമക്കൾ അവരുടെ ഹൃദയത്തെ തണുപ്പിക്കണം. സങ്കടത്തിൽ ആശ്വാസം, ബുദ്ധിമുട്ടുകളിൽ കൈത്താങ്ങൽ, സൗമ്യതയോടുള്ള പെരുമാറ്റം, സ്നേഹത്തിന്റെ വാക്കുകൾ എന്നിവയിലൂടെ മനം തണുപ്പിക്കാം.

കൊരിന്ത്യലേഖനത്തിൽ പൗലൊസ് പറയുന്നത് അഖായയിലെ അദ്യഫലമായ സ്തെഫനാസിന്റെ കുടുംബക്കാരുടെയും മറ്റുചില സഹോദരന്മാരുടെയും സാന്നിദ്ധ്യം കൊരിന്തു വിശ്വാസികൾക്കും തനിക്കും ഒരുപോലെ മനസ്സു തണുപ്പിക്കുന്ന അനുഭവമായിരുന്നതിനാൽ അവരെ മാനിക്കണമെന്നാണ്. *"സ്തെഫനാസും ഫൊർത്തുനാതൊസും അഖായിക്കൊസും വന്നതു എനിക്കു സന്തോഷമായി. നിങ്ങളുടെ ഭാഗത്തു കുറവായിരുന്നതു അവർ നികത്തിയിരിക്കുന്നു. അവർ എന്റെ മനസ്സും നിങ്ങളുടെ മനസ്സും തണുപ്പിച്ചുവല്ലോ; ഇങ്ങനെയുള്ളവരെ മാനിച്ചുകൊൾവിൻ"* (1.കൊരി.16:17,18).

കർത്താവിന്റെ വേലയിൽ ആയിരിക്കുമ്പോൾ ദൈവമക്കൾക്കു നിരവധി പ്രയാസങ്ങളും, പ്രശ്നങ്ങളും, കഷ്ടങ്ങളും, ദുഃഖങ്ങളും, കണ്ണുനീരിന്റെ അനുഭവങ്ങളുമുണ്ടാകാം. ദൈവമക്കളെ ആദരിക്കാത്തതും എതിർക്കുന്നതുമായ ലോകത്തിലാണ് നാം വസിക്കുന്നത്. ആകയാൽ വിശ്വാസികൾ അന്യോന്യം ആശ്വസിപ്പിക്കുകയും ഹൃദയം തണുപ്പിക്കുകയും വേണം. കൂട്ടുവിശ്വാസികൾ തമ്മിൽതമ്മിൽ കാണുമ്പോൾ, ഹൃദയവിചാരങ്ങൾ പങ്കുവെയ്ക്കുമ്പോൾ മനം തണുക്കുവാനിടയാകും. ആത്മിക കൂട്ടായ്മകൾ വിശുദ്ധന്മാരുടെ ഹൃദയത്തിനു തണുപ്പും ആശ്വാസവും നല്കും.

സുവിശേഷം നിമിത്തമാണ് പൗലൊസ് തടവറയിൽ ബന്ധിതനായിരിക്കുന്നത്. തടവറയിലായിരിക്കുമ്പോൾ സഹിക്കേണ്ടി വരുന്ന കഷ്ടങ്ങളിലും, പ്രതികൂലതകളിലും വിശ്വാസികളുടെ കർത്താവിലുള്ള സ്നേഹവും ആശ്വാസവും ലഭിച്ചാലേ അവരുടെ മനം തണുക്കുകയുള്ളു. *"അതേ സഹോദരാ, നിന്നെക്കൊണ്ടുഎനിക്കു കർത്താവിൽ ഒരനുഭവം വേണ്ടിയിരിക്കുന്നു; ക്രിസ്തുവിൽ എന്റെ ഹൃദയം തണുപ്പിക്ക"* എന്ന അപ്പൊസ്തലന്റെ ആവശ്യം ഫിലേമോൻ ഒനേസിമൊസിനെ സ്വീകരിക്കുന്നതിലൂടെ നിറവേറ്റപ്പെടുമെന്നു പൗലൊസ് പ്രത്യാശിക്കുന്നു.

# ക്രിസ്തുവിലുള്ള അനുസരണം

**ഫിലേ.21 — നിന്റെ അനുസരണത്തെപ്പറ്റി എനിക്കു നിശ്ചയം ഉണ്ടു; ഞാൻ പറയുന്നതിലധികം നീ ചെയ്യും എന്നറിഞ്ഞിട്ടാകുന്നു ഞാൻ എഴുതുന്നതു**

(Having confidence in your obedience, I write to you, knowing that you will do even more than I say) —

ഫിലേമോനിൽ നിന്നു പൗലൊസിനു കർത്താവിൽ ഒരു അനുഭവം അഥവാ സന്തോഷം വേണമെന്നും അതിലൂടെ തന്റെ ഹൃദയം ക്രിസ്തുവിൽ തണുപ്പിക്കണമെന്നും ആവശ്യപ്പെട്ടു (ഫിലേ.20). തുടർന്നു ഫിലേമോന്റെ സൽഗുണങ്ങളിലൊന്നായ ക്രിസ്തുവിലുള്ള അനുസരണത്തെപ്പറ്റി പറയുന്നു.

**നിന്റെ അനുസരണത്തെപ്പറ്റി എനിക്കു നിശ്ചയം ഉണ്ടു (ഫിലേ.21)** — (Having confidence in your obedience) —

ഫിലേമോന്റെ ആത്മിയപിതാവ് എന്ന നിലയിൽ ഫിലേമോന്റെ ക്രിസ്തുവിലുള്ള അനുസരണത്തെപ്പറ്റിയും പൗലൊസിനു പൂർണ്ണനിശ്ചയം ഉണ്ടായിരുന്നു. യുക്തമായതു ഫിലേമോനോടു കല്പിക്കുവാൻ ക്രിസ്തുവിൽ ധൈര്യവും അപ്പൊസ്തലനെന്ന അധികാരവുമുണ്ടെങ്കിലും പൗലൊസ് സ്നേഹത്തോടെ കാര്യങ്ങൾ അപേക്ഷിക്കുകയാണ് (ഫിലേ.8,9). തുടർന്നു ക്രിസ്തുവിലുള്ള അനുസരണത്തിന്റെ ആവശ്യകതയെ കുറിച്ചു പറയുന്നു. നാലു മുതൽ ഏഴുവരെയുള്ള വാക്യങ്ങളിൽ ഫിലേമോന്റെ മൂന്നു സ്വഭാവസവിശേഷതകൾ പൗലൊസ് പ്രസ്താവിച്ചു.

(1) കർത്താവായ യേശുവിനോടും സകലവിശുദ്ധന്മാരോടും സ്നേഹവും വിശ്വാസവുമുള്ളവൻ — (ഫിലേ.4)

(2) പൗലൊസിന്റെ പ്രാർത്ഥനയിൽ ഓർക്കുവാനും ദൈവത്തിനു അവനെക്കുറിച്ചു സ്തോത്രം ചെയ്യുവാനും കാരണമുള്ളവൻ -- (ഫിലേ.6)

(3) വിശുദ്ധന്മാരുടെ ഹൃദയത്തെ തണുപ്പിച്ചവൻ (ഫിലേ.7).

ഇവയോടൊപ്പം ക്രിസ്തുവിലുള്ള ഫിലേമോന്റെ അനുസരണത്തെക്കുറിച്ചും തനിക്കു നിശ്ചയമുണ്ടെന്നു പൗലൊസ് പറയുന്നു. ക്രിസ്തുവിലുള്ള അനുസരണം ഫിലേമോന്റെ നാലാമത്തെ സ്വഭാവസവിശേഷതയായി കണക്കാക്കാം. ക്രിസ്തുവിലുള്ള അനുസരണത്തെക്കുറിച്ചു പൗലൊസ് പറയുമ്പോൾ തന്റെ ഹൃദയത്തിലൂടെ കടന്നു പോകുന്നത് ഓടിപ്പോയ അടിമയായിരുന്ന ഒനേസിമൊസിനോടുള്ള ഫിലേമോന്റെ ഇപ്പോഴത്തെ മനോഭാവമാണ്. ഒനേസിമൊസിന്റെ തെറ്റുകളെല്ലാം ക്ഷമിച്ചു ക്രിസ്തുവിൽ ഒരു സഹോദരനായി ചേർത്തുകൊള്ളുമെങ്കിൽ ഫിലേമോൻ ക്രിസ്തുവിലുള്ള അനുസരണം പ്രവൃത്തിയിലൂടെ വെളിപ്പെടുത്തുകയാണ്.

**ഞാൻ പറയുന്നതിലധികം നീ ചെയ്യും എന്നറിഞ്ഞിട്ടാകുന്നു ഞാൻ എഴുതുന്നതു (ഫിലേ.21)** — (I write to you, knowing that you will do even more than I say) —

ഫിലേമോന്റെ അനുസരണത്തെപ്പറ്റി പൗലൊസിനു നിശ്ചയം ഉണ്ടു എന്നു മാത്രമല്ല താൻ പറയുന്നതിലധികം ഫിലേമോൻ ചെയ്യും എന്നതിലും പൂർണ്ണ വിശ്വാസമുണ്ട്. ഒനേസിമൊസ് അനുസരണക്കേടു കാട്ടി ഓടിപ്പോയെങ്കിലും അവൻ ക്രിസ്തുവിൽ സഹോദരനായിത്തീർന്നതിനാൽ ഫിലേമോനും അവനോടു ക്ഷമിക്കണമെന്നാണ് പൗലൊസിന്റെ ആഗ്രഹം. തെറ്റു ചെയ്ത സഹോദരനോടു ക്രിസ്തുവിൽ ക്ഷമിക്കേണ്ട ആവശ്യകത തിരുവചനത്തിൽ കർത്താവും പൗലൊസും പ്രസ്താവിച്ചിട്ടുണ്ട് —

ലൂക്കൊ.17:3,4 — *"സഹോദരൻ പിഴെച്ചാൽ അവനെ ശാസിക്ക; അവൻ മാനസാന്തരപ്പെട്ടാൽ അവനോടു ക്ഷമിക്ക. ദിവസത്തിൽ ഏഴു വട്ടം നിന്നോടു പിഴെക്കയും ഏഴുവട്ടവും നിന്റെ അടുക്കൽ വന്നു: ഞാൻ മാനസാന്തരപ്പെടുന്നു എന്നു പറകയും ചെയ്താൽ അവനോടു ക്ഷമിക്ക."*

മത്താ.18:21,22 — *"അപ്പോൾ പത്രൊസ് അവന്റെ അടുക്കൽ വന്നു: കർത്താവേ, സഹോദരൻ എത്രവട്ടം എന്നോടു പിഴെച്ചാൽ ഞാൻ ക്ഷമിക്കേണം? ഏഴുവട്ടം മതിയോ എന്നു ചോദിച്ചു. യേശു അവനോടു: ഏഴു വട്ടമല്ല, ഏഴു എഴുപതു വട്ടം എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു."*

എഫെ.4:32 —*"നിങ്ങൾ തമ്മിൽ തമ്മിൽ ദയയും മനസ്സലിവുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ."*

കൊലൊ.3:12,13 —*"അതുകൊണ്ടു ദൈവത്തിന്റെ വൃതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവു, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ടു അന്യോന്യം പൊറുക്കയും ഒരുവനോടു ഒരുവൻ വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്യിൻ; കർത്താവു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്യിൻ."*

തന്റെ ഹൃദയത്തിലെ ആഗ്രഹം നിറവേറ്റി ഒനേസിമൊസിനോടു ഫിലേമോൻ ക്ഷമിക്കുമെന്നു മാത്രമല്ല പൗലൊസ് പറയുന്നതിലധികം ഫിലേമോൻ ചെയ്യുമെന്നും പൗലൊസിനു പൂർണ്ണനിശ്ചയമുണ്ടെന്നു അറിയിക്കുന്നു. *"ഞാൻ പറയുന്നതിലധികം നീ ചെയ്യും"* (ഫിലേ.21) എന്നത് ഒരു പക്ഷേ തന്നെ ശുശ്രൂഷിക്കുവാനായി ഒനേസിമൊസിനെ വീണ്ടും റോമിലെ കാരാഗ്രഹത്തിലേക്കു മടക്കി അയക്കുമെന്നതായിരിക്കാം. അതായത് (1) അവന്റെ ക്രിസ്തുവിലുള്ള അനുസരണത്താൽ ഒനേസിമൊസിനോടു ഫിലേമോൻ മനസ്സോടെ ക്ഷമിക്കുകയും (2) അവനു പകരമായി തന്റെ ദാസനെ അയച്ചു പൗലൊസിനെ ശുശ്രൂഷിക്കും എന്നുള്ള പ്രത്യാശയും ഇവിടെ വെളിപ്പെടുന്നു.

---

## പ്രാർത്ഥനയിൽ പ്രത്യാശ

**ഫിലേ.22 — ഇതല്ലാതെ നിങ്ങളുടെ പ്രാർത്ഥനയാൽ ഞാൻ നിങ്ങൾക്കു നല്കപ്പെടും എന്നു പ്രത്യാശ ഉണ്ടാകകൊണ്ടു എനിക്കു പാർപ്പിടം ഒരുക്കിക്കൊൾക**

(But, meanwhile, also prepare a guest room for me, for I trust that through your prayers I shall be granted to you) —

ഒനേസിമൊസിന്റെ തെറ്റുകൾ ക്ഷമിച്ചു അവനെ ചേർത്തുകൊള്ളാൻ ഫിലേമോനോടു അപേക്ഷിച്ചശേഷം ലേഖനം അവസാനിപ്പിക്കുന്നു. വാക്യങ്ങൾ 22 മുതൽ 25 വരെയുള്ളത് ലേഖനത്തിന്റെ സമാപനവാക്കുകളാണ്. പൗലൊസിന്റെ പ്രത്യാശയും ആവശ്യവുമാണ് 22-ൽ അടങ്ങിയിരിക്കുന്നത് —

(1) ഫിലേമോന്റെയും കൊലൊസ്യസഭയുടെയും പ്രാർത്ഥനയാൽ അവർക്കു പൗലൊസിനെ നല്കപ്പെടുമെന്നുള്ള പ്രത്യാശ.

(2) തടവിൽ നിന്നു മോചിതനാകുമ്പോൾ അവരോടൊപ്പം താമസിക്കുവാൻ ഒരു പാർപ്പിടം ഒരുക്കുക എന്ന അപേക്ഷ.

**ഇതല്ലാതെ നിങ്ങളുടെ പ്രാർത്ഥനയാൽ ഞാൻ നിങ്ങൾക്കു നല്കപ്പെടും എന്നു പ്രത്യാശ ഉണ്ടാകകൊണ്ടു — (ഫിലേ.22)** (for I trust that through your prayers I shall be granted to you) —

ഒനേസിമൊസിനുവേണ്ടി ഫിലേമോനോടു അപേക്ഷിച്ചശേഷം തന്റെ വ്യക്തിപരമായ കാര്യത്തിലേക്കു തിരിയുന്നു. തന്റെ റോമിലെ കാരാഗൃഹവാസത്തിനുശേഷം ഫിലേമോനും, അപ്പിയെയും, അർക്കിപ്പൊസും മറ്റു സഹവിശ്വാസികളുമടങ്ങിയ കൊലൊസ്യയിലെ വീട്ടിലെ സഭയിൽ എത്തിച്ചേരുവാൻ താൻ ആഗ്രഹിക്കുന്നുവെന്നു അവരോടു അറിയിക്കുന്നു. തന്റെ റോമിലെ വീട്ടുതടങ്കൽ ഏകദേശം അവസാനിക്കുവാൻ പോകുന്നു എന്നു പൗലൊസ് കരുതുന്നു.

താൻ റോമിൽ വീട്ടുതടങ്കലിൽ ആയിരുന്നപ്പോൾ രണ്ടുവർഷം കൂലിക്കു അഥവാ വാടകക്കെടുത്ത വീട്ടിലായിരുന്നു കഴിഞ്ഞതെന്നും അവിടെ തടവിലായിരുന്നപ്പോഴും സുവിശേഷം അറിയിച്ചതും അപ്പൊസ്തലപ്രവൃത്തികളിൽ കാണുന്നു. *"അവൻ കൂലിക്കു വാങ്ങിയ വീട്ടിൽ രണ്ടു സംവത്സരം മുഴുവൻ പാർത്തു, തന്റെ അടുക്കൽ വരുന്നവരെ ഒക്കെയും കൈക്കൊണ്ടു പൂർണ്ണപ്രാഗത്ഭ്യത്തോടെ വിഘ്നംകൂടാതെ ദൈവരാജ്യം പ്രസംഗിച്ചും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചു ഉപദേശിച്ചും പോന്നു"* (അപ്പൊ.28:29,30).

റോമിലെ ഒന്നാം പ്രാവശ്യത്തെ രണ്ടു വർഷത്തെ കാരഗൃഹവാസക്കാലത്ത് എഴുതിയ നാലു ലേഖനങ്ങളിലൊന്നാണ് ഫിലേമോന്റെ ലേഖനം. രണ്ടു വർഷം വീട്ടുതടങ്കലിൽ ആയിരുന്നിട്ടും യെഹൂദാമത നേതാക്കൾ റോമിൽ അധികാരികളുടെ മുമ്പിൽ തനിക്കെതിരെ ആരോപണവുമായി വാദിക്കുവാൻ വരാതിരുന്നതിനാൽ തന്റെ മോചനം ആസന്നമായിരിക്കുന്നുവെന്നു പൗലൊസു കരുതുന്നു. രണ്ടു വർഷത്തിൽ കൂടുതൽ വിചാരണകൂടാതെ ആരെയും തടവിൽ പാർപ്പിക്കുവാൻ പാടില്ലെന്ന റോമൻ നിയമം പൗലൊസിനു അറിയാമായിരുന്നു. അതുകൊണ്ടു തന്റെ കാരഗൃഹവാസം കഴിയാൻ പോകുന്നുവെന്നും തന്റെ ആത്മമിത്രങ്ങളെ കാണുവാൻ സാധിക്കുമെന്നും പൗലൊസു ആശിക്കുന്നു. ഫിലിപ്പിയലേഖനത്തിൽ സഭാവിശ്വാസികളുടെ മനം തണുക്കേണ്ടതിന്നു തിമൊഥെയോസിനെ അയക്കുന്ന വേളയിലും (ഫിലി.2:19) തന്റെ കാരാഗൃഹവാസം കഴിയുവാൻ പോകുന്നുവെന്നും താൻ അവരെ വേഗത്തിൽ കാണുമെന്നും കർത്താവിൽ പ്രത്യാശിക്കുന്നു. *"ആകയാൽ എന്റെ കാര്യം എങ്ങനെ ആകും എന്നു അറിഞ്ഞ ഉടനെ ഞാൻ അവനെ അയപ്പാൻ ആശിക്കുന്നു. ഞാനും വേഗം വരും എന്നു കർത്താവിൽ ആശ്രയിച്ചിരിക്കുന്നു"* (ഫിലി.2:23,24).

ദൈവത്തിന്റെ സർവ്വശക്തിയും സകല പ്രവൃത്തികളും ദൈവമക്കളാകുന്ന നമ്മിൽ വെളിവാകുന്നത് നമ്മുടെ പ്രാർത്ഥനയിലൂടെയാണ്. *"നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു"* (യാക്കോ.5:16) എന്നും *"ഇങ്ങനെ പത്രൊസിനെ തടവിൽ സൂക്ഷിച്ചുവരുമ്പോൾ സഭ ശ്രദ്ധയോടെ അവന്നുവേണ്ടി ദൈവത്തോടു പ്രാർത്ഥന കഴിച്ചുപോന്നു"* (അപ്പൊ.12:5) എന്നും രേഖപ്പെടുത്തിയിരിക്കുന്ന തിരുവചന

ഭാഗങ്ങൾ പ്രാർത്ഥനയുടെ ശക്തിയെ വെളിപ്പെടുത്തുന്നു. സ്തെഫാനോസിനെ കല്ലെറിഞ്ഞു കൊല്ലുന്ന വേളയിൽ അദ്ദേഹം തന്റെ ശത്രുക്കൾക്കു വേണ്ടി പ്രാർത്ഥിച്ചു (അപ്പൊ.7:59,60). സ്തെഫാനൊസിനെ കൊല്ലുവാനും വിശ്വാസികളെ നശിപ്പിക്കുവാനും അധികാരപത്രവുമായി ഇറങ്ങിത്തിരിച്ച ശൗലിനെ കർത്താവിന്റെ പോരാളിയായ പൗലൊസാക്കി മാറ്റിമറിക്കുവാൻ സ്തെഫാനോസിന്റെ പ്രാർത്ഥനെക്കു കഴിഞ്ഞു എന്നു കരുതാം. ദമസ്ക്കൊസിൽ വെച്ചു കർത്താവിനാൽ പിടിക്കപ്പെട്ട ശൗൽ നേർവ്വീഥി എന്ന തെരുവിൽ യൂദായുടെ വീട്ടിൽ പ്രാർത്ഥിക്കുന്നു എന്നു പരിശുദ്ധാത്മാവു രേഖപ്പെടുത്തിയിരിക്കുന്നു (അപ്പൊ.9:11). ദൈവത്തോടുള്ള തന്റെ ആദ്യ പ്രാർത്ഥന മാനസാന്തരത്തിന്റെയും അനുതാപത്തിന്റെയും ദൈവത്തിന്റെ സർവ്വശക്തിയെ മനസ്സിലാക്കിയ പ്രാർത്ഥനയുമായിരുന്നുവെങ്കിൽ തുടർന്നു സുവിശേഷകനായ പൗലൊസ് ജീവകാലം മുഴുവനും തന്റെ ശത്രുക്കൾക്കും, സകല വിശ്വാസികൾക്കും, സഭകൾക്കും, സുവിശേഷത്തിന്റെ അഭിവൃദ്ധിക്കും വേണ്ടി പ്രാർത്ഥിക്കുന്നു.

പൗലൊസിനെയും ശീലാസിനെയും കർത്താവിന്റെ നാമത്തിൽ സംസാരിച്ചതിനാൽ കോൽ കൊണ്ടു അടിപ്പിച്ചു കാരാഗൃഹത്തിൽ അടച്ചു കാൽ ആമത്തിൽ ഇട്ടു പൂട്ടി. ദേഹമാസകലം അടികൊണ്ടു വേദനിക്കുമ്പോഴും, മുറിവുകളിലൂടെ രക്തം ഒഴുകുന്ന സന്ദർഭത്തിലും പൗലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടിസ്തുതിച്ചു. ഭൂമി കുലുങ്ങുവാനും കാരാഗൃഹത്തിന്റെ അടിസ്ഥാനങ്ങൾ ഇളകുവാനും അവരുടെ പ്രാർത്ഥന ഇടയാക്കി (അപ്പൊ.16:25). നമ്മുടെ എല്ലാ ചിന്താകുലവും ദൈവസന്നിധിയിൽ ഇട്ടുകൊണ്ടു പ്രാർത്ഥിക്കുവാൻ ദൈവവചനം നമ്മെ പ്രബോധിപ്പിക്കുന്നു. **1.പത്രൊ.5:7—** *"അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ."* നമ്മുടെ വിശ്വാസ ജീവിതത്തിൽ ഇനി വിചാരപ്പെടേണ്ട കാര്യമില്ല. എല്ലാം സ്തോത്രത്തോടുകൂടെ അറിയിക്കുവാൻ പറഞ്ഞിരിക്കുന്നു. **ഫിലി.4:6,7—** *"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കും."*

വിശ്വാസികൾ തമ്മിൽതമ്മിൽ ആശ്വസിപ്പിക്കുകയും, മനം തണുപ്പിക്കുകയും, സ്നേഹിക്കുകയും, കരുതുകയും മാത്രമല്ല എപ്പോഴും ദൈവ സന്നിധിയിൽ സഹോദരവർഗ്ഗത്തിനായി പ്രാർത്ഥിക്കയും വേണം. സാത്താന്റെ അധീനതയിലുള്ള ലോകത്തിൽ വിശ്വാസികൾക്കു സമാധാനമായി ജീവിക്കുവാൻ ഏറെ പ്രയാസമാണ്. ഇടവിടാതെ പ്രാർത്ഥിപ്പാനും മടുത്തുപോകാതെ പ്രാർത്ഥിപ്പാനും ദൈവവചനം പ്രബോധിപ്പിക്കുന്നു. കഷ്ടങ്ങളിലൂടെ കടന്നുപോകുന്നവരുടെ ആശ്വാസത്തിനും വിടുതലിനുമായി പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും വേണം. കർത്താവിന്റെ ശുശ്രൂഷയിലായിരിക്കുന്നവർ തങ്ങളുടെ വിചാരണയിലുള്ള ദൈവജനത്തിനായി സദാ ദൈവസന്നിധിയിൽ പ്രാർത്ഥിക്കണം. അതുപോലെ വിശ്വാസികളും തങ്ങളെ നടത്തുന്നവരെയും, ഇടയന്മാരെയും, സുവിശേഷകന്മാരെയും, ദൈവികശുശ്രൂഷയിൽ അദ്ധ്വാനിക്കുന്നവരെയും ഓർത്തു ദൈവസന്നിധിയിൽ എപ്പോഴും ജാഗരിക്കണം.

പൗലൊസ് ഒരു പ്രാർത്ഥനാ മനുഷ്യൻ ആയിരുന്നു. *"നിങ്ങളുടെ പ്രാർത്ഥനായൽ ഞാൻ നിങ്ങൾക്കു നല്കപ്പെടും"* (ഫിലേ.22) എന്ന പ്രത്യാശയിൽ നിങ്ങൾ എന്ന ബഹുവചനം ഉപയോഗിച്ചിരിക്കുന്നത് സഭാവിശ്വാസികളെല്ലാവരെയും ഉദ്ദേശിച്ചാണ്. അതായത് പൗലൊസിന്റെ പ്രിയനും കൂട്ടുവേലക്കാരനുമായ ഫിലേമോൻ, സഹോദരി അപ്പിയ, സഹഭടനായ അർക്കിപ്പൊസ് തുടങ്ങിയവർ ഉൾപ്പെട്ട വീട്ടിലെ സകലവിശ്വാസികളും എന്നാണ്. അവരെല്ലാവരും വളരെ ശ്രദ്ധയോടെ പൗലൊസിന്റെ റോമിലെ തടവറയിൽ നിന്നുള്ള വിടുതലിനും, അതിനുശേഷം റോമിൽ നിന്നു കൊലൊസ്യയിലെത്തി തമ്മിൽ കാണണമെന്നും ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നവരാണെന്നു പൗലൊസിനു നിശ്ചയമുണ്ട്. അതുകൊണ്ടാണ് *"നിങ്ങളുടെ പ്രാർത്ഥനയാൽ ഞാൻ നിങ്ങൾക്കു നല്കപ്പെടും എന്നു പ്രത്യാശ ഉണ്ടാകകൊണ്ടു"* (ഫിലേ.22) എന്നു പൗലൊസ് അവരെ അറിയിക്കുന്നത്.

**എനിക്കു പാർപ്പിടം ഒരുക്കിക്കൊൾക—(ഫിലേ.22)** — (But, meanwhile, also prepare a guest room for me)

റോമിലെ പൗലൊസിന്റെ വീട്ടു തടങ്കൽ രണ്ടുവർഷം തികയുവാൻ പോകുന്നതിനാൽ തന്റെ മോചനം ഏറ്റവും ആസന്നമായിരിക്കുന്നുവെന്നു പൗലൊസ് കർത്താവിൽ പ്രത്യാശിക്കുന്നു. തടവറയിൽ നിന്നു മോചിതനായാൽ കൊലൊസ്യയിലുള്ള സഭാവിശ്വാസികളെ കാണണമെന്നു ആഗ്ര

ഹിക്കുന്നു. മാത്രവുമല്ല അവരോടൊപ്പം തനിക്കു താമസിക്കുവാനും പ്രവർത്തിക്കുവാനും ഒരു പാർപ്പിടം ഒരുക്കുവാനും ഫിലേമോനോടു ആവശ്യപ്പെടുന്നു. ഏഷ്യാമൈനറിലെ കൊലൊസ്യപട്ടണത്തിലെ ഫിലേമോന്റെ ഭവനത്തിലേക്കു റോമിൽ നിന്നും ഏകദേശം 1500 കിലോമീറ്റർ ദൂരമുണ്ട്. ഇത്രയു ദൂരം യാത്രചെയ്യുവാനും ഏറെ നാളുകൾ ആവശ്യമായി വരും. എന്നാലും ഫിലേമോന്റെ വീട്ടിലെ സഭയിലെത്തി അവരെ കാണുവാനും അവരോടൊത്ത് ആത്മീകസന്തോഷം നുകരുവാനും പൗലൊസ് അതിയായി ആഗ്രഹിക്കുന്നു.

പൗലൊസ് ആഗ്രഹിച്ചതുപോലെ റോമൻ കാരാഗൃഹത്തിൽ നിന്നു തനിക്കു വിടുതൽ ലഭിച്ചു. എന്നാൽ കൊലൊസ്യയിൽ എത്തി ഫിലേമോനെയും സഭാവിശ്വാസികളെയും കാണുവാനും അവരോടൊപ്പം പാർക്കുവാനും സാധിച്ചുവോ എന്നു നമുക്കു തിരുവെഴുത്തുകളിലൂടെ വിവരം ലഭിക്കുന്നില്ല. തടവറയിൽ നിന്നു മോചിതനായ പൗലൊസ് കർത്താവിന്റെ മഹത്വമാർന്ന വേലയിൽ ഏറെ ശുഷ്ക്കാന്തിയോടെ താൻ സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം പ്രവർത്തിച്ചു. വീണ്ടും നീറോ ചക്രവർത്തിയാൽ തടവറയിൽ ബന്ധിക്കപ്പെട്ടപ്പോഴാണ് തിമൊഥെയോസിനുള്ള രണ്ടാം ലേഖനം എഴുതിയത്. അതു തന്റെ നിര്യാണ ലേഖനമായി കണക്കാക്കാമെങ്കിലും അതിലൂടെ നിരാശയുടെ വാക്കുകളല്ല മറിച്ചു ധൈര്യത്തിന്റെയും സന്തോഷത്തിന്റെയും ശബ്ദമാണ് മുഴങ്ങിക്കേൾക്കുന്നത്. ക്രിസ്തുവിന്റെ ഒരു ഉത്തമപടയാളി എന്ന നിലയിൽ പോരാടിയ, ക്രിസ്തീയ ഓട്ടക്കളത്തിൽ ഓടി വിജയം നേടിയ ഒരു കായികാഭ്യാസി എന്ന നിലയിൽ തന്റെ ജീവിതം അവസാനിക്കുന്നു.

ഇവിടെ തന്റെ ഈ ലോകജീവിതത്തിനു തിരശ്ശീല വീഴുമ്പോഴും ക്രിസ്തുവിൽ തികഞ്ഞ ആത്മവിശ്വാസമാണ് പൗലൊസിനുണ്ടായിരുന്നതെന്നു തന്റെ അന്ത്യവാക്കുകളിലൂടെ വെളിപ്പെടുന്നു. *“ഞാനോ ഇപ്പോൾ തന്നേ പാനീയയാഗമായി ഒഴിക്കപ്പെടുന്നു; എന്റെ നിര്യാണ കാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നല്കും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കും കൂടെ”* (2.തിമൊ.4:6-8).

റോമിലെ ഒന്നാം പ്രാവശ്യത്തെ രണ്ടു വർഷത്തെ കാരഗൃഹവാസക്കാലത്ത് എഴുതിയ നാലു ലേഖനങ്ങളാണ് എഫെസ്യർ, കൊലൊസ്യർ, ഫിലിപ്പിയർ, ഫിലേമോൻ. ഒന്നാം കാരഗൃഹവാസത്തിൽ പൗലൊസിനു ഏറെ സ്വാതന്ത്ര്യം ലഭിച്ചിരുന്നു. റോമിലെ ഒന്നാം കാരാഗൃഹവാസത്തിൽ നിന്നും വളരെ വ്യത്യസ്തമായ സാഹചര്യങ്ങളായിരുന്നു രണ്ടാം കാരഗൃഹവാസം. ഒന്നാമത്തേതു വീട്ടു തടങ്കലിലായിരുന്നു (അപ്പൊ.28:29,30). വീട്ടു തടങ്കലിൽ തന്നെ സഹായിക്കുവാൻ ആരെയെങ്കിലും കൂടെ നിറുത്തുവാൻ അനുവാദമുണ്ടായിരുന്നു. എന്നാൽ രണ്ടാം കാരാഗൃഹവാസം റോമൻ ഭരണാധികാരികളുടെ കൂറ്റൻ ജയിലറക്കുള്ളിലായിരുന്നു. അവിടെ സ്നേഹിതരെയോ സഭാവിശ്വാസികളെയോ കാണുന്നതിനോ സഹായത്തിനായി ആരെയും നിറുത്തുവാനോ അനുവാദമില്ലായിരുന്നു.

രണ്ടാം കാരഗൃഹവാസം നീറോയുടെ ഭരണത്തിൽ ഒരു ദുഷ്പ്രവൃത്തിക്കാരൻ എന്ന നിലയിൽ ചങ്ങലയാൽ ബന്ധിതൻ ആയിരുന്നു (2.തിമൊ.2:9). എ.ഡി.64 -ൽ നീറോയുടെ ഭരണകാലത്ത് റോമിൽ ഒരു വലിയ അഗ്നിബാധയുണ്ടായി. അഗ്നിബാധയുടെ ഉത്തരവാദി നീറോ തന്നെയെന്നു ജനങ്ങൾക്കെല്ലാം അറിയാമായിരുന്നു. റോമൻ നഗരത്തെ അഗ്നിക്കിരയാക്കിയതിനു പിന്നിൽ നീറോയ്ക്കു ചില സ്വാർത്ഥലക്ഷ്യങ്ങളുണ്ടായിരുന്നു. എന്നാൽ കുറ്റം തന്റെ മേൽ വരാതിരിക്കുവാൻ ക്രിസ്ത്യാനികളാണ് അഗ്നിബാധെക്കു പിന്നിലെന്നു നീറോയും സേവകരും പറഞ്ഞു പരത്തി.

അങ്ങനെ ക്രിസ്ത്യാനികൾക്കെതിരെ ജനങ്ങളെല്ലാം കൂട്ടം കൂടി അവരെ ഉപദ്രവിക്കുവാൻ തുടങ്ങി. നീറോയുടെ കല്പനപ്രകാരം ക്രിസ്ത്യാനികളെ അതിക്രൂരമായി ഭരണാധികാരികളും പീഡിപ്പിച്ചു തടവറയിലാക്കി. അക്കൂട്ടത്തിൽ അപ്പൊസ്തലനായ പൗലൊസിനെയും നീറോ ചക്രവർത്തി കാരാഗൃഹത്തിലടച്ചു. നീറോയുടെ ബന്ധനത്തിൽ കഠിനതടവിലായിരിക്കുമ്പോഴാണ് പൗലൊസ് തിമൊഥെയൊസിനുള്ള അന്ത്യലേഖനം എഴുതിയത്. ഏറെ താമസിയാതെ നീറോ പൗലൊസിനെ ശിരച്ഛേദനം ചെയ്തതായി പറയപ്പെടുന്നു.

—————————————————

## ക്രിസ്തുയേശുവിൽ വന്ദനം

**ഫിലേ.23,24 — ക്രിസ്തുയേശുവിൽ എന്റെ സഹബദ്ധനായ എപ്പ ഫ്രാസും എന്റെ കൂട്ടുവേലക്കാരനായ മർക്കൊസും അരിസ്തർക്കൊസും ദേമാസും ലൂക്കൊസും നിനക്കു വന്ദനം ചൊല്ലുന്നു.**

(Epaphras, my fellow prisoner in Christ Jesus, greets you, as do Mark, Aristarchus, Demas, Luke, my fellow laborers) —

റോമൻ കാരാഗൃഹത്തിലായിരിക്കുമ്പോൾ സുവിശേഷം അറിയിച്ചു രക്ഷയിലേക്കു നടത്തപ്പെട്ട അടിമയായ ഒനേസിമൊസിനുവേണ്ടി അവന്റെ യജമാനനായ ഫിലേമോനോടു പൗലൊസ് അപേക്ഷിച്ചു. അവനെ ഒരു ദാസനായല്ല, ദാസനുമീതെ പ്രിയസഹോദരൻ ആയി കാണണമെന്നും പറഞ്ഞു. രക്ഷയിലേക്കു നയിക്കപ്പെട്ട പുതിയ വിശ്വാസി എന്ന നിലയിൽ ഒനേസിമൊസിന്റെ കർത്താവിലുള്ള നിലനില്പിനുള്ളതെല്ലാം സ്നേഹത്തോടെ ഫിലേമോനോടു അറിയിച്ചു. റോമൻ കാരാഗൃഹത്തിലെ തന്റെ തടവുകാലയളവു തീരുവാൻ പോകുന്ന സമയത്ത് കൊലൊസ്യയിലുള്ള ഫിലേമോനുൾപ്പെടെയുള്ള സഭാവിശ്വാസികളെ നേരിൽ കാണുവാനും അവരോടൊപ്പം പാർക്കുവാനുമുള്ള തന്റെ ആഗ്രഹത്തെയും അവരോടു അറിയിച്ചു. തുടർന്നു ഫിലേമോനെഴുതിയ ലേഖനത്തിന്റെ അവസാനഭാഗമെന്ന നിലയിൽ തന്റെയും തന്നോടൊപ്പമുള്ളവരുടെയും സ്നേഹവന്ദനം അറിയിക്കുന്നു.

*“ക്രിസ്തുയേശുവിൽ എന്റെ സഹബദ്ധനായ എപ്പഫ്രാസും എന്റെ കൂട്ടുവേലക്കാരനായ മർക്കൊസും അരിസ്തർക്കൊസും ദേമാസും ലൂക്കൊസും നിനക്കു വന്ദനം ചൊല്ലുന്നു”* (ഫിലേ.23,24) എന്ന വാക്യത്തിൽ എപ്പഫ്രാസ് പൗലൊസിനോടൊപ്പം തടവിലും മറ്റുള്ള നാലു പേർ പൗലൊസിനെ സഹായിക്കുകയും സേവിക്കുകയും ചെയ്തവരുമായിരി

ക്കാം. ഒരുപക്ഷേ അവർ അഞ്ചുപേരും പൗലൊസിനോടൊപ്പം തടവറയിൽ കഴിഞ്ഞവരുമായിരിക്കാം. ഇവിടെ പറഞ്ഞിരിക്കുന്ന എപ്പഫ്രാസ്, മർക്കൊസ്, അരിസ്തർക്കൊസ്, ദേമാസ്, ലൂക്കൊസ് എന്നീ അഞ്ചുപേരെയും കൊലൊസ്യലേഖനത്തിന്റെ അന്ത്യത്തിലും പറഞ്ഞിട്ടുണ്ട് (കൊലൊ.4:10-14). തിഹിക്കൊസിനോടൊപ്പമാണ് ഫിലേമോനെഴുതിയ കത്തുമായി ഒനേസിമൊസിനെ ഫിലേമോന്റെ അടുക്കലേക്കു മടക്കി അയെക്കുന്നത്. *"എന്റെ അവസ്ഥ ഒക്കെയും കർത്താവിൽ പ്രിയസഹോദരനും വിശ്വസ്തശുശ്രൂഷകനും സഹഭൃത്യനുമായ തിഹിക്കൊസ് നിങ്ങളോടു അറിയിക്കും. നിങ്ങൾ ഞങ്ങളുടെ അവസ്ഥ അറിവാനും അവൻ നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിപ്പാനുമായി ഞാൻ അവനെ നിങ്ങളിൽ ഒരുത്തനായ ഒനേസിമൊസ് എന്ന വിശ്വസ്തനും പ്രിയനുമായ സഹോദരോടുകൂടെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു; ഇവിടത്തെ അവസ്ഥ എല്ലാം അവർ നിങ്ങളോടു അറിയിക്കും"* (കൊലൊ.4:7-9). പൗലൊസ് ഫിലേമോന്റെ ലേഖനം അവസാനിപ്പിക്കുമ്പോൾ തന്റെ വന്ദനത്തിൽ തിഹിക്കൊസിനെക്കുറിച്ചു എടുത്തു പറയാത്തത് ഒരു പക്ഷേ കത്തു തിഹിക്കൊസ് കൊണ്ടു പോകുന്നതിനാൽ ആയിരിക്കാം. മാത്രവുമല്ല തിഹിക്കൊസ് കൊലൊസ്യസഭയിൽ എത്തുമ്പോൾ അവരെയെല്ലാം നേരിൽ കാണുമെന്നതിനാലും ആയിരിക്കും.

പൗലൊസിനോടൊപ്പം റോമിൽ ആയിരുന്ന അഞ്ചുപേരുടെ ക്രിസ്തുവിലുള്ള വന്ദനം ഫിലേമോന്റെ വീട്ടിലെ സഭയെയും വിശ്വാസികളെയും അറിയിക്കുന്നു — "ക്രിസ്തുയേശുവിൽ എന്റെ സഹബദ്ധനായ എപ്പഫ്രാസും എന്റെ കൂട്ടുവേലക്കാരനായ മർക്കൊസും അരിസ്തർക്കൊസും ദേമാസും ലൂക്കൊസും നിനക്കു വന്ദനം ചൊല്ലുന്നു" (ഫിലേ.23,24).

**(1) എപ്പഫ്രാസ് —** (Epaphras) **(ഫിലേ.23)**

ഫിലേമോന്റെ കൊലൊസ്യയിലുള്ള സഭെക്ക് പൗലൊസ് വന്ദനം അറിയിക്കുമ്പോൾ എപ്പഫ്രാസിനെക്കുറിച്ചു പറയുന്നത് —*"ക്രിസ്തുയേശുവിൽ എന്റെ സഹബദ്ധനായ എപ്പഫ്രാസ് "* എന്നാണ് (ഫിലേ.23). എപ്പഫ്രാദിത്തോസ് എന്നതിന്റെ സംക്ഷിപ്തരൂപമാണ് എപ്പഫ്രാസ്. എപ്പഫ്രാദിത്തോസ്, എപ്പഫ്രാസ് എന്നീ പേരുകളുടെ അർത്ഥം ഉത്തേജനമാ

യത്, സൗന്ദര്യമുള്ളത്, മനം കവരുന്നത് എന്നാണ്. എഫെസൊസിൽ തുറന്നൊസിന്റെ ഭവനത്തിലെ രണ്ടു വർഷത്തെ തിരുവചന പഠനത്തിൽ ആസ്യയിൽ പാർക്കുന്ന യെഹൂദന്മാരും യവനന്മാരും ദൈവത്തിന്റെ വചനം പൗലൊസിലൂടെ പഠിക്കുവാനിടയായി. *"എന്നാൽ ചിലർ കഠിനപ്പെട്ടു അനുസരിക്കാതെ പുരുഷാരത്തിന്റെ മുമ്പാകെ ഈ മാർഗ്ഗത്തെ ദുഷിച്ചപ്പോൾ അവൻ അവരെ വിട്ടു ശിഷ്യന്മാരെ വേർതിരിച്ചു, തുറന്നൊസിന്റ പാഠശാലയിൽ ദിനമ്പ്രതി സംവാദിച്ചു പോന്നു. അതു രണ്ടു സംവത്സരത്തോളം നടക്കയാൽ ആസ്യയിൽ പാർക്കുന്ന യെഹൂദന്മാരും യവനന്മാരും എല്ലാം കർത്താവിന്റെ വചനം കേൾപ്പാൻ ഇടയായി."* (അപ്പൊ.19:9,10). കൊലൊസ്യരായ എപ്പഫ്രാസും ഫിലേമോനും ഇതിലൂടെ കർത്താവിലുള്ള രക്ഷാനുഭവത്തിലേക്കു നടത്തപ്പെട്ടു. തുടർന്നു ലൈക്കസ് പട്ടണത്തിലെ കൊലൊസ്യ, ലവുദിക്യ, ഹിയരപൊലിസ് എന്നീ മൂന്നു പട്ടണങ്ങളിലും എപ്പഫ്രാസിന്റെ പ്രവർത്തനത്താൽ സഭകൾ സ്ഥാപിതമായി.

അക്കാലത്ത് വിശ്വാസികൾ നേരിട്ട അതികഠിനമായ പീഡനങ്ങളിൽ അവരെ ആശ്വസിപ്പിച്ചും, ദുരുപദേശങ്ങൾക്കെതിരേ പോരാടിയും കൊലൊസ്യസഭയുടെ സ്ഥാപകനും ശുശ്രൂഷകനുമെന്ന നിലയിലും എപ്പഫ്രാസ് വിശ്വാസികളെ ഉറപ്പിച്ചു പോന്നു. ഇപ്രകാരം എപ്പഫ്രാസിന്റെ ക്രിസ്തുവിലുള്ള അദ്ധ്വാനത്തെക്കുറിച്ചു കൊലൊസ്യലേഖനത്തിന്റെ അന്ത്യത്തിൽ പൗലൊസ് രേഖപ്പെടുത്തിയിട്ടുണ്ട്. *"നിങ്ങളിൽ ഒരുത്തനായി ക്രിസ്തുയേശുവിന്റെ ദാസനായ എപ്പഫ്രാസ് നിങ്ങളെ വന്ദനം ചെയ്യുന്നു; നിങ്ങൾ തികഞ്ഞവരും ദൈവഹിതം സംബന്ധിച്ചൊക്കെയും പൂർണ്ണനിശ്ചയമുള്ളവരായി നില്ക്കേണ്ടതിന്നു അവൻ പ്രാർത്ഥനയിൽ നിങ്ങൾക്കുവേണ്ടി എപ്പോഴും പോരാടുന്നു. നിങ്ങൾക്കും ലവുദിക്യക്കാർക്കും ഹിയരപൊലിക്കാർക്കും വേണ്ടി അവൻ വളരെ പ്രയാസപ്പെടുന്നു എന്നുള്ളതിന്നു ഞാൻ സാക്ഷി"* (കൊലൊ.4:12,13). എപ്പഫ്രാസിന്റെ ശുശ്രൂഷാവേളയിൽ ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്ന, ക്രിസ്തു ദൈവത്തിന്റെ ഒരു സൃഷ്ടി മാത്രമാണെന്ന സിദ്ധാന്തവുമായി ഒരു കൂട്ടം ദുരുപദേഷ്ടാക്കൾ സഭയിലേക്കു നുഴഞ്ഞു കയറി. കൊലൊസ്യയിലെ വിശ്വാസികൾ നേരിടുന്ന പ്രയാസങ്ങളും പ്രതിസന്ധികളും

എപ്പഫ്രാസ് പൗലൊസിനെ അറിയിച്ച പ്രകാരമാണ് കൊലൊസ്യർക്കുള്ള ലേഖനം പൗലൊസ് എഴുതിയത്. എപ്പഫ്രാസ് സഹഭൃത്യനും ക്രിസ്തുവിന്റെ വിശ്വസ്ത ശുശ്രൂഷകനും ആണെന്നാണ് കൊലൊസ്യവിശ്വാസികളോടു പൗലൊസ് സാക്ഷ്യപ്പെടുത്തുന്നത്. *"ഇങ്ങനെ നിങ്ങൾ ഞങ്ങളുടെ സഹഭൃത്യനായ എപ്പഫ്രാസിനോടു പഠിച്ചിട്ടുണ്ടല്ലോ; അവൻ നിങ്ങൾക്കുവേണ്ടി ക്രിസ്തുവിന്റെ വിശ്വസ്ത ശുശ്രൂഷകനും നിങ്ങൾക്കു ആത്മാവിനാലുള്ള സ്നേഹം ഞങ്ങളോടു അറിയിച്ചവനും ആകുന്നു"*(കൊലൊ.1:7).

*"ക്രിസ്തുയേശുവിൽ എന്റെ സഹബദ്ധനായ എപ്പഫ്രാസ് "* (ഫിലേ.23) എന്നു പൗലൊസ് ഫിലേമോന്റെ സഭാവിശ്വാസികളെ അറിയിക്കുന്നതിൽ നിന്നും എപ്പഫ്രാസും പൗലൊസിനോടൊപ്പം തടവിൽ കഴിഞ്ഞു എന്നു ചിന്തിക്കാം. ക്രിസ്തുയേശുവിൽ സഹബദ്ധൻ (ഉലഹ ഹീം ൃ്യൂശലീി്യ ശി ഇവൃശെ ഖലൌെ) എന്ന പദത്തിന്റ പ്രയോഗം ആത്മികമായി നോക്കിയാൽ ക്രിസ്തുവിന്റെ ശുശ്രൂഷയിൽ ഒരുമിച്ചു കഷ്ടങ്ങൾ സഹിച്ചു പങ്കുചേരുന്നവരെയും കുറിക്കാം. അങ്ങനെ എടുത്താൽ എപ്പഫ്രാസ് പൗലൊസിനെ ശുശ്രൂഷിക്കുവാനും സേവിക്കുവാനുമായി സ്വമേധയാ റോമൻ തടവറയിൽ കഴിയുകയായിരുന്നു. ഏതായാലും എപ്പഫ്രാസ് ക്രിസ്തുവിൽ ഒരു വിശ്വസ്ത ശുശ്രൂഷകനും, സഹഭടനും, സഹബദ്ധനുമായിരുന്നു.

**(2) മർക്കൊസ് ––** (Mark) **(ഫിലേ.24)**

ഫിലേമോന്റെ ലേഖനത്തിന്റെ വന്ദനം അറിയിക്കുന്നതിൽ രണ്ടാമത്തെയാൾ മർക്കൊസ്. മർക്കൊസും ഒനേസിമൊസും റോമൻ കാരാഗൃഹത്തിൽ ഒരുമിച്ചു പൗലൊസിനെ സേവിക്കുകയും സഹായിക്കുകയും ചെയ്തവരാണ്. ഇരുവരും യജമാനന്മാരെ വിട്ടു ഓടിപ്പോയവരാണ്. മർക്കൊസ് പൗലൊസിനെ വിട്ടു ഓടിപ്പോയപ്പോൾ ഒനേസിമൊസ് ഫിലേമോനെ വിട്ടു ഓടിപ്പോയി. മർക്കൊസ് ആത്മീയ ജീവിതത്തിലെ കഷ്ടതകൾ നേരിട്ടപ്പോഴാണ് ഓടിപ്പോയത്. എന്നാൽ അടിമയായ ഒനേസിമൊസ് യജമാനനോടു അനുസരണമില്ലാത്തവനായി യജമാനനു കഷ്ടനഷ്ടങ്ങൾ വരുത്തിക്കൊണ്ടാണ് ഓടിപ്പോയത്. മർക്കൊസ് ഓടിപ്പോയ ദൈവദാസനും (Mark was a runaway Missionary), ഒനേസിമൊസ് ഓടിപ്പോയ

അടിമയുമാണ് (Onesimus was a runaway Slave). മർക്കൊസ് ഒന്നാം കാരാഗൃഹവാസത്തിന്റെ അവസാനമായപ്പോഴത്തേക്കും പൗലൊസിനെ വിട്ടു ഓടിപ്പോയെങ്കിലും രണ്ടാം കാരഗൃഹവാസക്കാലത്തിന്റെ അവസാനമായപ്പോഴത്തേക്കും മർക്കൊസിനെ കൂട്ടിക്കൊണ്ടു വരുവാൻ പൗലൊസ് ആവശ്യപ്പെടുന്നു. ഒനേസിമൊസ് പൗലൊസിൽ നിന്നു സുവിശേഷം കേട്ടു കർത്താവിന്റെ ദാസനായിത്തീർന്നു. ഇരുവരും പൗലൊസിനു ഉപയോഗവും പ്രയോജനമുള്ളവരായിത്തീർന്നു.

മർക്കൊസിന്റെ ജന്മസ്ഥലം യെരൂശലേം ആയിരുന്നു. മർക്കൊസ് എന്നു മറുപേരുള്ള യോഹന്നാൻ എന്നും അറിയപ്പെടുന്നു (അപ്പൊ.12:12,25/അപ്പൊ.15:36). യെഹൂദന്മാരുടെ ഇടയിൽ യോഹന്നാൻ എന്ന പേരിലും ജാതികളുടെ ഇടയിൽ മർക്കൊസ് എന്ന പേരിലും അറിയപ്പെട്ടിരുന്നു. മർക്കൊസ് എന്ന പേരിനർത്ഥം വലിയ ചുറ്റിക അഥവാ കൂടം എന്നാണ്. നാലു സുവിശേഷങ്ങളിൽ രണ്ടാമത്തെ സുവിശേഷം എഴുതിയത് മർക്കൊസാണ്. മർക്കൊസ് സന്തതസഹചാരിയായി യേശുവിനെ പിന്തുടർന്നിരുന്നു. യേശുവിനെ പിടിച്ചുകൊണ്ടുപോകുമ്പോൾ പത്രൊസിനൊപ്പം യേശുവിനെ അനുഗമിച്ച ശിഷ്യൻ മർക്കൊസായിരുന്നതായി കരുതാം (മർക്കൊ.14:51-52). ഒരു ബാല്യക്കാരൻ എന്നാണവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. സാമ്പത്തികമായി ഒരു ഉയർന്നകുടുംബത്തിൽ നിന്നും രക്ഷിക്കപ്പെട്ടു വന്നയാളാണ് മർക്കൊസ്. മർക്കൊസിന്റെ മാതാവിന്റെ പേര് മറിയ എന്നാണ്. പത്രൊസ് കാരാഗൃഹത്തിൽ ബന്ധനത്തിലായിരിക്കുമ്പോൾ സഭാവിശ്വാസികൾ ശ്രദ്ധയോടെ പത്രൊസിന്റെ വിടുതലിനായി പ്രാർത്ഥിച്ചത് മർക്കൊസ് എന്നു മറുപേരുള്ള യോഹന്നാന്റെ അമ്മ മറിയയുടെ വീട്ടിൽ ആയിരുന്നു (അപ്പൊ.12:12).

കൊലൊസ്യലേഖനത്തിൽ ബർന്നബാസിന്റെ മച്ചുനനായ മർക്കൊസ് എന്നു പറഞ്ഞിരിക്കുന്നു (കൊലൊ.4:10). അതായത് ബർന്നബാസിന്റെ സഹോദരപുത്രനാണ് (രീതൗശി) മർക്കൊസ്. മറിയ ബർന്നബാസിന്റെ സഹോദരിയോ കൊച്ചമ്മയോ ആയിരിക്കാം. ബർന്നബാസ് തനിക്കുണ്ടായിരുന്ന നിലം വിറ്റ് അപ്പോസ്തലന്മാരുടെ കാൽക്കൽ വെച്ചു (അപ്പൊ.4:36,37). മറിയയും തനിക്കുള്ളതെല്ലാം കർത്താവിനായി സമർപ്പിച്ചതായി മനസ്സിലാക്കാം.

പൗലൊസും ബർന്നബാസുംകൂടി ഒന്നാമത്തെ മിഷനറി യാത്ര തുടങ്ങിയപ്പോൾ അവരോടൊപ്പം മർക്കൊസും ഉണ്ടായിരുന്നു. അധികം താമസിയാതെ അവരെ വിട്ടുപിരിഞ്ഞു യെരൂശലേമിലേക്കു മടങ്ങിപ്പോന്നു (അപ്പൊ.13:13). ഇത് യാത്രയിലെ കഷ്ടതകൾ മൂലമായിരിക്കാം എന്നു പറയപ്പെടുന്നു. രണ്ടാമത്തെ മിഷനറിയാത്രയിൽ മർക്കൊസിനെയും കൂടെ കൊണ്ടുപോകണമെന്നു ബർന്നബാസ് ആഗ്രഹിച്ചെങ്കിലും പൗലൊസ് അനുവദിച്ചില്ല. ഇതേച്ചൊല്ലി ഉഗ്രവാദമുണ്ടായി. തുടർന്ന് അവർ തമ്മിൽ വേർപിരിഞ്ഞു (അപ്പൊ.15:36-39). പത്രൊസ് തന്റെ ഒന്നാം ലേഖനം അവസാനിപ്പിക്കുമ്പോൾ മർക്കൊസിനെ വിശേഷിപ്പിക്കുന്നത് *"എനിക്കു മകനായ മർക്കൊസ് "* എന്നാണ് (1.പത്രൊ.5:13). ഇതിൽ നിന്നും മർക്കൊസിനെ മാനസാന്തരത്തിലേക്കും രക്ഷയിലേക്കും നടത്തിയത് പത്രൊസ് ആയിരിക്കുമെന്നു കരുതാം. പൗലൊസിന്റെ ശിക്ഷണനടപടിയിലൂടെയും, ബർന്നബാസിന്റെ സ്നേഹത്തോടെയുള്ള പരിചരണത്തിലുടെയും, പത്രൊസിന്റെ മാർഗ്ഗനിർദ്ദേശത്തിലൂടെയും മർക്കൊസ് തികഞ്ഞ ആത്മികപക്വതയിലേക്കു നടത്തപ്പെട്ടു. ചില വർഷങ്ങൾക്കുശേഷം, മർക്കൊസ് തന്റെ ശുശ്രൂഷെക്കു ഉപയോഗമുള്ളവൻ ആകയാൽ അവനെ കൂട്ടിക്കൊണ്ടു വരിക എന്നു പൗലൊസ് തന്റെ മരണത്തിനു മുമ്പു ആവശ്യപ്പെടുന്നു (2.തിമൊ.4:11). എന്നാൽ മർക്കൊസ് എത്തിയപ്പോഴേക്കും പൗലൊസിനെ നീറോ ചക്രവർത്തി തടവറയിൽ അടയ്ക്കുകയും പിന്നീട് ശിരച്ഛേദനം നടത്തുകയും ചെയ്തിരുന്നു. സുവിശേഷവുമായി അനേകരാജ്യങ്ങളിൽ സഞ്ചരിച്ചു പ്രവർത്തിച്ച മർക്കൊസ് അവസാനം ഈജിപ്റ്റിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ സുവിശേഷവിരോധികൾ മർക്കൊസിനെ ഉപദ്രവിക്കുകയും ദേഹോപദ്രവം ഏല്പിക്കുകയും ചെയതു. അതിനുശേഷം എരിയുന്ന തീയിലേക്കു വലിച്ചെറിഞ്ഞു മർക്കൊസിനെ ചുട്ടുകൊന്നു എന്നും ചരിത്രം പറയുന്നു.

**(3) അരിസ്തർക്കൊസ് —** (Aristarchus) **(ഫിലേ.24)**

പൗലൊസ് വന്ദനം അറിയിക്കുന്നതിൽ മൂന്നാമത്തേത് അരിസ്തർക്കൊസിന്റേതാണ്. അരിസ്തർക്കൊസ് തെസ്സലൊനിക്യയിലെ മക്കൊദോന്യക്കാരനായിരുന്നു (അപ്പൊ.20:4/അപ്പൊ.27:2). പേരിനർത്ഥം നല്ല ഭരണകർത്താവ് എന്നാണ്. പൗലൊസിന്റെ യാത്രയിലും ശുശ്രൂഷകളിലും കൂടെയുണ്ടായിരുന്ന ഒരുവനായിരുന്നു. എഫെസൊസിലെ

അർത്തമീസ്ദേവിയുടെ പേരിലുള്ള കലഹത്തിൽ പൗലൊസിനോടൊപ്പം സഹായിയായി അരിസ്തർക്കൊസും ഉണ്ടായിരുന്നു (അപ്പൊ.19:29). പൗലൊസിന്റെ കൈസര്യയിൽ നിന്നു റോമിലേക്കുള്ള യാത്രയിലും തുടർന്നുള്ള കപ്പൽച്ഛേദത്തിലും പൗലൊസിനോടൊപ്പം അരിസ്തർക്കൊസും ഉണ്ടായിരുന്നു (അപ്പൊ.27:2). കൊലൊസ്യലേഖനാന്ത്യത്തിൽ അരിസ്തർക്കൊസിനെക്കുറിച്ചു വിശേഷിപ്പിച്ചിരിക്കുന്നത് *"എന്റെ സഹബദ്ധനായ അരിസ്തർക്കൊസ് "* എന്നാണ് (കൊലൊ.4:10). പൗലൊസിനോടൊപ്പം ഏറെ അദ്ധ്വാനിക്കുകയും തടവിൽ കഴിയുകയും ചെയ്ത അരിസ്തർക്കൊസ് ഒടുവിൽ നീറോ ചക്രവർത്തിയുടെ പീഡനത്തിലൂടെ റോമിൽ രക്തസാക്ഷിയായി മരണം വരിച്ചു എന്നു പറയപ്പെടുന്നു.

**(4) ദേമാസ് —** (Demas) **(ഫിലേ.24)**

ദേമാസ് എന്ന പേരിനർത്ഥം പ്രചാരമുള്ളവൻ അഥവാ ജനത്തെ ഭരിക്കുന്നവൻ എന്നാണ്. ദേമാസിനെക്കുറിച്ചു അധികമൊന്നും തിരുവചനത്തിലൂടെ ലഭിക്കുന്നില്ല. എന്നാൽ ലഭിക്കുന്ന വിവരമോ ഏറ്റവും ദുഃഖകരമായ വിശേഷണമാണ്. *"ദേമാസ് ഈ ലോകത്തെ സ്നേഹിച്ചിട്ടു എന്നെ വിട്ടു തെസ്സലൊനിക്കയിലേക്കു പോയി"* (2.തിമൊ.4:10) എന്നാണ് പൗലൊസ് പറയുന്നത്. ദേമാസും ലൂക്കൊസും ഒത്തൊരുമിച്ചു പൗലൊസിനോടുകൂടെ പ്രവർത്തിച്ചെങ്കിലും പൗലൊസിന്റെ റോമിലെ രണ്ടാം കാരഗൃഹവാസകാലത്തുള്ള അതികഠിനമായ കഷ്ടതയുടെ നാളുകളിൽ ദേമാസ് തന്റെ ഭവനത്തിലേക്കു തിരികെ പോയി. സുവിശേഷം നിമിത്തമുള്ള കഷ്ടതയുടെ നാളുകളിൽ ആശ്വാസവും താങ്ങുമായി നില്ക്കേണ്ട ദേമാസ് സ്വന്തകാര്യം നോക്കി പിൻമാറ്റത്തിലേക്കു പോയത് കർത്തൃവേലയിലായിരിക്കുന്നവർക്കു ഒരു മുന്നറിയിപ്പായിരിക്കുന്നു.

കർത്താവു ഇവരെക്കുറിച്ചു പറഞ്ഞിരിക്കുന്നത് — *"കലപ്പെക്കു കൈ വെച്ചശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിന്നു കൊള്ളാകുന്നവനല്ല എന്നു പറഞ്ഞു"* (ലൂക്കൊ.9:62). *"എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്തജീവനെയുംകൂടെ പകെക്കാതിരിക്കയും ചെയ്യുന്നവന്നു എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല. തന്റെ ക്രൂശു എടുത്തുകൊണ്ടു എന്റെ പിന്നാലെ വരാത്തവന്നും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല"* (ലൂക്കൊ.14:26,27).

യോഹന്നാൻ അപ്പൊസ്തലൻ പറയുന്നത് — *"ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡ മോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു"* (1.യോഹ.2:15).

ദേമാസ് ലോകത്തെ സ്നേഹിച്ചു വിട്ടുപോയി എന്നു തിമൊഥെയൊസിന്റെ ലേഖനത്തിൽ പൗലൊസ് പറഞ്ഞിരുന്നു (2.തിമൊ.4:10). എന്നാൽ ഇവിടെ ഫിലേമോന്റെ ലേഖനത്തിൽ ദേമാസ് പൗലൊസിനോടൊപ്പം സഹബദ്ധൻ എന്ന നാമത്തിൽ ഫിലേമോന്റെ സഭയ്ക്കു വന്ദനം അറിയിക്കുന്നു.

**(5) ലൂക്കൊസ്** — (Luke) **(ഫിലേ.24)**

ഫിലേമോന്റെ സഭയെ വന്ദനം അറിയിക്കുന്നതിൽ അഞ്ചാമത്തെ ആൾ ലൂക്കൊസ് ആണ്. വൈദ്യനായ ലൂക്കൊസ് എന്നാണ് കൊലൊസ്യലേഖനത്തിൽ പൗലൊസ് വിശേഷിപ്പിക്കുന്നത് (കൊലൊ.4:14). മൂന്നാമത്തെ സുവിശേഷവും അപ്പൊസ്തലന്മാരുടെ പ്രവൃത്തികളും എഴുതിയത് ലൂക്കൊസാണ്. മർക്കൊസും ലൂക്കൊസും പൗലൊസിനോടൊപ്പം സഞ്ചരിച്ചു പ്രവർത്തിച്ചവരാണ്.

ലൂക്കൊസ് എന്ന പേരിനർത്ഥം പ്രകാശമുള്ളത് /പ്രകാശം കൊടുക്കുന്നത് എന്നാണ്. ലൂക്കൊസ് ഒരു പുറജാതിക്കാരനായ വിശ്വാസിയും വൈദ്യനുമായിരുന്നു. പൗലൊസിന്റെ ഒന്നാം കാരഗൃഹവാസക്കാലത്തെ വീട്ടുതടങ്കലിലെ ബന്ധനത്തിൽ അവസാനത്തോളം ലൂക്കൊസ് ഉണ്ടായിരുന്നു (കൊലൊ.4:14/ഫിലേ.24). റോമിലെ രണ്ടാം കാരഗൃഹവാസത്തിലെ തടവിലും വിശേഷാൽ പൗലൊസിന്റെ അവസാനനാളുകളിൽ വിശ്വസ്ത സഹായിയായി പൗലൊസിനെ ശുശ്രൂഷിച്ചതും ലൂക്കൊസ് ആയിരുന്നു (2.തിമൊ.4:11).

*“ക്രിസ്തുയേശുവിൽ എന്റെ സഹബദ്ധനായ എപ്പഫ്രാസും എന്റെ കൂട്ടുവേലക്കാരനായ മർക്കൊസും അരിസ്തർക്കൊസും ദേമാസും ലൂക്കൊസും നിനക്കു വന്ദനം ചൊല്ലുന്നു.”* (ഫിലേ.23,24) എന്നു പറഞ്ഞുകൊണ്ടു പൗലൊസ് ലേഖനം അവസാനിപ്പിക്കുന്നു. തിഹിക്കൊസ് വശം ലേഖനം കൊടുത്തയെക്കുമ്പോൾ അടിമയായ ഒനേസിമൊസിനെയും ഫിലേമോന്റെ ഭവനത്തിലേക്കു അയെക്കുന്നു (കൊലൊ.4:7-9).

വന്ദനം അറിയിച്ച എപ്പഫ്രാസ്, മർക്കൊസ്, അരിസ്തർക്കൊസ്, ദേമാസ്, ലൂക്കൊസ് എന്നീ അഞ്ചുപേരും ലേഖനം കൊണ്ടുപോകുന്ന തിഹിക്കൊസും ഫിലേമോനു സുപരിചിതരാണ്. ഒനേസിമൊസിന്റെ സകല കുറ്റങ്ങളും ക്ഷമിച്ചു അവനെ സഹോദരനായി കൈക്കൊള്ളുമെന്നു പൗലൊസ് പ്രത്യാശിക്കുന്നു.

---

## ദൈവകൃപയിൽ അനുഗ്രഹം

**ഫിലേ.25 — നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവോടുകൂടെ ഇരിക്കുമാറാകട്ടെ. ആമേൻ.**

(The grace of our Lord Jesus Christ be with your spirit. Amen) —

അപ്പൊസ്തലനായ പൗലൊസ് യേശുക്രിസ്തുവിന്റെ കൃപയുടെ ആശംസയോടെയും അനുഗ്രഹാ ശീർവാദത്തോടെയും ലേഖനം ഉപ സംഹരിക്കുന്നു. പൗലൊസിന്റെ ലേഖനങ്ങളെല്ലാം ഇപ്രകാരമാണ് അവ സാനിപ്പിക്കുന്നത്. തെസ്സലൊനികൃലേഖനത്തിന്റെ അവസാനത്തിലും യേശുക്രിസ്തുവിന്റെ കൃപയിൽ വിശ്വാസികളെ അനുഗ്രഹിക്കുന്നു. *"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളെല്ലാവരോ ടും കൂടെ ഇരിക്കുമാറാകട്ടെ"* (2.തെസ്സ.3:17,18). ഫിലേമോന്റെ ലേഖനം യേശുക്രിസ്തുവിന്റെ കൃപയുടെ ആശംസയോടെ ആരംഭിക്കുകയും യേശു ക്രിസ്തുവിന്റെ കൃപയുടെ ആശീർവാദ അനുഗ്രഹത്തോടെ അവസാനി പ്പിക്കുകയും ചെയ്യുന്നു.

**നമ്മുടെ — (ഫിലേ.25)** (our) —

യേശുക്രിസ്തുവിനോടുള്ള ബന്ധത്തിൽ 'നമ്മുടെ' എന്ന പദ ത്തിനു ഏറ്റവും ആഴത്തിലുള്ള ബന്ധമാണുള്ളത്. ദൈവമക്കൾക്കു യേശു കർത്താവിനോടുള്ള വിശ്വാസത്തിന്റെയും, സ്നേഹത്തിന്റെയും, അവകാ ശത്തിന്റെയും മനോഹര ചിത്രമാണ് 'നമ്മുടെ' എന്ന പദം. യേശുക്രിസ്തു സകലരുടെയും കർത്താവ് എന്നതിനുപരി ഓരോരുത്തരുടെയും വ്യക്തി പരമായ ബന്ധത്തെയാണ് 'നമ്മുടെ കർത്താവായ യേശുക്രിസ്തു' എന്ന പ്രയോഗംകൊണ്ടു ലഭിക്കുന്നത്. കർത്താവു നമ്മെ സ്നേഹിച്ചു, തന്റെ ജീവൻ നല്കി നമ്മെ സ്വന്തമാക്കിയതിനാലാണ് നമ്മുടെ കർത്താവു എന്നു പറയുവാൻ സാധിക്കുന്നത്. 'നമ്മുടെ' എന്നു പൗലൊസ് പറയുമ്പോൾ കർത്താവു പൗലൊസിന്റെയും ഫിലേമോന്റെ വീട്ടിലെ സകലവിശ്വാസി കളുടെയും, ലോകത്തിലുള്ള സകല വിശുദ്ധന്മാരുടെയും സ്വന്തം എന്നാണ്

വെളിപ്പെടുന്നത്. യേശുക്രിസ്തു നമ്മുടെ അഥവാ എന്റെ സ്വന്തമായത് ദൈവം ഒരുക്കിയ രക്ഷണ്യപ്രവർത്തനത്താലും നാം ക്രിസ്തുവിൽ വിശ്വസിച്ചതിനാലുമാണ്. യേശുക്രിസ്തു നമ്മുടെ എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ സകല അനുഗ്രഹങ്ങളും, കൃപകളും, മഹിമകളും, അധികാരങ്ങളും നമുക്കും അവകാശപ്പെട്ടതെന്നു വെളിപ്പെടുന്നു.

**യേശുക്രിസ്തു നമ്മുടെ കർത്താവാണ് — (ഫിലേ.25)**
(Our Lord Jesus Christ) —

കർത്താവ് (Lord) എന്ന വാക്കിന്റെ അർത്ഥം കർത്തൃത്വം നടത്തുന്നവൻ എന്നാണ്. ക്രിസ്തുവിന്റെ പരമാധികാരത്തെ കുറിക്കുന്ന നാമമാണ് കർത്താവ് (Lord). ക്രിസ്തു സകല സൃഷ്ടികളെയും നിയന്ത്രിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന സർവ്വശക്തനായ ദൈവവും രാജാധിരാജാവും കർത്താധികർത്താവുമാണ്. എബ്രായഭാഷയിൽ അദോനായ് (Adonai) എന്ന പദമാണുള്ളത്. അദോനായ് എന്നതിനർത്ഥവും യജമാനൻ, കർത്താവ്, ഉടമസ്ഥൻ എന്നൊക്കെയാണ്. ഒരു ദാസനോ, അടിമയ്ക്കോ യജമാനൻ ഏതൊക്കെ വിധത്തിൽ ആയിരിക്കുന്നുവോ അതുപോലെ ആശ്രിതരായ തന്റെ ജനത്തെ യജമാനനായ ദൈവം കരുതുന്നു, സൂക്ഷിക്കുന്നു, പരിപാലിക്കുന്നു, വഴിനടത്തുന്നു. യേശുക്രിസ്തു വിശ്വാസികളുടെ കർത്താവും യജമാനനും ഉടമസ്ഥനുമാണ്.

**യേശുക്രിസ്തുവിന്റെ കൃപ — (ഫിലേ.25)**
(The grace of our Lord Jesus) —

അപ്പൊസ്തലനായ പൗലൊസ് റോമർക്കെഴുതിയ ലേഖനമൊഴിച്ചുള്ള എല്ലാ ലേഖനങ്ങളും കൃപ ആശീർവാദമായി അനുഗ്രഹിച്ചുകൊണ്ടാണ് അവസാനിപ്പിക്കുന്നത് (1.കൊരി.16:23/2.കൊരി.13:14/ഗലാ.6:24/ഫിലി.4:23/കൊലൊ.4:18/1.തെസ്സ.5:28/2.തെസ്സ.3:18/1.തിമൊ.6:22/2.തിമൊ.4:22/തീത്തൊ.3:15/ഫിലേ.25/എബ്രാ.13:25). കൃപ (grace) എന്നതിനു ഗ്രീക്കിൽ 'ചാരിസ് ' (charis) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം സന്തോഷം, ആനന്ദം, മാധുര്യം, മനോഹരം എന്നൊക്കെയാണ്. കൃപ വെളിപ്പെടുന്നിടത്തെല്ലാം സന്തോഷവും സമാധാനവും പ്രകടമാകുന്നു. ആത്മീകാർത്ഥത്തിൽ കൃപ എന്നാൽ അർഹതയില്ലാത്ത ദാനം. ദൈവത്തിൽ നിന്നു അർഹതയില്ലാതെ മനുഷ്യനു ലഭിക്കുന്ന കരുണയെ

ദൈവകൃപ എന്നു വിളിക്കാം. അതായത് മനുഷ്യൻ പാപിയായിരുന്നപ്പോൾ, ദൈവത്തെ സ്നേഹിക്കാതിരുന്നപ്പോൾ, ദൈവികതേജസ്സും കൂട്ടായമയും നഷ്ടപ്പെടുത്തി ദൈവത്തിൽ നിന്നകന്നു ജീവിച്ചപ്പോൾ, മനുഷ്യനെ നിത്യമരണത്തിൽ നിന്നും രക്ഷിക്കുവാനായി ഒരുക്കിയ വഴിയാണ് ദൈവ കൃപ.

**നിങ്ങളുടെ ആത്മാവോടുകൂടെ ഇരിക്കുമാറാകട്ടെ. ആമേൻ —(ഫിലേ.25)**

(Be with your spirit. Amen) —

"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവോടുകൂടെ ഇരിക്കുമാറാകട്ടെ. ആമേൻ" എന്ന ആശീർവാദത്തിന്റെ അവസാനഭാഗത്തിൽ "നിങ്ങൾ" എന്നത് ബഹുവചനത്തിലാണ് ഉപയോ ഗിച്ചിരിക്കുന്നത്. അതായത് യേശുക്രിസ്തുവിന്റെ കൃപ ഫിലേമോനു മാത്ര മല്ല കൊലൊസ്യയിലുള്ള ഫിലേമോന്റെ ഭവനത്തിലെ എല്ലാവിശ്വാസി കൾക്കും കൂടി ഉള്ളതാണ്. കൂടാതെ യേശുക്രിസ്തുവിന്റെ കൃപ ഫിലോ മോന്റെയും വിശ്വാസികളുടെയും ആത്മാവോടു കൂടെ ഇരിക്കുമാറാകട്ടെ ആമേൻ എന്നും പൗലൊസ് ആശംസിക്കുന്നു. ആമേൻ എന്നാൽ അങ്ങനെ തന്നെ, അതേ എന്നാണ്.

യേശുക്രിസ്തുവിന്റെ ആത്മാവു ഓരോ വിശ്വാസിയോടും ബന്ധ പ്പെട്ടിരിക്കുന്നതിനാലാണ് യേശുക്രിസ്തുവിന്റെ കൃപ നമുക്കു അനുഭവി ച്ചറിയുവാൻ സാധിക്കുന്നത്. യേശുക്രിസ്തുവിന്റെ ആത്മാവു വിശ്വാസി യിൽ വസിക്കുന്നത് പൗലൊസ് റോമർക്കെഴുതിയ ലേഖനത്തിൽ വിശ ദീകരിച്ചിരിക്കുന്നു.

*"നിങ്ങളോ, ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നുവരികിൽ ജഡസ്വഭാവമുള്ളവരല്ല ആത്മസ്വഭാവമുള്ളവരത്രേ. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവന്നുള്ളതല്ല. ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ ശരീരം പാപം നിമിത്തം മരിക്കേണ്ടതെങ്കിലും ആത്മാവു നീതിനിമിത്തം ജീവനാകുന്നു. യേശുവിനെ മരിച്ചവരിൽ നിന്നു ഉയിർപ്പി ച്ചവന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്നു ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാ വിനെക്കൊണ്ടു നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും"* (റോമ.8:9-11).

ദൈവകൃപയിൽ അനുഗ്രഹം — ഫിലേ.25

കൃപയുടെ ഉറവിടം സർവ്വശക്തനായ ദൈവമാണ്. സർവ്വശക്ത നായ ദൈവത്തിൽനിന്നു തന്റെ പുത്രനിലേക്കു പകരപ്പെട്ട കൃപ, പുത്ര നിലൂടെ ലോകത്തിലേക്കു പകരപ്പെട്ടു. യേശുക്രിസ്തുവിൽ വിശ്വസിച്ചു ആശ്രയം വെക്കുമ്പോൾ ദൈവകൃപ നമ്മിലേക്കു ഒഴുകുന്നു. യേശു ക്രിസ്തു ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥൻ എന്ന നിലയിലാണ് തന്നിലൂടെ ദൈവകൃപ നമുക്കു അനുഭവിക്കുവാൻ സാധിക്കുന്നത്.

ദൈവത്തിൽ വിശ്വസിക്കുവാൻ, രക്ഷിക്കപ്പെടുവാൻ, ആത്മികമായി വളരുവാൻ, ജീവിക്കുവാൻ, സംസാരിക്കുവാൻ, ശുശ്രൂഷിപ്പാൻ, കഷ്ടത സഹിപ്പാൻ, സുവിശേഷം അറിയിക്കുവാൻ എന്നിങ്ങനെ സകല കാര്യ ങ്ങൾക്കും ദൈവകൃപ അനിവാര്യമായിരിക്കുന്നു. സഹവിശ്വാസികൾക്കു നല്ലതു വരണമെന്നു ആഗ്രഹിക്കുമ്പോൾ നാം അവരെ ദൈവം അനുഗ്ര ഹിക്കണമെന്നു പ്രാർത്ഥിക്കുന്നു. ദൈവം അവരെ അനുഗ്രഹിക്കുന്നത് ഉയരത്തിൽ നിന്നുള്ള ദൈവകൃപ അവരിൽ ചൊരിഞ്ഞാണ്. ആകയാൽ ഓരോ വിശ്വാസിക്കും ദൈവത്തിൽ നിന്നു ലഭിക്കേണ്ട മഹത്തായ അനു ഗ്രഹം ദൈവകൃപയാണ്.

-----------------------------------

## ഫിലേമോന്റെ ലേഖനവും വിശ്വാസിയും
## (പ്രായോഗിക ജീവിതത്തിനുള്ള ആത്മീയപാഠങ്ങൾ)

ഒനേസിമൊസ് എന്ന അടിമയെ കേവലം രക്ഷയിലേക്കു നടത്തി ആത്മസംതൃപ്തി പ്രാപിക്കുകമാത്രമല്ല പൗലോസു ചെയ്തത്; രക്ഷിക്കപ്പെട്ട ഒനേസിമൊസിന്റെ ക്രിസ്തുവിലുള്ള നിലനില്പിനു ആവശ്യമായതെല്ലാം വളരെ ബുദ്ധിയോടും സ്നേഹത്തോടും കരുണയോടും ഒരുക്കുന്നു. എന്നെപ്പോലെ ചേർത്തുകൊൾക, എന്റെ പേരിൽ കണക്കിട്ടുകൊൾക, ഞാൻ തന്നുതീർക്കാം എന്നിങ്ങനെ ഫിലേമോനോടുള്ള പൗലൊസിന്റെ ഉറപ്പുകൾ അപ്പൊസ്തലന്റെ സ്നേഹത്തെയും ക്രിസ്തുവിന്റെ പ്രമാണങ്ങളുടെ അനുസരണത്തെയും വെളിപ്പെടുത്തുന്നു. ഒനേസിമൊസിന്റെ തെറ്റുകളും, കടങ്ങളും കൊടുത്തു തീർക്കുവാൻ പൗലൊസ് ഉറപ്പു കൊടുക്കുന്നതും അതൊക്കെ പൗലൊസിന്റെ കണക്കിൽ ചാർത്തുന്നതും ക്രിസ്തുവിലൂടെയുള്ള നമ്മുടെ വീണ്ടെടുപ്പിന്റെയും പാപമോചനത്തിന്റെയും പിതാവായ ദൈവത്തോടു നമുക്കുള്ള നിരപ്പിന്റെ പ്രദർശനമാണ്. കർത്താവിന്റെ രക്ഷണ്യകൃപയാൽ നമ്മുടെ പാപക്കടങ്ങളെല്ലാം യേശുക്രിസ്തുവിന്മേൽ ചാർത്തപ്പെട്ടു. ദരിദ്രനും, അടിമയും, നീതിപീഠത്തിന്റെ മുമ്പിൽ കുറ്റക്കാരനുമായ ഒനേസിമൊസിനു വേണ്ടി പൗലൊസ് തന്നെത്തന്നെ ഏല്പിച്ചു കൊടുത്തതുപോലെ പാപികളായ നമുക്കുവേണ്ടി കർത്താവു പകരക്കാരനായി ഏല്പിച്ചു കൊടുത്തു. ഒനേസിമൊസിനുവേണ്ടി പൗലൊസ് തന്റെ വ്യക്തിപരമായ ഉറപ്പുകൾ മാത്രം നല്കുമ്പോൾ പാപികളായ നമുക്കുവേണ്ടി കർത്താവു തന്റെ ജീവനെ തന്നാണ് വീണ്ടെടുപ്പു ഒരുക്കിയത്.

ഫിലേമോനുള്ള കത്തുമായി തിഹിക്കൊസിനോടൊപ്പം ഒനേസിമൊസിനെ തിരികെ കൊലൊസ്യയിലുള്ള ഫിലേമോന്റെ അടുക്കലേക്കു അയച്ചു (കൊലൊ.4:7–9). ഫിലേമോൻ പൗലൊസിന്റെ ആഗ്രഹത്തെ മാനിച്ചു ഒനേസിമൊസിനെ സ്വീകരിച്ചോ ഇല്ലയോ? പിന്നീട് ഒനേസിമൊസിന്റെ വിശ്വാസജീവിതം എപ്രകാരമയിരുന്നു? പൗലൊസിനെ ശുശ്രൂഷിക്കാനായി തിരികെ ഒനേസിമൊസിനെ റോമിലേക്കു ഫിലേമോൻ അയച്ചോ? ഈ വക ചോദ്യങ്ങൾക്കൊന്നും തിരുവചനത്തിലൂടെ ഉത്തരം ലഭിക്കുന്നില്ല. പൗലൊസിന്റെ ഹൃദയത്തിലെ ആഗ്രഹവും ഒനേസിമൊസിനോടുള്ള പൗലൊസിന്റെ അതിയായ സ്നേഹവും നിമിത്തം ഫിലേമോൻ ഒനേസിമൊസിന്റെ സകല കുറ്റങ്ങളും ക്ഷമിച്ചു ദാസനെന്നതിലുപരിയായി ഉത്തരവാദിത്തപ്പെട്ട ഒരു കൂട്ടു സഹോദരനായി സ്വീകരിച്ചുവെന്നു നമുക്കു പ്രത്യാശിക്കാം.

പൗലൊസിനെ കാരാഗൃഹത്തിൽ ശുശ്രൂഷിപ്പാനായി തനിക്കു പകരം ഒനേസിമൊസിനെ തിരികെ അയച്ചെന്നും, പൗലൊസിന്റെ അന്ത്യം വരെ ഒനേസിമൊസ് കൂടെ നിന്നു ശുശ്രൂഷിക്കുകയും പിന്നീട് സഭാശുശ്രൂഷകനായി ദൈവത്തെയും ദൈവസഭയെയും സേവിച്ചുവെന്നും ചരിത്രം പ്രസ്താവിക്കുന്നു. എ.ഡി.110 –ൽ സഭാചരിത്രകാരനും അന്ത്യോക്യയിലെ ബിഷപ്പുമായിരുന്ന ഇഗ്നേഷ്യസ് (Ignatius, the Bishop of Antioch) എഫെസൊസിലെ സഭാശുശ്രൂഷകന് ചില കത്തുകൾ എഴുതിയിരുന്നതായി ചരിത്രം രേഖപ്പെടുത്തുന്നു. ആ കത്തുകളിലുള്ള എഫെസൊസിലെ സഭാശുശ്രൂഷകന്റെ പേര് ഒനേസിമൊസ് എന്നായിരുന്നു (Onesimus, the Bishop of Ephesus). ഒരു പക്ഷേ ഫിലേമോന്റെ അടുക്കൽ നിന്നും റോമിലേക്കു ഓടിപ്പോകുകയും പൗലൊസിനാൽ കർത്താവിന്റെ ദാസനായിത്തീർന്ന അടിമയായിരുന്ന ഒനേസിമൊസായിരിക്കണം ഇതെന്നും പറയപ്പെടുന്നു. അങ്ങനെയെങ്കിൽ അപ്പോൾ ഏകദേശം എഴുപതു വയസ്സു പ്രായമുള്ള ഒനേസിമൊസ് സഭാശുശ്രൂഷകനും സഭയുടെ ആരംഭകാല പ്രവർത്തകനുമായിത്തീർന്നിരിക്കാം. ഫിലേമോന്റെ വീട്ടിലെ അടിമ സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ടപ്പോൾ ക്രിസ്തുവിൽ ഒരു വിശ്വാസിയും, സഹോദരനും, ശുശ്രൂഷകനുമായിത്തീർന്നു എന്നു ചിന്തിക്കാം.

പുതിയനിയമ വേദപണ്ഡിതനായ എഫ്. എഫ്. ബ്രൂസ് (F.F.Bruce) രേഖപ്പെടുത്തുന്നത് പൗലൊസിന്റെ ലേഖനങ്ങളെല്ലാം ശേഖരിച്ചു സൂക്ഷിച്ചു ഒരിടത്തു വെച്ചിരുന്നത് ഒനേസിമൊസ് ആയിരുന്നു എന്നാണ്. സഭാ ചരിത്രകാരന്മാരും ഇതിനെ സാക്ഷ്യപ്പെടുത്തുന്നു. കർത്താവിന്റെ വിശ്വസ്ത ദാസനായ പൗലൊസിന്റെ മരണംവരെ ഒനേസിമൊസ് പൗലൊസിനെ ശുശ്രൂഷിച്ചു സേവിച്ചു. മാത്രവുമല്ല തന്റെ മരണംവരെ വിശ്വസ്തസാക്ഷിയായി കർത്താവിനെയും ഒനേസിമൊസ് സേവിച്ചു. ഒനേസിമൊസിന്റെ മരണത്തെക്കുറിച്ചു ചരിത്രം രേഖപ്പെടുത്തുന്നത് താൻ ഒരു രക്തസാക്ഷിയായി കൊല്ലപ്പെട്ടുവെന്നാണ്. ട്രാജൻ എന്ന ചക്രവർത്തിയുടെ (Emperor Trajan) ഭരണകാലത്ത് ക്രിസ്തുവിന്റെ നാമത്തെ തള്ളിപ്പറഞ്ഞില്ല എന്ന കാരണത്താൽ പടയാളികൾ അദ്ദേഹത്തെ കൊല്ലുകയാണുണ്ടായത്. ദൈവവചനം നിമിത്തവും യേശുക്രിസ്തുവിന്റെ സാക്ഷ്യം നിമിത്തവും പോരാടിയ ഒനോസിമോസ് ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടു.

വിശ്വസ്തതയോടെ സുവിശേഷം അറിയിക്കുകയും, മരണംവരെ കർത്താവിനെ സേവിക്കുകയും ചെയ്ത അനേക ദൈവദാസന്മാരെ പുതിയനിയമ തിരുവെഴുത്തുകളിൽ കാണുന്നു. പൗലൊസ്, പത്രൊസ്, മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ, എപ്പഫ്രാസ്, ഫിലേമോൻ ...... എന്നിങ്ങനെ നിരനിരയായി അനേകരെ കാണുന്നു. അവരോടൊപ്പം ഫിലേമോന്റെ അടിമയായിരുന്ന ഒനേസിമൊസും ഒരു ജ്യോതിസ്സായി ഇന്നും വിളങ്ങുന്നു.

വിഭിന്ന സ്വഭാവക്കാരും വിവിധ പശ്ചാത്തലത്തിലുള്ളവരുമായിരുന്ന അനേകർ ക്രിസ്തുവിനെക്കൂടാതെ ജീവിച്ചതിനാൽ അവരുടെ ജീവിതങ്ങൾ പ്രയോജനമില്ലാത്തതും, ദുഷിച്ചതുമായിരുന്നു. അവരൊക്കെ കാലാന്ത്യത്തിൽ ക്രിസ്തുവിന്റെ വെള്ളസിംഹാസനത്തിലെ ന്യായവിധിക്കു ശേഷം നിത്യദണ്ഡനത്തിലേക്കു തള്ളിയിടപ്പെടും. എന്നാൽ ക്രിസ്തുവിന്റെ സ്നേഹവും, കരുണയും, ദയയും, കൃപയും അനുഭവിച്ചവർ അവരുടെ ജീവിതങ്ങൾ അനേകർക്കു പ്രയോജനമുള്ളതായിത്തീർന്നു എന്നു മാത്രമല്ല അവർ നിത്യതയിലും സന്തോഷിച്ചു ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കും.

സമാപ്തവാക്കുകൾ കുറിക്കുമ്പോൾ തെളിഞ്ഞു വരുന്നത് നമ്മുടെ ഓരോരുത്തരുടെയും ആത്മീയ ജീവിതത്തിലുണ്ടായിരിക്കുന്ന മാറ്റത്തിനും വിജയത്തിനും കാരണമായത് കിസ്തുവിന്റെ കൃപയാലുള്ള രൂപാന്തരശക്തിയാണ്. ദോഷികളും പ്രയോജനമില്ലാത്തവരുമായ മനുഷ്യരെ കർത്താവ് തന്റെ മഹത്തായ പ്രവർത്തനത്തിനു തിരഞ്ഞെടുത്തു പ്രയോജനമുള്ളവരാക്കി ഇന്നും ഉപയോഗിക്കുന്നു. നമുക്കും പറയാനുള്ളത് അപ്പൊസ്തലനായ പൗലൊസിന്റെ സാക്ഷ്യം തന്നെയാണ് ——

*“എനിക്കു ശക്തി നല്കിയ ക്രിസ്തുയേശു എന്ന നമ്മുടെ കർത്താവു എന്നെ വിശ്വസ്തൻ എന്നു എണ്ണി ശുശ്രൂഷെക്കു ആക്കിയതു കൊണ്ടു ഞാൻ അവനെ സ്തുതിക്കുന്നു. മുമ്പെ ഞാൻ ദൂഷകനും ഉപദ്രവിയും നിഷ്ഠൂരനും ആയിരുന്നു; എങ്കിലും അവിശ്വാസത്തിൽ അറിയാതെ ചെയ്തതാക കൊണ്ടു എനിക്കു കരുണ ലഭിച്ചു”* (1.തിമൊ.1:12,13).

ഇരുപത്തിയഞ്ചു വാക്യങ്ങളുൾക്കൊള്ളുന്ന ഒരദ്ധ്യായം മാത്രമുള്ള ഫിലേമോനു എഴുതിയ ചെറുലേഖനം അപ്പൊസ്തലനായ പൗലൊസ് ഇവിടെ അവസാനിപ്പിക്കുന്നു. ഫിലേമോൻ കൊലൊസ്യ സഭയിലെ ശുശ്രൂഷകനായിരുന്നു. പൗലൊസ് തന്റെ ഒന്നാം കാരാഗൃഹവാസത്തിൽ കൊലൊസ്യ സഭയ്ക്കു ലേഖനം എഴുതി. അതോടൊപ്പം ഫിലേമോനുള്ള പ്രത്യേക ലേഖനവും എഴുതി. റോമൻ കാരാഗൃഹത്തിൽ വെച്ചു ഫിലേമോനു ഈ ലേഖനമെഴുതിയത് ഒനേസിമൊസ് എന്ന അടിമയോടുള്ള സ്നേഹവും അവന്റെ വിശ്വാസജീവിതത്തിലെ നിലനില്പിനും വേണ്ടിയായിരുന്നു.

ചെറുതെങ്കിലും വിശ്വാസികളുടെ ജീവിതത്തിനു മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്ന അനേക ആത്മീയസത്യങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. ഒനേസിമൊസ് എന്ന ഒരു അടിമയ്ക്കുവേണ്ടി തയ്യാറാക്കിയ വ്യക്തിപരമായ ലേഖനത്തിൽ ദൈവസ്നേഹത്തെയും, ദൈവകൃപയെയും, കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള വീണ്ടെടുപ്പിനെയും വെളിപ്പെടുത്തുന്നു. തടവിലായിരിക്കുമ്പോഴും സുവിശേഷം അറിയിക്കുവാനും ഒനേസിമൊസ് എന്ന അടിമയെ രക്ഷയിലേക്കു നയിക്കുവാനും പൗലൊസിനു കഴിഞ്ഞു എന്നത് ദൈവദാസന്റെ സുവിശേഷത്തോടുള്ള എരിവിനെയും കർത്തവ്യബോധത്തെയും വ്യക്തമാക്കുന്നു.

അപ്പൊസ്തലനായ പൗലൊസിനെപ്പോലെ നമുക്കും കർത്താവിനെ സേവിക്കാം. അനേകരോടു സുവിശേഷം പങ്കുവെച്ചു രക്ഷയിലേക്കു നടത്തുവാനും അവരെ കർത്താവിൽ നിലനിലനിറുത്തുവാനും പ്രയത്നിക്കാം. ഫിലേമോനെപ്പോലെ കർത്താവായ യേശുവിനോടും സകല വിശുദ്ധന്മാരോടും സ്നേഹവും വിശ്വാസവും ഉള്ളവരായിരിക്കാം. ദൈവമക്കളുടെ പ്രാർത്ഥനയിൽ നമ്മെ ഓർത്തു ദൈവത്തെ സ്തുതിക്കുന്ന ജീവിതത്തിന്റെ ഉടമകളായിത്തീരുവാനും, വിശുദ്ധന്മാരുടെ ഹൃദയം തണുപ്പിക്കുവാനും, ക്രിസ്തുവിനോടുള്ള അനുസരണത്തിൽ വർദ്ധിച്ചു വരുവാനും യത്നിക്കാം.

യജമാനനെ വിട്ടോടിപ്പോയ ഒനേസിമൊസ് കർത്താവിനെ സ്വീകരിച്ചശേഷം അന്ത്യം വരെ പൗലൊസിനെയും, ദൈവജനത്തെയും, കർത്താവിനെയും സേവിച്ചതുപോലെ നമുക്കും നമ്മെ നടത്തിയവരെ ഓർത്തു സ്തോത്രം ചെയ്യുകയും അവരെ ബഹുമാനിക്കുകയും സർവ്വോപരി കർത്താവിനെ സേവിച്ച് കർത്തൃശുശ്രൂഷയിൽ നിലനില്ക്കുകയും ചെയ്യാം. അതിനായി ദൈവം നമ്മെ ശക്തീകരിക്കട്ടെ, സഹായിക്കട്ടെ. ദൈവത്തിനു സർവ്വ മഹത്വവും കരേറ്റുന്നു. നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ നമ്മുടെ ആത്മാവോടുകൂടെ ഇരിക്കുമാറാകട്ടെ; ആമേൻ.

--------------- *Amen, Hallelujah* ----------------

| TRACT No | സുവിശേഷ ലഘുലേഖകൾ — |
|---|---|
| 1 | ദൈവസ്നേഹം / Love of God |
| 2 | താങ്കൾ ഇൻഷ്വർ ചെയ്തിട്ടുണ്ടോ ? |
| 3 | താങ്കളുടെ യാത്ര എവിടേക്ക് ? |
| 4 | താങ്കളുടെ പൗരത്വം എവിടെ ? |
| 5 | സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട ! |
| 6 | ഭാഗ്യം .. ഭാഗ്യം ..നേടുക ... ഇന്ന്... ഇപ്പോൾ... ഇപ്പോൾ |
| 7 | ദേഹം മണ്ണാകും മുമ്പേ തേടിക്കൊൾക ദൈവകൃപ |
| 8 | സൗഖ്യമാകുവാൻ മനസ്സുണ്ടോ ? |
| 9 | ഇന്നിങ്ങനെ എങ്കിൽ നാളെ എങ്ങനെ ? |
| 10 | തിരഞ്ഞെടുപ്പ് |
| 11 | ജീവൻ നൽകിയ സ്നേഹം |
| 12 | ഞാൻ ലോകത്തിൽ കേട്ട ഏറ്റവും നല്ല വാർത്ത |
| 13 | Are you Insured? |
| 14 | Where is the destination of your journey? |
| 15 | Be Careful and Keep out of trouble |

| ഗ്രന്ഥകാരന്റെ കൃതികൾ | |
|---|---|
| 1 | തിരുവചന ഉപദേശസത്യങ്ങൾ |
| 2 | വിശ്വാസിയും ആഭരണവും |
| 3 | യഹോവയുടെ നാമങ്ങൾ |
| 4 | ബൈബിൾ സംഗ്രഹം |
| 5 | പഞ്ചഗ്രന്ഥങ്ങൾ |
| 6 | ഭാവികാലശാസ്ത്രം |
| 7 | വെളിപ്പാടു പുസ്തകപഠനം |
| 8 | യോനാ — പ്രവചനപഠനം |
| 9 | യൂദാ — ലേഖനപഠനം |
| 10 | തീത്തൊസ് — ലേഖനപഠനം |
| 11 | DOCTRINAL TRUTH OF THE WORD OF GOD |
| 12 | TABERNACLE |
| 13 | BELIEVERS AND ORNAMENTS |
| 14 | BIBLE SURVEY |
| 15 | PHILEMON - EPISTLE STUDY |

Books available in web:
www.biblegoodnews.com